**KOTTAYAM PUBLIC LIBRARY**

Call No. M24ഠ  Acc. No. 12

Author ജോൺ പി.

Title കൈനോട്ടവിധി.

EADING ROOM
No 12
2 days

# HIGH COURT DECREES

*Volume VII, Part 1.*

TRANSLATED AND PUBLISHED

BY

**P. JOHN,**

**SHERISTADAR, SUBORDINATE COURT**

***CALICUT.***

# ഹൈകൊൎട്ട വിധി

൭-ാം ബുക്ക ൧-ാം പങ്ക

കൊഴിക്കൊട്ട സബൊൎഡിനെട്ട കൊടതി

ശിരസ്ഥദാര

**പീ. ജൊൻ**

മലയാളത്തിൽ തൎജ്മ ചെയ്തു അച്ചടിപ്പിച്ചത.

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1875.

# സംഗ്രഹപട്ടിക.


൧. അധികാരസ്ഥല ... ... ... ... ... ൬൨, ൭൨

൨. അനന്തരവകാശം ... ... ... ... ൧൩

൩. അന്യാധീനം ... ... ... ... ... ൨൧, ൩൮

൪. അവകാശസ്ഥാപനെക്കുള്ള വ്യവഹാരം. ... ... ൩, ൨൭

൫. അവകാശസ്ഥാപനെക്കുള്ള വിധി. ... ... ... ൫൭

൬. അവധി തെററിയ പ്രൊമിസ്സെരിനൊട്ട. ... ... ൨൯

൭. അവധിയായി കൊടുപ്പാൻ നിശ്ചയിച്ച ആധാരത്തിന്മെൽ ബൊധിപ്പിക്കുന്ന വ്യവഹാരം. ... ... ... ... ൪൰

൮. അവിഭക്തതറവാട. ... ... ... ... ൩൮

൯. എസ്റ്റൊപ്പൽ എന്ന തടസ്ഥം. ... ... ... ൨൪

൧൰. എഴുത്തശീലമില്ലാത്ത ഒരുവൻ ആധാരത്തിൻെറ പുറത്ത എഴുതി അടയാളം വെച്ചാൽ ആ എണ്ടൊർസ ഒരു രെഖയായി വിചാരിക്കപ്പെടാമെന്ന. ... ... ... ... ... ൬൩

൧൧. ഒരു കൊല്ലത്തിൽ അധികം കാലത്തെക്ക ജന്മിയും കുടിയാനും തമ്മിൽ എഴുതി മാറുന്ന കരാറ ഒരു പട്ടയമാകകൊണ്ട ആയ്ത റജിസ്ത്രാക്കിയെ കഴിയു എന്നില്ലെന്ന. ... ... ... ൩

൧൨. ഒരണാ മുദ്രപതിക്കെണ്ടതായ യാതൊരു രെഖയും പിഴ വാങ്ങി തെളിവിൽ സ്വീകരിച്ചു ക്രൂടുന്നതല്ലെന്ന. ... ... ... ൬൬

൧൩. കണക്കുകൾ ഒത്തു തിക്കുക. ... .. .. ... ൨൯

൧൪. കരാറലംഘനം. ... .. ... ... ൮൭

൧൫. കരാറിൽനിന്ന പിൻവാങ്ങുക. ... ... ൨൪

൧൬. കളവ. ... .. ... ... ... ൭൪

൧൭. കൻസിനൊട്ടിന്മെലുള്ള അവകാശം. ... ... ൧

൧൮. കാപ്പി കരാറലംഘനം. ൬൭

൧൯. കാലഹരണം. ... ... ... ൧൧, ൩൩, ൩൬, ൪൰, ൪൪

൨൰. കാലഹരണനിയമത്തിൻെറ ൧൪-ാം വകുപ്പിൻെറ ഉപയൊഗം. ൧൧

൨൧. കുട്ടിയെ ഹരണം ചെയ്ക. ... ... ... ... ൭൪

൨൨. കൊടതി അധികാരം. ... .. ... ൬൧, ൭൨

൨൩. ക്രമവിരൊധമായി ഉപ്പ എറക്കുക. ... ... .. ൫൨

൨൪. ചൊദിക്കുമ്പൊൾ കൊടുപ്പാൻ നിശ്ചയിച്ച എഴുതി കൊടുക്കുന്ന ആധാരം. ... ... ... ... ... ... ൩൬, ൪൪

൨൫. ജലവാഹത്തിന്ന കുറവു വരുത്തിയ്യ നിത്തൽ ചെയ്യ കൊടുപ്പാൻ ബൊധിപ്പിക്കുന്ന വ്യവഹാരം. ... ... ... ൫൪

൨൬. ജാമ്യക്കാരൻെറ ഉത്തരവാദത്വം. ... ... ... ൬൭

൨൭. തടവുകാരനെ വിട്ടയച്ച തീപ്പിന്മെൽനിന്ന ബൊധിപ്പിച്ച അപ്പീൽ ൫൨

൨൮. ദത്തപുത്രൻ. ... ... ... ... ൧൩, ൧൭, ൪൭, ൫൭.

൨൯. ധമ്മകത്താവിൻെറ അവകാശം. ... ... ൨൭

൩൰. നഷ്ടത്തിന്നുള്ള വ്യവഹാരം. ... ... ൩, ൬൭

൩൧. ന്യായരഹിതമായ കരാറ ഉണ്ടാക്കപ്പെട്ടത്തെണ്ടതാണെന്ന ... ൭൫

൩൨. പഞ്ചായത്ത തീൎപ്പ. .. ... ... ... ... ൧൯

൩൩. പട്ടയം എഴുതി കാണിക്കുക. ... ... ...

൩൪. പലെ വ്യവഹാരകാരണങ്ങളെ ഒന്നായി ചെൎത്ത വ്യവഹാരപ്പെ
ടാമെന്ന. ... ... ... ... ... .. ൨൧, ൩൮

൩൫. പരമ്പരവകാശം. ... ... ... ... ൧൩, ൪൭, ൫൭

൩൬. പാട്ടബാക്കിക്കുള്ള വ്യവഹാരം ... ... ൧൧, ൨൧, ൩൮

൩൭. ഭൂമികളിന്മെലുള്ള അവകാശം ഒഴിഞ്ഞ പണത്തിന്ന മാത്രം ബൊ
ധിപ്പിക്കുന്ന വ്യവഹാരത്തിൽ രജിസ്ത്രാക്കാത്ത ഒരു പണയാധാരം
തെളിവിൽ സ്വികരിക്കാമെന്ന. ... ... ... ... ൫൬

൩൮. ഭൂമി ഒഴിപ്പിപ്പാനുള്ള വ്യവഹാരം. ... ... ... ൬൪

൩൯. മരുമകനെ ദത്തെടുക്കുക. ... ... ... ... ൧൭

൪൦. മിസജൊയിണ്ടർ ... ... ... ... ... ൨൧

൪൧. മുതലാളിയുടെ പ്രത്യെക സമ്മതം കൂടാതെ ഉണ്ടികകൾ എഴുതി
കൊടുപ്പാൻ ഒരു ഏജണ്ടിന അധികാരമില്ലെന്ന. ... ൭൧

൪൨. മൂനിസിപ്പാൽ നികുതി ന്യായരഹിതമായി വസൂലാക്കുന്നതിനെ
കുറിച്ച. ... ... .. ... ... ... ൧൫, ൪൯

൪൩. വാറണ്ടപ്രകാരം ഞായറാഴ്ച പിടിക്കുന്നത ന്യായവിരൊധമായി
ട്ടുള്ളതല്ലെന്ന. .. ... ... ... ... ൩൫

൪൪. വിധവദത്തെടുക്കുന്നതിനെ കുറിച്ച. ... ... ... ൪൭

൪൫ വിധിക്കു മുമ്പെ ചെയ്യ ജപ്തിയിന്മെൽ ഒരു വസ്തു വിധി പ്രകാരം
വില്ക്കാമെന്ന. ... ... ... .. ... ... ൫൪

൪൬. വിധികാൎയ്യം തമ്മിൽ ഒത്തു തിക്കുന്നതിനെ കുറിച്ച, ... ൩൪

൪൭. വിവാഹമൊചനത്തിന്നുള്ള വ്യവഹാരം. ... ... ൩൪

൪൮. വ്യഭിചാര കുററം. ... ... ... ... ... ൩൪

൪൯. വ്യവഹാര കാരണം. ... ... ... ... ൧൧, ൧൭, ൩൮

൫൦. സപിണ്ഡൻെറ സമ്മതം .. ... ... ... ൪൭

൫൧. ഹിന്ദുശാസ്ത്രം. .. ... ... ... ... ൧൭

൫൨. ക്ഷെത്രത്തിലെ ഊരാളന്മാര ബൊധിപ്പിക്കുന്ന വ്യവഹാരം. ൪൭

൫൩. രജിസ്ത്രാക്കാത്ത ഒരു കടം വാങ്ങ്യ ആധാരം തെളിവിൽ സ്വീകരി
ക്കാമെന്ന. ... .. ... ... ... ... ൪൩

൫൪. രജിസ്ത്രനിയമം. ... ... ... ... ... ൪൩, ൫൮

൫൫. റെസ്ജൂഡിക്കെററാ എന്ന വാദം. ... ... ... ൧൭


## തെററുപട്ടിക.

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൧൭ | ൪ | ൨൪-ാം | ൨൪൯-ാം |
| ൨൪ | ൧൩ | ൨൫൦ | ൨൬൦ |

## ൧൮൭൦-ൽ ക്രിമിനാൽ ഹരജി ൪൭.

COTTAYAM READING ROOM

൫൦ ഉറുപ്പികയുടെ ഒരു കറൻസിനൊട്ട എം എന്നവൻ ഷിവറൊയി മലയിലുള്ള ഗവൎമ്മെണ്ട ഖജാനയിൽ കൊടുത്ത ഉറുപ്പിക മാറിവാങ്ങി. ആ നൊട്ട ഏസ്സ എന്ന ഒരുവൻെറ പക്കൽനിന്ന കളവുചെയ്യകൊണ്ടുപൊയ്യാണെന്നുള്ള കുററത്തിന്മെൽ ശെലം സെഷ്യൻകൊടതി എം എന്നവൻെറ മെൽ കുററം സ്ഥാപിച്ചു. വിസ്താരസമയം ആ നൊട്ട തെളിവിലെക്ക ഹാജരാക്കിയപ്പൊൾ ആയ്യ ആരുടെ പക്കൽനിന്ന കളവുപൊയയൊ ആ ഏസ്സ എന്നയാൾക്ക തിരികെ കൊടുപ്പാനായി കൊടതി കല്പിച്ചു. സെഷ്യൻ കൊടതിക്ക തെററിപ്പൊയി എന്നും ൦രം വക നൊട്ടുകൾ ന്യായവശാൽ നൊക്കുമ്പൊൾ പണം തന്നെ ആകകൊണ്ട ആയ്യ കൈമാറുമ്പൊൾ തന്നെ അതിലെ മുതലിന്മെലുള്ള അവകാശം കൈവിട്ടുപൊകുന്ന എന്നും കൊണ്ടുചെല്ലുന്ന ആൾക്ക മുതൽ കൊടുപ്പാൻ തക്കതായ ഒരു ആധാരത്തിൻെറ കാൎയ്യത്തിൽ ചതി ഉണ്ടായിരുന്നെങ്കിൽ അല്ലാതെ മെൽപറഞ്ഞ പ്രമാണത്തിന്ന ഒരു വ്യത്യസ്ഥം കല്പിപ്പാൻ പാടില്ലെന്നും ഹൈകൊട്ട് കല്പിച്ചു.

൧൮൬൯ അക്ടൊബർ ൨൯-ാംനു-യത്തെ ശെലം സെഷ്യൻകൊടതിയുടെ ൨൦൯-ാം നമ്പ്ര വിസ്താരങ്ങളെ പരിശൊധിപ്പാൻ ഹൈകൊടതിയിൽ പഴയക്രിമിനാൽ പ്രൊസിഡ്യൂർകൊഡിൻെറ ൪൦൪-ാം വകുപ്പുപ്രകാരം ബൊധിപ്പിച്ച ഒരു ഹരജിയാകുന്നു ഇത. ശെലം കലെക്ടര ൦രം താഴെ ചെൎത്തിരിക്കുന്ന ഹരജിബൊധിപ്പിച്ചു. ഷിവറൊയിമലയിലെ സൎക്കാര ഖജാനയിൽ ഒരു മൂപ്പൻ ൫൦ ഉറുപ്പികയുടെ ഒരു കറൻസിനൊട്ട കൊണ്ടുചെന്ന ഉറുപ്പിക മാറിവാങ്ങികൊണ്ടുപൊയ്യതിൻെറ ശെഷം ആ നൊട്ട സ്പ്രെട്ടർ എന്ന ഒരുവൻെറ പക്കൽനിന്ന മൊഷണം ചെയ്യുകൊണ്ടുപൊയ്യാണെന്നുള്ള കുററത്തിന്മെൽ ശെലം സെഷ്യൻ ജഡ്ജി ആ മൂപ്പനെ ശിക്ഷിച്ചു. മെപ്പടി നൊട്ട ശെലം ഖജാനയിൽനിന്ന ൦രം നമ്പ്ര കമ്മിട്ടുചെയ്യു മജിസ്ത്രെട്ട വരുത്തി സെഷ്യൻകൊടതി മുമ്പാകെ തെളിവിൽ ഹാജരാക്കി. ആ നൊട്ട ആരുടെ പക്കൽനിന്ന മൊഷണം ചെയ്യുകൊണ്ടുപൊയയൊ ആ സ്പ്രെട്ടർ എന്നയാൾക്ക സെഷ്യൻകൊടതിയിൽനിന്ന കൊടുപ്പാൻ കല്പിക്കയും ചെയ്യിരിക്കുന്നു. ആ കല്പന തെററാ

ണെന്നും നൊട്ട കളവുചെയ്യുകൊണ്ടുപൊയ്യാണെന്നുള്ള അറിവുകൂടാതെ ഉത്തമവിശ്വാസ്യമായി ആയ്യു മാറികൊടുത്ത കൈവശം വെച്ചിരിക്കുന്ന ഗവമ്മെണ്ടു മുതലാണെന്നും അതിനാൽ ക്രിമിനാൽ നടപടിക്രമനിയമത്തിന്റെ ൪൦൪-ാം വകുപ്പുപ്രകാരം സെഷ്യൻകൊടതി വിസ്താരങ്ങൾ വിളിപ്പിച്ചു ആ നൊട്ട ഗവമ്മെണ്ടിലെക്ക മടക്കികൊടുപ്പിക്കെണമെന്നും കലെക്ടരുടെ ഹരജിയിൽ വിവരം പറഞ്ഞിരിക്കുന്നു.

## വിധിന്യായം.

൰ാം കായ്യത്തിൽ തീച്ച്പവരുത്താനുള്ളത മെപ്പടി കറൻസിനൊട്ട കിട്ടാൻ അവകാശമുള്ളത ഗവമ്മെണ്ടിലെക്കൊ അതല്ല ആയ്യു ആരുടെ പക്കൽനിന്ന മൊഷണം പൊയൊ ആയാൾക്കൊ എന്നാകുന്നു. ഒരു സാധനം ഉത്തമവിശ്വാസ്യമായി എടുത്ത കൈവശം വെച്ചിരിക്കുന്നതാണെന്നുള്ള വാദം ആ സാധനം ആരുടെ പക്കൽനിന്ന മൊഷണം ചെയ്യു എടുത്തുകൊണ്ടുപൊയിരിക്കുന്നുവൊ ആ ഉടമസ്ഥന്റെ കായ്യത്തിൽ ബലപ്പെട്ട ഒരു വാദമായിരിക്കയില്ലെന്ന പഴയ ഒരു ശാസ്ത്രത്തെ അനുസരിച്ച പുതിയ കരാറനിയമത്തിൽ എടുത്ത ചെത്തിരിക്കുന്ന ഒരു ഉദാഹരണം പ്രമാണമാക്കീട്ടാണ സെഷ്യൻജഡ്ജി ൰ാം കായ്യം തീച്ചയാക്കിയിരിക്കുന്നത. ആ തീപ്പ് ൰ാം കായ്യത്തിലെക്ക സംബന്ധിക്കയില്ല. ൰ാം വക ഒരു നൊട്ട ന്യായവശാൽ നൊക്കുമ്പൊൾ പണം തന്നെയാകകൊണ്ടു ആയ്യു മററ സാധനങ്ങളെ പൊലെയാണെന്ന വിചാരിക്കപ്പെടുവാൻ പാടുള്ളതല്ല. ഇംഗ്ലീഷശാസ്ത്രപ്രകാരം നൊക്കുമ്പൊൾ ൰ാം വക നൊട്ടുകളിന്മെലുള്ള അവകാശം വെറും കൈമാററംകൊണ്ടു വിട്ടുപൊകുന്നു. കച്ചവട നടപ്പിലെക്കും മനുഷ്യർ തമ്മിൽ ചെയ്യുന്ന ഏടപാടുകളുടെ ഉറെപ്പിലെക്കും വെണ്ടി കൊണ്ടുചെല്ലുന്ന ആൾക്ക മുതൽ കൊടുപ്പാൻ തക്കതായ ഒരു ആധാരത്തിന്റെ കായ്യത്തിൽ ചതിയുണ്ടെങ്കിൽ അല്ലാതെ മററ യാതൊരു അവസ്ഥകൊണ്ടും മെൽപറഞ്ഞ പ്രമാണത്തിന്ന ഒരു വ്യത്യസ്ഥം കല്പിപ്പാൻ പാടുള്ളതല്ല. ൰ാം കായ്യത്തിൽ നൊട്ട മാറി പണംകൊടുപ്പാൻ സക്കാരഖജാനക്കാര ബാദ്ധ്യതപ്പെട്ടവരാകുന്നു. അതിന്റെ ആദ്യത്തെ ഉടമസ്ഥന അതിന്മെൽ യാതൊരു അവകാശവും പറവാൻ പാടുള്ളതും അ

ല്ല. അതുകൊണ്ട സെഷ്യൻകൊടതിയുടെ തീപ്പ് മാററിയിരിക്കുന്നു എന്ന ഹൊലൊവെയി, കിണ്ടർസലി, ൟരം ജഡ്ജിമാര കല്പിച്ചു. ൧൮ ഫെബ്രുവരി ൩. (ഹൈകൊട്ട്വിധി ൭-ാം ബുക്ക ൪-ാം പങ്ക ൨൮൯-ാം ഭാഗം.)

## ൧൨-ൽ ക്രമയാപ്പീൽ ൧൧൬.

മദിരാശി സംസ്ഥാനത്ത ജന്മിയും കുടിയാനും തമ്മിൽ ഒരു കൊല്ലത്തിൽ അധികം കാലത്തെക്ക ചെയ്യുന്ന ഒരു കരാറ ൧൮൦൨-ൽ ൨-ാം നമ്പ്രാക്കിലെ താല്പൎയ്യപ്രകാരം ഒരു പട്ടയമാകകൊണ്ട ൧൮൬൪-ൽ ൨൦-ാം നമ്പ്രാക്കുപ്രകാരം റജിസ്ത്രിൽനിന്ന ഒഴിവാക്കപ്പെട്ട ഒരു ആധാരമാകുന്നു:

ൟരം അപ്പീൽ ൧൮൬൮-ൽ ആദ്യം ൨൬-ാം നമ്പ്ര വ്യവഹാരത്തിൽ നെല്ലൂര സീവിൽജഡ്ജി കൊക്കറെൽ സായ്പു കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. മദിരാശിസംസ്ഥാനത്ത ജന്മിയും കുടിയാനും തമ്മിൽ ഒന്നിൽ അധികം കാലത്തെക്ക ചെയ്യുന്ന ഒരു കരാറ ൧൮൦൨-ൽ ൨-ാം നമ്പ്രാക്കിലെ താല്പൎയ്യപ്രകാരം ഒരു പട്ടയമാകകൊണ്ട ൧൮൬൪-ൽ ൨൦-ാം നമ്പ്രാക്കുപ്രകാരം റജിസ്ത്രിൽനിന്ന ഒഴിവാക്കപ്പെട്ട ഒരു പ്രമാണമാകുന്നുവൊ എന്നാണ ൟരം കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ളത. ൟരം വക കരാറ റജിസ്ത്രിൽനിന്ന ഒഴിവാക്കപ്പെട്ട ഒരു ആധാരമാണെന്ന, മൊൎഗ്ഗൻ, ഹൊലൊവെയി, കിണ്ടർസലി, ൟരം ജഡ്ജിമാര കല്പിച്ചു. ൧൮ ഫെബ്രുവരി ൨൨. (മെപ്പടി ൨൮൪-ാം ഭാഗം.)

## ൧൨-ൽ ക്രമയാപ്പീൽ ൧൭൮.

ചൊലാടിമല ൧-ാം പ്രതിക്ക ഏതു തീപ്പുകൊണ്ട കൈവശം സിദ്ധിച്ചുവൊ ആ ൧൮൬൦ൽഡിസെംബർ ൧൧-ാംനു—യത്തെ ഏ എന്ന മജിസ്ത്രെട്ടതീപ്പ് ദുൎബ്ബലം ചെയ്തു അന്യായക്കാരന ആ മലയിന്മെലുള്ള ജന്മാവകാശം സ്ഥാപിച്ച ഒഴിപ്പിച്ചുകൊടുപ്പാനും മരത്തിന്റെ വില ൧൪൦൦-ം ഉറുപ്പിക വാങ്ങികൊടുപ്പാനും അന്യായക്കാരൻ വ്യവഹാരപ്പെട്ടു. ൟരം വ്യവഹാരത്തിന്റെ സ്വഭാവം നൊക്കുമ്പൊൾ ചൊലാടി മല എന്ന പെരായ ഒരു കാപ്പിതൊട്ടം ഗൊൎഡ്ഡൻസായ്പു ആദ്യം തന്നെ ഉണ്ടാക്കിയപ്രകാരം കാണപ്പെടുന്നുണ്ടെങ്കിലും ആ തൊട്ടം അന്യായപ്പെട്ട മലയിൽനിന്ന ദൂരത്തും വെറെ ഒരു താലൂക്കിലും ആയിരുന്നു. ൧൮൨൨-ൽ ഗൊർഡൻ സായ്പു ആ തൊട്ടത്തിൽ കാപ്പിക്കൃഷിക്ക ആരംഭിക്കുകയും

൱൫-ൽ അദ്ദെഹത്തിന്റെ അവകാശം ജോൻബെണ്ണട്ടസായ്വിന വില്ക്കുകയും ൲൱൭-ൽ ആ കാപ്പിതൊട്ടത്തിന്റെ മെൽവിചാരം ബെണ്ണട്ടസായ്വിന്റെ കൈവശത്തിൽനിന്ന ൨-ാം പ്രതി ഇരവിൻസായ്വിന സിദ്ധിക്കകയും ചെയ്തു ൱൮-ൽ ൧-ാം പ്രതി വാദത്തിൽപ്പെട്ട മലയിന്മെൽ തെളിക്കു ആരംഭിക്കുകയും ചില മലയരുടെ മെൽ ക്രിമിനാൽ ആയി വ്യവഹാരപ്പെട്ട അവരുടെ വക വിളകളെ ജപ്തി ചെയ്യിക്കുകയും ൱ൻ ജ്രൂൻ മാസത്തിൽ ഡെപ്യൂട്ടി മജിസ്ത്രെട്ടിന്റെ ഒരു കല്പനെക്കു അതിരുകൾ ഒന്നും നിജപ്പെടുത്താതെ ഏതാനും ഭൂമികൾ ഗ്രഡല്ലൂര സബമജിസ്ത്രെട്ടിനെകൊണ്ട ജപ്തിചെയ്യിക്കുകയും ചെയ്തു ഭൂമിയെന്നല്ല അതിൽ ഉണ്ടായിരുന്ന മരങ്ങളും ജപ്തിചെയ്തു ആ ജപ്തികല്പന അന്യായക്കാരനെ അറിയിക്കുകയും ചെയ്തു. അതിന്റെ ശെഷം ആ കാൎയ്യം അസിസ്താണ്ട മജിസ്ത്രെട്ട മുമ്പാകെ വരികയും അദ്ദെഹം കൈവശത്തിന്റെ കാൎയ്യത്തെ പറ്റി ഒരു അന്വെഷണവിസ്താരം നടത്തി ൦രം കാൎയ്യത്തിൽ ദുൎബ്ബലപ്പെടുത്തുവാൻ അപെക്ഷിച്ചിരിക്കുന്നതായ ഏ എന്ന തീൎപ്പ കല്പിക്കുകയും ചെയ്തു. ൲൱൮-ൽ മജിസ്ത്രെട്ട ൦രം കാൎയ്യത്തിൽ പ്രവെശിച്ചതുവരെക്കും അന്യായക്കാരൻ ൦രം മലയുടെ ഉടമസ്ഥനും കൈവശക്കാരനും ആയിരുന്നു എന്ന സിവിൽജഡ്ജി അഭിപ്രായപ്പെടുകയും നീക്കം ചെയ്തുകൊണ്ടുപൊയ മരങ്ങളുടെ വില ൩൲൦൦-ം ഉറുപ്പിക പ്രതി അന്യായക്കാരന കൊടുപ്പാൻകല്പിക്കുകയും ചെയ്തു. ആപ്പീലിൽ അവകാശത്തിന്റെ കാൎയ്യത്തിൽ ഹൈക്കൊടതി ഡിസ്ത്രിക്ടജഡ്ജിയുടെ വിധിയെ സ്ഥിരപ്പെടുത്തി എങ്കിലും മരങ്ങളുടെ വില കൊടുപ്പിപ്പാൻ വിധിച്ച കാൎയ്യത്തിൽ മരങ്ങൾ കാണാതെ പൊയതും അങ്ങിനെ പൊയ മരങ്ങളുടെ വില നഷ്ടമായി കൊടുപ്പാൻ കല്പിച്ച വിധിയെ നീതീകരിപ്പാൻ ആവശ്യമായ പ്രതിയുടെ ന്യായരഹിതമായ പ്രവൃത്തിയും തമ്മിലുള്ള ഒരു കാരണസംബന്ധം ഇല്ലായ്കകൊണ്ട വിധിയുടെ ആ ഭാഗം മാറ്റിയും കല്പിച്ചു മരം കാണാതെ പൊയതു ഏതു വിധത്തിലാണെന്നുള്ളതിനെ പറ്റി യാതൊരുതെളിവും ഇല്ല. അതിന്നുള്ള കാരണം മജിസ്ത്രെട്ട തീൎപ്പാണെന്ന പ്രസ്ഥാപിച്ചിരിക്കുന്നു. ആ തീൎപ്പിന്ന ഹെതുവായ ഒരു അന്യായം ബൊധിപ്പിച്ചതുകൊണ്ട മാത്രം ൦രം കാൎയ്യാവസ്ഥ നൊക്കുമ്പോൾ പ്രതിയെ ഉത്തരവാദിയാക്കുവാൻ പാടില്ലെന്നും കല്പിച്ചു

൦രം ആപ്പീൽ ൭൦-ൽ ആദ്യം ൮-ാം നമ്പ്ര വ്യവഹാരത്തിൽ കൊഴിക്കൊട്ട ഡിസ്ത്രിക്ട കൊടതി ജഡ്ജി ഷാറ്പ്പ സായ്വ കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. ഏതു വഴിക്ക ൧-ാം പ്രതിക്ക ചൊലാടി മലയുടെ കൈവശം സിദ്ധിച്ചുവൊ ആ ൱ൻ ഡിസെംബർ ൧൧-നു-യത്തെ മജിസ്ത്രെട്ട തീൎപ്പ ദുൎബ്ബലമാക്കി ആ മലയിന്മെൽ അന്യായക്കാരനുള്ള ജന്മാവകാശം സ്ഥാപിച്ചു മല ഒഴിപ്പിച്ചു കൊടുപ്പാ

ന്നും ആ മലയിൽനിന്ന എറക്കികൊണ്ടുപൊയ മരങ്ങളുടെ വില ൧൪൦൦൦-ം ഉറുപ്പിക വാങ്ങികൊടുപ്പാനും വ്യവഹാരം. മെപ്പടിമല . അന്യായക്കാരന്റെ പൂൎവികന്മാരുടെയും ൧൦൩൬-ൽ അന്യായക്കാരന കാരണസ്ഥാനം ലഭിച്ചതിന്റെ ശെഷം തന്റെയും കൈവശമായിരുന്നു എന്നും പ്രതികൾക്ക ആ മലകളിന്മെൽ യാതൊരു അവകാശവും ഇല്ലെന്നും അവൎക്ക ഒരിക്കലും അതുകൾ കൈവശമുണ്ടായിരുന്നില്ലെന്നും കൈവശം പ്രതികൾക്ക സിദ്ധിച്ചത മെപ്പടി മജിസ്ത്രെട്ട തീൎപ്പ കൊണ്ടാണെന്നും ൧൦൪൪ എടവം, മിഥുനം, ൟ മാസങ്ങളിൽ അന്യായക്കാരൻ മുറിപ്പിച്ചിട്ട ൧൨൨ കുററി മരങ്ങളെ ൬൯ ജൂൻ ൧൯-ാംനു-യത്തെ വെറൊരു തീൎപ്പകൊണ്ട ൧-ാം പ്രതിക്ക കൈവശം ഏല്പിച്ചുകൊടുത്തതിന്റെ വില ൧൪൦൦൦-ം ഉറുപ്പിക തനിക്ക കൊടുപ്പിക്കെണ്ടതാണെന്നും അന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. അന്യായക്കാരന അന്യായപ്പെട്ട മലയിന്മെൽ യാതൊരു അവകാശവും ഇല്ലെന്നും ൟ മലയുടെ ഉടമസ്ഥനും ആയ്യ ൬൨ ജൂലായി ൯-ാംനു-ക്ക ൨൦ കൊല്ലത്തെ അവധിവെച്ച ൨-ാം പ്രതിക്ക കാണം ചാൎത്തികൊടുത്തതായാലും ൩-ാം പ്രതിയാണെന്നും ൨-ാം പ്രതിയുടെ അവകാശം ൬൭ ജൂലായി ൧൨-ാംനു- അദ്ദെഹം ജൊൻബെണ്ട സായ്പിന തീര കൊടുക്കയും ആ ബെണ്ട സായ്പു മല തന്നെ ഏല്പിച്ച താൻ നൊക്കി നടത്തുകയും ചെയ്യുന്നതാണെന്നും ൬൨ ജൂലായി ൯-ാംനു- മുതല്ക്ക അന്യായക്കാരൻ അതിന്മെൽ വല്ല കൈവശമാകട്ടെ ഉടമസ്ഥാനമാകട്ടെ നടത്തീട്ടില്ലെന്നും മരം അന്യായക്കാരൻ കയ്യെറി മുറിച്ചതാണെന്നും താൻ ഉടനെ മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച മരങ്ങൾ ജപ്തിയിൽനിൎത്തിയെന്നും ജപ്തിക്ക ശെഷം ആ മരം താൻ എറക്കികൊണ്ടുപൊകയാകട്ടെ അതിന്മെൽ എന്തെങ്കിലുംപ്രവൃത്തിക്കുകയാകട്ടെ ചെയ്തിട്ടില്ലെന്നും അന്യായക്കാരൻ അദ്ദെഹത്തിന്റെ ആൾക്കാരെ അയച്ച മരം എറക്കികൊണ്ടുപൊയ്താണെന്നും മരം അന്യായഹരജിയിൽ കാണിച്ചതിലും അധികം വിലെക്കുള്ളതാണെന്നും ൧-ാം പ്രതിവാദിച്ചു. ൨-ം, ൩-ം, പ്രതികൾ ഹാജരാകുകയാകട്ടെ ഉത്തരം ബൊധിപ്പിക്കുകയാകട്ടെ ചെയ്തിട്ടില്ല. ഡിസ്ത്രിക്ട ജഡ്ജി ൟ താഴെ പറയുന്ന വിധികല്പിച്ചു.

അന്യായപ്പെട്ട ഭൂമി ഒരു കാട്ടുപ്രദെശമായ ചൊലാടി മലയാകുന്നു. ൟ കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ള സംഗതി

ഃരം ഭൂമി അന്ന്യായക്കാരന്റെ ജന്മമൊ അതല്ല മററ പ്രതി കൾ ആര മൂലം വാദിക്കുന്നവൊ ആ ൩-ാം പ്രതിയുടെ ജന്മമൊ എന്നാകുന്നു. മെപ്പടി ൩-ാം പ്രതിയെ ൧-ാം പ്രതിവക ൫-ാം സാക്ഷിയായിട്ട ഃരം കാൎയ്യത്തിൽ വിസ്തരിച്ചുമിരിക്കുന്നു. ചൊലാടി മല എന്നപെരായ ഒരു സ്ഥലം ആ സാക്ഷിക്കുണ്ടായിരുന്നു എന്നും ആ മലയിലെ കാട തെളിച്ചുണ്ടാക്കിയ ആ പെര തന്നെയുള്ള ഒരു കാപ്പിതൊട്ടം ഇപ്പൊൾ ൧-ാം പ്രതി കൈവശം ഇരിക്കുന്നുണ്ടെന്നും ആ തൊട്ടം ചുരത്തിന്റെ താഴെയല്ലെന്നും വാദത്തിൽപെട്ട മല ചുരത്തിന്റെ താഴെയാണെന്നും ൧-ാം പ്രതിയുടെ തൊട്ടത്തിന്റെ അതിരായി അദ്ദെഹം വാദിക്കുന്ന ചാലിയാറ പുഴയുടെ ഒന്നിൽ അധികം നാഴിക ദൂരത്താണെന്നും ആ സാക്ഷി ബൊധിപ്പിച്ചിരിക്കുന്നു. ആ തൊട്ടത്തിൽ ൰൨-ൽ കാപ്പി കൃഷിക്ക ആരംഭിക്കുകയും ആ കൊല്ലത്തിൽ തന്നെ ഇതിലെ ൨-ാം പ്രതി ൩-ാം പ്രതിയൊട ആ സ്ഥലം കാണെത്തിന്ന വാങ്ങുകയും ചെയ്തു എന്നും ൧൮൰൫-ൽ ൨-ാം പ്രതി അദ്ദെഹത്തിന്റെ അവകാശം ബൺട്ട സായ്പിന തീരകൊടുക്കയും ൰൭ സത്തെമ്പ്ര മാസത്തിൽ ൧-ാം പ്രതിക്ക ആ സ്ഥലം കൈവശം സിദ്ധിക്കയും ൰൮-ൽ വാദത്തിൽപെട്ട മലയിന്മെൽ ൧-ാം പ്രതി തെളിച്ചുക്ക ആരംഭിക്കയും ചില മലയര അതിൽ ഏതാനും സ്ഥലത്ത വിള എറക്കിയിട്ടിന്ന കയ്യെററ കുററത്തിന്ന അവരുടെ മെൽ അന്ന്യായപ്പെടുകയും ഗ്രഡല്ലൂര സബമജിസ്ത്രെട്ട ആ അന്ന്യായ കാൎയ്യത്തിൽ മനസ്സാലെ പ്രവെശിച്ച ആ സ്ഥലത്തെ അന്ന്യായം എടുപ്പാൻ ആ മജിസ്ത്രെട്ടിന അധികാരമുണ്ടായിരുന്നില്ലെങ്കിലും മതിയായ തെളിവൊന്നും കൂടാതെ ആ ഉദ്യൊഗസ്ഥൻ പ്രതികളെ ബന്തൊബസ്തിൽ വെക്കുകയും അവരുടെ വിള ജപ്തി ചെയ്യുകയും ചെയ്തപ്രകാരവും പിന്നെ ൧-ാം പ്രതി വ്യവഹാരം നടത്താൻ ഹാജരില്ലെന്നുള്ള സംഗതിയിന്മെൽ വയനാട ഡെപ്യൂട്ടി മജിസ്ത്രെട്ടിന്റെ കല്പനെക്ക ആ വിളകളിന്മെലുള്ള ജപ്തി ൰൯ മെയി മാസത്തിൽ വിടുകയും ചെയ്തതായും കാണപ്പെടുന്നു. ഇതൊന്നുംകൊണ്ട ൧-ാം പ്രതി തൃപ്തിപ്പെടാതെ ൧൮൰൯ ജൂൻ മാസത്തിൽ ഡെപ്യൂട്ടി മജിസ്ത്രെട്ട മുമ്പാകെ അയാൾ ഒരു കയ്തീത്ത കൊടുക്കയും ഏതാനും ഭൂമികൾ ജപ്തിയാക്കുവാൻ ഗ്രഡല്ലൂര മജിസ്ത്രെട്ടിന അയച്ചതായ ഏഫ എന്ന അൎജ്ജിതക

രമായ ഒരു കല്പന പുറപ്പെടുവിക്കയും ചെയ്തിരിക്കുന്നു. ആ
കല്പനയിൽ അതിരുകൾ ഒന്നും കാണിച്ചിട്ടുണ്ടായിരുന്നില്ല.
ഭൂമിയുടെ കൈവശം ആൎക്കാണെന്ന പറവാൻ തന്നെക്കൊ
ണ്ടു കഴിയുന്നതല്ലെന്നു മജിസ്ത്രേട്ട ആ കല്പനയിൽ കാണി
ച്ചു എങ്കിലും ആ ഭൂമികൾ ൧-ാം പ്രതിയുടെ ചൊലാടി മല
യിൽ ചെന്താണെന്ന അദ്ദേഹം എളുപ്പത്തിൽ സങ്കല്പിക്കു
കയും ചെയ്തിരിക്കുന്നു. ഡെപ്യൂട്ടി മജിസ്ത്രേട്ടിന്റെ കല്പന
നടത്തേണ്ടതിന്ന സബമജിസ്ത്രേട്ട അദ്ദേഹത്തിന്റെ ഒരു
ഗുമസ്ഥനെ അയക്കുകയും അയാൾ അന്യായപ്പെട്ട ഭൂമിക
ളും അതിൽ മുറിച്ചിട്ടിരുന്ന അധികം വിലെക്കുള്ള മരങ്ങളും
ജപ്തിയാക്കി ആ ജപ്തി കല്പന അന്യായക്കാരനെ അറിയി
ക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ ശെഷം ചെറുപ്പക്കാ
രനായ ഒരു അസിസ്താണ്ട മജിസ്ത്രേട്ടും ൟ കാൎയ്യത്തിൽ പ്ര
വെശിച്ച കൈവശത്തിന്റെ കാൎയ്യത്തിൽ ഒരു അന്വെഷ
ണ വിസ്താരം ചെയ്തതിന്റെ ശെഷം ഇപ്പൊൾ ദുൎബല
പ്പെടുത്തുവാൻ അപെക്ഷിച്ചിരിക്കുന്നതായ (എ) എന്ന ക
ല്പന കല്പിക്കുകയും ചെയ്തിരിക്കുന്നു. മജിസ്ത്രേട്ടിന്റെ ഒരു ക
ല്പന ൧-ാം പ്രതിക്ക അനുകൂലമായി കിട്ടിയ്യ ഏതിന്മെൽ സ്ഥാ
പിക്കപ്പെട്ടിരിക്കുന്നുവൊ ആ തെളിവ നൊക്കിയ്യിൽ അങ്ങി
നെ ഒരു അഭിപ്രായം നമുക്ക ഉണ്ടാവാൻ പ്രയാസമായിരി
ക്കുന്നു. ഇങ്ങിനെ ഒരു അഭിപ്രായം അസിസ്താണ്ട മജി
സ്ത്രേട്ടിന്ന ഉണ്ടായ്യ ഡെപ്യൂട്ടി മജിസ്ത്രേട്ടിന്റെ ഏകപക്ഷ
മായ വാക്കിന്മെൽ ആയിരിക്കാം. പിന്നെ ഡിസ്ത്രിക്ക ജഡ്ജി
അന്യായ ഭാഗത്തെക്കുള്ള തെളിവിനെകുറിച്ച ൟ താഴെ പ
റയുംപ്രകാരം പ്രസ്ഥാപിച്ചിരിക്കുന്നു. അന്യായപ്പെട്ട വസ്തു
വിന്മെൽ അന്യായക്കാരനുള്ള ഉടമസ്ഥാനത്തെയും കൈവ
ശത്തെയും കുറിച്ച അന്യായക്കാരൻ ഹാജരാക്കിയ തെളിവു
കൊണ്ടു നമുക്ക യാതൊരു സംശയവും ഉണ്ടായിട്ടില്ല. അതി
ലും വിശെഷിച്ച ൟ അന്യായപ്പെട്ട സ്ഥലം ചുരത്തിന്റെ
താഴെയാണെന്നും ആ സ്ഥലം വയനാട താലൂക്കിൽ ഉൾ
പ്പെട്ടതല്ലെന്നും ഏറനാട താലൂക്കിലാണെന്നും അംശം ഉ
ദ്യൊഗസ്ഥന്മാരുടെ വാൎയ്യൊഴികൊണ്ടു തന്നെ തെളിഞ്ഞിരി
ക്കുന്നതിലും വിശെഷിച്ച അത ഏറനാട താലൂക്കിലാണെ
ന്ന ഇതിലെ ൧-ാം പ്രതിയുടെ കാൎയ്യവിവര പത്രികയിൽ അ
യാൾ സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ൟ വക തെളിവു
കൾ ഒക്കെയും ഉണ്ടായിരിക്കെ ഏറനാട താലൂക്കിലുള്ള ഒരു

ഭൂമിയുടെ കാൎയ്യത്തിൽ ശ്രദ്ധപ്പൂര വെച്ച മാത്രം റജിസ്ത്രാക്കി യ ആധാരങ്ങളോടുംകൂടി ൧-ാം പ്രതി അന്ന്യായക്കാരനുമായി വഴക്കിന്ന പുറപ്പെട്ടത നമുക്ക ഗ്രഹിപ്പാൻ പാടില്ലാത്ത ഒരു അവസ്ഥയായിരിക്കുന്നു. ൧-ാം പ്രതി അല്പമെങ്കിലും ആ ലൊചനയുള്ളവനായിരുന്നെങ്കിൽ ൨-ാം പ്രതിയെപൊലെ അത്ര പഴമപരിചയമുള്ള ഒരു കാപ്പികൃഷിക്കാരൻ ഇത്ര ത്തു ക്കെ കിടക്കുന്ന ൪൦ ഏക്ര ഒരു സ്ഥലത്തെ കാപ്പികൃഷിക്കു വെണ്ടി ഉപയൊഗപ്പെടുത്തുന്നതല്ലായിരുന്നു എന്നും ഒരു ഭൂ മി ഉടമസ്ഥൻ ഇതുപൊലെ അധികം മരങ്ങൾ നില്ക്കുന്ന ഒരു കാട്ടുപ്രദെശം വെറുതെ കൈവിട്ടുകളയുന്നതല്ലെന്നും അയാൾക്ക ബൊദ്ധ്യപ്പെടുവാൻ എടയുണ്ടായിരുന്നു. ന്നുവൽ മജിസ്ത്രെട്ട ൪൦ കാൎയ്യത്തിൽ പ്രവെശനം ചെയ്യുന്നതവരെ ക്കും അന്ന്യായക്കാരൻ ൪൦ മലയുടെ ഉടമസ്ഥനും കൈവശ ക്കാരനും ആയിരുന്നു എന്നു നമുക്ക അഭിപ്രായമാകയും ന്നുവന്നു മുമ്പെ കൈവശക്കാരൻ അന്ന്യായക്കാരനായിരുന്നു എന്ന ൧-ാം പ്രതി തന്റെ കാൎയ്യവിവരപത്രികയിൽ ബൊ ധിപ്പിച്ചിട്ടുള്ളതിനാൽ നമ്മുടെ മെൽ പറഞ്ഞ അഭിപ്രായം സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇനിമരത്തിന്റെ വി ലയുടെ കാൎയ്യത്തെ പറ്റിയാണ ചിന്തിപ്പാനുള്ളത. അന്ന്യാ യക്കാരൻ ൪൦ മലയിൽനിന്ന മരം മുറിപ്പിച്ചിട്ടതിനെ പറ്റി ആരും തൎക്കിക്കുന്നില്ല. മജിസ്ത്രെട്ടിന്റെ കല്പനെക്ക മരങ്ങൾ ജപ്തിയിൽ നിൎത്തി എന്നുള്ളതിനെ കുറിച്ചും ത ൎക്കം ഒന്നുമില്ല. അതിന്റെ ശെഷം നടന്നതിനെ പറ്റി യുള്ള തെളിവ വെടിപ്പില്ലാതെയിരിക്കുന്നു. അന്ന്യായഭാഗം വിസ്തരിച്ച സാക്ഷികൾ രണ്ടും ൧-ാം പ്രതി മരം സൂക്ഷി ച്ചുകൊള്ളാമെന്ന ഏറ്റുപറഞ്ഞപ്രകാരം കയ്യീത്തുകൊടുത്തി രിക്കുന്നു. എന്നാൽ൧-ാം പ്രതി ഇത സമ്മതിക്കുന്നില്ല. ജ പ്തി ചെയ്യു ഉദ്യൊഗസ്ഥന്റെ വായ്മൊഴികൊണ്ട മരങ്ങ ൾ ൧-ാം പ്രതി ആരും എറക്കി കൊണ്ടുപൊകാതെ സൂ ക്ഷിച്ചുകൊള്ളാമെന്ന ഏറ്റതായി ആ ഉദ്യൊഗസ്ഥനെ യും അപ്പൊൾ കൂടെയുണ്ടായിരുന്ന എല്ലാവരെയും മനസ്സി ലാക്കിയിരിക്കുന്നു എന്നാണ സാധിക്കുന്നത. ൧-ാം പ്രതി യുടെ പെൎക്ക ഒരു ആശാരി ഹാജരുണ്ടായിരുന്നു എന്നും അ വൻ ഏതാനും മരങ്ങളിന്മെൽ ചാപ്പ കുത്തി എന്നും ഉള്ളത നിശ്ചയമാകുന്നു. മരങ്ങൾ അന്ന്യായക്കാരന്റെ കൈവശ ത്തിൻ കീഴിൽ ഇരുന്നത പ്രതി ജപ്തി ചെയ്യിച്ചത നിമി

ത്തം ആ മരങ്ങളിന്മേലുള്ള കൈവശം അദ്ദെഹത്തിന വെ
ർവിട്ടു പൊയി എന്നുള്ളതിലെക്ക സംശയം ഒന്നുമില്ല. മജി
സ്ത്രെട്ടിന്റെ ജപ്തി മരങ്ങളിന്മെൽ ഉണ്ടായിരിക്കെ അന്യാ
യക്കാരൻ ആ കല്പനയെ ഒട്ടും തന്നെ ഭയപ്പെടാതെ ഒരു
കയ്യെറ്റക്കാരനായി അതുകളെ എറക്കികൊണ്ടുപൊകുമെന്ന
വിചാരിപ്പാൻ പാടുള്ളതുമല്ല. അതുകൊണ്ടു ൨ാം കാൎയ്യത്തിൽ
കയ്യെറ്റക്കാരനും തെറവുകാരനും ൧-ാം പ്രതിയാണെന്നും
അന്യായക്കാരൻ ൨ാം മലവാരത്തിന്റെ ജന്മിയും കൈവ
ശക്കാരനും ആണെന്നും അതിനാൽ ഡി എന്ന പ്ലാനിൽ
വിവരിച്ച പ്രകാരമുള്ള ഭൂമികൾ അന്യായക്കാരന ഒഴിപ്പിച്ചു
വാങ്ങുവാൻ അവകാശമുണ്ടെന്നും മരത്തിന്റെ വില
൧൪൦൦൦- ഉറപ്പികയും അന്യായം വക സകല കൊടതി ചി
ലവും ൧-ാം പ്രതി കൊടുക്കെണ്ടതാണെന്നും ൧-ാം പ്രതിയു
ടെ ചിലവ അയാൾ സഹിക്കെണ്ടതാണെന്നും വിധിച്ചിരി
ക്കുന്നു എന്ന ഡിസ്ത്രീക്ക ജഡ്ജി കല്പിച്ചു. ൧-ാം പ്രതി മെപ്പ
ടി ആപ്പീൽ ബൊധിപ്പിച്ചു.

## വിധിന്യായം.

അവകാശത്തിന്റെ കാൎയ്യത്തിൽ ഡിസ്ത്രീക്ക ജഡ്ജിയു
ടെ വിധി സ്ഥിരപ്പെടുത്തെണ്ടതാണെന്നുള്ളതിനെ കുറിച്ച
ലെശമാത്രവും ഞങ്ങൾക്ക സംശയമില്ല. സാക്ഷികൾ ഒക്കെ
യും ഏകപക്ഷമായി പറഞ്ഞിരിക്കുന്നു. അവരിൽ മിക്കവാ
റും ആളുകൾ ഉദ്യൊഗത്തിൽ ഇരിക്കുന്നവരും ആകുന്നു. അ
ന്യായക്കാരൻ അവകാശപ്പെട്ടിരിക്കുന്ന ഭൂമികൾ ഒരു താലൂ
ക്കിലാണെന്നും ൧-ാം പ്രതിക്ക ചാൎത്തി കൊടുത്തു എന്ന പ
റയുന്ന ആൾ വാങ്ങിയ ഭൂമി വെറെ ഒരു താലൂക്കിൽ റജി
സ്ത്രാക്കിച്ചിരിക്കുന്ന പ്രകാരവും മെപ്പടി സാക്ഷികളുടെ വാ
ക്കുകൊണ്ടു ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എറക്കി
കൊണ്ടുപൊയ മരങ്ങളുടെ വിലയുടെ കാൎയ്യത്തിൽ മരങ്ങൾ
കാണാതെ പൊയ്യും അങ്ങിനെ പൊയ മരങ്ങളുടെ വില
നഷ്ടമായി കൊടുപ്പാൻ കല്പിച്ച വിധിയെ നീതികരിപ്പാൻ
ആവശ്യമായ പ്രതിയുടെ ന്യായരഹിതമായ പ്രവൃത്തിയും
തമ്മിലുള്ള ഒരു കാരണസംബന്ധം ഇല്ലായ്കകൊണ്ടു വിധി
യുടെ ആ ഭാഗം സ്ഥാപിപ്പാൻ പാടുള്ളതല്ല. മരങ്ങൾ സൂ

ക്ഷിച്ചുകൊള്ളാമെന്നു ചെയ്തു കരാറു തെളിഞ്ഞിട്ടുണ്ടെങ്കിൽ പ്രതിയുടെ പക്കൽ കുററകരമായ ഉപെക്ഷയുണ്ടായിരുന്നുവൊ എന്നു ആലൊചിക്കെണ്ടതു ആവശ്യമാകുന്നു. മരങ്ങൾ കിടന്നിരുന്ന സ്ഥലത്തിൻെറ സ്വഭാവവും സ്ഥിതിയും നൊക്കുമ്പോൾ അതുകൾ കാണാതെ പോയതു സൂക്ഷിപ്പാൻ ഏല്പിച്ച ആളുടെ ഉപെക്ഷകൊണ്ടാണെന്നുള്ളതിനു ഏററവും ലഘുവായ തെളിവു മാത്രമെയുള്ളു. നഷ്ടം സംഭവിച്ചതു മജിസ്ത്രെട്ടിൻെറ പ്രവെശനം നിമിത്തവും പ്രതി അന്യായം ബൊധിപ്പിച്ചതു നിമിത്തവും ആകകൊണ്ടു പ്രതിയെ ആ നഷ്ടത്തിന്നു ഉത്തരവാദിയാക്കാമൊ? പ്രതിയുടെ പക്കൽ ൟ കാൎയ്യത്തിൽ ചതി ഉണ്ടായിരുന്നുവൊ എന്നു ഊഹിപ്പാൻ യാതൊരു വഴിയും ഇല്ല. അയാൾ അന്യായപ്പെട്ടതു അയാളെ തൊട്ടം നൊക്കുവാൻ ഏല്പിച്ച ആളും ആ തൊട്ടം കാണം ചാൎത്തികൊടുത്ത ആളും അയാൾക്കു കൊടുത്ത അറിവിന്മെൽ അയാളുടെ അന്യായത്തിന്നു ഒരു നിവൃത്തി കിട്ടുമെന്നും നിവൃത്തി കിട്ടുവാൻ എടയുണ്ടെന്നും ഉള്ള വിശ്വാസത്തിന്മേൽ ആയിരുന്നെക്കാം-ചതിയൊടു കൂടി മജിസ്ത്രെട്ടിൽ അന്യായപ്പെട്ടതാണെന്നുള്ളതിന്നു ൟ കാൎയ്യത്തിൽ ലെശമാത്രവും തെളിവില്ല. പിന്നെ മജിസ്ത്രെട്ടിൻെറ അധികാരത്തെ പററി ആ മജിസ്ത്രെട്ടിനുള്ളതിനെക്കാളും അധികം അറിവു പ്രതിക്കുണ്ടാകുമെന്നു വിചാരിച്ചുകൂടുന്നതും അല്ല. മരം ഏതുവിധത്തിൽ എറക്കികൊണ്ടുപൊയി എന്നുള്ളതിന്നും യാതൊരു തെളിവില്ല. എത്രയൊ വളരെ ആശ്രിതന്മാരും കീഴ മണിയക്കാരും ഉള്ള അന്യായക്കാരനു ആയവസ്ഥ തെളിയിപ്പാൻ കഴിയാതെയിരുന്ന സ്ഥിതിക്കു ആ മരങ്ങൾ എങ്ങിനെ മൊഷ്ടണം പൊയി എന്നു ഒരു കൊടതിക്കു ഊഹിപ്പാൻ പൊലും വഴിയില്ലാതെയിരിക്കുന്നു. അതുകൊണ്ടു അതുകൾ മൊഷ്ടണം പൊവാനുള്ള കാരണം ഒരു മജിസ്ത്രെട്ടിൻെറ പ്രവെശനം മാത്രമായിരുന്നു എന്നെ പറെയെണ്ടതുള്ളു. മജിസ്ത്രെട്ടു തീൎപ്പിന്നു ഹെതുവായ ഒരു അന്യായം ബൊധിപ്പിച്ചതുകൊണ്ടു മാത്രം ൟ കാൎയ്യസ്വഭാവം നൊക്കുമ്പൊൾ പ്രതിയെ ഉത്തരവാദിയാക്കുവാൻ പാടുള്ളതല്ല. അതുകൊണ്ടു മരത്തിൻെറ വില കൊടുപ്പാൻ കല്പിച്ച വിധിയുടെ ആ ഭാഗം ഞങ്ങൾ മാററി കീഴ്ക്കൊട്ടു വിധി ഭെദപ്പെടുത്തിയിരിക്കുന്നു. ചിലവിനെ കുറിച്ചു ൟ കാൎയ്യത്തിൽ ഞങ്ങൾ യാതൊന്നും കല്പിക്കുന്നതുമില്ല. എന്നു ഹൊലൊ

വെയി, കിണ്ടർസലി, ഠരം ജഡ്ജിമാര കല്പിച്ചു- ൭൩- എ പ്രെൽ ൧- (മെപ്പടി ൩൫൪-ാം ഭാഗം.)

൭൨-ൽ ക്രമയാപ്പീൽ ൧൦൦, ൧൦൭.

൧൨൭൩ മുതൽ ൧൨൭൭ വരെക്ക ൪ ഫസലികൾക്ക ഏതാനും ദെശങ്ങൾ കൊല്ലത്തിൽ ഇന്ന പാട്ടം കൊടുക്കാമെന്ന നിശ്ചയിച്ചു ആ ദെശങ്ങൾ പാട്ടം നടന്നവരായ മിരാസിദാരന്മാരായ പ്രതികൾ എഴുതികൊടുത്ത മുച്ചിലുകകളിൻ പ്രകാരം ബാക്കി നിത്തിയ പാട്ടം വാങ്ങികൊടുപ്പാൻ തഞ്ചാവൂരസ്വത്തിൻെറ പരിഗ്രാഹകൻ വ്യവഹാരപ്പെട്ടു. അന്യായപ്പെട്ടതിൽ ഏതാനും പാട്ടം ൪൯-ൽ ൧൪-ാം നമ്പ്രാക്കിൻെറ ൧-ാം വകുപ്പ ൮-ാം ഖണ്ഡത്താൽ കാലഹരണത്തിൽ അകപ്പെട്ടുപൊയിരിക്കുന്നു എന്ന പ്രതികൾ വാദിച്ചു. കാലഹരണത്തിൽ അകപ്പെട്ടിരിക്കുന്നു എന്ന വാദിക്കുന്ന പാട്ടബാക്കി വസൂലാക്കി കൊടുപ്പാൻ താൻ ഠരം പ്രതികളുടെ മെൽ പ്രത്യെകം പ്രത്യെകം ഏതാനും കാലം വ്യവഹാരം നടത്തിയിരുന്നു എന്നും പ്രതികൾ എല്ലാവരും കൂടി ഒന്നായിട്ട മുച്ചിലുകകൾ എഴുതികൊടുത്തിരിക്കുന്ന അവസ്ഥക്ക അവരുടെമെൽ പ്രത്യെകം പ്രത്യെകം വ്യവഹാരപ്പെടുവാൻ പാടില്ലെന്നുള്ള സംഗതിയിന്മെൽ ആ വ്യവഹാരങ്ങൾ ഒക്കയും നീങ്ങിപ്പൊയിരിക്കകൊണ്ടു മെപ്പടി ആക്ടിൻെറ ൧൪-ാം വകുപ്പ പ്രകാരം തനിക്ക നിവൃത്തികിട്ടെണ്ടതാണെന്ന അന്യായക്കാരൻ വാദിച്ചു. മുച്ചിലികകൾ എല്ലാ പ്രതികളും കൂടി ഒന്നായിട്ട എഴുതികൊടുത്തിട്ടുള്ള സ്ഥിതിക്ക ആ മുച്ചിലികകൾ പിടിച്ചു വെവ്വെറെ വ്യവഹാരങ്ങൾ നടത്തുവാൻ പാടില്ലെന്ന ഹൈകൊൎട്ട വിധി ൪-ാം ബുക്ക ൧൩൪-ാം ഭാഗത്ത ബഹുമാനപ്പെട്ട ജഡ്ജിമാര അഭിപ്രായപ്പെട്ടിരിക്കകൊണ്ടും സൂക്ഷ്മം നൊക്കുമ്പൊൾ കാലഹരണയാക്ടിൻെറ ൧൪-ാം വകുപ്പ അന്യായക്കാരൻെറ കാൎയ്യത്തിലെക്ക സംബന്ധിക്കുന്നതല്ലായ്ക്കകൊണ്ടും കാലഹരണത്തെ പററി പ്രതികൾ വാദിച്ചതിന്ന അനുസരിച്ചു ഡിസ്ത്രിക്ട ജഡ്ജി ഠരം കാഴെ പറയുന്ന വിധി കല്പിച്ചു. ൧൪-ാം വകുപ്പിൻെറ താല്പൎയ്യം നൊക്കുമ്പൊൾ ഒരു വ്യവഹാരകാരണത്തിന്മെൽ തന്നെ ഒരു പ്രതിയുടെ മെൽ വാദത്തിൽ പെട്ട കാൎയ്യത്തിൽ ആ കൊടതിക്ക അധികാരമില്ലാത്തത നിമിത്തമൊ

വെറെ വല്ല സംഗതികൊണ്ടും ആ കാൎയ്യത്തെ പററി ഒരു വിധി കല്പിപ്പാൻ കഴിയാതെ വരുന്നത നിമിത്തമൊ ഒരു വ്യവഹാരം ഉത്തമ വിശ്വാസ്യമായും മതിയായ ജാഗ്രതയൊടു കൂടിയും അന്യായക്കാരൻ നടത്തിക്കൊണ്ടിരിക്കെണ്ടത ആവശ്യമായിരിക്കുന്നു എന്ന കാണപ്പെടുന്നു. ഈ കാൎയ്യത്തിൽ അന്യായം നീക്കിയ കൊടതിക്ക ആ കാൎയ്യത്തിൽ അധികാരമില്ലാഞ്ഞതകൊണ്ടല്ല. അന്യായക്കാരൻ ക്രമപ്രകാരം അന്യായപ്പെടായ്കകൊണ്ട മാത്രമായിരുന്നു എന്നാണ കാണപ്പെടുന്നത. മുമ്പെ ബോധിപ്പിച്ച വ്യവഹാരങ്ങളിൽ ഈ വ്യവഹാരകാരണത്തിന്മെൽ തന്നെ അന്യായപ്പെട്ടു എന്ന പറഞ്ഞു കൂടുന്നതും അല്ല. ആ കാൎയ്യത്തിൽ ഓരൊ പ്രതിയുടെ മെൽ പ്രത്യെകം പ്രത്യെകമായും ഈ വ്യവഹാരത്തിൽ എല്ലാ പ്രതികളുടെയും മെൽ ഒന്നായിട്ടും ആണ വ്യവഹാരപ്പെട്ടത. അതുകൊണ്ട ൧൮൭൫-ലെ പാട്ടം കാലഹരണത്തിൽ അകപ്പെട്ടു പോയിരിക്കകൊണ്ട ആ പാട്ടത്തിന്നുള്ള അവകാശം തള്ളി ശെഷത്തിന്ന പ്രതികളുടെ മെൽ ഒരു വിധി കൊടുക്കുന്നു എന്ന തഞ്ചാവൂര ഡിസ്ത്രിക്ട ജഡ്ജി കിണ്ടർസലി സായ്പ കല്പിച്ചു. അന്യായക്കാരൻ മെപ്പടി ആപ്പീൽ ബോധിപ്പിച്ചു.

## വിധിന്യായം.

കാലഹരണത്തിന്റെ സംഗതിയെ പററിയാണ ഈ കാൎയ്യത്തിൽ തീൎച്ചപ്പെടുത്തെണ്ടത. പാട്ടത്തിന്ന ബോധിപ്പിക്കുന്ന വ്യവഹാരത്തിലെക്ക സംബന്ധിക്കുന്ന കാലഹരണ അവധി കാലഹരണനിയമത്തിന്റെ ൧-ാം വകുപ്പ വ്യ-ാം ഖണ്ഡമാകുന്നു. അപ്പൊൾ ൧൪-ാം വകുപ്പിലെ നിവൃത്തി കിട്ടുവാൻ വഴിയില്ലാതെ പൊകുന്നു. എന്തുകൊണ്ടെന്നാൽ മുമ്പെത്തെ വ്യവഹാരം പലെ പ്രതികളുടെ മെൽ പ്രത്യെകം പ്രത്യെകവും ഇപ്പൊളത്തെത എല്ലാവരുടെയും മെൽ കൂടി ഒന്നായിട്ടും ആകകൊണ്ട വ്യവഹാരത്തിന്നുള്ള ഹെതു ഒന്നല്ല. ഓരൊരൊ വ്യവഹാരത്തെ സ്ഥാപിപ്പാൻ ഒരെ തെളിവു തന്നെ മതിയാകുമൊ എന്നാണ ഇംഗ്ലീഷ ശാസ്ത്രപ്രകാരം ചൊദിക്കുന്നത. അത മതിയാകുമെന്ന കാണപ്പെടുന്നില്ല. അതിന്ന വിപരീതമായി ഈ വ്യവഹാരത്തെ സ്ഥാപിക്കുന്ന തെളിവ മുമ്പെത്തെ വ്യവഹാരങ്ങളിലെ തെളിവി

നെ നിഷേധിക്കുകയാണ ചെയ്യിട്ടുള്ളത. ആ മുമ്പെത്തെ വ്യവഹാരങ്ങളെ വിസ്മരിച്ച കൊടതി ആ വ്യവഹാരങ്ങളെ തീൎച്ചപ്പെടുത്തുകയും ചെയ്യിരിക്കുന്നു. സീവിൽ ജസ്ജിയുടെ വിധി ഞങ്ങൾ സ്ഥിരപ്പെടുത്തി ൦രം ആപ്പീലുകൾ ചിലവു സഹിതം നീക്കി വിധിച്ചിരിക്കുന്നു എന്ന മൊൎഗ്ഗൻ, ഹൊലൊവെയി, ൦രം ജസ്ജിമാര കല്പിച്ചു. ൧൩- മാൎച്ച ൩- (മെപ്പടി ൧൪൨ാം ഭാഗം.)

## ൧൮-ൽ എസ്പെഷ്യാൽ ൩൨൨.

ദത്തെടുത്ത അമ്മയുടെ അച്ഛന്റെ സഹൊദരന്റെ പൌത്രനെക്കാൾ തന്റെ അമ്മയുടെ അച്ഛന്റെ മുതലുകളിന്മെൽ ഒരു ദത്തപുത്രന അധികം അവകാശം ഉണ്ടാകുന്നതല്ല.

൬൫-ൽ ആദ്യം ൧൧൭-ാം നമ്പ്ര വ്യവഹാരത്തിൽ തിരുനൽവെലി പ്രിൻസിപ്പാൽ സദിരമീന്റെ വിധിയെ സ്ഥിരപ്പെടുത്തി ൬൬-ൽ ആപ്പീൽ ൧൪൧-ാം നമ്പ്രിൽ തിരുനൽവെലി സീവിൽ ജസ്ജി ചെല്ല സാമ്പ കല്പിച്ച വിധിമെൽ നിന്ന ബൊധിപ്പിച്ച ഒരു എസ്പെഷ്യാലാകുന്നു ഇത. അന്യായക്കാരന മുമ്പെത്തെ വസ്തു ഉടമസ്ഥന്റെ വിധവയുടെ മരണശെഷം അവകാശം സിദ്ധിക്കെണ്ടതായ മുതലുകൾ ൧-ാം പ്രതിയായ വിധവ ൨-ം, ൩-ം, പ്രതികൾക്ക അന്യാധീനം ചെയ്യിരിക്കുന്നത നിമിത്തം ആ വസ്തുക്കളുടെ പരമ്പര അവകാശി താനാണെന്ന സ്ഥാപിച്ച ഒരു വിധി ഉണ്ടാവാൻ വെണ്ടി അന്യായക്കാരൻ വ്യവഹാരപ്പെട്ടു. മുതലുകൾ താൻ അന്യാധീനപ്പെടുത്തീട്ടില്ലെന്നും തന്റെ എളയ മകൾ സന്തതി ഇല്ലാതെ മരിച്ചുപൊയിന്റെ ശെഷം മെപ്പടി മുതലുകൾ പിന്നെത്തെ അവകാശി ആയ തന്റെ മൂത്ത പുത്രിക്ക ഏല്പിച്ചുകൊടുത്തു എന്നും അവൾ ഒരു ദത്തപുത്രനെ മാത്രം പിൻവെച്ചെച്ച മരിച്ചുപൊയി എന്നും ആ ദത്തപുത്രൻ ശാസ്ത്രപ്രകാരം നൊക്കുമ്പൊൾ അന്യായക്കാരനെക്കാൾ മുതലിന്ന അധികം അവകാശിയാണെന്നും ൧-ാം പ്രതിവാദിച്ചു. അന്യായക്കാരനെക്കാൾ ൦രം മുതലിന്മെൽ അധികം അവകാശമുള്ളത ദത്തപുത്രന്നാണെന്ന പ്രിൻസിപ്പാൽസദരമീൻ അഭിപ്രായപ്പെട്ട അന്യായം നീക്കി വിധിച്ചു-

ആ വിധി സീവിൽ ജസ്ലി സ്ഥിരപ്പെടുത്തുകയും ചെയ്തു. അന്ന്യായക്കാരൻ മെപ്പടി എസ്സെപ്ഷ്യാൽ ബൊധിപ്പിച്ചു.

## വിധിന്ന്യായം.

൦൨൦ കാൎയ്യത്തിൽ തീൎച്ച വരുത്താനുള്ളത ദത്തെടുത്ത അമ്മയുടെ അച്ഛന്റെ സഹൊദരന്റെ പൌത്രനെക്കാൾ തന്റെ അമ്മയുടെ അച്ഛന്റെ മുതലുകളിന്മെൽ ഒരു ദത്തപുത്രന അധികം അവകാശമുണ്ടൊ ഇല്ലയൊ എന്നാകുന്നു. മദിരാശി സംസ്ഥാനത്ത നടപ്പുള്ള ഹിന്തുശാസ്ത്രപ്രകാരം അന്ന്യായക്കാരൻ ആരുടെ മുതലിന്മെൽ പിൻതുടരുവാൻ അവകാശപ്പെടുന്നുവൊ അവന്റെ ഒരു ബന്ധു എന്നല്ലാതെ ഒരു സപിണ്ഡൻ അല്ല. ദത്തപുത്രന മുതലിന്മെൽ പിന്തുടരുവാൻ അവകാശമുണ്ടെങ്കിൽ അവൻ അന്ന്യായക്കാരനെക്കാൾ അടുത്ത അവകാശിയാകുന്നു. അന്ന്യായക്കാരന്റെ അവകാശം സ്ഥാപിക്കുന്ന പക്ഷം ദത്തപുത്രന അവന്റെ അമ്മയുടെ അച്ഛന്റെ മുതലിന്ന ഒരു ബന്ധുവായിട്ടുപൊലും സംബന്ധമില്ലെന്ന കല്പിക്കുന്നതായിവരും-൦൨൦ വക അവകാശത്തിന്റെ കാൎയ്യത്തിൽ ദത്തകമീമാംസ എന്ന ശാസ്ത്രം മാത്രമെ അനുകൂലമായി കാണുന്നുള്ളു. മററ സാധാരണ ഹിന്തുശാസ്ത്രത്തിൽ ൦൨൦ വക അവകാശത്തെ പററി ഒന്നും തന്നെ കല്പിച്ചു കാണുന്നില്ല. ൦൨൦ സംഗതിയെ പററി ബങ്കാള ഹൈകൊൎട്ട ജസ്ലി ഷംബുനാഥപണ്ഡിതര ഏററവും വിശെഷവിധിയായ ഒരു വിധി കല്പിച്ചിട്ടുള്ളതായി കാണപ്പെടുന്നുണ്ട. ആ വിധിയുടെ താല്പൎയ്യം നൊക്കുമ്പൊൾ ദത്തപുത്രൻ ഇപ്പൊൾ വാദിക്കുന്നപ്രകാരമുള്ള ഒരു അവകാശം അവന്ന സിദ്ധിപ്പാൻ വഴിയില്ലെന്നാണെ കാണപ്പെടുന്നത-൦൨൦ വക കാൎയ്യത്തെ സംബന്ധിച്ച മദിരാശി സംസ്ഥാനത്ത യാതൊരു വിധിയും ഇതിന്ന മുമ്പെ ഉണ്ടായിട്ടുള്ളതായി കാണ്മാനില്ല. ൦൨൦ വക അവകാശത്തിന്ന വല്ല അസ്ഥിവാരവും ഉണ്ടായിരുന്നെങ്കിൽ ഇങ്ങിനെയുള്ള ഒരുവ്യവഹാരം ഏററവും ചുരുക്കമായിപ്പൊവാൻ എന്താണെ കാരണം? ഒരു ദത്തപുത്രൻ ജാത്യാലുള്ള പുത്രനെപ്പൊലെ അവകാശിയല്ലെന്നുള്ളത ദൃഷ്ടാന്തമാണെല്ലൊ. ഒരു ഹിന്തു ഒരു പുത്രനെ ദത്ത എടുത്തതിന്റെ ശെഷം അവന്ന സാക്ഷാൽ പുത്രന്മാര ജനിച്ചുണ്ടായാൽദത്തപുത്രന്റെഓഹരിക്ക കു

റവുവന്ന പൊകുന്നുണ്ടെല്ലൊ. മെൽ കാണിച്ച വിധിയല്ലാതെ ൟ കാൎയ്യത്തെ പററി വെറെ വല്ല വിധിയും കല്പിച്ചിട്ടുള്ളതായി കാണുന്നില്ല. ഷംബുനാഥ പണ്ഡിതരുടെ വിധി ദത്തപുത്രന്ന വിരൊധമായിട്ടുള്ളതും ആകുന്നു. അതുകൊണ്ട ദത്തപുത്രന്ന ൟ മുതലിന്മെൽ പിന്തുടരുവാൻ അവകാശമില്ലെന്നും ഒരു ബന്ധുവിൻെറ സ്ഥിതിയിൽ അന്ന്യായക്കാരൻ അപെക്ഷിച്ചിരിക്കുന്ന നിവൃത്തി കിട്ടുവാൻ അവന്ന അവകാശമുണ്ടെന്നും ഞങ്ങൾ കല്പിക്കുന്നു. ദത്തെടുത്ത അമ്മയുടെ അച്ശൻെറ സഹൊദരൻെറ പൌത്രനെക്കാൾ തൻെറ അമ്മയുടെ അച്ശൻെറ മുതലുകളിന്മെൽ ഒരു ദത്തപുത്രന്ന വിശെഷവിധിയായ ഒരു അവകാശം ഉണ്ടാകുമെന്നുള്ളതിനെ സ്ഥാപിപ്പാൻ മററ പ്രമാണങ്ങളാകട്ടെ പാരമ്പൎയ്യ ന്ന്യായങ്ങളാകട്ടെ നാട്ടുനടപ്പാകട്ടെ കാണ്മാനില്ലായ്കകൊണ്ട കീഴ്കൊട്ട് വിധി മാററി ൟ കൊടതിയിലും കീഴ്കൊടതികളിലും അന്ന്യായക്കാരന ഉണ്ടായിട്ടുള്ള ചിലവുകൾ കൊടുപ്പിപ്പാൻ അവന്ന അവകാശമുണ്ടെന്ന വിധിച്ചിരിക്കുന്നു എന്ന, ഇന്നീസ, കെൎന്നാൻ ൟ ജഡ്ജിമാര കല്പിച്ചു. ൧൮ മാൎച്ച് ൨൦ (മെപ്പടി ൨൪൩-ാം ഭാഗം.)

൧൨-ൽ റിഫ്രെഡകെസ ൨൮.

തൊഴില, വ്യാപാരം ൟ വകെക്ക തന്നൊട ന്ന്യായരഹിതമായി വസൂലാക്കി എന്ന പറഞ്ഞ ഏതാനും സംഖ്യ ബല്ലാരി പട്ടണത്തിലെ മൂനിസിപ്പാൽ കമ്മിഷ്യനരന്മാരൊട വസൂലാക്കി കൊടുപ്പാൻ അന്ന്യായക്കാരൻ വ്യവഹാരപ്പെട്ടു. ൧൨-ൽ ൩-ാം നമ്പ്ര മദിരാശി ആക്ടിൻെറ ൩൨-ാം വകുപ്പപ്രകാരം ൧൨ മെയി ൨-ാംനു—മുതല്ക്ക മെപ്പടി നികുതി വസൂലാക്കെണ്ടതാണെന്ന ൧൨ ജൂലായി ൯-ാംനു— ആലൊചന സഭയിലെ ഗവൎണ്ണർ അവൎകളുടെ സമ്മതം പ്രാപിച്ചിട്ടുണ്ടായിരുന്നു. മെപ്പടി ആക്ടിൻെറ ൩൨-ാം വകുപ്പ പ്രകാരം യാതൊരു നൊട്ടീസും തൻെറ മെൽ നടത്തീട്ടില്ലെന്നും മാഫിക്ക്യാൽ കൊല്ലം ആരംഭിച്ച മൂന്ന മാസം കഴിഞ്ഞതിൻെറ ശെഷം മാത്രം ഗവൎമ്മെണ്ടിൽനിന്ന സമ്മതം കൊടുക്കയും ആക്ട പ്രബലപ്പെട്ട കാലത്തിന്ന മുമ്പെയുള്ള നികുതിയെ പററി അതിൽ ഒന്നും കല്പിച്ചിട്ടില്ലാതെയിരിക്കകയും ചെയ്യിരിക്കുന്ന അവസ്ഥെക്ക ആ കാലത്തെ നികുതി വസൂലാക്കിയ്യ ന്ന്യായവിരൊധമായിട്ടുള്ളതാണെന്നും അന്ന്യായക്കാരൻ വാദിച്ചു. അന്ന്യായക്കാരൻ പറയുന്ന കാലത്തെ നികുതി വസൂലാക്കിയ്യ ന്ന്യായവിരൊധമായിട്ടുള്ളതാണെന്ന ഹൈകൊട്ട് കല്പിച്ചു.

ഇത ബല്ലാരി കണ്ടൊൻമെണ്ട സ്മാൽകൊസ ജഡ്ജി കാപ്പ്ടൻ ഓക്കു സാഹ്യ ഹൈകൊട്ടിൽ സംശയം ചൊദിച്ച ഒരു കാൎയ്യമാകുന്നു. കൊടതി ൟ താഴെ പറയുന്ന വിധിന്ന്യായം കല്പിച്ചു.

## വിധിന്ന്യായം.

പ്രതികൾ ന്യായരഹിതമായി വസൂലാക്കിയ നികുതി പലിശയൊടു കൂടി വസൂലാക്കി കൊടുപ്പാൻ അന്ന്യായം കണ്ണെൽ ബെട്ടസ സാഹ്യ വ്യവഹാരപ്പെട്ടിരിക്കുന്നു. ൧൨-ൽ ൩-ാം നമ്പ്ര മദിരാശി ആക്ടിന്റെ ൩൭-ാം വകുപ്പ പ്രകാരം ൧൨ മെയി ൨-ാം ൹ മുതല്ക്ക മെപ്പടി നികുതി വസൂലാക്കെണ്ടതാണെന്ന ൧൨ ജൂലായി ൪-ാം ൹ ആലൊചന സഭയിലെ ഗവൎണ്ണർ അവൎകളുടെ സമ്മതം പ്രാപിച്ചിട്ടുണ്ടായിരുന്നു. മെപ്പടി ആക്ടിന്റെ ൩൨-ാം വകുപ്പ പ്രകാരം യാതൊരു നൊട്ടീസും അന്ന്യായക്കാരന്റെ മെൽ നടത്തീട്ടില്ലെന്നും ഓഫിഷ്യാൽ കൊല്ലം ആരംഭിച്ച മൂന്ന മാസം കഴിഞ്ഞതിന്റെ ശെഷം മാത്രം ഗവൎമ്മെണ്ട സമ്മതം ഉണ്ടാകയും ആക്ട പ്രബലപ്പെട്ട കാലത്തിന്ന മുമ്പെയുള്ള നികുതിയെ പറ്റി അതിൽ യാതൊന്നും കല്പിച്ചിട്ടില്ലാതെയിരിക്കയും ചെയ്തിരിക്കുന്ന അവസ്ഥക്ക ആ കാലത്തെ നികുതി വസൂലാക്കിയതു ന്യായവിരൊധമായിട്ടുള്ളതാണെന്നും അന്ന്യായക്കാരൻ വാദിക്കുന്നു അതുകൊണ്ട മെപ്പടി രണ്ടു സംഗതികളെയും കുറിച്ചുള്ള ഹൈകൊടതിയുടെ അഭിപ്രായത്തിന്ന വെണ്ടി സ്മാൽകൊസ ജഡ്ജി അപെക്ഷിച്ചിരിക്കുന്നു. മെപ്പടി ആക്ടിൽ ഒരു പുതിയ നികുതി വസൂലാക്കാൻ കല്പിച്ചിരിക്കുന്നു. ഏത വകുപ്പുകൾ പ്രകാരം ആ നികുതി നിശ്ചയിക്കുകയും വസൂലാക്കാൻ കല്പിക്കുകയും ചെയ്തിരിക്കുന്നുവൊ ആ നികുതി കൊല്ലംതൊറും രണ്ട അവധിയായി കൊടുക്കെണ്ടുന്ന ഒരു നികുതിയാകുന്നു എന്നാൽ ആ നികുതി ഓഫിഷ്യാൽ കൊല്ലത്തിന്റെ ആരംഭത്തിൽ കൊടുക്കെണ്ടതാണെന്നാണെ കല്പിച്ചിട്ടുള്ളത ൟ കാൎയ്യത്തിൽ ആ നികുതി കൊല്ലത്തിന്റെ ആരംഭത്തിൽ കെട്ടെണ്ടതിന്ന ന്യായമായ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. നൊട്ടീസിനെ കുറിച്ച പറഞ്ഞിട്ടുള്ള വകുപ്പ നൊക്കുമ്പൊൾ ന്യായമായ ഒരു കാലത്ത മാത്രമെ ൟ വക നികുതി കെട്ടാൻ പാടുള്ളു എന്ന കാണപ്പെടുന്നു. ആ കാലത്ത ന്യായവശാൽ ഒരു നികുതിയുംകെ

ട്ടിട്ടുണ്ടായിരുന്നില്ലായ്കകൊണ്ടു അന്യായക്കാരനൊട നികുതി വസൂലാക്കിയ്ത ന്യായവിരൊധമാണെന്ന ഞങ്ങൾ കല്പിക്കുന്നു. ഹൊലൊവെയി, കിണ്ടർസലി ഃരം ജഡ്ജിമാര കല്പിച്ചത ൧൮൬൭ എപ്രെൽ ൨൨ (മെപ്പടി ൨൪-ാം ഭാഗം.)

൧൮൬൩-ൽ ക്രമയാപ്പീൽ ൩൩.

അന്യായക്കാരന്റെ അവിഭക്തസഹൊദരന്റെ ദത്തപുത്രനാണെന്നു വാദിക്കുന്ന ൭-ാം പ്രതിയുടെ ദത്തിനെ അസാധുവാക്കി ഏതാനും ഭൂമികളിന്മെൽ അന്യായക്കാരനുള്ള അവകാശം സ്ഥാപിച്ച് ആ ഭൂമികൾ ഒഴിപ്പിച്ചു കൈവശമാക്കികൊടുപ്പാൻ അന്യായം. തന്റെ ദത്തിനെ കുറിച്ചുള്ള തൎക്കം മുമ്പെത്തെ ഒരു വ്യവഹാരത്താൽ തീൎച്ചപ്പെട്ടുപൊയിരിക്കുന്നു എന്ന ൭-ാം പ്രതി വാദിക്കുകയും സിവിൽ ജഡ്ജി ആ വാദത്തിന്ന അനുസരിച്ച ഒരു വിധി കൊടുക്കുകയും ചെയ്തു. അപ്പീലിൽ ഃരം തൎക്കം മുമ്പെത്തെ വ്യവഹാരത്തിൽ തീൎച്ചപ്പെടുത്തീട്ടില്ലെന്ന ഹൈകൊൎട്ട കല്പിച്ചു നമ്പ്ര ഗുണദൊഷങ്ങളിന്മെൽ തീൎച്ചപ്പെടുത്താൻ വെണ്ടി താഴെ കൊടതിക്ക മടങ്ങി അയച്ചു. ഹൈകൊൎട്ട വിധി ൩-ാം ബുക്ക ൨൭൭-ാം ഭാഗം നൊക്കണം. സിവിൽ ജഡ്ജി നമ്പ്ര വിസ്തരിച്ചു ദത്തെടുത്തത ബൊദ്ധ്യകരമാകുംവണ്ണം സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നും ൭൨൩൩ മുതല്ക്ക ൭-ാം പ്രതി ദത്ത പുത്രനുള്ള സ്വാതന്ത്ര്യവും ദത്തപുത്രന്റെ സ്ഥിതിയിലുള്ള സകല പ്രവൃത്തികളും നടത്തിയിരിക്കുന്നു എന്നും അഭിപ്രായപ്പെട്ടു. ഒരു പെങ്ങളുടെ മകനെ ദത്ത എടുത്തിരിക്കകൊണ്ടു ആ ദത്ത ന്യായവിരൊധമായിട്ടുള്ളതാണെന്നും കൂടെ അന്യായവക്കീൽ വാദിക്കുകയും ഹൊലൊവെയി ജഡ്ജി കല്പിച്ചതായ ൧൮൬൩-ൽ എസ്പെഷ്യാൽ ൭൩൮-ാം നമ്പ്ര വിധി എടുത്ത കാണിക്കുകയും ചെയ്തിരിക്കുന്നു. ആ വിധി തെലുങ്ക രാജ്യത്തെക്ക മാത്രമെ സംബന്ധിക്കുകയുള്ളു എന്നും മരുമകനെ ദത്തെടുക്കുന്ന നടപ്പു തമിഴ രാജ്യത്ത ഉണ്ടെന്നും അതിനാൽ ദത്തെടുത്തത ന്യായമാണെന്നും ന്യായരഹിതമാണെങ്കിൽ തന്നെയും ഇത്ര വളരെ കാലം കഴിഞ്ഞതിന്റെ ശെഷം അതിനെ പററി ആക്ഷെപിപ്പാനും തൎക്കം പറവാനും പാടില്ലെന്നും സിവിൽ ജഡ്ജി തീൎച്ചപ്പെടുത്തി ഒരു വിധി കല്പിച്ചു. അന്യായക്കാരൻ അപ്പീൽ ബൊധിപ്പിച്ചു. ആയപ്പീൽ ജ

സ്സിമാര എല്ലാവരുടെയും മുമ്പാകെ വിചാരണെ ചെയ്യ ഹിന്തു ശാസ്ത്രത്തിൻെറ സാധാരണ പ്രമാണങ്ങളെ കുറിച്ച എല്ലാ പാഠകശാല കൎത്താക്കന്മാരും വ്യാഖ്യാനിച്ചിരിക്കുന്ന പ്രകാരം ഒരു ബ്രാഹ്മണനെ ആയാളുടെ മരുമകനെ ന്യായമായി ദത്തെടുപ്പാൻ പാടില്ലെങ്കിലും സാധാരണ നിയമത്തെ തെററി നടക്കുന്നതായ ഒരു നടപ്പുണ്ടെന്ന വാദിച്ചിരിക്കകൊണ്ട ആ നടപ്പിനെ പററി ഒരു അന്വെഷണം ചെയ്യ ഌ കാൎയ്യം തീൎച്ചപ്പെടുത്തെണ്ടതാണെന്ന ജഡ്ജിമാര കല്പിച്ച നമ്പ്ര സീവിൽ ജഡ്ജിക്ക മടങ്ങി അയച്ചു. തൻെറ പെങ്ങളുടെ മകനെ ദത്ത എടുക്കുന്ന ഒരു സാധാരണ നടപ്പുണ്ടെന്ന സീവിൽ ജഡ്ജി ചെയ്യ അന്വെഷണത്തിൽ കണ്ട ആ വിവരത്തിന്ന മറുപടി അയച്ചു. ഌ സംഗതി ഹൈകൊടതി മുമ്പാകെ വന്നതിൻെറ ശെഷം ഉണ്ടെന്ന പറയുന്ന മെപ്പടി നടപ്പിനെ പററിയുള്ള സീവിൽ ജഡ്ജിയുടെ അഭിപ്രായത്തെ ദുൎബ്ബലപ്പെടുത്തി ഌ താഴെ പറയുന്ന സംഗതി തീൎച്ചപ്പെടുത്തി അയപ്പാൻ വെണ്ടി ഒരു ഇഷ്യു അയച്ചു. "അന്യായക്കാരൻ ഇപ്പൊൾ സ്ഥാപിപ്പാൻ നിശ്ചയിക്കുന്ന നിയമത്തെ പററിയുള്ള പ്രമാണത്തെ ഇതിലെ പ്രതിയുടെ കാൎയ്യത്തിൽ നടത്തിക്കുന്നത അനീതിയായി വരുവാൻ തക്കവണ്ണം അന്യായക്കാരൻെറയും അവൻെറ തറവാട്ടിലുള്ള ശെഷം ആളുകളുടെയും നടത്തകൊണ്ട തെളിയുന്നുണ്ടൊ"? ൧-ാം പ്രതിയുടെ ദത്തിനെ സ്ഥാപിപ്പാനും അതിനെ ബലപ്പെടുത്തുവാനും തക്കതായ ഒരു സമ്മതവും അംഗീകാരവും അന്യായക്കാരനും അവൻെറ തറവാട്ടിലെ ശെഷം ആളുകളും ചെയ്യിട്ടുണ്ടെന്ന സ്ഥാപിക്കുന്നു എന്ന സീവിൽ ജഡ്ജി അഭിപ്രായം അയച്ചു. ഇതിലെ പ്രതി അവൻ ജനിച്ചുണ്ടായ തറവാട്ടിലെ അവകാശങ്ങൾ ഒക്കെയും അവന്ന തിരികെ കിട്ടുവാൻ പാടില്ലാത്ത വിധത്തിൽ ഉപെക്ഷിച്ച അവനെ ഏത തറവാട്ടിലെക്ക ദത്ത എടുത്തുവൊ ആ തറവാട അവൻെറ സ്വന്തമുള്ളതാണെന്നും അതിൽ താൻ അവകാശിയാണെന്നുമുള്ള വിശ്വാസത്തിന്മെൽ ആ തറവാട്ടിലെക്ക അഭിവൃദ്ധിക്കായി സകല പ്രയത്നവും ചെയ്യുവരുന്ന സ്ഥിതിക്ക ആ സ്ഥിതിയിൽനിന്ന അവനെ ഇപ്പൊൾ മാററുന്നത ന്യായരഹിതമായി വരുന്നതാകകൊണ്ട ഌ ഞങ്ങളുടെ തീൎപ്പ അന്യായക്കാരൻെറ അവകാശത്തിന്ന ദൊഷകരമായിട്ടുള്ളതാണെങ്കിലും ഌ കാൎയ്യത്തിൻെറ സ്ഥിതിക്ക വെറെ

വിധമായ ഒരു തീൎപ്പ കല്പിക്കുന്നത അനീതിയായി വരിക യെ ഉള്ളൂ. ൟ ദത്തിന്റെ സ്വഭാവം നൊക്കുമ്പൊൾ അത ശാസ്ത്രപ്രകാരം അസാധുവും ദുൎബ്ബലവും ഒരു സംബന്ധ ത്തെ ഉണ്ടാക്കുവാൻ മതിയാകാത്തതും ആണെങ്കിലും അന്ന്യാ യക്കാരന്റെയും അവന്റെ തറവാട്ടിലുള്ളവരുടെയും നടപ്പും പ്രവൃത്തിയും കൊണ്ട അങ്ങിനെ ഒരു സംബന്ധത്തെ ഉ ണ്ടാക്കി തീൎക്കയും അതിനെ വളരെ കാലമായി അവർ ആ ദരിച്ചുപൊരികയും ചെയ്തിരിക്കുന്നു. എന്ന മാത്രമല്ല ൟ വ ക ഒരു നടപ്പ നൂററമ്പത കൊല്ലത്തിൽ അധികമായി ആ രാജ്യത്ത ആക്ഷെപം കൂടാതെ നടന്നു വരുന്നുണ്ടെന്നും ശാ സ്ത്രപരിജ്ഞാനമുള്ള ആളുകളുടെ അഭിപ്രായത്തിലും ആയ്ത സാധുവും ബലവും ഉള്ളതായി വിചാരിക്കപ്പെട്ടിരിക്കുന്നു എ ന്നും ൟ നടപ്പ ശാസ്ത്രത്തെ അനുസരിച്ചിട്ടുള്ളതാണെന്ന ആ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ ബൊധപ്പെട്ടിരിക്കുന്നു എന്നും സിവിൽ ജഡ്ജി ൟ കാൎയ്യത്തിൽ അഭിപ്രായം അയ ക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട ൟ ആപ്പീലിലെ ചിലവിനെ കുറിച്ച യാതൊന്നും കല്പിക്കാതെ ആപ്പീൽ നീ ക്കിയിരിക്കുന്നു എന്ന, ഹൊലൊവെയി, ഇന്നീസ, ൟ ജ ഡ്ജിമാര കല്പിച്ചു. ൧൲ എപ്രെൽ ൪. (മെപ്പടി ൨൦-ാം ഭാഗം.)

### ൧൲-ൽ ക്രമയാപ്പീൽ ൩൩.

പുരാതന തറവാട്ടസ്വത്തിൽ തനിക്കുള്ള ഓഹരിഅവകാശം തീൎച്ചപ്പെടുത്തി കൊ ടുപ്പാൻ കക്ഷികളുടെ സമ്മതത്തിന്മെൽ നിശ്ചയിക്കപ്പെട്ടവരായ പഞ്ചായക്കാ ര കൊടുത്ത തീൎപ്പിനെ സ്ഥിരപ്പെടുത്തികൊടുപ്പാൻ അന്ന്യായക്കാരൻ വ്യവ ഹാരപ്പെട്ടു. തീൎപ്പ കല്പിക്കുന്നതിന്ന കുറെക്കാലം മുമ്പെ തന്നെ താൻ കൊടു ത്ത സമ്മതത്തെ പിൻവലിച്ച ദുൎബ്ബലപ്പെടുത്തിയിരിക്കുന്നു എന്നുള്ള സംഗതി യിന്മെൽ ആ തീൎപ്പ ന്ന്യായവിരൊധമായിട്ടുള്ളതാണെന്ന പ്രതിവാദിച്ചു-പെ സ്റ്റൊഞ്ചി അന്ന്യായവും മനെകജി പ്രതിയും ആയിരുന്നകാൎയ്യത്തിൽ ഹൈകൊ ട്ട വിധി ൩-ാം ബുക്ക ൫൨൲-ാം ഭാഗത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതും പ്രിവികൌൺസലിൽനിന്ന സ്ഥിരപ്പെടുത്തി മൂർ സായ്പിന്റെ ൫൨-ാം റിപ്പൊ ട്ട ബുക്ക ൫൫൨-ാം ഭാഗത്ത ചെൎത്തിരിക്കുന്നതും ആയ തീൎപ്പിനെ അനുസരിച്ച ഡിസ്ത്രിക്ട ജഡ്ജി പഞ്ചായ തീൎപ്പ ഫയൽ ചെയ്വാൻ കല്പിച്ചു. പ്രതിക്കാരൻ ആ പ്പീൽ ബൊധിപ്പിച്ചു- ൟ കാൎയ്യത്തിൽ ആപ്പീൽ ബൊധിപ്പിപ്പാൻ വഴിയി ല്ലെന്ന ഹൈകൊട്ട കല്പിച്ചു.

ൟ ക്രമയാപ്പീൽ ൧൨-ൽ ആക്ട ൨-ാം നമ്പ്ര വ്യവ

ഹാരകാൎയ്യത്തിൽ മങ്ങലാപുരം ആക്ടിങ്ങ ഡിസ്ത്രീക്ക ജഡ്ജി ബൎണ്ണേൽ സായ്പ കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. തറവാട്ട പുരാതന സ്വത്തിൽ തനിക്ക വരെണ്ടുന്ന മൂന്നിൽ ഒരൊഹരിക്കുള്ള അവകാശം തീൎച്ചപ്പെടുത്തികൊടുപ്പാൻ കക്ഷികളുടെ സമ്മതപ്രകാരം നിശ്ചയിക്കപ്പെട്ട പഞ്ചായക്കാര കല്പിച്ച വിധി സ്ഥിരം ചെയ്തു ഉറപ്പിച്ചുകൊടുപ്പാൻ സീവിൽ നിയമത്തിന്റെ ൩൨൭-ാം വകുപ്പുപ്രകാരം അന്യായക്കാരൻ അപെക്ഷിച്ചു. പഞ്ചായതീൎപ്പ ഫയലാക്കാതെയിരിപ്പാൻ വല്ല സംഗതിയും ഉണ്ടെങ്കിൽ അതിനുള്ള കാരണം കാണിക്കെണ്ടതിന്ന ക്രമപ്രകാരം നൊട്ടീസ അയച്ചതിന്റെ ശെഷം ൧-ാം പ്രതി ൟ താഴെ ചെൎത്തിരിക്കുന്ന ആക്ഷെപങ്ങൾ ബൊധിപ്പിച്ചു. (൧) താൻ കൊടുത്ത സമ്മതത്തെ തക്കതായ സമയത്ത താൻ പിൻവലിച്ചിരിക്കുന്നു എന്നും (൨) വാദത്തിൽപെട്ട ഭൂമിയുടെ കൈവശക്കാരിയും ആ ഭൂമിക്ക അവകാശമുള്ളവളും ആയ തന്റെ അമ്മയെ മെപ്പടി നിശ്ചയത്തിൽ കക്ഷി ചെൎത്തിട്ടില്ലെന്നും (൩) നാല പഞ്ചായക്കാരിൽ മൂന്നാളും അന്യായക്കാരന്റെ സംബന്ധികളും നാലാമൻ തന്റെ ശത്രുവിന്റെ ഒരു സംബന്ധക്കാരനും ആകകൊണ്ട അവര പക്ഷം പിടിച്ച ന്യായവിരൊധമായി തീൎപ്പ ചെയ്തതാണെന്നും, ആകുന്നു. ഡിസ്ത്രീക്ക ജഡ്ജി ൟ താഴെ പറയുന്ന വിധിന്യായം കല്പിച്ചു. പഞ്ചായക്കാര അഞ്ചാളായിരുന്നു എന്നും അവരിൽ ൟ തീൎപ്പ കൊടുത്ത നാലാളും നല്ല പഠിപ്പും പഴമപരിചയവും ഉള്ള വക്കീലന്മാരും കച്ചവടക്കാരും ആയിരുന്നു എന്നും കാണപ്പെടുന്നു. ൧-ാം പ്രതി അവന്റെ സമ്മതത്തെ പിൻവലിച്ചതായി യാതൊരു ലക്ഷ്യവും റിക്കാർഡിൽ കാണ്മാനുമില്ല. അപ്രകാരം പിൻവലിച്ചു എന്ന തെളിഞ്ഞാൽ തന്നെയും ആയ്തും ൟ തീൎപ്പിനെ ഫയലാക്കാതെയിരിപ്പാൻ മതിയായ ഒരു സംഗതിയാണെന്ന നാം വിചാരിക്കുന്നതുമില്ല- (മെപ്പടി ൩-ാം ബുക്ക ൧൮൩-ാം ഭാഗത്ത ചെൎത്തിരിക്കുന്ന വിധി നൊക്കുക.) ശെഷം രണ്ട ആക്ഷെപങ്ങളെ പററി ചിന്തിപ്പാൻ തന്നെ നമുക്ക അധികാരമില്ല. പഞ്ചായതീൎപ്പിനെ അസാധുവാക്കാൻ തക്കതായ കാരണങ്ങളെ കുറിച്ച മാത്രമെ നമുക്ക ചിന്തിപ്പാനുള്ളു- അതുകൊണ്ട തീൎപ്പ ഫയലാക്കി നടത്തിച്ചുകൊടുപ്പാൻ നാം കല്പിക്കുന്നു. പ്രതിക്കാരൻ മെപ്പടി അപ്പീൽ ബൊധിപ്പിച്ചു.

## വിധിന്ന്യായം.

പഞ്ചായത്ത തീൎപ്പിൽനിന്ന പിൻവാങ്ങുവാനുള്ള വല്ല ശ്രമവും ചെയ്തിരുന്നു എന്ന കീഴ്ക്കൊടതി മുമ്പാകെ യാതൊരു തെളിവും ഉണ്ടായിട്ടില്ല. താൻ കൊടുത്ത സമ്മതം തനിക്ക ബൊദ്ധ്യമായിട്ടില്ലെന്ന വാദിക്കുകയും അതിൽനിന്ന പിൻവാങ്ങുകയും ചെയ്യുന്നതിനാൽ പൂൎത്തിയായ ഒരു തീൎപ്പിനെ അസാധുവാക്കുവാൻ എടവരുത്തുകയും അത നിമിത്തം വലുതായ ദൊഷം സംഭവിപ്പാൻ എടവന്നുപൊകയും ചെയ്യുന്നതാണ. പഞ്ചായത്തമായി തീൎപ്പാൻ നിശ്ചയിച്ച കൊടുക്കുന്ന സമ്മതത്തിൽനിന്ന യാതൊരാൾക്കും പിൻവാങ്ങുവാൻ പാടില്ലെന്ന തന്നെയല്ല പഞ്ചായത്തവിസ്താരം നടക്കുന്ന സമയത്ത തന്നെ ൟ വക യാതൊരു ആക്ഷെപത്തെയും പ്രമാണിക്കാതെ ആ വക കരാറ ഫയലാക്കാവുന്നതും ആകുന്നു. ഇതിനെ സംബന്ധിച്ചുള്ള ഇംഗ്ലീഷ ന്ന്യായങ്ങളും വിധികളും എടുത്ത കാണിക്കുകയെന്നു വെച്ചാൽ കൊടതി സമയം വ്യൎത്ഥാവിൽ പൊയ്പൊകുന്നതാകുന്നു. ൟ കാൎയ്യത്തിൽ ആപ്പീൽ ഇല്ലായ്കകൊണ്ട ൟ അപെക്ഷ ചിലവു സഹിതം നീക്കെണ്ടതാണെന്ന, ഹൊലൊവെയി, കിണ്ടർസലി ൟ ജഡ്ജിമാര കല്പിച്ചു. ൧൮൭൨ ജൂലായി ൧൩. (മെപ്പടി. ൨൫൭-ാം ഭാഗം.)

### ൧൮൭൨-ൽ ക്രമയാപ്പീൽ ൫൩.

അന്ന്യായക്കാരൻ പ്രായം തികയാത്ത ഒരു കുട്ടിയായിരുന്ന കാലത്ത അവന്റെ അച്ശൻ മരിച്ചുപൊകയും അവൻ ചെറുപ്പമായിരുന്ന കാലത്ത ൧ മുതൽ ൩വരെ പ്രതികളായ അവന്റെ അച്ശന്റെ വിധവമാര തറവാട്ട സ്വത്ത മുഴുവനും ചില്ലറചില്ലറയായി ഓരൊരൊ കാലത്ത പലെ ആളുകൾക്കും അന്ന്യാധീനം ചെയ്കയും ചെയ്തിരിക്കുന്നു എന്നും അതുകാരണത്താൽ ആ ആസ്തികൾ മുഴുവനും ഒന്നായിട്ട ഒഴിപ്പിച്ചു കൊടുപ്പാൻ മെപ്പടി സ്വത്തുക്കൾ വിലെക്ക വാങ്ങിയ എല്ലാവരുടെയും മെൽ ഒന്നായിട്ട വ്യവഹാരപ്പെടുവാൻ അവന്ന അവകാശമുണ്ടെന്നും വാദിച്ചു. വ്യവഹാരകാരണങ്ങളെ തെറ്റായി ചെൎത്തിരിക്കുന്നു എന്നുള്ള സംഗതിയിന്മെൽ ഡിസ്ത്രീക്ടജഡ്ജി അന്ന്യായം നീക്കി വിധിച്ചു. ഡിസ്ത്രീക്ട ജഡ്ജിക്ക തെറ്റിപ്പൊയിരിക്കുന്നു എന്ന ആപ്പീലിൽ ഹൈകൊടതി കല്പിച്ചു. അന്ന്യായക്കാരനുള്ള വ്യവഹാരകാരണത്തിൽ അവനുള്ള അവകാശം സ്വത്തുക്കൾ ഏത തറവാട്ടിലെക്കുള്ളതായിരുന്നുവൊ ആ തറവാട്ടിൽ അവന്ന

ള്ള സംബന്ധം ആയിരുന്നതകൊണ്ട ആയവകാശം വെറെ വിധത്തിൽ തട സ്ഥപ്പെടാതെ സ്ഥാപിക്കപ്പെടുന്ന പക്ഷം തറവാട്ട സ്വത്തുക്കൾ ഒഴിപ്പിപ്പാനുള്ള അവകാശം അവന്ന ഇരിക്കുന്നുണ്ട. അവൻ കുട്ടിയായിരുന്ന കാലത്ത പലെ ആളുകൾ തറവാട്ട സ്വത്ത ഏതാനുമായി പലെ സമയങ്ങളിൽ വിലെക്ക വാങ്ങിയതുകൊണ്ട അവനുള്ള വ്യവഹാരകാരണത്തിൻെറ ഒന്നിപ്പ അല്ലെങ്കിൽ ഐക്യത നശിച്ചുപൊകുന്നതല്ല'

ൟ ആപ്പീൽ ൧൮-ൽ ആദ്യം ൮൭-ാം നമ്പ്ര വ്യവഹാരത്തിൽ തരക്കമ്പാടി ആക്ടിങ്ങ സീവിൽ ജഡ്ജി നെത്സൻ സായ്വിൻെറ വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. ൟ വ്യവഹാരം ബൊധിപ്പിക്കുന്നതിന്ന ൮ കൊല്ലം മുമ്പെ അന്ന്യായക്കാരൻെറ അച്ശൻ മരിച്ചുപൊയിരിക്കുന്നു എന്നും അന്ന്യായക്കാരൻ കുട്ടിയായിരുന്ന കാലത്ത അവൻെറ അച്ശൻെറ വിധവമാരായ ൮ മുതൽ ൯ വരെ പ്രതികൾ തറവാട്ടു സ്വത്ത മുഴുവനും പലെ ആളുകൾക്കും ഓരൊരിക്കലായിട്ട ഏതാനും ഏതാനുമായി അന്ന്യാധീനം ചെയ്തിരിക്കുന്നു എന്നും ൪ മുതൽ ൯൮ വരെ പ്രതികളാണ സ്വത്തുക്കൾ തീരവാങ്ങിയിരിക്കുന്നത എന്നും അന്ന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. സീവിൽ ജഡ്ജി ൟ താഴെ പറയുന്ന വിധികല്പിച്ചു. അനെകം ആളുകൾക്ക പലപ്പൊളായി കൊടുത്ത തീരിനെ ദുൎബ്ബലം ചെയ്യ വസ്തുക്കൾ ഒന്നായിട്ട ഒഴിപ്പിച്ചുകൊടുപ്പാനായി അന്ന്യായക്കാരൻ ൟ കാൎയ്യത്തിൽ വ്യവഹാരപ്പെട്ടിരിക്കുന്നു. ൯൮-ാം പ്രതി ഹാജരായി അവന്ന സംബന്ധിച്ചെടത്തൊളമുള്ള അന്ന്യായക്കാരൻെറ അവകാശത്തെ അവന്ന ബൊദ്ധ്യം വരുത്തിയിരിക്കുന്നു എന്ന ബൊധിപ്പിച്ചു. അത ശരിയാണെന്ന അന്ന്യായക്കാരൻ സമ്മതിക്കുകയും അതുപ്രകാരം ആ പ്രതിയെ സംബന്ധിച്ചെടത്തൊളമുള്ള വ്യവഹാരം തമ്മിൽ തീൎത്തതായി റിക്കാൎഡിൽ ചെൎത്തവെക്കുകയും ചെയ്തിരിക്കുന്നു. ൟ കാൎയ്യത്തിൽ വ്യവഹാരകാരണങ്ങളെയും കക്ഷികളെയും തെററായി ചെൎത്തിരിക്കകൊണ്ട മിസജൊയിണ്ടർ എന്ന ദൊഷം ൟ വ്യവഹാരത്തിന്നുണ്ടെന്നും അതുകൊണ്ട സീവിൽ നിയമത്തിൻെറ ൩൧-ാം വകുപ്പുപ്രകാരം ൟ അന്ന്യായം നീക്കെണ്ടതാണെന്നും ൯൦-ാം പ്രതിവാദിച്ചിരിക്കുന്നു. ൟ സംഗതിയെ പററി ഒരു വാദമുഖം കല്പിക്കുകയും എല്ലാ പ്രതികളെയും ഒരു വ്യവഹാരത്തിൽ ഉൾപ്പെടുത്തിയ്യിന്ന തൃപ്തികരമായ സമാധാനം അന്ന്യായക്കാരൻ ബൊ

ധിപ്പിക്കാതെയിരിക്കുകയും ചെയ്യതിനാൽ അന്യായം നീക്കെ ണ്ടതാണെന്ന നാം കല്പിച്ചു. സീവിൽ നിയമത്തിന്റെ ൮-ാം വകുപ്പുപ്രകാരം പലെ വ്യവഹാരകാരണങ്ങൾ ഒന്നായി ചെൎക്കുന്ന കാൎയ്യത്തിൽ ആ ഒന്നായിചെൎക്കുന്ന കാരണങ്ങൾ ഒരെ കക്ഷിയുടെ മെൽ തന്നെ ബൊധിപ്പിക്കുന്നതായിരി ക്കെണമെന്ന കല്പിച്ചിരിക്കുന്നു. എന്നാൽ ൟ കാൎയ്യത്തിൽ അന്യായ ഹരജിയിൽ കാണിച്ചിട്ടുള്ള സംഗതികൾ ശരിയാ യിരുന്നാൽ പലെ പ്രതികളുടെ മെലുള്ള വ്യവഹാരകാരണ ങ്ങൾ വെവെറായും പ്രത്യെകം പ്രത്യെകമായിട്ടുള്ളതായും ഇ രിക്കുന്നു. പലെ പ്രതികൾ തമ്മിൽ യഥാൎത്ഥം നൊക്കുമ്പൊ ൾ യാതൊരു സംബന്ധമില്ലാതെയും ഇരിക്കുന്നു. ഇതുപൊ ലെയുള്ള ഒരു വ്യവഹാരം ഇന്ത്യാദെശത്താകട്ടെ വിലാത്തി യിലാകട്ടെ സ്വീകാരയൊഗ്യമായിട്ടുള്ളതല്ലായ്കകൊണ്ടു ൧൧-ാം പ്രതിയുടെ കാൎയ്യത്തിൽ ഒഴികെശെഷം പ്രതികളുടെ മെലു ള്ള വ്യവഹാരം നീക്കെണ്ടതാണെന്ന സീവിൽ ജഡ്ജി കല്പി ച്ചു. അന്യായക്കാരൻ മെപ്പടി ആപ്പീൽ ബൊധിപ്പിച്ചു.

## വിധിന്യായം.

ൟ വ്യവഹാരത്തിന്ന മിസജൊയിണ്ടർ ഉണ്ടെന്നുള്ള ന്യായത്തിന്മെലാണ അന്യായം നീക്കി വിധിച്ചിട്ടുള്ളത ൟ വക വ്യവഹാരങ്ങൾ ദിവസം പ്രതി എന്നപൊലെ ഉണ്ടാ കുന്നതാകകൊണ്ട ൟ കൊടതി വക്കീലന്മാരിൽ ഒരുവനെ ങ്കിലും ൟ വക ആക്ഷെപങ്ങൾ ചെയ്യുമെന്ന നാം വിചാ രിക്കുന്നില്ല. തീരവാങ്ങിയ ഓരൊരുത്തരുടെ മെലുള്ള വ്യവ ഹാരകാരണങ്ങൾ പ്രത്യെകം പ്രത്യെകമായിട്ടുള്ളതാണെന്നാ ണ ജഡ്ജി പറയുന്നത-തറവാട്ട വസ്തുവിൽ തനിക്കുള്ള ഓ ഹരി വാങ്ങി കിട്ടുവാനാണ അന്യായക്കാരൻ വ്യവഹാര പ്പെട്ടിട്ടുള്ളത-അവന്റെ വ്യവഹാരകാരണത്തിൽ അവന്നു ള്ള അവകാശം വസ്തു ഏത തറവാട്ടിലെക്കുള്ളതൊ ആ തറ വാട്ടിലെക്ക അവന്നുള്ള സംബന്ധം ആകുന്നു-ൟ അവകാ ശം സ്ഥാപിക്കപ്പെടുകയും വസ്തു ഒഴിപ്പിക്കുന്നതിലെക്ക വെ റെപ്രകാരത്തിൽ തടസ്ഥമില്ലാതെയിരിക്കുകയും ചെയ്യുന്നപ ക്ഷം ആ ഓഹരി എവിടെ ഉണ്ടെന്ന കാണപ്പെട്ടാൽ അതി ന്ന അവന്ന അവകാശമുണ്ടാകയും ചെയ്യുന്നതാണ- അവ ൻ പ്രായം തികയാത്ത ഒരു കുട്ടിയായിരുന്ന കാലത്ത പലെ

ആളുകൾ തറവാട്ടു സ്വത്ത ഏതാനും ഏതാനുമായിപലെ സമയങ്ങളിലായിട്ട തീരവാങ്ങിയ ഹെതുവിന്മെൽ അവനുള്ള വ്യവഹാരകാരണത്തിന്റെ ഐക്യത നശിച്ചുപൊകുന്നതല്ല. അവനുള്ള അവകാശം സ്ഥാപിക്കപ്പെട്ടമ്പൊൾ അവന്റെ ഓഹരി തീരവാങ്ങിയു ആരൊ ആ ക്രയം അവന്റെ മെൽ ബാധകമായിട്ടുള്ളതാണെന്ന തെളിയിക്കെണ്ടതിന്നുള്ള ഭാരം അവരുടെ മെൽ തന്നെയാണ ഇരിക്കുന്നത. അന്യായം തയ്യാറാക്കിയ ക്രമത്തെ പറ്റി യാതൊരു ആക്ഷെപവും പറവാനുള്ളപ്രകാരം കാണപ്പെടുന്നതുമില്ല. സിവിൽ ജഡ്ജിയുടെ വിധിമാറ്റി നമ്പ്ര പുനർ വിചാരണ ചെയ്തു ഒരു വിധികൊടുപ്പാൻ വെണ്ടി താഴെ കൊടതിക്ക മടങ്ങി അയക്കുന്നു എന്ന ഹൊലൊവെയി, ഇന്നീസ, ൟ ജഡ്ജിമാര കല്പിച്ചു. ൧൮൭൩ ജൂലായി ൨൫ (മെപ്പടി ൨൦൦-ാം ഭാഗം.)

## ൧൮൭൨-ൽ ക്രമയാപ്പീൽ ൨൦൦

മുമ്പെ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ ൟ വ്യവഹാരത്തിലെ പ്രതി അവളുടെ മരിച്ചുപൊയ ഭർത്താവിന്റെ വക സ്വത്ത അനുഭവിപ്പാനുള്ള അവകാശിതാനാകകൊണ്ട ആയ്തു ഒഴിപ്പിച്ചു കൊടുപ്പാൻ വ്യവഹാരപ്പെട്ടു. ആ സ്വത്ത അനുഭവിക്കെണ്ടതിന്ന പ്രതിയെക്കാൾ അധികം അവകാശമുള്ളത തനിക്കാണെന്ന ഇതിലെ അന്യായക്കാരി വാദിച്ച ആ വ്യവഹാരത്തിന്ന എതിരായി തൎക്കിച്ചു. ആ വ്യവഹാരത്തിൽ തൊറ്റുപൊയതുകൊണ്ട അന്യായക്കാരിയും ഇതിലെ പ്രതിയുടെ മരിച്ചുപൊയ ഭർത്താവും തമ്മിൽ തറവാട്ടു സ്വത്തിനെ പറ്റി ചെയ്തു ഒരു കരാറുപ്രകാരം പകുതി വസ്തു ഒഴിപ്പിപ്പാനായി ൟ വ്യവഹാരം അന്യായക്കാരി ബൊധിപ്പിച്ചു. മുമ്പെത്തെ വ്യവഹാരം നടത്തിയ കാലത്ത ൟ കരാറിനെ മനഃപൂർവ്വമായി മറെച്ചു വെച്ചുകളഞ്ഞു. ൟ വ്യവഹാരം നിക്കെണ്ടതാണെന്നും അന്യായക്കാരി ഇപ്പൊൾ നടത്തിച്ചുകൊടുപ്പാൻ നിഷ്കൎഷിക്കുന്ന കരാറിനെ മുമ്പെത്തെ വ്യവഹാരത്തിൽ വിചാരപൂൎവ്വം മറെച്ചു വെക്കുകയും അവകാശക്രമത്തിന്റെ സാധാരണ നിയമങ്ങൾക്ക വിപരീതമായ ആ കരാറപ്രകാരം നടത്തി കൊടുപ്പാൻ ൟ വ്യവഹാരത്തിൽ അപെക്ഷിക്കയും മുമ്പെ കെവലം വാദിപ്പാൻ ഉപെക്ഷ ചെയ്തു ആ കരാറപ്രകാരം നടത്തികൊടുപ്പാൻ ഇപ്പൊൾ അപെക്ഷിക്കുന്നതിനെ അനുവദിക്കുന്നത കെവലം അനീതിയായിട്ടുള്ളതാണെന്നുള്ളതിന്ന ഇതില്പരം ബലപ്പെട്ട ഒരു സംഗതി ഉണ്ടാവാൻ പാടില്ലെന്നും ഹൈകൊട്ട കല്പിച്ചു. ഒരു അന്യായക്കാരൻ ഉടമസ്ഥാന അവകാശത്തെകുറിച്ച ഒരു പ്രതിയുടെ മെൽ വ്യവഹാരപ്പെടുന്ന കാൎയ്യത്തിൽ ആ വ്യവഹാരകാൎയ്യത്തിൽ അപ്പൊൾ ഉള്ളെയും അന്യായക്കാരന്റെ അ

റിവിൽപ്പെട്ടിട്ടുള്ളെയും എല്ലാ സംഗതികളെയും കുറിച്ച വാദിക്കയും തൎക്കിക്കുകയും ചെയ്യാതെയിരിക്കുന്നത നിവൃത്തിക്കുള്ള അന്യായക്കാരന്റെ മാൎഗ്ഗത്തെ തടസ്ഥപ്പെടുത്തുകയാണ ചെയ്യുന്നത.

ഈ ക്രമയാപ്പീൽ ൭൨-ൽ ആദ്യം ൨൨-ാം നമ്പ്ര വ്യവഹാരകാൎയ്യത്തിൽ ചിക്കൽപെട്ട ഡിസ്ത്രീക്ട ജഡ്ജി ഫൗസ് സാഹേബ കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. അന്യായം പ്രതികളുടെ മരിച്ചുപൊയ ഭൎത്താക്കന്മാര സഹൊദരന്മാരായിരുന്നു എന്നും അന്യായക്കാരിയുടെ ഭൎത്താവ മരിച്ച ഒമ്പത ദിവസം കഴിഞ്ഞതിന്റെ ശെഷം തറവാട്ടിൽ ശെഷമുള്ള എല്ലാവരും കൂടി ചെയ്യു ഒരു നിശ്ചയത്തിന്ന അനുസരിച്ച അന്യായക്കാരിയും പ്രതിയുടെ മരിച്ചുപൊയ ഭൎത്താവും കൂടി (ഏ) എന്ന കരാറ വെള്ളകടലാസിൽ എഴുതുകയും പിന്നെ ആ കരാറ (ബീ) മുദ്ര കടലാസിലാക്കുകയും ചെയ്യിരിക്കുന്നു എന്നും പ്രതിയുടെ ഭൎത്താവ പുരുഷ സന്തതിയില്ലാതെ മരിച്ചുപൊകുന്ന പക്ഷം തറവാട്ടു സ്വത്ത അന്യായം പ്രതികൾ തമ്മിൽ ഒരുപൊലെ ഭാഗിച്ച നടപ്പാൻ ആ കരാറിൽ നിശ്ചയം ചെയ്യിരിക്കുന്നു എന്നും പ്രതിയുടെ ഭൎത്താവ ൧൮൬൫-ൽ പുരുഷസന്തതിയില്ലാതെ മരിച്ചുപൊയിരിക്കുന്നു എന്നും അതുകൊണ്ട ൨൫൩൭. ക ൨. ണ. ൭ സ്സവിലെക്കുള്ള മെപ്പടി സ്വത്തിൽ പകുതി തനിക്ക ഒഴിപ്പിച്ച കിട്ടെണ്ടതാണെന്നും അന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. ആപ്പീലിലും എസ്പെഷ്യാലിലും സ്ഥിരപ്പെട്ടിരിക്കുന്ന മുനിസീപ്പ കൊടതി ഫയൽ ൬൭-ൽ ൧൪൩൩-ാം നമ്പ്ര വ്യവഹാരത്തിൽ ഈ അന്യായക്കാരി വാദിച്ചിരിക്കുന്ന വാദത്തിന്ന എതിരായി ഈ വ്യവഹാരം ബൊധിപ്പിപ്പാൻ അന്യായക്കാരി തടസ്ഥപ്പെട്ടിരിക്കുന്നു എന്നും ആ വ്യവഹാരത്തിൽ ഈ കരാറ ഹാജരാക്കീട്ടില്ലെന്നും ഈ കരാറ കളവായി നിൎമ്മിച്ചതാണെന്നും തന്റെ ഭൎത്താവ മരിക്കുന്നതിന്ന അഞ്ചാറ ദിവസം മുമ്പെ അവൻ ഒരു മരണ പത്രിക എഴുതി വെച്ചിട്ടുണ്ടെന്നും അതിലെ നിശ്ചയം തറവാട്ടു മുതൽ താൻ അനുഭവിച്ച ഒരു പുത്രനെ ദത്തെടുത്ത അന്യായക്കാരിയെ ചിലവിന്ന കൊടുത്ത രക്ഷിക്കെണ്ടതാണെന്നാകുന്നു എന്നും പ്രതിക്കാരി വാദിച്ചു. ഏ, ബി, എന്ന കരാറുകൾ ശരിയായി എഴുതി കൊടുത്തിട്ടുള്ളതാണെന്നും പ്രതിവാദിക്കുന്ന ഒസ്യത്തിന്ന തെളിവില്ലെന്നും ൬൭-ൽ ൧൪൩൩-ാം നമ്പ്രിൽ അന്യായ

ക്കാരി ചെയ്യ വാദം കളവായിട്ടുള്ളതാണെങ്കിലും ആ കാൎയ്യ ത്തിൽ അവൾ ൧൦ം കരാറിനെകുറിച്ച വാദിക്കാതെയിരുന്ന ത അവളുടെ വക്കീലിന്റെ, ഉപദെശപ്രകാരമാണെന്നും ആ ഉപദെശപ്രകാരം മുമ്പെത്തെ വ്യവഹാരത്തിൽ കളവാ യി വാദിച്ചത നിമിത്തം അവൾക്കുള്ള ന്യായമായ അവകാ ശത്തെ ഇല്ലാതെയാക്കി തീൎക്കുന്നത നീതിയായിട്ടുള്ളതല്ലെ ന്നും അതുകൊണ്ട ചിലവിനെ കുറിച്ച ഒന്നും കല്പിക്കാതെ അന്യായപ്പെട്ട പകുതി വസ്തു ഒഴിപ്പിച്ച വാങ്ങുവാൻ അന്യാ യക്കാരിക്ക അവകാശമുണ്ടെന്നും ഡിസ്ത്രിക്ട ജഡ്ജി വിധിച്ചു. പ്രതിക്കാരി മെപ്പടി അപ്പീൽ ബൊധിപ്പിച്ചു.

## വിധിന്യായം.

പുതിയ തെളിവ ശാസ്ത്രം ആക്ടിന്റെ ൧൧൫ മുതൽ ൧൧൭വരെ വകുപ്പുകളിൽ എസ്റ്റൊപ്പൽ എന്ന രണ്ട തരം ത ടസ്ഥങ്ങളെപററി മാത്രമെ പറഞ്ഞിട്ടുള്ളു എന്നും ൧൦ം കാൎയ്യം അതിൽ ഒന്നിലും ഉൾപ്പെടുകയില്ലെന്നും അപ്പീൽ പ്രതിയു ടെ വക്കീൽ വാദിക്കുന്നു. മുമ്പെത്തെ ഒരു വ്യവഹാരത്തിൽ തന്റെ മരിച്ചുപൊയ ഭൎത്താവിന്റെ വക സ്വത്ത അനുഭ വിപ്പാനുള്ള അവകാശി താനാകകൊണ്ട ആയ്യ ഒഴിപ്പിച്ചു കൊടുപ്പാൻ ഇതിലെ പ്രതി വ്യവഹാരപ്പെട്ട സമയം ആ സ്വത്ത അനുഭവിക്കെണ്ടതിന്ന പ്രതിയെക്കാൾ അധികം അവകാശമുള്ളത തനിക്കാണെന്ന ഇതിലെ അന്യായക്കാരി വാദിച്ചിരിക്കുന്നു. ആ വ്യവഹാരത്തിൽ തൊററുപൊയ്യിന്റെ ശെഷം താനും പ്രതിയുടെ മരിച്ചുപൊയ ഭൎത്താവും തമ്മിൽ തറവാട്ട സ്വത്തിനെ പററി ചെയ്യ ഒരു കരാറപ്രകാരം പ കുതി വസ്തു ഒഴിപ്പിപ്പാനായി ൧൦ം വ്യവഹാരം അന്യായക്കാ രി ബൊധിപ്പിച്ചിരിക്കുന്നു. എന്നാൽ മുമ്പെത്തെ വ്യവഹാര കാൎയ്യത്തിൽ ൧൦ം കരാറിനെകുറിച്ച അവൾ ഒന്നും തന്നെ വാ ദിക്കാതെ അതിനെ മറെച്ചുവെക്കുകയാണെ ചെയ്യിട്ടുള്ളത അ തുകൊണ്ട ഹൈകൊട്ട വിധി ൨-ാം ബുക്ക ൧൪൪-ാം ഭാഗ ത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിധിയിൽ പറഞ്ഞ സംഗതിയെപററി൧൦ം കാൎയ്യത്തിൽ തീൎച്ചപ്പെടുത്തെണ്ടതായി രിക്കുന്നു. ഒരു അന്യായക്കാരൻ ഉടമസ്ഥാന അവകാശ ത്തെകുറിച്ച ഒരു പ്രതിയുടെ മെൽ വ്യവഹാരപ്പെടുന്ന കാ ൎയ്യത്തിൽ ആ വ്യവഹാര കാൎയ്യത്തിൽ അപ്പൊൾ ഉള്ളെയും

അന്ന്യായക്കാരന്റെ അറിവിൽപെട്ടിട്ടുള്ളെയും എല്ലാ സംഗതികളെയുംകുറിച്ചു വാദിക്കുകയും തക്കിക്കുകയും ചെയ്യാതെയിരിക്കുന്നത നിവൃത്തിക്കുള്ള അവന്റെ മാഗ്ഗത്തെ നശിപ്പിക്കുന്നതായി വരുമൊ? ശരിയായിട്ട പറയെണമെങ്കിൽ അത അങ്ങിനെ തന്നെയാണെന്നാണ പറയെണ്ടുത. ൟ സംഗതിയെപററി അത്ര ദീഘിപ്പാൻ ആവശ്യം കാണുന്നില്ല. ൟ വക വ്യവഹാരം സ്വീകരിപ്പാൻ പാടില്ലെന്ന പറയെണ്ടുതിലെക്ക ഏററവും ബൊദ്ധ്യകരമായ മറെറാരു ന്യായം പറവാനുണ്ട. മുതലവകാശത്തിന്റെസാധാരണ നിയമങ്ങൾക്ക വിപരീതമായ ഒരു കരാറിനെ പ്രബലപ്പെടുത്താനാണ അന്ന്യായക്കാരി ൟ വ്യവഹാരത്തിൽ ശ്രമിക്കുന്നത. ഇപ്പൊൾ അവൾ പ്രബലപ്പെടുത്താൻ ശ്രമിക്കുന്നതായ ആ കരാറിനെകുറിച്ചു മുമ്പെ ആദ്യാപ്പീൽ എസ്പെഷ്യാൽവരെ അവൾ നടത്തിയ വ്യവഹാരത്തിൽ യാതൊന്നും പ്രസ്ഥാപിക്കാതെ മറെച്ചുവെക്കുകയും ചെയ്തിരിക്കുന്നു. അപ്പൊൾ വാദിപ്പാൻ കെവലം ഉപെക്ഷചെയ്യുതായ ആ കരാറിനെ നടത്തികൊടുപ്പാൻ ഇപ്പൊൾ അപെക്ഷിക്കുന്നതിനെ അനുവദിക്കുന്നത ഏററവും അനീതിയായിട്ടുള്ളതാകുന്നു. അതുകൊണ്ടു ചിലവിന്റെ കായ്യത്തിൽ യാതൊന്നും കല്പിക്കാതെ ആദ്യന്ന്യായം നീക്കി വിധിക്കെണ്ടുതാണെന്ന, ഹൊലൊവെയി, ഇന്നീസ, ൟ ജഡ്ജിമാര കല്പിച്ചു. ൧൮ ആഗസ്തു ൬൩ (മെപ്പടി ൨൬൮-ാം ഭാഗം.)

### ൧൨-ൽ ക്രമയാപ്പിൽ ൯൪൦.

ഒരു ക്ഷെത്രത്തിലെ ധമ്മകത്താവിന്റെ അവകാശവും ആ ക്ഷെത്രത്തിൽ തനിക്കുള്ള പൂജസ്ഥാനീകന്റെ ഉദ്യൊഗം അനന്തരവകാശമായി തനിക്ക സിദ്ധിച്ചതും സ്ഥാപിച്ചുകൊടുപ്പാനായി അന്ന്യായക്കാരൻ വ്യവഹാരപ്പെട്ടു. പൂജസ്ഥാനീകന്റെ ഉദ്യൊഗം അനന്തരവകാശ വഴിക്ക തനിക്ക സിദ്ധിച്ചു എന്നും ധമ്മകത്താവിന്റെ സ്ഥാനം തനിക്ക മുമ്പെ ഇരുന്ന ധമ്മകത്താവ ൧-ാം നമ്പ്ര ആധാരത്താൽ തനിക്ക തീര കൊടുത്ത വഴിക്ക സിദ്ധിച്ചതാണെന്നും ആ രണ്ടു സ്ഥാനങ്ങളും പ്രതികൾ ബലമായും ന്യായരഹിതമായും കൈവശപ്പെടുത്തിയിരിക്കുന്നു എന്നും അന്ന്യായക്കാരൻ വാദിച്ചു. പൂജസ്ഥാനീകന്റെ ഉദ്യൊഗം അന്ന്യായക്കാരന പി

നൂടച്ച് അവകാശം വഴിക്ക കിട്ടീട്ടില്ലെന്നും താൻ ചെയ്യെണ്ടിയിരുന്ന പ്രവൃത്തിയിൽ ഉപെക്ഷ ചെയ്യുത നിമിത്തം ധമ്മകൎത്താവിന്റെ സ്ഥാനത്തനിന്ന അന്ന്യായക്കാരനെ നീക്കം ചെയ്യു ൪-ാം നമ്പ്ര ആധാരംകൊണ്ട തങ്ങളെ അന്ന്യായക്കാരന പകരം ധമ്മകൎത്താക്കന്മാരായി നിശ്ചയിച്ചിട്ടുള്ളതാണെന്നും പ്രതികൾ തക്കിച്ചു. ഡിസ്ത്രീക്ട ജഡ്ജി അന്ന്യായപ്രകാരം ഒരു വിധി കൊടുത്തു. പ്രതികൾ അപ്പീൽ ബൊധിപ്പിച്ചു. അപ്പീൽ ഒന്നാമത വിചാരണ ചെയ്യു ദിവസം ൧ാം താഴെ പറയുന്ന സംഗതിക്ക കൂടി തെളിവ വാങ്ങി അതിന്മെൽ ഡിസ്ത്രീക്ട ജഡ്ജിക്ക ഉണ്ടാകുന്ന അഭിപ്രായം അയപ്പാൻ വെണ്ടി നമ്പ്ര താഴെ കൊടതിക്ക മടങ്ങി അയച്ചു. ൩-ാം നമ്പ്ര ആധാരം ദുബ്ബലപ്പെടുത്തത്തക്കതാണെന്ന വിചാരിച്ചാൽ തന്നെയും ൪-ാം നമ്പ്രാധാരം എഴുതി കൊടുത്തവര ആ ൩-ാം നമ്പ്രിനെ ദുബ്ബലപ്പെടുത്തുവാൻ അരഹതയുള്ളവര എല്ലാവരും കൂടി തന്നെയൊ? ൩-ാം നമ്പ്രാധാരത്തെ ദുബ്ബലപ്പെടുത്തുവാൻ അരഹതയുള്ള എല്ലാവരും കൂടീട്ടില്ല ൪-ാം നമ്പ്ര എഴുതി കൊടുത്തത എന്ന ഡിസ്ത്രീക്ട ജഡ്ജി അഭിപ്രായം അയച്ചു. ഹൈകൊട്ട് ൧ാം താഴെ പറയുന്ന വിധിന്ന്യായം കല്പിച്ചു.

## വിധിന്ന്യായം.

**൧ാം** വ്യവഹാരത്തിന്റെ സ്വഭാവം നൊക്കുമ്പൊൾ അത അവകാശസ്ഥാപനെക്കുള്ള ഒരു വ്യവഹാരമാണെന്ന ന്ന്യായമായി പറവാൻ പാടില്ലെന്ന ദൃഷ്ടാന്തമാകുന്നു. വ്യവഹാരത്തിന്റെ താല്പൎയ്യവും അവകാശം സ്ഥാപിച്ചു കിട്ടുവാൻ അപെക്ഷിച്ചിട്ടുള്ളതും അന്ന്യായക്കാരനെ ഏതു സ്ഥാനത്തനിന്ന നീക്കം ചെയ്തിരിക്കുന്നുവൊ ആ സ്ഥാനത്തെക്ക അവനെ യഥാസ്ഥാനപ്പെടുത്തി കൊടുപ്പാനാകുന്നു. ആ യഥാസ്ഥാനത്തിന്നും കൈവശത്തിന്നും അന്ന്യായക്കാരന അവകാശമുണ്ടൊ ഇല്ലയൊ എന്നാകുന്നു ൧ാം കാൎയ്യത്തിൽ തീൎച്ചപ്പെടുത്താനുള്ളത ധമ്മകൎത്താവിന്റെ സ്ഥാനത്തെ കുറിച്ച വിചാരിക്കുമ്പൊൾ അന്ന്യായക്കാരൻ ഒരു ഏജണ്ടിന്റെസ്ഥിതിയിൽമാത്രം ആ സ്ഥാനത്തെക്ക നിയമിക്കപ്പെട്ടവനാണെന്നെ ൩-ാം നമ്പ്ര ആധാരം കൊണ്ട കാണപ്പെടുന്നുള്ളു. ധമ്മകൎത്താവിന്റെ സ്ഥാനാവകാശങ്ങൾ ആയാധാരം കൊണ്ട

കൈമാററം ചെയ്യിരിക്കുന്നു എന്നു അന്ന്യായക്കാരൻ വിചാരിക്കുന്നുണ്ടെങ്കിൽ ൪-ാം നമ്പ്രാധാരം അസാധുവും ദുബ്ബലവും ആയിരിക്കുന്നതു പൊലെ തന്നെ ആയാധാരവും ദുബ്ബലപ്പെടുത്തത്തക്ക സ്ഥിതിയിലാണ ഇരിക്കുന്നത. ൧-ാം നമ്പ്രാധാരത്താൽ കൊടുക്കപ്പെട്ട അധികാരത്തെ ൪-ാം നമ്പ്രകൊണ്ട ദുബ്ബലപ്പെടുത്തീട്ടില്ലെന്നുള്ള ഡിസ്ത്രീ ട ജഡ്ജിയുടെ അഭിപ്രായത്തെ കുറിച്ച തക്കം പറവാൻ യാതൊരു ശ്രമവും ചെയ്യിട്ടുമില്ല. അതുകൊണ്ട ഞങ്ങളുടെ മുമ്പാകെയുള്ള ൟ കാൎയ്യത്തിൻെറ സ്വഭാവം നൊക്കുമ്പൊൾ ഒരു സാധുവായ അവകാശത്തിന്മെൽ കൈവശം സിദ്ധിച്ചവനായ ഒരുവനെ യാതൊരു അവകാശവും ഉള്ള പ്രകാരം തെളിയിച്ചിട്ടില്ലാത്തവരായ പ്രതികൾ ഒഴിപ്പിച്ചിട്ടുള്ളതായിട്ടാണ കാണപ്പെടുന്നത. അതിനാൽ ആ കൈവശം ഒഴിപ്പിച്ചു വാങ്ങാനുള്ള അവകാശം അന്ന്യായക്കാരന ഇരിക്കുന്നുണ്ട. ഇരു കക്ഷികളുടെയും അസ്ഥിവാരമില്ലാത്ത അവകാശങ്ങളുടെ സ്ഥിതികൊണ്ട ചിലവ അവരവര തന്നെ സഹിക്കെണ്ടതാണെന്നും, ഹൊലൊവെയി, ഇന്നീസ, ൟ ജഡ്ജിമാര കല്പിച്ചു. ൭൩ ജൂലായി ൨൩ (മെപ്പടി ൨൬൭-ാം ഭാഗം.)

## ൭൩-ൽ അപ്പീൽ ൧൧.

ചൊദിക്കുമ്പൊൾ മുതൽ കൊടുപ്പാൻ നിശ്ചയിച്ച ഒരു പ്രൊമിസ്സെറിനൊട്ട എഴുതികൊടുത്ത ആളുടെ മെൽ ആ മുതൽ ആൎക്ക കൊടുപ്പാനായി അതിൽ എണ്ടൊൎസ ചെയ്തു കൊടുത്തുവൊ അയാൾ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ താനും പ്രൊമിസ്സെറിനൊട്ടിലെ മുതൽ കിട്ടുവാൻ അവകാശമുള്ള ആളും തമ്മിൽതൊകൽകച്ചവടം നടത്തി വന്നിരുന്നു എന്നും അയാൾക്കതാൻ ശെഖരിച്ചുകൊടുപ്പാൻ കരാറ ചെയ്തു ചരക്കിന്ന മുൻക്കൂറായിട്ട ൪൫൦ം ഉറുപ്പിക തനിക്ക കൊടുത്തുകൊള്ളാമെന്ന ഒരു നിശ്ചയം ചെയ്തിരുന്നു എന്നും ആ മുതൽ വാങ്ങി അന്ന്യായപ്പെട്ട പ്രൊമിസ്സെറിനൊട്ടഎഴുതികൊടുത്തതാണെന്നും താനും പ്രൊമിസ്സറിനൊട്ട എഴുതികൊടുത്തയാളും തമ്മിലുള്ള കണക്കിൻെറ സ്വഭാവംകൊണ്ട തനിക്ക ഇനിയും മുതൽ കിട്ടുവാൻ ബാക്കിയുണ്ടെന്നും അങ്ങിനെ ബാക്കിയുള്ള വിവരം അന്ന്യായക്കാരന അറിവുണ്ടെന്നും നൊട്ടിലെ തീയ്യതി കഴിഞ്ഞ രണ്ടു കൊല്ലവും പതിനൊന്ന മാസവും കഴിഞ്ഞിട്ടാണ ആയതു അന്ന്യായക്കാരന എണ്ടൊൎസ ചെയ്തു കൊടുത്തിട്ടുള്ളത എന്നും പ്രതി വാദിച്ചു. അന്ന്യായക്കാരന ൟ എടവാടിൻെറ സ്വഭാവം അറിവുണ്ടായിരുന്നു എന്നുള്ളതിനെ തെളിയിപ്പാൻ കഴിഞ്ഞിട്ടില്ലെങ്കിലും ആയതു എണ്ടൊൎസ ചെയ്തു കൊടുത്ത സ

മയം അവധി കഴിഞ്ഞ ഒരു നൊട്ടായിരുന്നു എന്നും അതിലെ മുതൽ കിട്ടുവാൻ അവകാശമുള്ളവനും പ്രതിയും തമ്മിൽ അപ്പൊൾ ഉള്ള കണക്കുകളുടെ സ്ഥിതിഭെദത്തിന്നനുസരിച്ച അന്യായക്കാരൻ ആയ്യ എണ്ടൊർസ ചെയ്യ വാങ്ങിയ്യാണെന്നും കല്പിച്ചു

൰ാം ആപ്പീൽ ഹൈകൊട്ടിലെ ആദ്യധികാരഭാഗത്തിൽ ഹൊലൊവെയി ജഡ്ജി കല്പിച്ചവിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. പ്രതിമദിരാശിയിൽ വെച്ച മുഹമ്മദഗാനിസാഹെബിന ന്നൻ സത്തെമ്പ്ര ൧൦-ാംനു- ൪൫൦൦ ഉറുപ്പികെക്ക എഴുതികൊടുത്ത ഒരു പ്രൊമിസ്സെരിനൊട്ടുപ്രകാരം ചെല്ലാനുള്ള മുതൽ പലിശ കൂടി ന്നൻറന്നു ഉറുപ്പിക വ്വ ണ പ്രതിയൊട വാങ്ങികൊടുപ്പാൻ അന്യായം. മെപ്പടി പ്രൊമിസ്സെരിനൊട്ട വിലയെറിയ പ്രതിഫലത്തിന്നായി മെപ്പടി മുഹമ്മദഗാനിസാഹെബ അന്യായക്കാരന എണ്ടൊർസ ചെയ്യുകൊടുത്തിരിക്കുന്നു എന്നും അസ്സൽ മുതലിന്ന ൭൨ ആഗസ്ത മാസം മുതല്ക്കു നൂററിന്ന പതിനെട്ടുപ്രകാരം പലിശ കിട്ടെണ്ടതാണെന്നും ആ വീതപ്രകാരം പത്ത മാസത്തെ പലിശ മെപ്പടി മുഹമ്മദഗാനിസാഹെബിന പ്രതികൊടുത്തിരിക്കുന്നു എന്നും അന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. മെപ്പടി മുഹമ്മദഗാനിസാഹെബും താനും തമ്മിൽ നടത്തിയ തൊകൽ കച്ചവടം വകെക്ക അന്യായപ്പെട്ട പ്രൊമിസ്സെരിനൊട്ട താൻ മെപ്പടിയാന എഴുതികൊടുത്തതാണെന്നും മെപ്പടി ഗാനിസാഹെബ എപ്പൊൾ തൊകലിന്ന ആവശ്യപ്പെടുന്നുവൊ ആ സമയം ആവെശ്യമുള്ള തൊകൽ എത്തിച്ചു കൊടുക്കാമെന്ന ചെയ്യു കരാറിന്ന പ്രതിഫലമായി ൪൫൦൦ ഉറുപ്പിക തനിക്ക കൊടുത്തിട്ടുണ്ടെന്നും താൻ എത്തിച്ചുകൊടുക്കുന്ന തൊകലിൻെറ വിലയിൽ എന്തെങ്കിലും സംഖ്യബാക്കിവന്നാൽ ആ ബാക്കിവകെക്ക പിടിച്ചെടുപ്പാനായി മെപ്പടി സംഖ്യ അഡ്വാൻസായി വാങ്ങിട്ടുള്ളതാണെന്നും ൧൦൨൭-ാമത കൊല്ലം വരെ താനും മെപ്പടി ഗാനിസാഹെബും തമ്മിൽ കച്ചവടം നടത്തിയിരിക്കുന്നു എന്നും ൭൦ ഡിസെംബർ മാസത്തിൽ കണക്ക തീൎത്ത സമയം ൧൦൨൩ ക. ൨. ണ. ൩ സ്സ തനിക്ക കൊടുപ്പാനായി ബാക്കികണ്ടിരിക്കുന്നു എന്നും ആ സമയം അന്യായക്കാരനും ഹാജരുണ്ടായിരുന്നു എന്നും പ്രൊമിസ്സെരിനൊട്ട മടക്കികൊടുപ്പാനായി ഗാനിസാഹെബിനൊട ചൊദിച്ച സമയം

ത്ത നൊട്ട താൻ വാനിയംബാടിയിൽനിന്ന മടങ്ങിവരുന്ന സമയം എടുത്തകൊടുക്കാമെന്ന മെപ്പടി ഗാനിസാഹെബ അന്ന്യായക്കാരൻ കെൾക്കെ മറുപടി പറഞ്ഞിരിക്കുന്നു എന്നും ൧൮ ആഗസ്തു ൧൮൫൦-ാംമ താൻ വക്കീൽ മുഖാന്തരം തനിക്കു ബാക്കിവരാനുള്ള സംഖ്യക്കും പ്രൊമിസ്സൊരിനൊട്ടിന്നും മെപ്പടി ഗാനിസാഹെബിനൊട നൊട്ടീസ അയച്ച ചൊദിച്ചാറെ അയാൾ യാതൊരു മറുപടിയും അയച്ചിട്ടില്ലെന്നും പ്രതി വാദിച്ചു. ഹൊലൊവെയിജഡ്ജി അന്ന്യായപ്രകാരം മുതൽ കൊടുക്കെണ്ടതാണെന്ന വിധിച്ചു. പ്രതി മെപ്പടി ആപ്പീൽ ബൊധിപ്പിച്ചു.

## വിധിന്ന്യായം.

൦൩൦ ആപ്പീൽ കാൎയ്യത്തിൽ നമ്മുടെ അഭിപ്രായം പ്രതിയും ഗാനിസാഹെബും തമ്മിൽ നടത്തിയ കച്ചവടത്തിന്റെ ഒരു കണക്ക നൊക്കി തീൎച്ചവരുത്തെണ്ടതായിരുന്നു എന്നും പ്രതി വല്ല മുതലും പുക്കിപ്പാൻ ബാക്കി വരുത്തുന്ന പക്ഷം അന്ന്യായപ്പെട്ട നൊട്ട അന്ന്യായക്കാരന്റെ കൈവശം ആ വക ബാക്കിമുതലിന്ന ഒരു ആധാരമായിട്ട മാത്രം ഇരിക്കെണ്ടതായിരുന്നു എന്നും ആകുന്നു. നൊട്ടിന്റെ അവധികഴിഞ്ഞതിന്റെ ശെഷം മാത്രമാണ അന്ന്യായക്കാരൻ അത എണ്ടൊർസ ചെയ്തു വാങ്ങിട്ടുള്ളത. അതുകൊണ്ട പ്രതിയും ഗാനിസാഹെബും തങ്ങളിലുള്ള കണക്ക തീൎത്ത ബാക്കി വല്ലതും ഗാനിസാഹെബിന ചെല്ലാനുണ്ടായിരുന്നു എങ്കിൽ മാത്രമെ അന്ന്യായക്കാരന ആ നൊട്ടകൊണ്ട പ്രയൊജനം സിദ്ധിക്കുകയുണ്ടാകയുള്ളൂ. പ്രതിയൊട ചരക്കുകൾ വാങ്ങുവാൻ ഗാനികരാറ ചെയ്തിരുന്നു എന്നും ആ എടപാട ആരംഭിക്കുന്നതിന്ന മുമ്പായിട്ട തന്നെ പ്രതി ഒരു മുങ്കൂറിന്ന ആവശ്യപ്പെട്ടിരുന്നു എന്നും ആ മുങ്കൂറ വാങ്ങിയ പണത്തിന്ന പലിശകൊടുപ്പാൻ നിശ്ചയിച്ചിരുന്നു എന്നും ചരക്കുവില്ക്കുമ്പൊൾ ആ ചരക്കുകളുടെ വിലെക്ക അത വരവ വെപ്പാൻ നിശ്ചയിച്ചിരുന്നു എന്നും ഉള്ളതിലെക്ക യാതൊരു സംശയവും ഇല്ല. മെൽപ്രകാരമുള്ള നിശ്ചയത്തിന്മെൽ നുൻ സത്തെമ്പ്ര ൧൮൫൦-ാംമ പ്രതിക്ക പണം അഡ്വാൻസകൊടുക്കുകയും ചൊദിക്കുമ്പൊൾ കൊടുത്തുകൊള്ളാമെന്നുള്ള നിശ്ചയം ചെയ്തു പ്രതി അന്ന്യായപ്പെട്ട നൊട്ട എഴു

തികൊടുക്കുകയും ചെയ്യു. ആഡ്വാൻസ്കൊടുത്ത മുതലിന്നാണെ ആധാരം ചെയ്യുകൊടുത്തത എന്നും ആ മുതൽ ചരക്കിന്റെ വിലെക്കു വരവുവെച്ചുകൊൾവാൻ നിശ്ചയിച്ചു എന്നും ആണ താഴെ കൊടതി അഭിപ്രായപ്പെട്ടിരിക്കുന്നത. ൩൯ സത്തെമ്പ്ര മാസത്തിൽ വ്യവഹാരം ആരംഭിച്ചു എങ്കിലും ചരക്കുകൾ അന്നു മുതല്ക്കു കൊടുത്തിട്ടില്ല. ആഡ്വാൻസ കൊടുത്തതും ആധാരം എഴുതികൊടുത്തതും ഒരു തീയ്യതിക്കു തന്നെയാകുന്നു. ചരക്കുകൾ വാങ്ങുന്നതിന്ന മുമ്പായി പലിശ റൊക്കം കൊടുത്ത വരികയും ഒന്നാമത ചരക്കു ഏല്പിച്ചു തീയ്യതി മുതല്ക്കു പലിശകൊടുത്തിട്ടില്ലെന്ന കാണപ്പെടുകയും ചെയ്യുന്നു. പ്രതിയുടെ കണക്കു ബുക്കു കാൎയ്യവിവര പത്രിക ഒന്നിച്ചു ഫയലാക്കിയിരിക്കുന്നു. ആ കണക്കിനെ പററി ഗാനി തൎക്കം പറയുന്നുണ്ടെങ്കിലും ഗാനിയുടെ കണക്കു അവൻ ഹാജരാക്കീട്ടില്ല. അതുകൊണ്ടു ഗാനിയും പ്രതിയും തമ്മിൽ ചെയ്യു നിശ്ചയംകൊണ്ടു നൊട്ടു കച്ചവടത്തിലെക്കു വെണ്ടി എഴുതികൊടുത്തതാണെന്നും കണക്കു തീൎക്കുന്ന സമയം ൧൫൦൦ ഉറുപ്പിക ചരക്കിന്റെ വിലെക്കു കൊടുപ്പാനുള്ളത കഴിച്ചു ഏതെങ്കിലും സംഖ്യബാക്കി വന്നാൽ ആ ബാക്കിക്കു പ്രതിയെ ഉത്തരവാദിയാക്കാൻ വെണ്ടി മാത്രം നൊട്ടു എഴുതിവാങ്ങിയ്യാണെന്നും നമുക്കു അഭിപ്രായമായിരിക്കുന്നു. അത്രയുമല്ല ഗാനിയും പ്രതിയും തമ്മിൽ വ്യാപാരം നടത്തിയ്യിന്നെ പററി അന്ന്യായക്കാരന യഥാൎത്ഥമായ അറിവ ഉണ്ടായിരിക്കുന്നു എന്നും കണക്കു തീൎത്ത സമയത്ത അന്ന്യായക്കാരൻ ഹാജരുണ്ടായിരുന്നു എന്നും ൨൦൦൦-ം ഉറുപ്പിക പ്രതിക്കു ചെല്ലാനായി ബാക്കിയുണ്ടായിരുന്ന വിവരവും അന്ന്യായക്കാരൻ അറിഞ്ഞിരിക്കുന്നു എന്നും നൊട്ടു പ്രതിക്കു എടുത്ത കൊടുക്കാമെന്ന ഗാനി പറഞ്ഞത അന്ന്യായക്കാരന്റെ മുമ്പാകെ വെച്ചാണെന്നും പ്രതി വാദിക്കുന്നു. ആദ്യ വ്യവഹാരം നാം വിചാരണ ചെയ്യിരുന്നു എങ്കിൽ ൰ം കാൎയ്യത്തിലെ തെളിവിന്റെ സ്ഥിതിക്കു നാം അന്ന്യായം നീക്കി പ്രതിക്കു അനുകൂലമായി ഒരു വിധി കൊടുക്കുന്നതായിരുന്നു. കണക്കു തീൎത്തിട്ടില്ലെന്ന ഇപ്പൊൾ അന്ന്യായക്കാരനും ഗാനിയും വാദിക്കുന്നുണ്ടെങ്കിലും ശരിയായി വെച്ചിട്ടുള്ളതായി തെളിഞ്ഞിരിക്കുന്ന പ്രതിയുടെ കണക്കു അവൻ ഹാജരാക്കിയിരിക്കുന്നു. ആ കണക്കുകൊണ്ടു കച്ചവടത്തിന്റെകണക്കു തീൎത്ത തീയ്യതിക്കു രണ്ടായിരത്തൊളം ഉറുപ്പികപ്രതി

ക്ക ചെല്ലാൻ ബാക്കിയുള്ള പ്രകാരം കാണപ്പെട്ടുകയും ചെയ്യുന്നു. ബാക്കി ഗാനിക്കാണ ചെല്ലാനുള്ളത എന്ന, അവനും അന്യായക്കാരനും വാദിക്കുന്നുണ്ടെങ്കിലും അവരുടെ കണക്ക അവര ഹാജരാക്കി കാണിച്ചിട്ടില്ല. പ്രതിവക സാക്ഷിവാക്കുകളെ വിശ്വസിക്കാതെയിരിപ്പാനും അവന്റെ കണക്ക കളവാണെന്ന പറവാനും നാം സംഗതി കാണുന്നതും ഇല്ല. എന്ന തന്നെയുമല്ല ൟ നൊട്ടിന്റെ കാൎയ്യത്തിൽ കാലഹരണമുള്ളപ്രകാരവും കാണപ്പെടുന്നുണ്ട. ൧൨ സത്തെമ്പ്ര ൧൧-ാം൰ അതിന്ന കാലഹരണം തട്ടുമെന്നുള്ള അറിവൊടുകൂടി ൧൨ ആഗസ്തമാസത്തിൽ അന്യായക്കാരൻ ആയ്യ തീരവാങ്ങിയിരിക്കുന്നു. മുതൽ മാത്രമല്ല നൂററുക്ക കൊല്ലത്തിൽ പതിനഞ്ചപ്രകാരമുള്ള പലിശയും അന്യായക്കാരൻ കൊടുത്തിരിക്കുന്നു എന്നാണ അവൻ വാദിക്കുന്നത. ഇത വിശ്വാസയൊഗ്യമായിട്ടുള്ളതല്ല. അന്യായക്കാരൻ ഗാനിയുടെ ഒരു ആളായിട്ട ൟ വ്യവഹാരം നടത്തുന്നു എന്നല്ലാതെ അവൻ ഗാനിക്ക ൟ നൊട്ടിലെ മുതലും പലിശയും കൊടുത്തു എന്ന പറയുന്നത നാം ഒരിക്കലും വിശ്വസിക്കുകയും ഇല്ല. ൟ സംഗതികളാൽ നാം ആദ്യവിധിമാററി അന്യായം നീക്കി വിധിച്ചിരിക്കുന്നു എന്ന കെർനാൻ ജഡ്ജിയും അദ്ദെഹത്തിന്റെ അഭിപ്രായത്തിന്ന യൊജിച്ച ഇന്നീസ ജഡ്ജിയും കല്പിച്ചു. ൧൩ ആഗസ്ത ൧൯ (മെപ്പടി ൨൧-ാം ഭാഗം)

൧൩-ൽ റിഫ്രെഡകെസ. ൱൨.

൦൦ കാൎയ്യം ൧൩-ൽ ൪൭൭-ാം നമ്പ്രിൽ ചിററൂര ഡിസ്ത്രീക്ട മുനിസീപ്പ നാരായണയ്യക്കാര ഹൈകൊടതിയൊട സംശയം ചൊദിച്ചതാകുന്നു.

## വിധിന്യായം.

൧൧-ൽ ൯-ാം നമ്പ്ര പുതിയ കാലഹരണയാക്ട പ്രബലപ്പെടുന്നതിന്ന മുമ്പായി ൱ൽ ൧൪-ാം നമ്പ്രാക്ട കാലഹരണനിയമത്താൽ തടസ്ഥപ്പെട്ടുപൊയ്യായ ഒരു ആധാരം വക വ്യവഹാരത്തിന്ന മെപ്പടി പുതിയ കാലഹരണനിയമം കൊണ്ട ഒരു പുതിയ അവധി അനുവദിച്ചു കൊടുക്കുന്നതല്ലെന്ന, മൊഗ്ഗൻ, ഹൊലൊവെയി, ൟ ജഡ്ജിമാര കല്പിച്ചു. ൧൪ ജനവരി ൱. (മെപ്പടി ൨൨൩-ാം ഭാഗം.)

## ൭൩-ൽ ൩-ാം നമ്പ്ര വിവാഹ സംബന്ധമായ വ്യവഹാരം.

വ്യഭിചാരകുററം നിമിത്തം വിവാഹമൊചനത്തിന്നായി അന്ന്യായക്കാരൻ വ്യവഹാരപ്പെട്ടു. ൧൮൬൦-ാമത കൊല്ലത്തിൽ വിവാഹം നടക്കയും വ്യഭിചാരകുററം വിവാഹത്തൊടുകൂടി തന്നെ ആരംഭിക്കുകയും ചെയ്തു. നിവൃത്തിക്ക ശ്രമിച്ചത ൧൮൭൨-ാമത കൊല്ലത്തിൽ ആയിരുന്നു. ൬൯-ാമത കൊല്ലം വരെ നിവൃത്തി കിട്ടാനുള്ള മാൎഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല. ആ കൊല്ലത്തിന്റെ ശെഷം വ്യവഹാരപ്പെടാതെ താമസം ചെയ്തതിന്ന മതിയായ സമാധാനം പറയുന്നുണ്ടൊ എന്നാണ ഈ കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ളത. ഏഴുകൊല്ലം കഴിഞ്ഞതിന്റെ ശെഷം രണ്ടാമത ഒരു സ്ത്രീയെ വിവാഹം ചെയ്യാമെന്ന അന്ന്യായക്കാരൻ വിശ്വസിച്ചിരുന്നു എന്നാണ അവൻ സമാധാനം പറയുന്നത. കാൎയ്യത്തിന്റെ മററ അവസ്ഥകൾ നൊക്കുമ്പൊൾ ഉപെക്ഷയൊളം പൊരുന്ന ഉദാസീനത ഉണ്ടായിരുന്നില്ലെന്ന തെളിയുന്നതകൊണ്ട അന്ന്യായക്കാരന്റെ താമസത്തെ അവൻ സഹിച്ച നഷ്ടത്തിന്റെ ഓൎമ്മ വിട്ടുപൊയ്യായി വ്യാഖ്യാനിക്കെണ്ടതല്ലെന്ന ഹൈക്കൊട്ട കല്പിച്ചു.

ഇത ൭൨-ൽ ആദ്യം ൩൨-ാം നമ്പ്ര വ്യവഹാരത്തിൽ അന്ന്യായക്കാരന്റെ വിവാഹത്തെ ദുൎബ്ബലം ചെയ്ത ത്രിശ്ശിനാപ്പള്ളി ഡിസ്ത്രിക്ടജഡ്ജി ഡെവീസ്സൻ സായ്പു കല്പിച്ച വിധി ഈ കൊടതിയുടെ സമ്മതത്തൊടുകൂടി സ്ഥിരം ചെയ്തു കൊടുപ്പാൻ വെണ്ടി ൬൯-ൽ ൪-ാം നമ്പ്രാക്ടിന്റെ ൧൭-ാം വകുപ്പുപ്രകാരം റിഫർ ചെയ്തിട്ടുള്ള കാൎയ്യമാകുന്നു. ഈ നമ്പ്ര വിചാരണ ചെയ്ത ഹൈക്കൊടതി ഈ താഴെ പറയുന്ന വിധിന്ന്യായം കല്പിച്ചു.

## വിധിന്ന്യായം.

ഈ കാൎയ്യത്തിൽ വിവാഹത്തൊടുകൂടി തന്നെ വ്യഭിചാരം ആരംഭിച്ചിരിക്കുന്നു. വിവാഹം നടന്നത ൬൦-ാമത കൊല്ലത്തിലും നിവൃത്തിക്ക ശ്രമിച്ചിട്ടുള്ളത ൭൨-ാമത കൊല്ലത്തിലും ആകുന്നു. ൬൦-ൽ നിവൃത്തി മാൎഗ്ഗം ഉണ്ടായിരുന്നു എങ്കിൽ ഇത്രകാലത്തൊളം താമസിച്ച ഈ വ്യവഹാരം ബൊധിപ്പിച്ചത നിമിത്തം ഈ അന്ന്യായം തന്നെ നീക്കെണ്ടതായിരുന്നു. എന്നാൽ ൬൯-ാമത കൊല്ലംവരെ ഈ വക നിവൃത്തി കിട്ടാനുള്ള മാൎഗ്ഗം അന്ന്യായക്കാരന ഉണ്ടായിരുന്നില്ലായ്കകൊണ്ട ആ കൊല്ലം മുതല്ക്കുള്ള താമസത്തിന്ന അന്ന്യായക്കാരൻ

പറയുന്ന സമാധാനം മതിയായിട്ടുള്ളത തന്നെയൊ എന്നാണ ൟ കാൎയ്യത്തിൽ തീൎച്ചപ്പെടുത്താനുള്ളത. ഏഴകൊല്ലം കഴിഞ്ഞാൽ രണ്ടാമത വിവാഹം അന്യായക്കാരന കഴിക്കാമെന്ന അവൻ വിശ്വസിച്ചിരുന്നു എന്നാണ അന്യായക്കാരൻ സമാധാനം പറയുന്നത. വളരെ അഭിപ്രായ ഭിന്നിതം ഉണ്ടായ്തിന്റെ ശെഷം ൟ കാൎയ്യത്തിലെ താമസത്തെ അന്യായക്കാരൻ സഹിച്ച നഷ്ടത്തെ അവൻ മറന്നുകളഞ്ഞതായി വ്യാഖ്യാനിക്കെണ്ടതല്ലെന്നാണ നാം വിചാരിക്കുന്നത എന്നും കാൎയ്യത്തിന്റെ മററ അവസ്ഥകൾ നൊക്കുമ്പൊൾ ഉപെക്ഷയൊട അടുക്കുന്ന ഉദാസീനത ഉണ്ടായിരുന്നില്ലെന്ന കാണപ്പെടുന്നതുകൊണ്ട വിധി സ്ഥിരപ്പെടുത്തെണ്ടതാണെന്നും ഹൊലൊവെയി ജഡ്ജി കല്പിച്ചു. ഇന്നീസ, കിണ്ടർസലി, ൟ ജഡ്ജിമാര അദ്ദെഹത്തിന്റെ അഭിപ്രായത്തൊടുകൂടി യൊജിക്കുകയും ചെയ്തു. ൧൮ ജനവരി ൨൦. (മെപ്പടി ൨൨൮-ാം ഭാഗം)

## ൧൩൫-ൽ ആപ്പീൽ ൨൩.

ഒരു മുസ്സൽമാൻ ജാതിക്കാരനായ വിധികടക്കാരനെ ഞായറാഴ്ച ദിവസം പിടിച്ചത ന്യായവിരൊധമാണെന്നുള്ള സംഗതിയിന്മെൽ അവനെ വിട്ടയക്കെണ്ടതാണെന്ന ൧൩ മെയി ൨൨-ാംനു- ഇന്നീസ സായ്പ കല്പിച്ച കല്പനയിന്മെൽനിന്ന ബൊധിപ്പിച്ച ഒരു ആപ്പീലാകുന്നു ഇത.

## വിധിന്യായം.

ഒരു മുസ്സൽമാൻ ജാതിക്കാരനായ വിധികടക്കാരനെ ഞായറാഴ്ച ദിവസം പിടിച്ചത ന്യായരഹിതമാണെന്നുള്ള സംഗതിയിന്മെൽ അവനെ വിട്ടയപ്പാൻ അവകാശമുണ്ടൊ എന്നാണ ൟ കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ളത. ശാബത ദിവസത്തെ സംബന്ധിച്ചുള്ള ഇംഗ്ലീഷ ആക്ടിനെ ൟ ഇന്ത്യാദെശത്തെക്ക സംബന്ധിപ്പിക്കാൻ പാടുണ്ടൊ എന്നാണ ൟ കാൎയ്യത്തിൽ തീൎച്ചപ്പെടുത്തെണ്ടത. സീവിൽ നിയമം നടപ്പായ്തിന്റെ ശെഷം കല്പനകൾ നടത്തിക്കുന്നതിന്ന സംബന്ധിക്കുന്നതായ ഇംഗ്ലീഷനിയമം ൟ രാജ്യത്തെ കൊടതികളിൽ നടപ്പില്ലാതെയായിപ്പൊയിരിക്കകൊണ്ട ഇന്നീ

സ ജസ്ലിയുടെ കല്പന മാററെണ്ടതാണെന്ന ഹൊലൊവെ യി ജസ്ലിയും, ശാബതദിവസത്തെ സംബന്ധിച്ചുള്ള ഇംഗ്ലീ ഷ നിയമത്തെ ൧൦ം നാട്ടുകാരുടെ ഇടയിൽ നടത്തിപ്പാൻ പാടില്ലെന്നും സ്റ്റാറ്റ്യൂട്ട കല്പനയുടെ സാരമായ നിബന്ധ നകളെ ഇന്ത്യായിലെക്ക സംബന്ധിപ്പിക്കാവുന്നതാണെങ്കി ലും അതിലെ ൩൦-ാം വകുപ്പ ൧൦ം രാജ്യത്ത കെവലം സം ബന്ധിക്കുകയില്ലെന്നും റാണിയുടെ പ്രജകളുടെ ഇടയിൽ സംബന്ധിപ്പിക്കാവുന്ന നിയമത്തെ ഇന്ത്യായിലെ നാട്ടുകാ രുടെ ഇടയിൽ സംബന്ധിപ്പിക്കാൻ പാടില്ലെന്നും കെർനാ ൻ ജസ്ലിയും കല്പിച്ചു. ൭൮ ജനവരി ൧൭. (മെപ്പടി ൨൭൫-ാം ഭാഗം.)

൭൩-ൽ റിപ്പൊൎട്ടഡകെസ ൩൭.

ചൊദിക്കുമ്പൊൾ മുതൽ കൊടുപ്പാൻ നിശ്ചയിച്ച ൩൭ ജനവരി ൨൯-ാംനു— എ ഴുതികൊടുത്ത ഒരു ആധാരം വക ബാക്കി മുതൽ വാങ്ങികൊടുപ്പാനായി ൭൩ ജ്രൂൻ മാസത്തിൽ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ അന്യായപ്പെടുന്നതി ന്ന മൂന്ന കൊല്ലം മുമ്പായ ൭൩ ഫെബ്രുവരി മാസത്തിൽ ബാക്കി മുതലിന്ന അന്യായക്കാരൻ പ്രതിയൊട ചൊദിച്ചിരിക്കുന്നു എന്ന വാദിച്ചു. ആധാരം ൩൭-ൽ എഴുതികൊടുക്കയും അപ്പൊൾ നടപ്പുണ്ടായിരുന്ന നിയമത്താൽ ആ ധാരം തീയ്യതി മുതല്ക്ക ൩ കൊല്ലം കഴിഞ്ഞതിന്റെ ശെഷം ആയാധാരപ്ര കാരമുള്ള മുതൽ വ്യവഹാരപ്പെട്ടു വാങ്ങുവാൻ തടസ്ഥപ്പെട്ടിരിക്കുകയും ചെ യ്തിട്ടുള്ള സ്ഥിതിക്ക അവധി കഴിഞ്ഞതിന്റെ ശെഷം മുതൽ ചൊദിച്ചിരിക്കുന്നു എന്നുള്ള സംഗതിയിന്മെൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതായ ഒരു വ്യവഹാരത്തി ന്ന പുതിയ കാലഹരണനിയമംകൊണ്ട ഒരു അവകാശം സിദ്ധിക്കുന്നത ല്ലെന്നും മുമ്പെത്തെ നിയമം ദുൎബ്ബലപ്പെട്ടുപൊയ്യുകൊണ്ട മുമ്പെ തന്നെ ഉത്ഭവി ച്ചതായ ഒരു തടസ്ഥം നീങ്ങിപ്പൊകയില്ലെന്നും ഹൈകൊട്ട കല്പിച്ചു.

൭൩-ൽ ൧൩൪-ാം നമ്പ്ര വ്യവഹാരത്തിൽ ശ്രട്ടിമനി സീപ്പ സുബരായര ൩൭-ൽ ൧൧-ാം നമ്പ്രാക്ടിന്റെ ൨൨-ാം വകുപ്പുപ്രകാരം ഹൈകൊട്ടിനൊട സംശയനിവൃത്തിക്ക ചൊ ദിച്ച ഒരു കാൎയ്യമാകുന്നു ഇത. ചൊദിക്കുമ്പൊൾ മുതൽ കൊടുപ്പാൻ നിശ്ചയിച്ച ൧൦൦ ഉറുപ്പികക്ക പ്രതി അന്യായ ക്കാരന ൩൭ ജനവരി ൨൯-നു- എഴുതികൊടുത്ത ഒരു ആധാ രം വക മുതലിൽ പുക്കിച്ചത കഴിച്ച ബാക്കി ൪൯ ഉറുപ്പിക വാങ്ങികൊടുപ്പാൻ വ്യവഹാരം ൭൩ ഫെബ്രുവരി മാസത്തി ൽ ബാക്കിക്ക ചൊദിച്ചിരിക്കുന്നു എന്ന അന്യായക്കാരൻ വാ

ദിച്ചിരിക്കുന്നു. ആധാരം എഴുതി കൊടുത്തിട്ട മൂന്ന കൊല്ലം കഴിഞ്ഞുപൊയിരിക്കുന്നു എങ്കിലും അന്യായപ്പെടുന്നതിന്ന മുമ്പായി മൂന്ന കൊല്ലത്തിനുള്ളിൽ ബാക്കി മുതലിന്ന ചൊദിച്ചിട്ടുണ്ടെന്നു അന്യായക്കാരൻ വാദിക്കുന്നു. ൟ കാൎയ്യത്തിൽ പ്രതി ആധാരം വക ഏതാനും മുതൽകൊടുത്ത വിവരം പ്രതിയാകട്ടെ അവന്റെ കാൎയ്യസ്ഥനാകട്ടെ കാലഹരണനിയമത്തിന്റെ ൨൧-ാം വകുപ്പിലെ താല്പൎയ്യപ്രകാരം ആധാരത്തിൽ എഴുതി കാണുന്നതും ഇല്ല. അവധിക്കകത്ത മുതൽ ചൊദിച്ചിരിക്കുന്നു എന്ന അന്യായം വക സാക്ഷികൾ പറകയും ചെയ്യുന്നു. അതുകൊണ്ട (൧) ൟ കാൎയ്യത്തിൽ ഒരു വിധി കൊടുപ്പാൻ പാടുണ്ടൊ എന്നും (൨) ആധാരത്തിന്ന എത്ര പഴക്കം ഉണ്ടായാലും ചൊദിക്കുമ്പൊൾ മുതൽ കൊടുപ്പാൻ തക്കവണ്ണം ആയാധാരത്തിൽ നിശ്ചയം ചെയ്തിരിക്കുകയും വ്യവഹാരപ്പെടുന്നതിന്ന മൂന്ന കൊല്ലത്തിനുള്ളിൽ മുതൽ ചൊദിച്ചിരിക്കുന്നു എന്ന തെളിയിക്കുകയും ചെയ്താൽ ൟ വക വ്യവഹാരം എടുക്കുന്നതിന്ന വിരൊധമുണ്ടൊ എന്നും മുനിസിപ്പ സംശയം ചൊദിച്ചിരിക്കുന്നു.

## വിധിന്യായം

ൟ കാൎയ്യത്തിൽ ൧൦൦ ഉറുപ്പികെക്കാണ ആധാരം എഴുതി കൊടുത്തിരിക്കുന്നത. അതിൽ ൬൧ ഉറുപ്പിക പറ്റിക്കുകയും ബാക്കി ൩൯ ഉറുപ്പികെക്ക വ്യവഹാരപ്പെടുകയും ചെയ്തിരിക്കുന്നു. ആധാരത്തിലെ മുഴുവൻ സംഖ്യ പറ്റിക്കെണ്ടുന്ന കാലം മുമ്പെ തന്നെ കഴിഞ്ഞുപൊയിരിക്കുന്നു എന്നും ബാക്കിക്ക ചൊദിക്കുന്നതിന്ന മുമ്പായിട്ട തന്നെ ഏതാനും കൊടുത്തു പറ്റിച്ചിരിക്കുന്നു എന്നും ൟ വ്യവഹാരത്തിന്റെ പ്രകൃതംകൊണ്ട കാണപ്പെടുന്നു. ൟ കാൎയ്യത്തിലെക്ക സംബന്ധിക്കുന്ന കാലഹരണനിയമം ൭൧-ൽ ൯-ാം നമ്പ്രാക്കിയിരിക്കുകയും ചൊദിച്ച തീയ്യതി മുതല്ക്ക കാലഹരണം കണക്കാക്കുകയും ചെയ്യുന്നപക്ഷം ബാക്കിക്ക എപ്പൊൾ ചൊദിച്ചു എന്നുള്ള സംഗതി ൟ കാൎയ്യത്തിൽ വിചാരിപ്പാൻ ആവശ്യമില്ല. ആറ ഉറുപ്പികെക്കുള്ള കടം കൊടുത്ത തീൎക്കെണ്ടിയിരുന്നതും അതിന്നായിട്ട ചൊദിച്ചതും എപ്പൊളാണെന്നാണ നിജപ്പെടുത്തെണ്ടത- ആ കാലം മുതല്ക്ക കാലഹരണം കണക്കാക്കെണ്ടതും ആകുന്നു. ൺവ്വ ജനവരി ൨൯-ാംനു-യ

ത്തെ ആധാരം വക മുതൽ ആ തീൎപ്പുതിമുതല്ക്കു മൂന്നകൊല്ലം കഴിഞ്ഞതിൻെറ ശെഷമായി വ്യവഹാരപ്പെട്ടു വാങ്ങുവാൻ അന്ന പ്രബലപ്പെട്ടിരുന്ന നിയമത്താൽ പാടുണ്ടായിരുന്നില്ല. അവധി കഴിഞ്ഞതിൻെറ ശെഷം മുതൽ ചൊദിച്ചിരിക്കുന്നു എന്നുള്ള സംഗതിയിന്മെൽ സ്ഥാപിക്കപ്പെട്ടതായ ഒരു വ്യവഹാരത്തിന്ന പുതിയ കാലഹരണ നിയമംകൊണ്ടു യാതൊരു അവകാശവും സിദ്ധിക്കുന്നതുമല്ല. മുമ്പെത്തെ ആക്ട ദുൎബ്ബലപ്പെട്ടുപൊയതുകൊണ്ടു മുമ്പെ തന്നെ ഉത്ഭവിച്ചതായ ഒരു തടസ്ഥം നീങ്ങിപ്പൊകുന്നതും അല്ലെന്ന മൊൎഗ്ഗൻ, കിണ്ടർസലി, ഠരം ജഡ്ജിമാര കല്പിച്ചു. ൬൩ നവെംബർ ൨൪. (മെപ്പടി ൨൫൨-ാം ഭാഗം.)

## ൬൩-ൽ എസ്സെഷ്യാൽ ൩൨൪.

ഒരു അവിഭക്തതറവാട്ടിലെ മരിച്ചുപൊയ ഒരുവൻ തറവാട്ടുവസ്തു ന്യായരഹിതമായി അന്യാധീനം ചെയ്യത ഒഴിപ്പിച്ചു കൊടുപ്പാൻ ആ വസ്തു വിലെക്കു വാങ്ങിയവരായ പലെ ആളുകളുടെ മെൽ കൂടി ബൊധിപ്പിച്ച ഒരു വ്യവഹാരം പലെ പ്രതികളുടെ മെൽ പലെ വ്യവഹാര കാരണങ്ങളിന്മെൽ ബൊധിപ്പിച്ച കുറവിന്മെൽ നീക്കെണ്ടതായ ഒരു വ്യവഹാരം അല്ല. ഒന്നായിട്ടു ബൊധിപ്പിക്കുന്ന വ്യവഹാരത്തിൽ ഉണ്ടാകുന്ന ആ പ്രത്യെക വിധിയുടെ സാധുതയെ ഉറപ്പിക്കുവാനും മിക്കവാറും ഒന്നുപൊലെയുള്ള പലെ വ്യവഹാരങ്ങളിൽ ഉണ്ടായെക്കുന്ന ചെച്ചുകെടായ വിധികൾക്കു എടവരുത്താതെയിരിപ്പാനും വെണ്ടി എല്ലാ അന്യാധീനങ്ങളെയും ഒരു കൊടതി ഒരിക്കലായിട്ടു തീൎച്ചപ്പെടുത്തുന്നത ഏററവും യുക്തവും അവശ്യവും ആയിട്ടുള്ളതാണെന്ന കല്പിച്ചു.

ഠരം എസ്സെഷ്യാൽ ൬൦-ൽ ആദ്യം ൩൪-ാം നമ്പ്ര വ്യവഹാരത്തിൽ മങ്ങലാപുരം ആഡിഷ്യനാൽ പ്രിൻസിപ്പാൽ സദിരമീൻെറ വിധിയെ സ്ഥിരപ്പെടുത്തി ൬൨-ൽ ൩൨൬ാം നമ്പ്ര ആപ്പീലിൽ മങ്ങലാപുരം ആക്ടിങ്ങ സീവിൽജഡ്ജി ബൎണെൽസായ്പു കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ചതാകുന്നു. മെപ്പടി കാൎയ്യത്തിലെ അന്യായക്കാര നാരായണ ശംബൃകൻ എന്ന ഒരുവൻെറ പുത്രന്മാരാകുന്നു. അന്യായത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ മുതലുകളും തങ്ങളുടെ മുത്തച്ശൻ സമ്പാദിച്ചതാണെന്നും ആ മുത്തച്ശൻ മരിച്ച വളരെക്കാലം കഴിഞ്ഞതിൻെറ ശെഷം തങ്ങളുടെ അച്ശൻ ൩൧ മാൎച്ച് ൨൩-ാംനു- മരിച്ചുപൊയ്യിൽ പിന്നെ അദ്ദെഹം

അന്ന്യാധീനപ്പെടുത്തിയ്യായ പ്രതികളുടെ കൈവശം ഇരിക്കുന്ന വസ്തുക്കൾ ഒഴികെയുള്ള ശെഷം തറവാട്ടുസ്വത്തുക്കൾ പിന്തുടൎച്ച അവകാശം വഴിക്കു കൈവശം വെച്ച അനുഭവിച്ചു പൊരുന്നു എന്നും മെപ്പടി അന്ന്യാധീനങ്ങൾ അവരുടെ ഓഹരിയൊളം മാത്രമെ സാധുവായിരിപ്പാൻ പാടുള്ളൂ എന്നും തറവാട്ടുസ്വത്തിൽ മൂന്നിൽ രണ്ട ഓഹരി ഒഴിപ്പിച്ചു വാങ്ങുവാൻ ശാസ്ത്രപ്രകാരം തങ്ങൾക്കു അവകാശമുണ്ടെന്നും അന്ന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. ൧-ാം പ്രതി അനെകം വാദങ്ങൾ ചെയ്യു കൂട്ടത്തിൽ അതാത പ്രതികളുടെ മെൽ പ്രത്യെകം പ്രത്യെകം ഉണ്ടായിരിക്കുന്ന വ്യവഹാര കാരണങ്ങളെ ഒന്നായിട്ട ചെൎത്ത കൊണ്ടുവന്നിട്ടുള്ള ഇൗ വ്യവഹാരം സിവിൽ നിയമത്തിന്റെ ൮-ാം വകുപ്പ പ്രകാരം സ്വീകാരയൊഗ്യമായിട്ടുള്ളതല്ലായ്കകൊണ്ട അന്ന്യായം നീക്കെണ്ടതാണെന്നും കൂടി വാദിച്ചു. ആ സംഗതിയിന്മെൽ പ്രിൻസിപ്പാൽ സദിരമീൻ അന്ന്യായം നീക്കുകയും സിവിൽ ജഡ്ജി ആ വിധി സ്ഥിരപ്പെടുത്തുകയും ചെയ്തു. അന്ന്യായക്കാര മെപ്പടി എസ്പെഷ്യാൽ ബൊധിപ്പിച്ചു.

## വിധിന്ന്യായം

തഞ്ചാവൂര സബൊൎഡിനെട്ട ജഡ്ജി മുത്തുസ്വാമിശെട്ടിയാരുടെ വിധിമെൽനിന്ന ബൊധിപ്പിച്ച ൭൩-ൽ എസ്പെഷ്യാൽ ൬൩൪-ാം നമ്പറും മെപ്പടി ൩൨൪-ാം നമ്പ്ര എസ്പെഷ്യാലും ഒരെ സംഗതിയിന്മെൽ തന്നെ ബൊധിപ്പിച്ചിട്ടുള്ളതാകകൊണ്ട ഇൗ രണ്ടു കാൎയ്യത്തിലെക്കും താഴെ പറയുന്ന വിധിന്ന്യായം ഉപയൊഗപ്പെടുന്നതാകുന്നു. മെപ്പടി രണ്ടു വിധികളും മാററി നമ്പ്ര ഗുണദൊഷങ്ങളിന്മെൽ പ്രവെശിച്ച തീൎപ്പ ചെയ്യാൻ വെണ്ടി താഴെ കൊടതിക്കു മടങ്ങി അയക്കെണ്ടതാണെന്ന ഞങ്ങൾക്കു എല്ലാവൎക്കും ഒരുപൊലെ അഭിപ്രായമായിരിക്കുന്നു. ഇൗ രണ്ടു നമ്പ്രകളിലും തീൎച്ചപ്പെടുത്തെണ്ടതായ സംഗതി മെൽപ്രകാരം തറവാട്ടുവസ്തു അന്ന്യാധീനം ചെയ്യുത തറവാട്ടിലെ ശെഷം ആളുകളുടെ സമ്മതത്തൊടു കൂടിയൊ അതല്ല ആ വക സമ്മതം ആവശ്യമില്ലാത്തതിന്മണ്ണമുള്ള തറവാട്ടാവശ്യം വല്ലതും ഉണ്ടായിരുന്നുവൊ എന്നാണ ഇൗ കാൎയ്യത്തിൽ തീൎച്ചപ്പെടുത്തെണ്ടത. അന്ന്യാധീനം ചെയ്യുത വിഹിതമായിട്ടുള്ളത ത

ന്നൊയൊ എന്ന തീൎച്ചപ്പെട്ടുത്തെണ്ടതിലെക്ക ആ വക അ ന്ന്യായീനങ്ങളുടെ സംഖ്യയെയും സ്വഭാവത്തെയും കുറിച്ച ചിന്തിക്കെണ്ടത സാരമായിട്ടുള്ളതാണെന്ന ദൃഷ്ടാന്തമാകു ന്നു. ഀ കാൎയ്യം തീൎച്ചപ്പെട്ടുത്തെണ്ടതായ കൊടതിക്ക ആ കൊടതി കല്പിക്കുന്ന വിധിയുടെ സാധുതയെ ഉറപ്പിക്കുവാ നും മിക്കവാറും ഒരുപൊലെയുള്ള പലെ വ്യവഹാരകാൎയ്യങ്ങ ളിൽ ഉണ്ടായെക്കുന്ന ചെൎച്ചകെടായ വിധികൾക്ക എടവ രുത്താതെയിരിപ്പാനും വെണ്ടി ആ വക എല്ലാ അന്ന്യായീ നങ്ങളെയും ഒരു കൊടതി മുമ്പാകെ ഒരിക്കലായിട്ട തീൎച്ച പ്പെട്ടുത്തുന്നത ഏററവും വിഹിതവും യുക്തവും ആയിട്ടുള്ള താകുന്നു. ഀ കാൎയ്യത്തിൽ നടപടിയെ പററി നടത്തീട്ടുള്ള യുക്തം നീതിന്ന്യായത്തിന്ന അനുസരണയായിട്ടുള്ളതല്ലെ ന്നാണെ ഞങ്ങളുടെ അഭിപ്രായം. ഇതുവരെ ഉണ്ടായിട്ടുള്ള ചിലവുകൾ സബൊൎഡിനെട്ട ജഡ്ജിയുടെ പുനർ വിചാര ണെ വിധിയിൽ ചെൎക്കെണ്ടതും ആകുന്നു. ൧൲-ൽ ന്നമ്പര൮-ാം നമ്പ്ര എസ്പെഷ്യാൽ കാൎയ്യത്തിൽ സബൊൎഡിനെട്ട ജഡ്ജി യുടെ വിധി പ്രയാസം കൂടാതെ നീക്കാവുന്നതാകുന്നു. എ ന്തുകൊണ്ടെന്നാൽ അദ്ദെഹം ഇതുപൊലെയുള്ള ഒരു കാൎയ്യ ത്തിൽ ആപ്പീലിൽ അന്ന്യായം നീക്കി വിധിച്ചിട്ടുണ്ട ഀ സംഗതികളാൽ കീഴാപ്പീൽകൊടതി വിധികൾ ഞങ്ങൾ മാ ററി ഗുണദൊഷങ്ങളിന്മെൽ പ്രവെശിച്ച ഒരു വിധികൊടു പ്പാൻ വെണ്ടി നമ്പ്രകൾ താഴെ കൊടതിക്ക മടങ്ങി അയ ക്കുന്നു. മൊഗ്ഗൻ, ഹൊലൊവെയി, ഇന്നീസ, കിണ്ടർസ ലിം, ഀ ജഡ്ജിമാര കല്പിച്ചത. ൧൮ ജനവരി ൨൨- (മെപ്പടി ൨൯൦-ാംഭാഗം.)

### ൧൲-ൽ റിഫ്രെഡകെസ ൨൮.

ഫല്ഗം- അക്ടൊബർ ൩൦-ാം ൱-യത്തെ ആധാരം വക മുതൽ പലിശ കൂടിയ സം ഖ്യ വാങ്ങി കൊടുപ്പാൻ ൧൲ എപ്രെൽ ൨൮-ാം ൱- അന്ന്യായക്കാരി വ്യവഹാ രപ്പെട്ടു. എട്ട അവധിയായി മുതൽ കൊടുപ്പാനും അതിൽ ഏതെങ്കിലും ഒരു അവധി തെററിച്ചാൽ മുഴുവൻ സംഖ്യ ചൊദിക്കുമ്പൊൾ ഒന്നായിട്ട കൊടു പ്പാനും കരാറ ചെയ്തിരുന്നു ആ കരാറപ്രകാരം അവധിക്ക മുതൽ കൊടുക്കാ തെയിരുന്നത നിമിത്തം വ്യവഹാരപ്പെട്ട സമയം ഒടുവിലത്തെ അവധി തീയ്യ തി മുതല്ക്ക മൂന്നു കൊല്ലം കഴിഞ്ഞുപൊയിരിക്കകൊണ്ട വ്യവഹാരത്തിന്ന കാല ഹരണമുണ്ടെന്ന പ്രതിക്കാരൻ വാദിച്ച ഒരു അവധി തെററിച്ചാൽ മുഴുവൻ

സംഖ്യ ചൊദിക്കുന്ന സമയം കൊടുക്കെണമെന്നുള്ള സാധാരണ ഖണ്ഡംകൊണ്ട കടത്തിൻെറ പ്രകൃതത്തെ ഭെദം വരുത്താനുള്ള ഒരു സ്വാതന്ത്ര്യത്തെ അന്യായക്കാരിക്ക കൊടുക്കുകയാണ ചെയ്തിട്ടുള്ളത. ആ സ്വാതന്ത്ര്യത്തെ അന്യായക്കാരി നടത്തുകയാകട്ടെ ഉപയൊഗപ്പെടുത്തുകയാകട്ടെ ചെയ്തിട്ടില്ല. ആധാരം അവധിപ്രകാരം മുതൽ കൊടുപ്പാൻ നിശ്ചയിച്ചതായ ഒന്നായിട്ട ഇരിക്കുന്നത കൂടാതെ ആ എല്ലാ അവധികളും കാലഹരണത്തിൽ അകപ്പെട്ടുപൊകയും ചെയ്തിരിക്കുന്നു. അതുകൊണ്ട, "ചൊദിക്കുമ്പൊൾ" എന്നുള്ള പദത്തെ ആ പദം എഴുതിയുണ്ടായ കാലത്തെ അതിൻെറ അൎത്ഥപ്രകാരം വ്യാഖ്യാനിക്കെണ്ടതല്ലയൊ എന്നുള്ള സംഗതി ൟ കാൎയ്യത്തിൽ ചിന്തിക്കുന്നത അനാവശ്യമാണെന്ന ഹൈക്കൊട്ട് കല്പിച്ചു.

ഇത ൯ന്മ-ൽ ൨൫൫-ാം നമ്പ്ര വ്യവഹാരകാൎയ്യത്തിൽ കവാലി മുനിസീപ്പ ഹൈക്കൊടതിയൊട സംശയം ചൊദിച്ച ഒരു കാൎയ്യമാകുന്നു. പ്രതിയുടെ മരിച്ചുപൊയ അച്ഛൻ അന്യായക്കാരിയുടെ മരിച്ചുപൊയ ഭൎത്താവിന്ന ൫൦ം അക്ടൊബർ ൩൦-ാംനു എഴുതികൊടുത്ത ഒരു ആധാരം വക മുതൽ പലിശ കൂടിയ ൫൦ം ഉറുപ്പിക വാങ്ങികൊടുപ്പാൻ വ്യവഹാരം അന്യായത്തിന്ന കാലഹരണമുണ്ടെന്ന പ്രതിവാദിച്ചു. അന്യായപ്പെട്ടത ൯ന്മ എപ്രെൽ ൫൪-ാംനു-യായിരുന്നു. ആധാരത്തിലെ വാചകം ൟ താഴെ പറയുന്നപ്രകാരമാകുന്നു. നാം തമ്മിലുള്ള കണക്കുകൾ ഒക്കെയും പറഞ്ഞ തീൎത്ത ഞാൻ നിനക്ക തരുവാൻ കണ്ട ഉറുപ്പിക ൩൦ ൟ ഉറുപ്പിക ൩൦-ം ൭ അവധിക്ക നന്നാലും ഒടുവിലത്തെ അവധിക്ക ൨-ം ഉറുപ്പിക വീതം എട്ട അവധിയായി തന്നെക്കുന്നതും ഉണ്ട. അവധിപ്രകാരം തരാതെ ഒരു അവധി എങ്കിലും തെറ്റിച്ചാൽ മുഴുവൻ സംഖ്യ ചൊദിക്കുമ്പൊൾ പലിശയൊടു കൂടി തന്നുകൊള്ളുകയും ചെയ്യാം. പ്രതിയാകട്ടെ അവൻെറ അച്ഛനാകട്ടെ ഒരു അവധിക്കെങ്കിലും മുതൽ കൊടുക്കയുണ്ടായിട്ടില്ലെന്ന സമ്മതിച്ചിരിക്കുന്നു. ൯ന്മ ജനുവരി ൫൦-ാംനു മുതൽ ചൊദിച്ചിരിക്കുന്നു എന്ന അന്യായക്കാരി വാദിക്കുകയും പ്രതി അതിനെ നിഷെധിക്കുകയും ചെയ്യുന്നു. അന്യായപ്പെട്ട കടം ചൊദിക്കുന്ന സമയം കൊടുക്കെണ്ടതായ ഒന്നാണെന്ന അന്യായവക്കീൽ വാദിക്കുകയും ൯ന്മ ജനവരി ൫൦-ാം തീയ്യതി പ്രതിയൊട ഒന്നാം പ്രാവശ്യം ചൊദിച്ചിരിക്കുന്നു എന്നും ആ തീയ്യതി മുതല്ക്ക മൂന്ന കൊല്ലത്തിനകത്ത ൟ വ്യവഹാരം ബൊധിപ്പിച്ചിരിക്കകൊണ്ട തൻെറ മുതലാ

ളീയുടെ വ്യവഹാരത്തിന്ന കാലഹരണമില്ലെന്ന തക്കിക്കുക യും ചെയ്യുന്നു. അതാത അവധിപ്രകാരം കൊടുക്കെണ്ടിയിരുന്നതായ സംഖ്യകൊടുക്കാതെയിരുന്ന കാലം മുതല്ക്കു കാലഹരണം ആരംഭിച്ചിരിക്കുന്നു എന്നും ഒടുവിലത്തെ അവധി തീയ്യതി മുതല്ക്കു മൂന്ന കൊല്ലം കഴിഞ്ഞുപൊയിരിക്കകൊണ്ട അന്യായം നീക്കെണ്ടതാണെന്നും പ്രതി വക്കീലും വാദിച്ചിരിക്കുന്നു. ആധാരത്തിലെ നിശ്ചയപ്രകാരം അവധിക്കു മുതൽ കൊടുക്കാതെയിരുന്നതുകൊണ്ട അത ചൊദിക്കുമ്പൊൾ കൊടുക്കെണ്ടതായ ഒരു കടം ആയിരിക്കുന്നു എന്നും അതിന്നുള്ള കാലഹരണം ൧൮൫൯-ൽ ൻ-ാം നമ്പ്രാക്ടിന്റെ ൧-ാം പട്ടിക ൭൯-ാം വകുപ്പാണെന്നും മുനിസീപ്പു അഭിപ്രായപ്പെട്ട ൟ വക കാൎയ്യത്തിലെക്കുള്ള ശരിയായ വകുപ്പു ഏതാണെന്ന ഹൈക്കൊട്ടിൽ സംശയം ചൊദിച്ചു.

## വിധിന്യായം.

ആധാരത്തിലെ നിശ്ചയം നൊക്കുമ്പൊൾ മുനിസീപ്പിന്റെ അഭിപ്രായം തെറ്റിപ്പൊയിരിക്കുന്നു എന്ന ഞങ്ങൾക്കു അഭിപ്രായമായിരിക്കുന്നു. ആധാരം അവധിപ്രകാരം മുതൽ കൊടുപ്പാൻ നിശ്ചയിച്ചതായ ഒന്നായിരിക്കുന്നു. അതിൽ ഒരു അവധി എങ്കിലും തെറ്റിയാൽ മുഴുവൻ സംഖ്യ ചൊദിക്കുമ്പൊൾ കൊടുത്തുകൊള്ളാമെന്നുള്ള സാധാരണ ബന്ധവും ചെൎത്തിട്ടുണ്ട. മെപ്പടി ബന്ധംകൊണ്ട കടത്തിന്റെ സ്വഭാവത്തെ മറെറാരു വിധത്തിൽ ഭെദപ്പെടുത്താനുള്ള ഒരു സ്വാതന്ത്ര്യം അന്യായക്കാരിക്കു കിട്ടി എന്നല്ലാതെ ആ സ്വാതന്ത്ര്യത്തെ അവൾ ഒരിക്കലും നടത്തിയ്യായിട്ടു കാണപ്പെടുന്നില്ല. അതുകൊണ്ട ആധാരം അവധിപ്രകാരം മുതൽ കൊടുപ്പാൻ തക്കതായ ഒന്നായിട്ടു ഇരിക്കുകയും ആ എല്ലാ അവധികൾക്കും കാലഹരണം ബാധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ, "ചൊദിക്കുമ്പൊൾ," എന്നുള്ള പദത്തെ ആ പദം എഴുതിയ കാലത്തെ അതിന്റെ അൎത്ഥപ്രകാരം വ്യാഖ്യാനിക്കെണ്ടതല്ലയൊ എന്നുള്ള സംഗതി ൟ കാൎയ്യത്തിൽ ചിന്തിക്കുന്നത അനാവശ്യമാകുന്നു. ൟ വക ശ്രമത്തിന്നുള്ള കാരണം പുതിയ കാലഹരണ നിയമത്തിൽ ചില ഭെദങ്ങൾ വരുത്തിയ്യാകുന്നു. നിബന്ധന സഭക്കാരനിസ്സംശയമായി ഒസ്റ്റീൽ എന്നയാളുടെ അഭിപ്രായത്തെ

അനുസരിച്ച പ്രവൃത്തിച്ചിരിക്കുന്നു. ഇതുപൊലെയുള്ള ആധാരങ്ങളുടെ കാൎയ്യത്തിൽ റൊമൻ ശാസ്ത്രപ്രകാരം ചൊദിക്കുന്നതുവരെ യാതൊരു വ്യവഹാരവും ബൊധിപ്പിപ്പാൻ പാടില്ലെന്ന മെപ്പടി ശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നു. റൊമൻ നിയമത്തെ ആദരിച്ചുവരുന്ന ആളുകൾ തന്നെ റൊമൻ ശാസ്ത്രത്തിൽ ഇതിന്ന ഒരു ആസ്പദമില്ലെന്ന സമ്മതിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു മിക്കവാറും ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾക്ക വിപരീതമായ ഒരു അഭിപ്രായത്തെ കാലഹരണ നിയമത്തിൽ എടുത്ത ചെൎത്തിരിക്കകൊണ്ടു നാം വ്യസനിക്കുന്നു. എന്ന ഹൊലൊവെയി ജസ്ലിയും അദ്ദെഹത്തിന്റെ അഭിപ്രായത്തൊടു കൂടി യൊജിച്ച ഇന്നിസ ജസ്ലിയും കല്പിച്ചു. ൧൮൫൨ ജൂലായി ൨ (മെപ്പടി ൨൯൮-ാം ഭാഗം.)

൧൮൭-ൽ റിഫ്രെഡകെസ ൧൮.

൧൮൬൪-ൽ ൨൦-ാം നമ്പ്രാക്ടിന്റെ ൪൯-ാം വകുപ്പിലെ നിയമങ്ങൾക്ക അനുസരിച്ച റജിസ്ത്ര ചെയ്യിട്ടില്ലാത്ത ഒരു ആധാരം, വക മുതലിന്റെ ഉറപ്പിലെക്കായി എളുകാത്ത വസ്തു പണയം കാണിച്ചിട്ടുണ്ടായിരുന്നാലും ആയാധാരം വക മുതൽ ആയ്യ എഴുതികൊടുത്തയാളൊട കയ്യാൽ വാങ്ങി കൊടുപ്പാൻ ബൊധിപ്പിക്കുന്ന ഒരു വ്യവഹാരത്തിൽ ആയാധാരം തെളിവിൽ സ്വീകാരയൊഗ്യമായിട്ടുള്ളതാകുന്നു. എളുകാത്ത വസ്തുവിനെ സംബന്ധിച്ചുള്ള ഒരു വ്യവഹാരത്തിൽ മാത്രമെ ആ വക ആധാരം തെളിവിൽ സ്വീകരിപ്പാൻ പാടില്ലാതെ വരികയുള്ളൂ.

ഇത ൧൮൭-ൽ ൧൬൨൮-ാം നമ്പ്ര വ്യവഹാരകാൎയ്യത്തിൽ മധുര ആക്ടിങ്ങ സ്മാൽകൊസ ജസ്ലി വാല്ലെസ സായ്പ ഹൈകൊൎട്ടിൽ സംശയം ചൊദിച്ച ഒരു കാൎയ്യമാകുന്നു. ൧൮൬൮ അക്ടൊബർ ൧൦-ാം൹-യത്തെ ഒരു ആധാരം വക മുതൽ ൨൧൨൮- ക. ൧൦- ണ. ൨. സ്സ വാങ്ങി കൊടുപ്പാൻ അന്യായക്കാരൻ വ്യവഹാരപ്പെട്ടു. ആധാരത്തിൽ എളുകാത്ത വസ്തു പണയം കാണിച്ചിരിക്കകൊണ്ടു ആയ്യ റജിസ്ത്ര ചെയ്യെണ്ടതായിരുന്നു എന്നും റജിസ്ത്രാക്കീട്ടില്ലാത്ത ഒരു ആധാരമാകകൊണ്ടു ആയ്യ തെളിവിൽ സ്വീകരിപ്പാൻ പാടില്ലെന്നും പ്രതിക്കാരൻ ആക്ഷെപിക്കുകയും ഹൈകൊൎട്ട വിധി ൪-ാം ബുക്ക ൧൬൨-ാം ഭാഗത്ത ചെൎത്തിരിക്കുന്ന വിധി എടുത്ത കാണിക്കുകയും ചെയ്തിരിക്കുന്നു. ൧൮൬൪-ൽ ൨൦-ാം നമ്പ്രാക്ടിന്റെ ൪൯-ാം വകുപ്പ ൩-ാം ഖണ്ഡത്താൽ എളുകാത്ത വസ്തു

വിനെ പററിയുള്ള ഒരു അവകാശം തക്കത്തിൽ പെട്ടുവരുന്ന ഒരു വ്യവഹാരത്തിൽ മാത്രമെ ൟ വക ആധാരം തെളിവായി എടുപ്പാൻ വിരൊധിക്കപ്പെട്ടിട്ടുള്ളു എന്നും മുതൽ വാങ്ങിയിരിക്കുന്നു എന്നുള്ളതിനെ തെളിയിപ്പാൻ മാത്രമായി ൟ വക ആധാരം തെളിവിൽ എടുപ്പാൻ വിരൊധമില്ലെന്നും ആണ നമ്മുടെ അഭിപ്രായം. അതുകൊണ്ടു മുതൽ കൊടുത്തതിനെ തെളിയിപ്പാനായി ൟ ആധാരം തെളിവിൽ സ്വീകരിപ്പാൻ പാടുണ്ടൊ എന്ന ജഡ്ജി സംശയം ചൊദിച്ചു.

## വിധിന്യായം.

മെപ്പടി വ്യവഹാരത്തിലെ ആധാരം മുതൽ വാങ്ങിയ്യിന്റെ ഒരു തെളിവായി സ്വീകരിക്കാമൊ എന്നാണ മുൻസിപ്പ സംശയം ചൊദിച്ചിരിക്കുന്നത. ൧൲-ൽ ൮-ാം നമ്പ്രാക്ടിന്റെ ൫൯-ാം വകുപ്പിലെ വാചകം നൊക്കുമ്പൊൾ കടംവാങ്ങ്യ ആധാരം റജിസ്ത്ര ചെയ്യിട്ടില്ലെങ്കിലും ആയ്യ എഴുതികൊടുത്തയാളൊട അതിലെ മുതൽ കയ്യാൽ വാങ്ങികൊടുപ്പാൻ ബൊധിപ്പിക്കുന്ന ഒരു വ്യവഹാരത്തിൽ ആയാധാരം തെളിവിൽ സ്വീകരിക്കെണ്ടതാണെന്നും എളുകാത്ത വസ്തുവിനെ സംബന്ധിച്ച ഒരു എടപാടിന്റെ തെളിവിലെക്കായി ആയാധാരം ഹാജരാക്കുമ്പൊൾ മാത്രമെ ആയ്യ സ്വീകരിപ്പാൻ പാടില്ലാതെ വരികയുള്ളു എന്നും മൊർഗ്ഗൻ, ഹൊലൊവെയി. ൟ ജഡ്ജിമാര കല്പിച്ചു. ൧൰ നവെംബർ ൨൫-

(മെപ്പടി ൨൯൩-ാം ഭാഗം.)

### ൧൰-ൽ റിഫ്രെഡകെസ ൫൨.

ചൊദിക്കുമ്പോൾ കൊടുപ്പാൻ നിശ്ചയിച്ച ൩൨ ജൂലായി മാസത്തിൽ എഴുതി കൊടുത്ത ഒരു ആധാരം വക മുതൽ വാങ്ങി കൊടുപ്പാൻ ൧൰ ആഗസ്തുമാസത്തിൽ വ്യവഹാരപ്പെട്ടു. ൧൲, മെയി, ൧൨ സത്തെമ്പ്ര, ൧൰- മെയി ഇങ്ങിനെ മൂന്ന പ്രാവശ്യം മുതൽ ചൊദിച്ചിരിക്കുന്നു. ആധാരം എഴുതികൊടുത്ത കാലത്ത നടപ്പുണ്ടായിരുന്ന നിയമപ്രകാരം ൩൨ ജൂലായി മാസത്തിൽ വ്യവഹാര കാരണം ഉത്ഭവിക്കുകയും പഴയതും പുതിയതും ആയ നിയമപ്രകാരം ൧൲ ജൂലായി മാസത്തിൽ വ്യവഹാരത്തിന്ന കാലഹരണം ബാധിക്കുകയും ചെയ്യിരിക്കുന്നു. കാലഹരണം ഉണ്ടാവാനായിട്ട ഒരിക്കൽ ആരംഭിച്ചു പെ

യാൽ പിന്നെ അതിന്നെ നിൎത്തൽ ചെയ്യാനാകട്ടെ തടസ്ഥപ്പെടുത്തുവാനാകട്ടെ പാടില്ലെന്നാണ പഴയതും പുതിയതും ആയ നിയമത്തിലെ പ്രമാണം. ൧൮൬൨ൽ മുതൽ ചൊദിച്ചിരിക്കുന്നു എന്ന പറയുന്നതുകൊണ്ട യാതൊരു ഫലവും ഉണ്ടാകുന്നതല്ല.

ഇത ൧൮൭൩ൽ ൪൬൧-ാം നമ്പ്ര വ്യവഹാരത്തിൽ പലെ മനെയാര മുനിസിപ്പ ഹൈകൊൎട്ടിൽ സംശയം ചൊദിച്ച ഒരു കാൎയ്യമാകുന്നു. മുനിസിപ്പ ഠരം തഴെ പറയുന്ന സംഗതിയാണ ചൊദിച്ചത. ൨൦ ഉറുപ്പികെക്ക ൧൮൬൯- ജൂലായി ൨൧-ാംനു- അന്ന്യായക്കാരന പ്രതി എഴുതികൊടുത്ത ആധാരം വക മുതൽ പലിശ കൂടിയ ൩൨ ഉറുപ്പിക വാങ്ങി കൊടുപ്പാൻ വ്യവഹാരം. മുതൽ ചൊദിക്കുമ്പൊൾ നൂറുറുക്ക ഒന്ന പലിശയൊട്ട കൂടി കൊടുപ്പാനായി ആധാരത്തിൽ നിയമിച്ചിരിക്കുന്നു. ൧൮൭൩ ആഗസ്ത ൫-ാംനു- അന്ന്യായം ബൊധിപ്പിച്ചു. മൂന്ന കൊല്ലത്തിന്നുള്ളിൽ പലെ പ്രാവശ്യവും പ്രതിയൊട മുതൽ ചൊദിച്ചിരിക്കുന്ന അവസ്ഥയെ തെളിയിപ്പാനായി അന്ന്യായവക്കീൽ സാക്ഷികളെ ഹാജരാക്കുകയും ചെയ്യിരിക്കുന്നു. ഒടുവിൽ ചൊദിച്ച തീയ്യതി മുതല്ക്കാണ കാലഹരണം ആരംഭിക്കുന്നത എന്ന അന്ന്യായവക്കീൽ വാദിക്കുകയും ൧൮൫൯ൽ ൧൪-ാം നമ്പ്രാക്ടിന്റെ ൨-ാം പട്ടിക ൧൬-ാം വകുപ്പ എടുത്ത കാണിക്കുകയും ചെയ്യിരിക്കുന്നു. ഠരം കാൎയ്യത്തിൽ വക്കീലിന്റെ വാദത്തൊട്ട കൂടി നമുക്ക യൊജിപ്പാൻ പാടില്ല. അന്ന്യായപ്പെട്ട ആധാരം എഴുതിയ തീയ്യതിക്ക നടപ്പുണ്ടായിരുന്ന കാലഹരണന്നിയമം ൧൮ൽ ൪൫-ാം നമ്പ്രാക്ടാകുന്നു. ആ നിയമത്തിന്റെ ൪-ാം വകുപ്പ ൯൦-ാം ഖണ്ഡത്തിൽ ഠരം ആധാരം ഉൾപ്പെട്ടുവരികയും ചെയ്യിരിക്കുന്നു. മെപ്പടി നിയമത്തിന്റെ ൫-ാം വകുപ്പിലെ താല്പൎയ്യപ്രകാരമുള്ള യാതൊരു രെഖാമൂലമായ സമ്മതവും ഇല്ലാതെയിരിക്കുന്ന സ്ഥിതിക്ക ൩ കൊല്ലത്തെ അവധി ൧൮൬൯- ജൂലായി ൨൧-ാംനു- മുതല്ക്ക കണക്കാക്കെണ്ടതാകുന്നു. ആയവധി ൧൮൭൨- ജൂലായി ൨൧-ാംനു-ക്ക അവസാനിക്കുകയും ചെയ്യിരിക്കുന്നു. പുതിയ കാലഹരണ നിയമത്തിന്റെ ൨-ാം പട്ടിക ൧൬-ാം വകുപ്പ ഠരം ആധാരത്തിന്റെ കാൎയ്യത്തിലെക്ക സംബന്ധിക്കുമൊ എന്നാണ ഠരം കാൎയ്യത്തിൽ തീൎച്ചവരുത്തെണ്ടത.

# വിധിന്യായം.

൯വ്വ- ജൂലായി മാസത്തിലെ ഒരു ആധാരം വക മുതൽ വാങ്ങികൊടുപ്പാൻ ൭൩-ൽ വ്യവഹാരപ്പെട്ടിരിക്കുന്നു. ൭൩ എപ്രെൽ ൧-ാംനു-വരെക്ക പ്രബലപ്പെട്ടിരുന്ന കാലഹരണ നിയമം ൫൯-ൽ ൧൪-ാം നമ്പ്രാക്കായിരുന്നു. ആ നിയമപ്രകാരം വ്യവഹാരകാരണം ൯വ്വ ജൂലായി ൨൩-ാംനു- ആരംഭിക്കുകയും പഴയതും പുതിയതും ആയ നിയമങ്ങളാൽ ൭൧- ജൂലായി ൯-ാംനു- ൦രം വ്യവഹാരം തടസ്ഥപ്പെട്ടു പൊകയും ചെയ്തിരിക്കുന്നു. കാലഹരണം ഉണ്ടാവാനായിട്ടു ഒരിക്കൽ ആരംഭിച്ചുപൊയാൽ പിന്നെ അതിനെ നിൎത്തൽ ചെയ്യാനായിട്ടു പാടില്ലെന്നാണ പഴയതും പുതിയതും ആയ പ്രമാണത്തിൽ കല്പിച്ചിട്ടുള്ളത. ൭൧-ൽ ചൊദിച്ചിട്ടുണ്ടെന്ന പറയുന്നതകൊണ്ട യാതൊരു ഫലവും ഉണ്ടാകുന്നതല്ല. പുതിയ കാലഹരണനിയമപ്രകാരം ൦രം വക ആധാരങ്ങൾക്ക വ്യവഹാരകാരണം ഉത്ഭവിക്കുന്നത ചൊദിക്കുന്ന തീയ്യതി മുതല്ക്കല്ലാതെ ആധാരം എഴുതികൊടുക്കുന്ന തീയ്യതി മുതല്ക്കല്ല. ഇത ഓസ്റ്റിൻ എന്നയാളുടെ തെററായ അഭിപ്രായത്തെ അനുസരിച്ച നിബന്ധനസഭക്കാര പ്രവൃത്തിച്ചിട്ടുള്ളതാണെന്ന മുമ്പെ ഒരു വിധിയിൽ നാം പ്രസ്ഥാപിച്ചിട്ടുണ്ടല്ലൊ. മുമ്പെ തന്നെ ഉത്ഭവിച്ചതായ ഒരു വ്യവഹാരകാരണത്തെയും വ്യവസ്ഥ പ്രമാണത്തെയും ഇല്ലാതെയാക്കുന്നത മെൽ എടുത്ത കാണിച്ച ശാസ്ത്രനിബന്ധനകളെ ലംഘിക്കുന്നതായി വരികയെയുള്ളു- ചൊദിച്ചു എന്നുള്ള സംഗതിയിന്മെൽ ഒരു പുതിയ കാലഹരണ അവധി വകവെച്ചു കൊടുക്കുന്നത പഴയതും പുതിയതുമായ കാലകരണനിയമത്തിൽ കല്പിച്ചിട്ടില്ലാത്ത ഒരു പ്രവൃത്തി ചെയ്വാൻ അധികാരം കൊടുക്കുന്നതായി വരികയും ചെയ്യും. നിയമത്തിൽ കല്പിച്ചിട്ടില്ലാത്ത വല്ല വിധത്തിലും ഒരു കാലഹരണ അവധിയെ തടസ്ഥപ്പെടുത്തുന്നത എല്ലാ കാലഹരണനിയമങ്ങളിലെയും പ്രമാണങ്ങളെയും ൯-ാം വകുപ്പിലെ പ്രത്യെക നിബന്ധനയെയും ലംഘിക്കുന്നതായി വരും- ൦രം വ്യവഹാരത്തിന്ന കാലഹരണമുണ്ടെന്നുള്ളതിലെക്ക നമുക്ക യാതൊരു സംശയവും ഇല്ല. എന്ന മൊഗ്ഗൻ, ഹൊലൊവെയി, ൦രം ജഡ്ജിമാര കല്പിച്ചു. ൭൪ ജനവരി ൨൪- (മെപ്പടി. ൨൯വ്വ-ാം ഭാഗം.)

൭൨-ൽ ക്രമയാപ്പീൽ ൯൦

തന്നെ ദത്തെടുത്ത അച്ഛന്റെ വക മുതലുകൾ വാങ്ങികൊടുപ്പാൻ ദത്ത പുത്രന്റെ സ്ഥിതിയിൽ അന്യായക്കാരൻ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ മരിച്ചുപൊയവന്റെ വിധവെക്ക അവളുടെ ഭൎത്താവ കൊടുത്ത രെഖാമൂലമായ അധികാരപ്രകാരവും ദത്ത പിതാവിന്റെ സപിണ്ഡന്മാരുടെ സമ്മതത്തൊടുകൂടിയും തന്നെ ദത്തെടുത്തിരിക്കുന്നതാണെന്ന അന്യായക്കാരൻ വാദിച്ചു. രണ്ട സപിണ്ഡന്മാരുണ്ടായിരുന്നതിൽ.ഒരുവൻ ദത്തിന്ന സമ്മതംകൊടുക്കയും ഏററവും അടുത്ത സപിണ്ഡനായ പ്രതി സമ്മതം കൊടുത്തിട്ടില്ലെന്ന വാദിക്കുകയും ചെയ്തു. രെഖാമൂലമായ അധികാരപത്രത്തെ കുറിച്ച ഡിസ്ത്രിക്ട ജഡ്ജിക്ക സംശയം തൊന്നുകയും ഒരാളുടെ സമ്മതം ദത്തിനെ പ്രബലപ്പെടുത്തുവാൻ മതിയായിട്ടുള്ളതല്ലെന്ന അഭിപ്രായപ്പെടുകയും ചെയ്തുകൊണ്ട അദ്ദെഹം അന്യായം നീക്കി വിധിച്ചു. അപ്പീലിൽ അധികാരപത്രം തെളിവിനാൽ മതിയാകുംവണ്ണംസ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും രണ്ട സപിണ്ഡന്മാരിൽ ഒരുവന്റെ സമ്മതം മതിയായിട്ടുള്ളതാണെന്നും ഹൊലൊവെയി, കിണ്ടർസലി, ൟ ജഡ്ജിമാര കല്പിച്ചു. ൭൩ മാൎച്ച ൧൩ (മെപ്പടി ൯൦൧-ാം ഭാഗം.)

൭൨-ൽ ക്രമയാപ്പീൽ ൯൫, ൧൨൩.

പ്രതിയുടെ കൈവശമിരിക്കുന്ന ആറ ദെശങ്ങളെ ക്ഷെത്രം വകെക്ക ഒഴിപ്പിച്ചുകൊടുപ്പാനും പ്രതിയുടെ അവകാശം ഏതിന്മെൽ ആസ്പദമാക്കിയിരിക്കുന്നുവൊ ആ പണ്ടത്തെ ചാൎത്താധാരമെന്ന പറയുന്ന ചെമ്പതകിടിന്മെലുള്ള സന്നദ നിൎമ്മാണമെന്ന കല്പിച്ച ഒരു വിധി കൊടുപ്പാനും വെണ്ടി ക്ഷെത്രം വക ഊരാളന്മാര വ്യവഹാരപ്പെട്ടു. മെപ്പടി ദെശങ്ങൾ ക്ഷെത്രം വകയാണെന്നും പ്രതിക്ക അതുകളിന്മെൽ യാതൊരു അവകാശവും ഇല്ലെന്നും എന്നാൽ മെപ്പടി ദെശങ്ങളെ ൧൮൦൨-ൽ റവന്യൂബൊൎഡകാരുടെ കല്പനെക്ക പ്രതിയെ ന്യായമായി ഏല്പിച്ചിട്ടുള്ള സ്ഥിതിക്ക പ്രതിയുടെ ജീവാവസാനംവരെ അതുകളെ കൈവശം വെപ്പാനുള്ള അവകാശം അവന്നുണ്ടെന്നും പ്രതിയുടെ മരണശെ

ഷം ഊരാളന്മാരുടെ സ്ഥിതിയിൽ അന്ന്യായക്കാൎക്ക അതുകളി ന്മെൽ അവകാശം സിദ്ധിക്കെണ്ടതാണെന്നും ഡിസ്ത്രിക്ട ജഡ്ജി അഭിപ്രായപ്പെട്ട ഒരു വിധി കല്പിച്ചു. ആ വിധിമെൽ നിന്ന തനിക്കുള്ള അവകാശത്തെ പററി പ്രതിയും മെപ്പടി ദെശങ്ങളിന്മെൽ ഉടനെ കൈവശം സിദ്ധിപ്പാൻ അന്ന്യാ യക്കാരന അവകാശമില്ലെന്ന കല്പിച്ച ആ ഭാഗത്തെ വിധി മെൽനിന്ന അന്ന്യായക്കാരനും അപ്പീലുകൾ ബൊധിപ്പിച്ചു. മെപ്പടി ദെശങ്ങൾ നൊക്കി നടത്താനുള്ള അവകാശം പ്ര തിക്കില്ലെങ്കിൽ ആയവകാശം ക്ഷെത്രത്തിലെക്ക ഇരിക്കെ ണ്ടതാണെന്നും പ്രതിക്ക ആ ദെശങ്ങളിന്മെൽ യാതൊരു അവകാശവും ഇല്ലെന്ന വെടിപ്പായി തെളിഞ്ഞിട്ടുണ്ടെന്നും ക്ഷെത്രം ഊരാളനായ അന്ന്യായക്കാരന മെപ്പടി ഭൂമികൾ കൈവശംവെച്ച നൊക്കി നടത്തുവാൻ അവകാശമുണ്ടെ ന്നും ൧൮൪൭-ലെ റവന്യൂബൊൎഡകാരുടെ കല്പനെക്ക ഭൂമികൾ പ്രതിക്ക കൈവശം കൊടുത്തിരിക്കുന്നത നിമിത്തം പ്രതിയു ടെ ജീവകാലത്ത ആ ഭൂമികൾ ഒഴിപ്പിച്ചുവാങ്ങുവാൻ അ ന്ന്യായക്കാരൻ തടസ്ഥപ്പെട്ടിരിക്കുന്നുവൊ എന്നുള്ള സംഗ തിയെ പററി ഗവൎമ്മെണ്ടിന ആ ഭൂമികളിന്മെൽ ഉണ്ടായി രുന്നതിലും അധികം സാധുവായും ബലപ്പെട്ടതായും ഉള്ള അവകാശത്തെ പ്രതിക്ക ഉണ്ടാക്കികൊടുപ്പാൻ അവൎക്ക അ ധികാരമുണ്ടായിരുന്നില്ലെന്നും ആ വസ്തുക്കളിന്മെലുള്ള കൈ വശവും കൈകാൎയ്യകൎത്തൃത്വവും ഗവൎമ്മെണ്ടിനുണ്ടായിരുന്ന ത അതിന്റെ ശെഷം പ്രതിയെ അവര എല്പിച്ചതാണെ ന്നും അപ്രകാരം ചെയ്യുതിനാൽ ൧൭-ൽ ൭-ാം കാനൊൻപ്ര കാരം അവർ വഹിച്ചിരുന്ന അധികാരത്തെ ഒഴിഞ്ഞുതല്ലാ തെ ആ കാനൊൻപ്രകാരം പ്രതിയെ മാനെജരാക്കി നിശ്ച യിച്ചിട്ടില്ലെന്നും ൩൦ം വ്യവഹാരത്തിൽ ഉൾപ്പെട്ടതായ എതാ നും ദെശങ്ങളിന്മെൽ തനിക്കുള്ള ഓഹരി വാങ്ങി കൊടുപ്പാ ൻ മുമ്പെത്തെ മാനെജരുടെ ജെഷ്ഠാനുജമക്കളിൽ ഒരുവൻ വ്യവഹാരപ്പെടുകയും മാനെജര, മാനെജര എന്നല്ലാതെ ഉട മസ്ഥനല്ലെന്ന വിധി ഉണ്ടാകയും ചെയ്യുതായ ൧൮൫൯ൽലെ ൧൭-ാം നമ്പ്ര വ്യവഹാരത്തിലുണ്ടായ വിധിപരസ്യമായ ഒ രു അവകാശത്തിന്റെ സംഗതിയെ പററി ഉണ്ടായ ഒരു വിധിയാകകൊണ്ട പ്രതിയുടെ മെൽ ആ വിധി തെളിവാ യി സ്വീകരിക്കാവുന്നതാണെന്നും, ഇന്നീസ ജഡ്ജിയും, ഇ ന്നീസ ജഡ്ജിയുടെ വിധിയുമായി നാം സാധാരണയായി

യൊജിക്കുന്നുണ്ടെങ്കിലും പൊതുവായ ഒരു അവകാശത്തിന്റെ കാൎയ്യത്തിൽ ഉണ്ടായ ൭൮൭൯-ലെ ൭൧-ാം നമ്പ്ര വിധി ഒരു അന്യന്റെ മെൽ മതിയായ തെളിവായി വരുമൊ എന്നുള്ള കാൎയ്യം നമുക്കു സംശയമായിരിക്കുന്നു എന്ന, കിണ്ടർസലി ജഡ്ജിയും കല്പിച്ചു. ൧൩ നവെംബർ ൭൦ (മെപ്പടി ൩൦൬-ാം ഭാഗം.)

## ൧൨-ൽ ക്രമയാപ്പീൽ ൭൩൭.

൬൫-ൽ ൮-ാം നമ്പ്ര ആക്ടിന്റെ ൧-ാം വകുപ്പിൽ കല്പിച്ചിരിക്കുന്നപ്രകാരം ജന്മിയും കുടിയാനും തമ്മിൽ പട്ടയങ്ങളും മുച്ചിലിക്കകളും എഴുതി മാറുകയെങ്കിലും ആ വകുപ്പിൽ പറഞ്ഞിരിക്കുന്ന വെറെ വല്ല നിശ്ചയങ്ങളിൻപ്രകാരം അനുസരിച്ചു നടക്കുകയെങ്കിലും ചെയ്യെങ്കിൽ അല്ലാതെ ആയാക്ടിന്റെ ൩-ാം വകുപ്പിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഭൂമി ഉടമസ്ഥന്മാൎക്കു പാട്ടം വസൂലാക്കാനുള്ള വ്യവഹാരങ്ങൾ സിവിൽ കൊടതികളിൽ ബൊധിപ്പിപ്പാൻ പാടില്ലെന്ന, മൊൎഗ്ഗൻ, ഹൊലൊവെയി, ഇന്നീസ, കിണ്ടർസലി, ഠരം ജഡ്ജിമാര കല്പിച്ചു. ൧൪ ഫെബ്രുവരി ൭൬ (മെപ്പടി ൩൭൨-ാംഭാഗം.)

## ൧൩-ൽ ക്രമയാപ്പീൽ ൭൭൯.

മധുരജില്ലയിലെ സ്പെൎഷകൊസ ജഡ്ജി കൊല്ലത്തിൽ ഒരു പ്രാവശ്യം ഡിണ്ഡിഗ്ഗാൽ എന്ന സ്ഥലത്ത തന്റെ ഉദ്യൊഗസംബന്ധമായ പ്രവൃത്തി നടത്താൻ വെണ്ടി പൊകയും ഓരൊരൊ കൊല്ലത്തിൽ ൩൦-ൽ അധികം ദിവസങ്ങൾ അവിടെ താമസിക്കുകയും തന്റെ സ്വന്തം വണ്ടിയും കുതിരയും കൂടി അവിടെകൊണ്ടുപൊയി സവാരി ചെയ്കയും ചെയ്യുവന്നു. താൻ എവിടെ സ്ഥിരവാസം ചെയ്തിരുന്നുവൊ ആ മധുരജില്ലയിലെ മ്യൂനിസിപ്പാൻ മിക്ക്യനരന്മാര നിയമപ്രകാരം തന്റെ മെൽ കെട്ടുന്ന നികുതി അവിടെ ക്രമമായി അടെച്ചുവരികയും ചെയ്യുവന്നു. ആ വണ്ടിക്കും കുതിരകൾക്കും ഉള്ള മ്യൂനിസിപ്പാൽ നികുതി പ്രതിയൊട വസൂലാക്കാൻ ഡിണ്ഡിഗ്ഗാലിലെ മ്യൂനിസിപ്പൽക്കാര ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ പ്രതി അവിടെ നികുതി കൊടുപ്പാൻ ആവശ്യമില്ലെന്ന ഹൈകൊൎട്ട കല്പിച്ചു.

ഇത ൧൩-ൽ ൭൩-ാം നമ്പ്ര വ്യവഹാരത്തിൽ മധുര ഡിസ്ത്രിക്ട ജഡ്ജി ഹച്ചിൻസ സായ്പ കല്പിച്ച വിധിമെൽനിന്ന

ബൊധിപ്പിച്ച ഒരു ക്രമയാപ്പീലാകുന്നു. അന്യായക്കാരൻ ഡിന്ദിഗ്ഗാലിലെ മ്യൂനിസിപ്പാൽ പ്രസിഡെണ്ടും പ്രതി മധുരസ്മൊൽകൊസ ജഡ്ജിയും ആകുന്നു. തന്റെ പ്രവൃത്തി നടത്തുന്ന വകെക്ക ൧൮൬, ൧൮൭ ൰ം കൊല്ലങ്ങളിലെ ഫെബ്രുവരി, മാച്ച, ൰ം മാസങ്ങളിൽ പ്രതി ഡിന്ദിഗ്ഗാലിൽ വന്നുതാമസിക്കെണ്ടിവന്നു. ഏതിന്മെലുള്ള നികുതി വസൂലാക്കാൻ അന്യായക്കാരൻ ഇപ്പൊൾ ശ്രമിക്കുന്നുവൊ ആ വണ്ടിയും കുതിരകളും ഡിന്ദിഗ്ഗാലിൽ കൊണ്ടുപൊയി വെച്ചിട്ടുണ്ടെന്ന പ്രതിതാൻ തന്നെ സമ്മതിക്കുകയും ചെയ്യുന്നു. മുമ്പെത്തെ മ്യൂനിസിപ്പാൽ ആക്ടപ്രകാരം ൰ം വക നികുതി ജപ്തി ചെയ്തു വസൂലാക്കാൻ കമ്മിഷ്യനരന്മാൎക്ക അധികാരമുണ്ടായിരുന്നു എങ്കിലും ആയാക്ടിന്റെ ൫൪-ാം വകുപ്പുപ്രകാരം ജപ്തിക്ക പകരം അവൎക്ക മനസ്സുണ്ടെങ്കിൽ വ്യവഹാരപ്പെട്ടു വാങ്ങുവാനും അധികാരമുണ്ടായിരുന്നു. ൰ം വണ്ടികൾക്കും കുതിരകൾക്കും മധുരയിൽ പ്രതി മ്യൂനിസിപ്പാൽ നികുതി അടെച്ചുവരുന്നതുകൊണ്ടു രണ്ടു ദിക്കിലും നികുതി വസൂലാക്കാൻ ന്യായമില്ലെന്ന പ്രതിവക്കീൽ വാദിച്ചിരിക്കുന്നു. തന്റെ കുതിരകളെയും വണ്ടിയും മുപ്പത ദിവസങ്ങളിൽ അധികം കാലത്തെക്ക ഡിന്ദിഗ്ഗാൽ മ്യൂനിസിപ്പാൽ അതിൎക്കകെത്ത സൂക്ഷിച്ചിട്ടുള്ള അവസ്ഥെക്ക അന്യായപ്പെട്ട നികുതി അടെപ്പാൻ അദ്ദെഹം ബാദ്ധ്യസ്ഥനാണെന്ന അഭിപ്രായപ്പെട്ടു ഡിസ്ത്രീക്ട ജഡ്ജി അന്യായപ്രകാരം ഒരു വിധികൊടുത്തു-പ്രതി മെപ്പടി അപ്പീൽ ബൊധിപ്പിച്ചു.

## വിധിന്യായം.

ഡിസ്ത്രീക്ട ജഡ്ജിയുടെ വിധി സ്ഥാപിപ്പാൻ പാടില്ലെന്നാണ നമ്മുടെ അഭിപ്രായം. സ്ഥിരവാസികളൊട ൰ം വക നികുതി വസൂലാക്കാനല്ലാതെ ഒരു മ്യൂനിസിപ്പാൽ അതിൎക്കകത്ത തല്ക്കാലത്തെക്ക ചെന്നു പാൎക്കുന്നവര തങ്ങളുടെ സ്വന്തം വണ്ടിയും കുതിരകളും ഉപയൊഗപ്പെടുത്തുന്ന വകെക്ക അവരൊട ൰ം നികുതി വസൂലാക്കുന്നത ക്രമതെറ്റാണെന്നാണ നിയമംകൊണ്ടു നമുക്ക കാണപ്പെടുന്നത. ൰ം നികുതി കൊല്ലത്തിൽ രണ്ടു അവധിയായി വസൂലാക്കെണ്ടതായ ഒന്നാകുന്നു. വണ്ടിയുടെയൊ മൃഗങ്ങളുടെയൊ ഉടമസ്ഥന്മാര അതാത കൊല്ലം മെയി ൧-ാം തീയ്യതിക്കും ന

വെംബർ ൧-ാംനു-ക്കും മുമ്പായി അവരുടെ കൈവശമുള്ള വ ണ്ടികളുടെയൊ മൃഗങ്ങളുടെയൊ ഒരു കണക്കുണ്ടാക്കി അ തിൽ ഒപ്പിട്ടു കമ്മിഷ്യനരന്മാരുടെ ആപ്പീസ്സിലെക്ക അ യക്കുകയും അപ്പൊൾ തന്നെ ആറാമത്തെ നികുതി എത്തി ച്ചുകൊടുക്കുകയും ചെയ്യെണ്ടതാകുന്നു. എന്നു മാത്രമല്ല മെ യി ൧-ാംനു-ക്കും അക്ടൊബർ ൩൧-ാംനു-ക്കും എടയിൽ വല്ല കുതിരയൊ വണ്ടിയൊ ആരുടെ എങ്കിലും കൈവശം വ ന്നാൽ പതിനഞ്ചു തീയ്യതിക്കകത്തു ആ വിവരം മൂനിസിപ്പാ ൽ കമ്മിഷ്യനരന്മാൎക്ക അറിവു കൊടുക്കുകയും ആ ആറ മാ സത്തെക്കുള്ള മുഴുവൻ നികുതി അടെക്കുകയും ചെയ്യെണ്ട താണെന്നും ൬൫-ൽ ൧-ാം നമ്പ്രാക്ടിന്റെ ൫൭-ാം വകുപ്പിൽ നിയമിച്ചിട്ടുണ്ടു. ഈ നിയമം പ്രതിയുടെ സ്ഥിതിയിലുള്ള ആളുകൾക്ക സംബന്ധിക്കുകയില്ല. തന്റെ ഉദ്യൊഗസംബ ന്ധമായ പ്രവൃത്തി നടത്താൻ വെണ്ടി ഏതാനും ആഴ്ചെ ക്ക ഡിണ്ടിഗ്ഗാലിൽ ചെന്നു പാൎത്ത സമയം തന്റെ സ്വന്തം ഉപയൊഗത്തിന്നായി തന്റെ വക വണ്ടിയും കുതിരകളും കൊണ്ടുപൊയ പ്രതിയുടെ മെൽ മെപ്പടി നിയമം നടത്തു വാൻ പാടുള്ളതുമല്ല. മെപ്പടി ൫൭-ാം വകുപ്പിലെ ആദ്യത്തെ ഭാഗം അദ്ദെഹത്തിന്റെ കാൎയ്യത്തിൽ സംബന്ധിക്കുകയില്ലെ ന്നു മാത്രമല്ല. ൧൮ നവെംബർ ൧-ാംനു-ക്കും ൧൯ എപ്രെൽ ൩൦-ാംനു-ക്കും മദ്ധ്യെ വണ്ടിയും കുതിരകളും കയ്യുശം വന്ന ഒരാളായി അദ്ദെഹത്തിനെ വിചാരിപ്പാൻ പാടുള്ളതും അല്ല. അതുകൊണ്ടു ൧൮-ൽ ൩-ാം നമ്പ്രാക്ടിന്റെ ൬൫-ാം വകുപ്പി ലെ ക്ലിപ്തം കൊണ്ടു ആറ മാസത്തിന്നുള്ളിൽ ൩൦ ദിവസ ങ്ങളിൽ അധികം വരാത്ത ഒരു കാലത്തെക്ക വണ്ടികളും കു തിരകളും കൈവശം വന്നിട്ടുള്ള ആളുകളൊട നികുതി വസൂ ലാക്കാനും നികുതി കെട്ടീട്ടില്ലാത്ത ആളുകളൊട ഈ വക നി കുതി വസൂലാക്കാനും പാടുള്ളതും അല്ല. അതുകൊണ്ടു ഡി സ്ത്രീക്ടു ജഡ്ജിയുടെ വിധി മാററി അന്യായം നിക്കി വിധിച്ചി രിക്കുന്നു എന്നു ചീഫ ജസ്റ്റീസ, മൊഗ്ഗൻ ജഡ്ജിയും, ഒരു മൂ നിസീപ്പാൽ അതിൎക്കകത്തു ഒരു മാസത്തെക്ക വണ്ടിയും കു തിരകളും വെക്കുന്നവരൊടു നികുതി വസൂലാക്കാൻ നിബ ന്ധന സഭക്കാര വിചാരിച്ചിട്ടുണ്ടായിരുന്നെങ്കിൽ അവർ അപ്രകാരം കല്പിക്കുന്നതായിരുന്നു എന്നും ഈ വ്യവഹാര ത്തിലെ സകല ചിലവുകളും മൂനിസീപ്പാൽ കമ്മിഷ്യനര ന്മാരുടെ മെൽ ചുമത്തി അന്യായം നിക്കി വിധിക്കുന്ന കാ

യ്യത്തിൽ നാമം യൊജിക്കുന്നു എന്നും ഹൊലൊവെയി ജഡ്ജിയും കല്പിച്ചു. ൧൮. മാൎച്ച ൨൮. (മേപ്പടി ൩൩൩-ാം ഭാഗം.)

## ൧൩-ൽ ൮൩-ം ൮൮-ം നമ്പ്ര ക്രിമിനാൽ ആപ്പീൽ.

മജിസ്ത്രേട്ട പ്രതികളെ എത വകുപ്പ പ്രകാരം ശിക്ഷിച്ചുവൊ ആ വകുപ്പ വിട്ട വെറെ ഒരു വകുപ്പ പ്രകാരം ആപ്പീലിൽ സെഷൻ ജഡ്ജിക്ക പ്രതികളെ ശിക്ഷിക്കാമായിരുന്ന കാൎയ്യത്തിൽ അപ്രകാരം ചെയ്യുന്നതിന്ന പകരം അദ്ദേഹം പ്രതികളെ വിട്ടയച്ചിരിക്കുന്നു. ഗവൎമ്മെണ്ട മുഖാന്തരം ബൊധിപ്പിച്ച ആപ്പീലിൽ ൟ കാൎയ്യം ഹൈകൊടതി പ്രവെശിക്കത്തക്കതായ ഒന്നല്ലെന്ന കല്പിച്ചു.

൧൩-ൽ കലെണ്ടര ൫൫-ം ൫൧-ം നമ്പ്ര കാൎയ്യങ്ങളിൽ തെക്കെ കന്നടഹെഡ അസിസ്റ്റാണ്ട മജിസ്ത്രേട്ടിന്റെ തീൎപ്പുകളെ മാററി ൧൩-ൽ ൭-ം, ൻ-ം, നമ്പ്ര ക്രിമിനാൽ ആപ്പീൽ കാൎയ്യങ്ങളിൽ തെക്കെ കന്നടസെഷൻ ജഡ്ജി പ്രതികളെ വിട്ടയച്ച കാൎയ്യത്തിൽ ഉണ്ടായ തീൎപ്പുകളിന്മെൽ നിന്ന ക്രിമിനാൽ പ്രൊസീഡ്യൂർ കൊഡിന്റെ ൨൧൫-ാം വകുപ്പ പ്രകാരം ബൊധിപ്പിച്ച ആപ്പീലുകളാകുന്നു ഇത. ബ്രിട്ടീഷ ഇന്ത്യയിൽ നിയമത്തിന്ന വിരൊധമായി ഉപ്പ എറക്കിയ കുററത്തിന്മെൽ പ്രതികളെ പിടിച്ചിട്ടുണ്ടായിരുന്നു. ഇത ൬൩ൽ ൬-ാം നമ്പ്രാക്ടിന്റെ ൨൮-ാം വകുപ്പപ്രകാരം ശിക്ഷിക്കത്തക്ക ഒരു കുററമായിരുന്നു. പ്രതികളിൽ ഒരുവന്റെ വക ഒരു ഉരുവിൽ ഉപ്പ കയററി ഒരു തുറമുഖം ഉണ്ടായിരുന്നില്ലാത്ത തെക്കെ കന്നട രാജ്യത്തെ ഹ്രഡി എന്ന സ്ഥലത്ത കൊണ്ടുചെന്ന എതാനും ഉപ്പ കരെക്കിറക്കി. ശെഷം ഉപ്പ പൊല്ലീസകാരുടെ തടസ്ഥത്തിന്മെൽ കരെക്കിറക്കാതെ ഉരുവിൽ ഉണ്ടായിരുന്ന പ്രകാരം കണ്ടു കിട്ടുകയും ചെയ്തു. എല്ലാ പ്രതികളുടെയും മെൽ കുററം തെളികകൊണ്ട ഹെഡഅസിസ്റ്റാണ്ടമജിസ്ത്രേട്ട എല്ലാവക്കും പിഴ കല്പിക്കുകയും പിഴ അടെക്കാത്ത പക്ഷം തടവിൽ വെക്കുമെന്ന കല്പിക്കുകയും ചെയ്തു. ആപ്പീലിൽ ൟ താഴെ പറയുന്ന രണ്ട സംഗതികളിന്മെൽ സെഷൻ ജഡ്ജി ആ തീൎപ്പ ദുൎബ്ബലപ്പെടുത്തി. (൧) ഉപ്പ ചുങ്കം കൊടുക്കെണ്ടുന്ന ഒരു ചരക്കാണെങ്കിലും ആയ്തു മെപ്പടി ൬-ാം നമ്പ്രാക്ടിന്റെ ൨൮-ാം വകുപ്പിലെ താല്പൎയ്യപ്രകാരം എറക്കിക്കൂടാ എന്ന വിരൊധിക്കപ്പെട്ട ഒരു ചരക്കല്ലായ്കകൊണ്ട ആയ്തു ൧൯൮-ാം വകുപ്പപ്രകാരമുള്ള ഒരു കുററമെന്നല്ലാതെ ൨൮-ാം

വകുപ്പുപ്രകാരമുള്ള ഒരു കുററമല്ല. (൨) ൯൭ ഡിസെംബർ ൭-ം, ൯൮ എപ്രെൽ ൨൪-ം, തീയ്യതികളിലെ ഹൈകൊട്ട് കല്പനകൾ പ്രകാരം പിഴ അടെക്കാത്ത പക്ഷം തടവിൽ വെപ്പാൻ അധികാരമുണ്ടായിരുന്നില്ല. ആ തീൎപ്പിന്മെൽ നിന്ന ക്രിമിനാൽ നടപടി ക്രമനിയമത്തിന്റെ ൨൭൨-ാം വകുപ്പുപ്രകാരം ഗവൎമ്മെണ്ട പ്ലീഡർ ഹൈകൊട്ടിൽ മെപ്പടി ആൎപ്പ്പുകൾ ബൊധിപ്പിച്ചു.

## വിധിന്യായം.

൧൦ാം കായ്യത്തിൽ പ്രതികളുടെ മെൽ കുററം ചുമത്തിയ്യ ൨൪—ാം വകുപ്പുപ്രകാരമായിരുന്നു. ചുങ്കംകൊടുക്കാതെ കരെക്കിറക്കുവാൻ പാടില്ലാത്തതായ ചരക്കുകൾ എറക്കുവാൻ വിരൊധിക്കപ്പെട്ടിട്ടുള്ള ചരക്കുകളാണെന്ന പറയപ്പെടാവുന്നതാണെങ്കിലും ആക്ടിലെ താല്പയ്യം നൊക്കുമ്പൊൾ അതിന്റെ അൎത്ഥം അപ്രകാരമല്ലെന്നാണ കാണപ്പെടുന്നത. അതുകൊണ്ട നിയമത്തിന്റെ സൂക്ഷ്മമായ അൎത്ഥം നൊക്കുമ്പൊൾ കുററം തെളിഞ്ഞിട്ടില്ലെന്ന സെഷൻജഡ്ജി അഭിപ്രായപ്പെട്ടത ശരി തന്നെയാകുന്നു.എങ്കിലും പ്രതികളെവിട്ടയക്കുന്നതിന്ന പകരം എത കുററം അവരുടെ മെൽ തെളിവുണ്ടായിരുന്നു എന്ന സെഷൻ ജഡ്ജി കണ്ടുവൊ ആ കുററത്തിന്ന അവൎക്ക കല്പിച്ചിരുന്ന ശിക്ഷയെ അദ്ദേഹം സ്ഥിരപ്പെടുത്തെണ്ടതായിരുന്നു. യുക്തപ്രകാരം പ്രവൃത്തിക്കെണ്ടതായ ൧൦ാം കായ്യത്തിൽ ശിക്ഷയെ സ്ഥിരപ്പെടുത്തുന്നത ന്യായമായിട്ടുള്ളത തന്നെയാണെങ്കിലും അത ഞങ്ങൾ ചെയ്യുന്നത, കഠിനമായ ഒരു അവസ്ഥയായി വരികയില്ലയൊ എന്ന സംശയിക്കുന്നു. ൧൦ാം ആക്ഷെപത്തൊടുകൂടി പിഴ അടെക്കാത്ത പക്ഷം തടവിൽ വെപ്പാൻ കല്പിച്ചത ശരിയല്ലെന്ന സെഷൻ ജഡ്ജി കല്പിച്ചത തെററാണെന്ന ഞങ്ങൾക്ക അഭിപ്രായമായിരിക്കുന്നു എന്ന കല്പിച്ചാൽ മതിയാകുമെന്ന ഞങ്ങൾ വിചാരിക്കുന്നു. പിഴ അടെക്കാത്ത പക്ഷം തടവിൽ പാൎപ്പിക്കുമെന്ന കല്പിക്കുന്നത ന്യായാനുസരണമായിട്ടുള്ളതായിരിക്കുന്നത കൂടാതെ അപ്രകാരം കല്പിക്കാതെയിരുന്നാൽ തീൎപ്പ ശരിയാവാൻ പാടില്ലെന്ന ൨൭൯-ാം വകുപ്പുകൊണ്ട കാണപ്പെടുന്നുണ്ടെന്നും മൊൎഗ്ഗൻ, ഹൊലൊവെയി, ൧൦ാം ജഡ്ജിമാര കല്പിച്ചു. ൭൪ മാൎച്ച ൯൯. (മെപ്പടി ൯൯ൻ-ാം ഭാഗം.)

൭൨-ൽ ക്രമയാപ്പീൽ ൧൩൩.

തങ്ങളുടെ ഭൂമികളിൽ കെറവൂവാനുള്ള വെള്ളത്തിന്ന കുറവുവരുത്താൻ തക്കവണ്ണം പ്രതികളായ ഗവൎമ്മെണ്ട ഉദ്യൊഗസ്ഥന്മാരും മറവും ആയ ആളുകൾ ഒരു കുളത്തിലെക്കുള്ള ഓകിന്ന ഭെദം വരുത്തുന്നത നിൎത്തൽ ചെയ്യുകൊട്ടപ്പാൻ ഗവൎമ്മെണ്ടിന്ന കീഴായി ഭൂമി നടക്കുന്ന കുടിയാന്മാരായ അന്യായക്കാര വ്യവഹാരപ്പെട്ടു. പ്രതികളുടെ മെപ്പടി പ്രവൃത്തികൾ നിമിത്തം വെള്ളത്തിന്ന വളരെ കുറവു വരുത്തിയിരിക്കുന്നു എന്ന അന്യായക്കാര വാദിക്കുകയും ചെയ്തു. അന്യായക്കാരുടെ അവകാശത്തെ അവര ആസ്പദമാക്കീട്ടുള്ളത വളരെ കാലമായി അവര ൟ വെള്ളം ഉപയൊഗപ്പെടുത്തി വരുന്നു എന്നുള്ള സംഗതിയിന്മെലായിരുന്നു. ൟ വക കാൎയ്യങ്ങളിൽ ഗവൎമ്മെണ്ടിന്റെ യുക്തപ്രകാരം വെള്ളത്തെ ഭാഗിച്ചുകൊടുപ്പാൻ അവൎക്ക അവകാശമുണ്ടെന്ന ഡിസ്ത്രീക്ട ജൎജ്ജി കല്പിച്ചു. അന്യായക്കാര ഹൈകൊൎട്ടിൽ ആപ്പീൽ ബൊധിപ്പിച്ചു. പ്രതികൾ അന്യായക്കാരുടെ ന്യായമായ വല്ല അവകാശവും ആക്രമിച്ചു എടുത്തതായി അവർ തെളിയിച്ചിട്ടില്ലെന്നും അങ്ങിനെ സ്ഥാപിച്ചാൽ തന്നെയും നഷ്ടത്തിന്ന വ്യവഹാരപ്പെട്ട ഒരു നിവൃത്തി വരുത്തെണ്ടതിന്ന അവർ ശ്രമിക്കെണ്ടതായിരുന്നു എന്നും പ്രതികളുടെ പ്രവൃത്തികൾകൊണ്ട വല്ല കരാറലംഘനവും തെളിഞ്ഞിരുന്നു എങ്കിൽ നഷ്ടത്തിന്ന വ്യവഹാരപ്പെടുവാൻ ഞങ്ങൾ അനുവദിക്കുന്നതായിരുന്നു എന്നും ഹൊലൊവെയി ജൎജ്ജിയും, കൃഷിക്ക വെണ്ടി അന്യായക്കാര ഉപയൊഗപ്പെടുത്തി വന്ന വെള്ളത്തിന്ന പ്രതികളുടെ പ്രവൃത്തികൊണ്ട വല്ല കുറവും വന്നുപൊയിരിക്കുന്നപ്രകാരം അവര തെളിയിച്ചിട്ടില്ലെന്ന, ഇന്നീസ ജൎജ്ജിയും കല്പിച്ചു. ൭൮ എപ്രെൽ ൧൭. (മെപ്പടി ൩൮൨-ാം ഭാഗം.

൭൮-ൽ ആപ്പീൽ വ്യ.

വിപരീതമായ വെറെ ജപ്തി ഉണ്ടാകാത്ത പക്ഷം വിധിക്ക മുമ്പെ ചെയ്യ ജപ്തിയിന്മെൽ തന്നെ വിധിക്ക ശെഷം വസ്തുക്കൾ ന്യായമായി വില്ക്കാവുന്നതാകുന്നു.

൭൬-ൽ ൫൭൩-ാം നമ്പ്ര വ്യവഹാരത്തിൽ ഇന്നീസ

ജഡ്ജി കല്പിച്ച കല്പനയുടെ ഏതാനും ഭാഗത്തിന്മെൽനിന്ന ബൊധിപ്പിച്ച ഒരു ആപ്പീലാകുന്നു ഇത. പണത്തിന്ന വെണ്ടി ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ ആപ്പീലന്ന്യായക്കാരായ അന്ന്യായക്കാര വിധിക്കു മുമ്പായി പ്രതികളുടെ വക എതാനും എളുകാത്ത സ്വത്ത ജപ്തി ചെയ്യിച്ചിട്ടുണ്ടായിരുന്നു. ആ വ്യവഹാരത്തിൽ അന്ന്യായക്കാര ഒരു വിധി സമ്പാദിച്ചതിന്റെ ശെഷം വിധിക്കു മുമ്പെ ജപ്തിയാക്കിയ സ്വത്തുക്കൾ ആ ജപ്തിയിന്മെൽ തന്നെ വില്പിച്ചുകൊടുപ്പാനായി അവര അപെക്ഷിച്ചു. മെപ്പടി സ്വത്തുക്കൾ വില്ക്കുണ്ടതിന്ന ഒരു കല്പന കൊടുക്കെണമെങ്കിൽ വിധിക്കു ശെഷം ഒരു ജപ്തി ആവശ്യമാണെന്ന അഭിപ്രായപ്പെട്ട മെപ്പടി ജഡ്ജി അന്ന്യായക്കാരുടെ ഹരജി ഉപെക്ഷിച്ചു. അന്ന്യായക്കാര മെപ്പടി ആപ്പീൽ ബൊധിപ്പിച്ചു.

## വിധിന്ന്യായം.

ഠൗ കാൎയ്യത്തിൽ വിധിക്കു മുമ്പെ ജപ്തിയാക്കിയ വഹകൾ വിധിക്കു വെണ്ടി വില്പാൻ പാടില്ലെന്ന ജഡ്ജി കല്പിച്ചിരിക്കുന്നു. ൟ കാൎയ്യസ്വഭാവത്തെ പററി പൂൎണ്ണമായ യാതൊരു അറിവും ഞങ്ങൾക്കു ഇല്ലായ്കകൊണ്ട മെപ്പടി ജഡ്ജിയുടെ നൊട്ടുകൾക്കു (കുറിപ്പുകൾ) അനുസരിച്ചിട്ടില്ലാത്തതായി കാണപ്പെടുന്ന മെപ്പടി കല്പനയെ ദുൎബ്ബലപ്പെടുത്തി ആ കല്പന പുനർ വിചാരണ ചെയ്വാൻ ജഡ്ജിയൊട അപെക്ഷിക്കെണ്ടതിന്ന ഞങ്ങൾ കക്ഷികളെ അനുവദിച്ചിരിക്കുന്നു. ആപ്പീലന്ന്യായ വക്കീലിന്റെ വാദം കെട്ടതിൽ വിധിക്കു മുമ്പെയുള്ള ജപ്തി അസാധുവാണെന്നും രണ്ടാമത ഒരു ജപ്തി ചെയ്യാതെ വഹകൾ വില്പാൻ പാടില്ലെന്നും ഉള്ള ഒരു വിധിയിൽനിന്ന മെപ്പടി കല്പന ഉത്ഭവിച്ചതാണെങ്കിൽ ആ വിധിയുമായി യൊജിപ്പാൻ ഞങ്ങൾക്കു പാടില്ലെന്ന മാത്രമെ ഞങ്ങൾ അധികമായി പറയുന്നുള്ളു. വിപരീതമായ വെറെ യാതൊരു ജപ്തിയും ഇല്ലാത്ത പക്ഷം വിധിക്കു മുമ്പെ ചെയ്ത ജപ്തിയിന്മെൽ തന്നെ വെറെ ഒരു ജപ്തിയും കൂടാതെ വിധിക്കു ശെഷം വസ്തുക്കൾ ന്ന്യായമായി വില്ക്കാവുന്നതാണെന്നാണ ഞങ്ങളുടെ അഭിപ്രായം. വിധിക്കു ശെഷം ഒരു ജപ്തി ഉണ്ടായിരുന്നാൽ വിധിക്കു മുമ്പുള്ള ജപ്തി അസാധുവാണെന്ന പറയുന്നതും ആ ജപ്തിയെ വെ

റതെ അസാദ്ധ്യവാണെന്ന വിചാരിക്കുന്നതും രണ്ടും രണ്ടു സംഗതികൾ ആകുന്നു. ൟ ആക്ഷെപങ്ങളൊട്ടുംകൂടി ഞങ്ങൾ ൟ കാൎയ്യം തീൎച്ചപ്പെടുത്തുന്നു എന്ന; മൊൎഗ്ഗൻ, ഹൊലൊവെയി, ൟ ജസ്ജിമാര കല്പിച്ചു. ൭൮ എപ്രെൽ ൨൩. (മെപ്പടി ൩൭൧-ാം ഭാഗം.)

## ൭൮-ൽ എസ്സെഷ്യാൽ ൨൦൦.

൬൬-ൽ ൨൦-ാം നമ്പ്ര റജിസ്ത്രാക്ട പ്രബലപ്പെട്ടിരുന്ന കാലത്ത ൭൦-ൽ എളുതാത്ത സ്വത്ത പണയം കാണിച്ച എഴുതികൊടുത്ത ആധാരം വക മുതൽ വാങ്ങി കൊടുപ്പാൻ അന്യായപ്പെട്ടു. ആധാരങ്ങൾ റജിസ്ത്രാക്കിട്ടില്ലായിരുന്നതകൊണ്ട പണത്തിന്ന വെണ്ടി ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ പൊല്യം അതുകളെ തെളിവിൽ സ്വീകരിപ്പാൻ പാടുണ്ടായിരുന്നില്ല. ൭൧-ൽ ൮-ാം നമ്പ്ര റജിസ്ത്രാക്ട കൊണ്ട ൟ വ്യവഹാരം ബൊധിപ്പിച്ച സമയത്ത ആയാധാരങ്ങൾ തെളിവിൽ സ്വീകാരയൊഗ്യമായിട്ടുള്ളതായിരുന്നു. ആയ്യ തെളിവിൽ സ്വികരിക്കാവുന്നതാണെന്ന ഹൈകൊട്ട കല്പിച്ചു.

൭൨-ൽ ആദ്യം ൨൩൩-ാം നമ്പ്ര വ്യവഹാരത്തിൽ ഡിസ്ത്രീക്ട മുനിസിപ്പിന്റെ വിധി മാററി ൭൩-ൽ ൬൬-ാം നമ്പ്ര ക്രമയാപ്പീലിൽ വിശാഖപട്ടണം സിവിൽജഡ്ജി തൊമ്മാസസായ്പ കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ച ഒരു എസ്സെഷ്യാലാകുന്നു ഇത ൭൦ നവെംബർ ൨൮-ം ൨൯-ം തീയ്യതികളിലെ പണയാധാരം വക മുതൽ പലിശ കൂടിയ ൮൫൩ ഉറുപ്പിക പ്രതികളൊട വാങ്ങി കൊടുപ്പാൻ ൭൨ ജൂലായി ൮-ംനു അന്യായക്കാരൻ വ്യവഹാരപ്പെട്ടു, ആധാരം ൬൬-ൽ ൨൦-ാം നമ്പ്രാക്ടിന്റെ ൧൭-ാം വകുപ്പിലെ താല്പൎയ്യപ്രകാരം റജിസ്ത്രാക്കീട്ടില്ലായ്കകൊണ്ട ആയ്യ തെളിവിൽ സ്വീകരിപ്പാൻ പാടില്ലെന്നും ഇതുപൊലെയുള്ള ഒരു കാൎയ്യത്തിൽ റജിസ്ത്രാക്കാത്ത ഒരു ആധാരം തെളിവിൽ സ്വീകരിപ്പാൻ പാടില്ലെന്ന കല്പിച്ച ഹൈകൊടതി വ്യവഹാരം നീക്കീട്ടുണ്ടെന്നും പ്രതികൾ വാദിച്ചു, ഇത ആധാരത്തിൽ പറയുന്ന ഭൂമികളിന്മെലുള്ള അവകാശം ഒഴിഞ്ഞ പണം മാത്രം വാങ്ങി കൊടുപ്പാൻ ബൊധിപ്പിച്ചിരിക്കുന്ന ഒരു വ്യവഹാരമാകകൊണ്ട മദിരാശി ജൂറിസ്റ്റ ൫-ാം ബുക്ക ൨൩൬-ാം ഭാഗത്ത എടുത്ത ചെൎത്തിരിക്കുന്ന ൬൮- സത്തെമ്പ്ര ൨-ാംനു-യത്തെ കല്ക്കത്താ ഹൈകൊടതിയുടെ ഒരു വിധിക്കനുസരിച്ച അ

ന്ന്യായപ്പെട്ട ആധാരം പണത്തിന്ന വെണ്ടി മാത്രം ബൊധി പ്പിച്ചിരിക്കുന്ന ൟ വ്യവഹാരത്തിൽ തെളിവായി സ്വീകരി ക്കെണ്ടതിലെക്ക വിരൊധമില്ലെന്ന അഭിപ്രായം പറഞ്ഞ മുനസീപ്പ അന്യായപ്രകാരം ഒരു വിധി കൊടുത്തു. പ്രതിക ൾ ആപ്പീൽ ബൊധിപ്പിച്ചു. ഹൈകൊൎട്ട വിധി ൪-ാം വ്യക്ക നവ്വ൨-ാം ഭാഗത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിധി യിൽ ബീററിൽസ്റ്റൊൻ ജഡ്ജി പറഞ്ഞിട്ടുള്ള അഭിപ്രായത്തി ന്ന അനുസരിച്ചു ൟ വക ആധാരം തെളിവിൽ സ്വീകാര യൊഗ്യമായിട്ടുള്ളതല്ലെന്ന കല്പിച്ച ഡിസ്ത്രിക്ട ജഡ്ജി മുനി സീപ്പിന്റെ വിധി മാററി വിധിച്ചു. അന്യായക്കാരൻ മെ ല്പടി എസ്പെഷ്യാൽ ബൊധിപ്പിച്ചു.

## വിധിന്യായം.

ൟ വ്യവഹാരം ബൊധിപ്പിച്ച കാലത്തെ നിയമപ്ര കാരം പണത്തിന്ന വെണ്ടി മാത്രം ബൊധിപ്പിച്ച ൟ കാ ൎയ്യത്തിൽ ആധാരം തെളിവിൽ സ്വീകാരയൊഗ്യമായിട്ടുള്ള താണെന്നും പഴയനിയമംകൊണ്ടു തന്നെ ൟ വക ആധാ രങ്ങളെ അസാധുവാക്കീട്ടില്ലെന്നും തെളിവിൽ സ്വീകരിക്കു ന്ന കാൎയ്യത്തിൽ മാത്രമെ വിരൊധമുണ്ടായിരുന്നുള്ളു എന്നും ൟ കാൎയ്യത്തിൽ നടപടിയെ കുറിച്ച മാത്രം തൎക്കമുള്ളതായി കാണപ്പെടുന്നതകൊണ്ടു ആ തൎക്കം വ്യവഹാരം ബൊധി പ്പിച്ച കാലത്ത നടപ്പുള്ള നിയമത്താൽ ഭരിക്കപ്പെടെണ്ടതാ ണെന്നും അതിനാൽ സീവിൽജഡ്ജിയുടെ വിധി മാററി ന ന്മ്പ്ര ഗുണദൊഷങ്ങളിന്മെൽ തീൎപ്പ ചെയ്വാൻ വെണ്ടി മട ങ്ങി അയച്ചിരിക്കുന്നു എന്നും ഹൊലൊവെയി, ഇന്നീസ, ൟ ജഡ്ജിമാര കല്പിച്ചു. ൧൪ എപ്രെൽ ൨൯ (മെല്പടി ന൪വ്വ-ാം ഭാഗം.)

### ൧൪-ൽ എസ്പെഷ്യാൽ ൨൩൪.

**അന്യായക്കാരൻ** ൧-ാം പ്രതിയുടെ മരിച്ചുപൊയ ഭൎത്താവിന്റെ ഒരു അമ്മയുടെ മകനാകുന്നു. ദത്തെടുപ്പാൻ തന്റെ ഭൎത്താവിനാൽ കിട്ടിയ അധികാരം വഴി ക്ക ഭൎത്താവ മരിച്ച മുപ്പത്തഞ്ചു കൊല്ലം കഴിഞ്ഞതിന്റെ ശെഷം ൧-ാം പ്രതി ക രു പുത്രനെ ദത്തെടുത്തു എന്ന വാദിച്ചു. ഭൎത്താവിന്റെ അനുവാദം കൂടാതെ ദത്തെടുത്തതാണെന്നുള്ള സംഗതിയിന്മെൽ ആ ദത്ത അസാധുവാണെന്ന ക

രു വിധി സമ്പാദിപ്പാൻ വെണ്ടി അന്യായക്കാരൻ വ്യവഹാരപ്പെട്ടിരിക്കുന്നു. ഇത അവകാശസ്ഥാപനെക്കുള്ള ഒരു വിധിക്ക തക്കതായ ഒരു വ്യവഹാരമാണെന്ന ഹൈക്കൊൎട്ട കല്പിച്ചു.

൭൨-ൽ ആദ്യം ൨൬൯-ാം നമ്പ്ര വ്യവഹാരത്തിൽ മച്ചിലുബന്തറ ഡിസ്ത്രിക്ട മുനിസീപ്പിന്റെ വിധി മാററി ൭൩-ൽ ൧൩൧-ാം നമ്പ്ര അപ്പീലിൽ മെപ്പടി ജില്ലായിസ്മാൽ കൊസകൊടതി ജഡ്ജി വില്ക്കിൻസ സായ്വിന്റെ സബൊൎഡിനെട്ട ജഡ്ജിയുടെ അധികാരത്തിൽ കല്പിച്ച വിധിമെൽ നിന്ന ബൊധിപ്പിച്ച ഒരു എസ്പെഷ്യാലാകുന്നു ഇത. ൧-ാം പ്രതിയുടെ മരിച്ചുപൊയ ഭൎത്താവിന്റെ ജെഷ്ഠപുത്രനായ അന്യായക്കാരൻ ൟ വ്യവഹാരം ബൊധിപ്പിച്ചിരിക്കുന്നു. ൨-ാം പ്രതിയുടെ പുത്രനെ ൧-ാം പ്രതി തന്റെ ഭൎത്താവിന്റെ അനുവാദം കൂടാതെ ദത്തെടുത്തിരിക്കകൊണ്ട ആ ദത്തിനെ ദുൎബ്ബലപ്പെടുത്താനായി അന്യായക്കാരൻ അപെക്ഷിച്ചിരിക്കുന്നു. തന്റെ ഭൎത്താവിൽനിന്ന കിട്ടിയ അധികാരപ്രകാരമാണ ദത്തെടുത്തിരിക്കുന്നത എന്നും ദത്തെടുത്ത വിവരം അന്യായക്കാരൻ അറിഞ്ഞിരുന്നു എങ്കിലും അതിനെ പററി അവൻ ഇതുവരെ ആക്ഷെപിക്കാതെ ഇരുന്നിരിക്കുന്നു എന്നും ൧-ാം പ്രതി വാദിച്ചു. ദത്തെടുക്കെണ്ടതിന്ന ൧-ാം പ്രതിയുടെ ഭൎത്താവ അനുവാദം കൊടുത്തിട്ടുണ്ടൊ ഇല്ലയൊ എന്നാകുന്നു ൟ കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ളത. അങ്ങിനെ ഒരു അധികാരം കൊടുത്തിട്ടില്ലെന്ന ഡിസ്ത്രിക്ട മുനിസീപ്പ അഭിപ്രായപ്പെട്ട അന്യായപ്രകാരം ഒരു വിധി കൊടുത്തു. പ്രതിക്കാരി അപ്പീൽ ബൊധിപ്പിച്ചു. സബൊൎഡിനെട്ട ജഡ്ജി ൟ താഴെ പറയുന്ന വിധിന്യായം കല്പിച്ചു. ൧-ാം പ്രതിയുടെ പ്രവൃത്തികൊണ്ട അന്യായക്കാരന യാതൊരു ഉപദ്രവവും നഷ്ടവും സംഭവിച്ചിട്ടില്ലായ്കകൊണ്ട അവകാശസ്ഥാപനെക്കുള്ള ഒരു വിധിക്ക അന്യായക്കാരന അവകാശമില്ലെന്ന ആ പ്രതി വാദിക്കുന്നു. ൧-ാം പ്രതിയുടെ മരണം വരെക്കും അവളുടെ മരിച്ചുപൊയ ഭൎത്താവിന്റെ സകല മുതലുകളും നൊക്കിനടത്താനുള്ള അധികാരം അവൾക്കാകകൊണ്ട അവളുടെ മരണശെഷം മെപ്പടി മുതലുകളിന്മെൽ അവകാശം സിദ്ധിക്കെണ്ടവനായ അന്യായക്കാരന ൧-ാം പ്രതി ഒരു പുത്രനെ ദത്ത എടുത്തത നിമിത്തം യാതൊരു നഷ്ടവും സംഭവിക്കുന്നില്ല. അ

വൾ മരിച്ചുപൊകയും അവളുടെ ദത്തപുത്രൻ ജീവനൊടു കൂടിയിരിക്കുകയും അവൻ കാൎയ്യഅന്വെഷണം ചെയ്യുന്ന കാലത്ത വസ്തുക്കൾ അന്യാധീനപ്പെടുത്തുകയൊ നശിപ്പിച്ചുകളകയൊ ചെയ്യു അന്യായക്കാരന സിദ്ധിക്കെണ്ടുന്ന അവകാശത്തെ ദൊഷപ്പെടുത്തുന്ന പക്ഷം അപ്പൊൾ അന്യായക്കാരന ൧-ാം പ്രതിയുടെ ദത്തിനെ അസാധുവാക്കി തനിക്ക സിദ്ധിക്കെണ്ടതായ അവകാശം സ്ഥാപിപ്പാൻ വെണ്ടി ൟ വിധത്തിൽ ഒരു വ്യവഹാരം ബൊധിപ്പിക്കാമൊ എന്നുള്ള സംഗതിയെ പററി ഒരു വിചാരണ ചെയ്തു തീൎച്ചപ്പെടുത്തെണ്ടത ആവശ്യമായിരിക്കുന്നു. സീവിൽ പ്രൊസീഡ്യൂർകൊഡിൻെറ ൧൬-ാം വകുപ്പ നൊക്കുമ്പൊൾ ഒരു കൊടതിക്ക അവകാശ സ്ഥാപനെക്കുള്ള ഒരുവിധികൊടതിയുടെ യുക്തം പൊലെ കല്പിക്കുകയൊ കല്പിക്കാതെയിരിക്കുകയൊ ചെയ്യാമെന്നുള്ളത സ്പഷ്ടമാകുന്നു. സദർലാണ്ടവീക്കിലി റപ്പൊൎട്ട ൧൯-ാം ബുക്ക ൧൩൯-ാം ഭാഗത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രിവികൌൺസൽ വിധി കൊണ്ട അവകാശ സ്ഥാപനെക്കുള്ള ഒരു വിധിക്ക ഒരു കക്ഷിക്കാരന തീൎച്ചയായ അവകാശമുണ്ടെന്ന പറവാൻ പാടില്ലെന്നും അങ്ങിനെ ഒരു വിധി കൊടതികളുടെ യുക്തം പൊലെ കൊടുക്കുകയൊ കൊടുക്കാതെയിരിക്കുകയൊ ചെയ്യാമെന്നും കാൎയ്യത്തിൻെറ എല്ലാ അവസ്ഥകളെ കുറിച്ചും ആലൊചിച്ച ആ വക ഒരു വിധി കൊടുപ്പാൻ ന്യായമുണ്ടൊ ഇല്ലയൊ എന്ന കൊടതി എല്ലാ കാൎയ്യത്തിലും പ്രത്യെകം ആലൊചിച്ച തീൎച്ച വരുത്തെണ്ടതാണെന്നും കല്പിച്ചിരിക്കുന്നു. അവകാശസ്ഥാപനെക്കുള്ള ഒരു വിധികൊണ്ട തടസ്ഥം ചെയ്യാതെയിരുന്നാൽ ചില ദൊഷങ്ങൾക്ക സംശയം കൂടാതെ എട വന്നുപൊകും എന്ന വിചാരിപ്പാൻ സംഗതിയുള്ള കാൎയ്യങ്ങളിൽ മാത്രമെ ആ വക ഒരു വിധി കല്പിക്കാൻ പാടുള്ളു എന്ന സദർലാണ്ട വീക്കിലി റപ്പൊൎട്ട ൯-ാം ബുക്ക ബവ്വ൦-ം വ്വ-ാം ബുക്ക ന്ററ്-ം ഭാഗങ്ങളിൽ പ്രിവികൌൺസലിൽനിന്ന ഉണ്ടായ വിധികളിൽ കല്പിച്ചിട്ടും ഉണ്ട. എന്നാൽ മെപ്പടി ദത്തുകൊണ്ട ഇതിലെ അന്യായക്കാരന തല്ക്കാലം സംഭവിച്ചതും മെലാൽ സംഭവിപ്പാൻ എടയുള്ളതും ആയ ദൊഷം എന്താണെന്നാണ ചിന്തിപ്പാനുള്ളത. വിധവയുടെ മരിച്ചുപൊയ ഭൎത്താവിന്ന പകരമായി ദത്തപുത്രനെ ജന്മാംദാര ആയി ചെൎക്കണമെന്ന അവൾ കലെക്ട

രൊട അപെക്ഷിക്കുകയും ദത്ത ദുൎബ്ബലപ്പെടുത്തിയ്യായ ഒരു കല്പന കൊടതിയിൽനിന്ന ഹാജരാക്കാതെയിരുന്നാൽ ദത്തപുത്രന്റെ പെര ഇനാംദാരായി ചെൎക്കുമെന്ന കലെക്ടര കല്പിക്കുകയും ചെയ്തിരിക്കുന്നു എന്നും ദത്ത ദുൎബ്ബലപ്പെടുത്താനുള്ള ഒരു വ്യവഹാരം ആ ദത്തെടുത്ത തീയ്യതി മുതല്ക്കു ൧൨ കൊല്ലത്തിനകത്ത ബൊധിപ്പിക്കെണ്ടതാണെന്ന പുതിയ കാലഹരണ നിയമത്തിൽ കല്പിച്ചിരിക്കുന്നു എന്നും വിധവയുടെ മരണം വരെക്കും താൻ താമസിച്ചുംകൊണ്ടിരുന്നാൽ വ്യവഹാരത്തിന്ന കാലഹരണം ബാധിച്ചുപൊകുമെന്നും അതിനിടയിൽ ദത്തു പുത്രൻ വസ്തുക്കൾ അന്യാധീനപ്പെടുത്തുവാനെങ്കിലും അല്ലെങ്കിൽ ദീൎഘകാലത്തെ കൈവശം കൊണ്ട അവന്റെ അവകാശം ഉറെച്ചുപൊകുവാൻ എട വരികയെങ്കിലും ചെയ്യുമെന്നും അന്യായക്കാരൻ ൧ാം കാൎയ്യത്തിൽ വാദിച്ചിരിക്കുന്നു. അന്യായക്കാരന്ന വിധവയുടെ മരണശെഷം മാത്രം വസ്തുവിന്മെൽ അവകാശം സിദ്ധിക്കുന്ന സ്ഥിതിക്ക ആ വിധവ വസ്തുക്കളെ അന്യാധീനപ്പെടുത്തുകയൊ നശിപ്പിക്കുകയൊ ചെയ്യുന്നത വരെക്കും അവന്ന വ്യവഹാരകാരണം ഉണ്ടാകുന്നതല്ലായ്കകൊണ്ട അവകാശസ്ഥാപനെക്കുള്ള ൧ാം വ്യവഹാരം അനാവശ്യവും അസമയത്ത ബൊധിപ്പിച്ചതും ആകകൊണ്ടും ൧ാം വക വ്യവഹാരം കല്ക്കുററാഹൈകൊടതിയുടെയും പ്രിവികൌൺസലിലെയും വിധികളാലും മററും വിരൊധിക്കപ്പെട്ടിരിക്കകൊണ്ടും കീഴ്കൊൎട്ട വിധി മാററി അന്യായം നീക്കിയിരിക്കുന്നു എന്ന സബജഡ്ജി കല്പിച്ചു. അന്യായക്കാരൻ മെപ്പടി എസ്പെഷ്യാൽ ബൊധിപ്പിച്ചു.

## വിധിന്യായം.

൧ാം കാൎയ്യത്തിൽ അന്യായം നീക്കി വിധിച്ചത ശരിയൊ അല്ലയൊ എന്നാകുന്നു തീൎച്ച വരുത്തെണ്ടത. കല്ക്കുററാഹൈകൊൎട്ട റപ്പൊൎട്ട ൧൨-ാം ബുക്ക ൧൪൩-ാം ഭാഗത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിധിയെ ആസ്പദമാക്കീട്ടാണ സബൊൎഡിനെട്ട ജഡ്ജി അന്യായം നീക്കി വിധിച്ചിട്ടുള്ളത. ആ വ്യവഹാരത്തിലെ അന്യായക്കാരൻ വിധവയുടെ മരണശെഷം മാത്രമാണ അന്യായപ്പെട്ടത. അസാധുവായ ഒരു ദത്തിനെ ദുൎബ്ബലപ്പെടുത്തുവാൻ വിധവയുടെ ജീവകാ

ലത്ത തന്നെ ഒരു പരമ്പര അവകാശിക്ക വ്യവഹാര കാരണം ഉണ്ടാകയില്ലെന്ന നാം കല്പിക്കുന്നില്ലെന്നാണ ചീഫ ജസ്റ്റീസ പീക്കൊക്ക സായ്വ ആ വിധിയിൽ പ്രസ്ഥാപിച്ചിരിക്കുന്നത. അവകാശസ്ഥാപനെക്കുള്ള വിധി സമ്പാദിക്കെണ്ടതിന്ന നിയമംകൊണ്ട അനുവദിച്ചിരിക്കുന്നത ഒരാൾക്ക സിദ്ധിപ്പാൻ അവകാശമുള്ള വസ്തുവിന്റെ കാൎയ്യത്തിൽ അവനുള്ള അവകാശത്തെ സ്ഥാപിപ്പാൻ അവൻ വെണ്ടുന്ന ശ്രമങ്ങൾ ചെയ്യാതെയിരുന്നാൽ അവസാനം ആയവകാശം അവന്ന പൊയ്പോകുന്ന കാൎയ്യത്തിൽ ആകുന്നു. കൊടതി മുമ്പാകെ വരുന്ന അതാത കാൎയ്യത്തിന്റെ പ്രത്യെക സ്ഥിതികളെ നൊക്കി കൊടതിയുടെ യുക്തം പ്രവൃത്തിക്കെണ്ടത കൊടതിയുടെ പ്രവൃത്തിയാകുന്നു. ൟ കാൎയ്യത്തിൽ വിധവയുടെ മരണശെഷം അന്യായക്കാരന വഹകളിന്മെൽ സിദ്ധിപ്പാനിരിക്കുന്ന ഒരു പരമ്പര അവകാശം സ്ഥാപിപ്പാൻ പാടില്ലെങ്കിലും ദത്തെടുത്തത അസാധുവാണെന്ന അന്യായക്കാരൻ വാദിക്കുന്ന സ്ഥിതിക്ക ദത്ത പുത്രനൊ അന്യായക്കാരനൊ ആൎക്കാണ വസ്തുവിന്മെൽ അവകാശം സിദ്ധിക്കെണ്ടത എന്നുള്ള ഒരു വിധി കിട്ടുവാൻ അന്യായക്കാരന അവകാശമുണ്ട. അതുകൊണ്ട ദത്ത സാധുവായിട്ടുള്ളതൊ അല്ലയൊ എന്നുള്ള കാൎയ്യം തീൎച്ചപ്പെടുത്തെണ്ടതും അതിലെക്ക ൫-ാം പ്രതിയുടെ ഭൎത്താവിന്റെ സമ്മതം ഉണ്ടായിട്ടുണ്ടൊ എന്ന നൊക്കെണ്ടതും ആവശ്യമായിട്ടുള്ളതാകുന്നു. മെല്പടി സംഗതി ൟ വ്യവഹാരത്തിൽ വിസ്തരിച്ച തീൎപ്പ ചെയ്യെണ്ടതാകകൊണ്ട കീഴാപ്പീൽ കൊടതി വിധി മാററി നമ്പ്ര പുനർ വിചാരണെക്ക താഴെ കൊടതിക്ക മടങ്ങി അയക്കുന്നു എന്ന, മൊൎഗ്ഗൻ, ഇന്നീസ, ൟ ജസ്ജിമാര കല്പിച്ചു. ൧൪ മെയി വ്യ. (മെല്പടി ൨൯൫-ാം ഭാഗം)

## ൧൨-ൽ സീവിൽ പലവക എസ്പെഷ്യാൽ ൨൨൯.

മദിരാശി സീവിൽകൊടതി ൧൨-ൽ ൨-ാം നമ്പ്രാക്ട്രിന്റെ ൫൨-ാം വകുപ്പുപ്രകാരം ഒരു വ്യവഹാരത്തിന്ന ആപ്പീലിൽ അധികാരസല നിജപ്പെടുത്തുന്നത ആദ്യവ്യവഹാരത്തിലെ സലയുടെ കണക്ക പ്രകാരമാകുന്നു. ആദ്യവ്യവഹാരത്തിലെ സല ൫൦൦൦-ം ഉറുപ്പികയിൽ അധികരിച്ചിരിക്കുകയും ഡിസ്ത്രീക്ട കൊൎട്ടിൽ ആപ്പീൽബൊധിപ്പിച്ചപ്പൊൾ ആപ്പീലിൽവാദപ്പെട്ടസംഖ്യ ൫൦൦൦-ം ഉറുപ്പികയിൽ അധികരിക്കാതെയിരിക്കുകയും ചെയ്യുന്ന കാൎയ്യത്തിൽ ആയാ

പ്പീൽ വിചാരണ ചെയ്യാൻ ഡിസ്ത്രീക്ട കൊടതിക്ക അധികാരമില്ലെന്ന ഹൈ കൊൎട്ട കല്പിച്ചു.

൧൮൭ ആഗസ്റ്റ ൨-ാംനു-യത്തെ തഞ്ചാവൂര സബകൊടതി കല്പന മാററി ൧൮-ൽ ൭൧-ാം നമ്പ്ര ഹരജിക്ക ൧൮സത്തെമ്പ്ര ൨൯-ാംനു- തഞ്ചാവൂര ഡിസ്ത്രീക്ട ജഡ്ജി കിണ്ടർസലി സായ്പ കല്പിച്ച കല്പനയിന്മെൽനിന്ന ബൊധിപ്പിച്ച ഒരു എസ്പെഷ്യാലാകുന്നു ഇത. ഒരു വിധിപ്രകാരമുള്ള സംഖ്യക്ക പലിശ കൊടുപ്പിപ്പാൻ പാടില്ലെന്ന തഞ്ചാവൂര സബജഡ്ജി കല്പിച്ച കല്പനയിന്മെൽനിന്ന ഡിസ്ത്രീക്ടകൊൎട്ടിൽ ആപ്പീൽ ബൊധിപ്പിച്ചു. ഡിസ്ത്രീക്ട ജഡ്ജി ആ കാൎയ്യത്തിൽ കൊടുത്ത കല്പനമെൽനിന്ന ഀ എസ്പെഷ്യാൽ ബൊധിപ്പിച്ചിരിക്കുന്നു. ആപ്പീലിൽ വാദപ്പെട്ട സംഖ്യ ൫൦൦൦-ം ഉറപ്പികയിൽ കുറഞ്ഞതാണെങ്കിലും ൫൦൦൦-ം ഉറപ്പികയിൽ അധികരിച്ചതായ ഒരു വ്യവഹാരത്തിലുണ്ടായ കല്പനമെൽനിന്ന ബൊധിപ്പിച്ചിട്ടുള്ളതാകകൊണ്ട ൧൮-ൽ ൩-ാം നമ്പ്രാക്ടിന്റെ ൧൩-ാം വകുപ്പപ്രകാരം ആപ്പീൽ വിചാരണചെയ്യാൻ ഡിസ്ത്രീക്ട ജഡ്ജിക്ക അധികാരമില്ലെന്ന എതിരകക്ഷി വാദിച്ചു. ആപ്പീലിൽ വാദമുള്ള സംഖ്യ ൫൦൦൦-ം ഉറപ്പികയിൽ താഴെയാകകൊണ്ട തനിക്ക ആപ്പീൽ തീൎച്ചപ്പെടുത്താൻ അധികാരമുണ്ടെന്ന ഡിസ്ത്രീക്ട ജഡ്ജി കല്പിച്ചു. ജഡ്ജിക്ക ഀ ആപ്പീൽ എടുപ്പാനും വിചാരണചെയ്യാനും അധികാരമുണ്ടായിരുന്നില്ലെന്നുള്ള സംഗതിയിന്മെൽ ഀ എസ്പെഷ്യാൽ ബൊധിപ്പിച്ചിരിക്കുന്നു.

## വിധിന്യായം.

ഀ കാൎയ്യത്തിൽ ആദ്യ വ്യവഹാരസല ൫൦൦൦-ം ഉറപ്പികയിൽ അധികരിച്ചിരുന്നതകൊണ്ട ആപ്പീൽ വിചാരണ ചെയ്യാൻ ഡിസ്ത്രീക്ടജഡ്ജിക്ക അധികാരമുണ്ടായിരുന്നില്ല. വകുപ്പിലെ വാചകം എത്രയൊ സ്പഷ്ടമായിട്ടുള്ളതാകുന്നു. ഒരു വ്യവഹാരത്തിന്റെ പലെ പടനങ്ങളിലും അധികാരസല നിജപ്പെടുത്തെണ്ടത ആദ്യ വ്യവഹാരത്തിലെ സല നൊക്കീട്ടാകുന്നു. ആപ്പീലിൽ വാദപ്പെട്ട സംഖ്യ ൫൦൦൦-ം ഉറപ്പികയിൽ താഴെയാകകൊണ്ട മെപ്പടി ൩-ാം നമ്പ്രാക്ടിന്റെ ൧൩-ാം വകുപ്പപ്രകാരം തനിക്ക അധികാരമുണ്ടെന്ന

ഡിസ്ത്രിക്ട ജഡ്ജി തീച്ചപ്പെട്ടത്തിയിരിക്കുന്നു. വ്യവഹാരം എന്ന മെപ്പടി വകുപ്പിൽ പറഞ്ഞിരിക്കുന്നത തന്റെ മുമ്പാകെ വന്നിട്ടുള്ള അപ്പീൽ വ്യവഹാരമാണെന്നാണെ അദ്ദെഹം വ്യാഖ്യാനിച്ചിരിക്കുന്നത. അപ്പീൽ അധികാരസ്ഥല നിജപ്പെടുത്തെണ്ടത അപ്പീലിൽ വാദമുള്ള സംഖ്യ നൊക്കീട്ടല്ലെന്നും ആദ്യ വ്യവഹാരത്തിലെസ്ഥല പ്രകാരമാണെന്നും നിബന്ധനസഭക്കാരുടെ വിചാരം അങ്ങിനെയായിരുന്നു എന്നും വകുപ്പിലെ വാചകം കൊണ്ട സ്പഷ്ടമായി കാണപ്പെടുന്നുണ്ടെന്നും ൟ കാൎയ്യത്തിൽ കല്പിച്ചാൽ മതിയാകുമെന്ന, മൊൎഗ്ഗൻ, ഇന്നീസ, കിണ്ടർസ്ലി, ൟ ജഡ്ജിമാര കല്പിച്ചു. ൧൮൬ മെയി. ൧൨. (മെപ്പടി ൩൧൩-ാം ഭാഗം.)

൧൮-ൽ റിഫ്രെഡകെസ. ൨൧.

എഴുത്ത ശീലമില്ലാത്ത ഒരു കടബാദ്ധ്യസ്ഥന്റെ കല്പനപ്രകാരം മുതൽ പൃക്കിച്ച വിവരം കടം വാച്ച ആധാരത്തിന്റെ പുറത്ത എഴുതിക്കുകയും കടബാദ്ധ്യസ്ഥൻ തന്നെ അതിൽ അടയാളം വെച്ചു കൊടുക്കുകയും ചെയ്യാൽ ആയ്തു ൧൯-ൽ ൯-ാം നമ്പ്ര കാലഹരണ ആക്ടിന്റെ ൨൦-ാം വകുപ്പിലെ താല്പൎയ്യപ്രകാരമുള്ള ഒരു രേഖാമൂലമായ സമ്മതമായി വിചാരിക്കപ്പെടാമൊ എന്ന ൩൮-ൽ ൭൩-ാം നമ്പ്ര കാൎയ്യത്തിൽ ബല്ലാരി മുനിസിപ്പു തെരുമലരായര ഹൈക്കൊട്ടിൽ സംശയം ചൊദിച്ച കാൎയ്യത്തിൽ ആയ്തു ഒരു രെഖയായി വിചാരിക്കപ്പെടാമെന്ന ഹൈക്കൊടതിക്കു നിസ്സംശയമായി അഭിപ്രായമായിരിക്കുന്നു എന്ന കല്പിച്ചു. മൊൎഗ്ഗൻ, ഹൊലൊവെയി, ൟ ജഡ്ജിമാര കല്പിച്ചത. ൧൮- മെയി ൨൨. (മെപ്പടി ൩൧൪-ാം ഭാഗം.)

൭൩-ൽ റിഫ്രെഡകെസ ൧൯.

൩൧-ൽ ൪-ാം നമ്പ്ര മദിരാശി ആക്ടിലെ താല്പൎയ്യപ്രകാരം പട്ടയങ്ങൾ എഴുതി കൊടുക്കുകയൊ എഴുതി കാണിക്കുകയൊ ചെയ്യാൻ ബാദ്ധ്യസ്ഥനായിരിക്കുന്ന ഒരു ഭൂമി ഉടമസ്ഥൻ ഏതഫസ്ലിയിലെ പാട്ടം വാങ്ങികൊടുപ്പാൻ വ്യവഹാരപ്പെടുന്നുവൊ ആഫസ്ലി കഴിഞ്ഞതിന്റെ ശെഷവും കാലഹരണനിയമത്തിൽ കല്പിച്ചിരിക്കുന്ന അവധി

ക്കകെത്തും പട്ടയം എഴുതികൊടുത്തിരിക്കുന്ന സ്ഥിതിക്ക ആ വക വ്യവഹാരം എടുപ്പാൻ വിരൊധമുണ്ടൊ എന്ന ൧൮-ൽ ൫൯൪-ാം നമ്പ്ര ആപ്പീലിൽ മധുര ആക്ടിംഗ സിവിൽ ജഡ്ജി ഹച്ചിൻസസായ്പു ഹൈകൊട്ടിൽ സംശയം ചൊദിച്ച കാൎയ്യത്തിൽ ഏതഫസലിയിലെ പാട്ടം വസൂലാക്കാൻ അന്യായക്കാരൻ ശ്രമിക്കുന്നുവൊ ആഫസലിയിൽ തന്നെ പട്ടയം എഴുതി കൊടുക്കെണ്ടതാണെന്ന, മൊൎഗ്ഗൻ, കിണ്ടർസലി, ൩ം ജഡ്ജിമാര കല്പിച്ചു. ൧൪- മെയി ൨൩. (മെപ്പടി ൩൫ൻാം ഭാഗം.)

## ൧൪-ൽ എസ്സെപ്ഷ്യാൽ ൨൭ൻ.

൫-ം, ൨-ം, പ്രതികളൊട അന്യായക്കാരൻ ഏതാനും വഹകൾ തീരവാങ്ങി ആ വഹകൾ ൫-ം ൨-ം, പ്രതികളുടെ കടത്തിന്ന അവരുടെ മെൽ ഉണ്ടായ ഒരു വിധിക്ക വെണ്ടി സിവിൽ കൊടതി കല്പനപ്രകാരം ലെലത്തിൽ വില്ക്കുകയും ൩-ാം പ്രതി ആ വഹകൾ ലെലത്തിൽ ഒകാള്ളുകയും ചെയ്തു. വിധിപ്രകാരം വഹകൾ വില്ക്കാറായ സമയത്ത ആ വഹകൾ ലെലത്തിൽ വില്പാൻ പാടില്ലെന്ന കാണിച്ച അന്യായക്കാരൻ കൊടതിയിൽ ഒരു ഹരജി ബൊധിപ്പിച്ചു എങ്കിലും ലെലത്തിന്ന മുമ്പായി അന്യായക്കാരന്റെ സമ്മതത്തൊടു കൂടി അവന്റെ വക്കീൽ ആ ഹരജിയിൽനിന്ന പിൻവാങ്ങിക്കളഞ്ഞു. വഹകൾ ഒഴിപ്പിച്ചു കൊടുപ്പാൻ അന്യായക്കാരൻ ബൊധിപ്പിച്ച വ്യവഹാരത്തിൽ ഹരജിയിൽനിന്ന . അന്യായക്കാരൻ പിൻവാങ്ങിയ്യ നിമിത്തം ഭൂമികൾ ഒഴിപ്പിച്ചു വാങ്ങെണ്ടതിന്ന അയാൾ തടസ്ഥപ്പെട്ടിട്ടില്ലെന്ന ഹൈകൊട്ട് കല്പിച്ചു.

൧൫-ൽ ൩൦൮-ാം നമ്പ്രവ്യവഹാരത്തിൽ തിരുനലെവലി പ്രിൻസിപ്പാൽ സദിരമീന്റെ വിധി മാററി ൧൮-ൽ ൩൬൬-ാം നമ്പ്ര ആപ്പീലിൽ തിരുനലെവലി ഡിസ്ത്രീക്ട ജഡ്ജികാൎസ്സായ്പിന്റെ വിധിമെൽനിന്ന ബൊധിപ്പിച്ച ഒരു എസ്സെപ്ഷ്യാലാകുന്നു ഇത.

## വിധിന്യായം.

൧൦ ജൂൻ ൨൬-ാംനു- ൫-ം, ൨-ം പ്രതികൾ തനിക്ക തീരവിററതും ആ പ്രതികളുടെമെൽ ഉണ്ടായ ഒരു വിധിക്ക വെണ്ടി കൊടതി കല്പനപ്രകാരം ലെലത്തിൽ വിററതും ആയ ഏതാനും ഭൂമികൾ ഒഴിപ്പിച്ചു കൊടുപ്പാൻ അന്യായക്കാരൻ വ്യവഹാരപ്പെട്ടിരിക്കുന്നു. ൧൦-ൽ ൯-ാം നമ്പ്ര വ്യവഹാരത്തി

ലെ വിധി ഉടമസ്ഥനും ലെലത്തിൽകൊണ്ടയാളും ഇതിലെ ൩-ാം പ്രതിയാകുന്നു. വഹകൾ ലെലത്തിൽ വിററത ൧-ം, ൨-ം, പ്രതികൾ അന്ന്യായക്കാരന്ന തീരകൊടുത്തതിന്റെ ശെഷമായ ൭൦ ഡിസെംബർ മാസത്തിൽ ഒരു തീയ്യതിക്കായിരുന്നു. ആ ഭൂമികൾ വിധിക്ക മുമ്പെ ജപ്തി ചെയ്യിട്ടുണ്ടായിരുന്നു എങ്കിലും അങ്ങിനെ ജപ്തി ചെയ്യത അന്ന്യായക്കാരന്ന അതുകൾ വിററതിന്റെ ശെഷമായിരുന്നു. അന്ന്യായക്കാരന്ന ആ ഭൂമികൾ യഥാൎത്ഥമായി തീരവിററതാണെന്നുള്ളതിനെ പററി യാതൊരു സംശയവും താഴെ കൊടതികൾക്ക ഉണ്ടായിട്ടില്ലെന്ന അവരെ അഭിപ്രായം പറകയും ചെയ്യിരിക്കുന്നു. വിധിക്ക മുമ്പെ ചെയ്യ ജപ്തിപ്രകാരം വഹകൾ വില്പാൻപൊകുന്നു എന്ന അന്ന്യായക്കാരന്ന അറിവു കിട്ടിയ ഉടനെ അവൻ ആ കാൎയ്യത്തിൽ ഒരു ഹരജി ബൊധിപ്പിച്ചു എങ്കിലും ആ ഹരജിയിൽനിന്ന അന്ന്യായക്കാരൻ പിൻവാങ്ങിക്കളഞ്ഞിരിക്കുന്നു എന്ന കീഴാപ്പീൽ കൊടതി അഭിപ്രായപ്പെട്ടിരിക്കുന്നു. മെപ്പടി പിൻവാങ്ങൽ ഭൂമി വില്ക്കെണ്ടതിലെക്ക അന്ന്യായക്കാരന്റെ ഒരു സമ്മതത്തിന്ന പൊരുന്നതാണെന്നും അതിനാൽ ഀരം വ്യവഹാരം ബൊധിപ്പിക്കെണ്ടതിന്ന അവന്ന അവകാശമില്ലെന്നും ഡിസ്ത്രീക്ട ജഡ്ജി വിചാരിച്ചിരിക്കുന്നു. ഡിസ്ത്രീക്ട ജഡ്ജിയുടെ ആ അഭിപ്രായം തെററാണെന്ന ഞങ്ങൾക്ക വെടിപ്പായി അഭിപ്രായമായിരിക്കുന്നു. വഹകൾ ലെലത്തിൽ വില്ക്കുന്നതിനെ പററി അന്ന്യായക്കാരൻ ക്രമപ്രകാരം ആക്ഷെപിച്ചിട്ടില്ലായിരുന്നു എങ്കിൽ തന്നെ ആ വഹകളെ ൧-ം, ൨-ം പ്രതികൾ മുമ്പെ അവന്ന തീര വിററിരിക്കുന്ന സ്ഥിതിക്ക അതുകൾ ലെലത്തിൽകൊണ്ടവനായ ൩-ാം പ്രതിയെക്കാൾ അന്ന്യായക്കാരന്നുള്ള മുൻ അവകാശം സ്ഥാപിച്ചു കിട്ടെണ്ടതിന്ന വ്യവഹാരപ്പെടാനുള്ള അവന്റെ അവകാശത്തെ പററി യാതൊരു സംശയം ഉണ്ടാവാൻ പാടുള്ളതല്ല. ആക്ഷെപം ബൊധിപ്പിക്കുകയും പിന്നെ അതിൽനിന്ന പിൻവാങ്ങുകയും ചെയ്യത ആക്ഷെപം ബൊധിപ്പിക്കാതെയിരുന്നെങ്കിൽ അന്ന്യായക്കാരന്റെ അവകാശത്തിന്ന എത്രത്തൊളം ബലക്ഷയം ഉണ്ടാകുമൊ അതിൽ പരമായ ബലക്ഷയം ഉണ്ടാവാൻ പാടുള്ളതും അല്ല. ലെലത്തിൽ ൩-ാം പ്രതി ൧-ം, ൨-ം, പ്രതികളുടെ അവകാശം വിലെക്കകൊണ്ടു എങ്കിലും അവൎക്കുള്ള അവകാശം മുമ്പെ തന്നെ അന്ന്യായക്കാരന്ന സിദ്ധിച്ചു

പൊകകൊണ്ട ൨-ാം പ്രതിക്ക ഒരു അവകാശവും സിദ്ധിച്ചിട്ടില്ലാത്ത പ്രകാരമാണ വിചാരിക്കപ്പെടെണ്ടത. ൨-ാം പ്രതിയൊട വഹകൾ ഒഴിപ്പിച്ചു വാങ്ങുവാൻ അന്ന്യായക്കാരന അവകാശമുണ്ടെന്നുള്ള പ്രിൻസിപ്പാൽ സദിരമീൻെറ വിധിയുമായി യൊജിച്ച അദ്ദെഹത്തിൻെറ വിധി സ്ഥിരപ്പെടുത്തി ഡിസ്ത്രീക്ട ജഡ്ജിയുടെ വിധി ഞങ്ങൾ മാററി സകല ചിലവുകളും ൨-ാം പ്രതികൊടുക്കെണ്ടതാണെന്ന വിധിച്ചിരിക്കുന്നു എന്നു, ഇന്നീസ, കിണ്ടർസലി, ൟ ജഡ്ജിമാര കല്പിച്ചു. ൧൪ ജൂൻ ൨ (മെപ്പടി ൩൩-ാം ഭാഗം.)

## ൧൪-ൽ റിഫ്രെഡകെസ ൧൭.

൧൦ ആഗസ്തു മാസത്തിൽ ഒരണാ മുദ്രകടലാസിൽ എഴുതിയിരുന്ന ഒരു പ്രൊമിസ്സെറി നൊട്ടിൽ കാണിച്ച സംഖ്യ ൧൧ ജൂലായി ൧൨-ാംനു—ക്കൊ അതിന്നു മുമ്പൊ തിരികെകൊടുത്തുകൊള്ളാമെന്ന നിയമിച്ചിരുന്നു. പ്രൊമിസ്സെരിനൊട്ടിന്മെൽ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ പിഴവാങ്ങി ആ നൊട്ട തെളിവിൽ സ്വീകരിപ്പാൽ പാടില്ലെന്ന ഹൈകൊട്ട് കല്പിച്ചു.

ഇത തിരുനല്വെലി സബൊൎഡിനെട്ട ജഡ്ജി അണ്ണാസ്വാമി സംശയം ചൊദിച്ച ഒരു കാൎയ്യമാകുന്നു. ൧൦. ആഗസ്തു മാസത്തിൽ എഴുതി കൊടുത്ത ഒരു പ്രൊമിസ്സെരിനൊട്ടു പ്രകാരമുള്ള ൧൪൨. ക. ൨-ണ വ്യ. സ്സ വാങ്ങി കൊടുപ്പാൻ വ്യവഹാരം. നൊട്ട ഒരു അണാ മുദ്രകടലാസിൽ എഴുതിയിരിക്കുകയും ൧൧ ജൂലായി ൧൨-ാം ൹ക്ക മുതൽ തിരികെ കൊടുത്തുകൊള്ളാമെന്ന നിയമിക്കുകയും ചെയ്തിരിക്കുന്നു. ൩൩-ൽ ൧൭-ാം നമ്പ്ര മുദ്രപത്രം ആക്ടിൻെറ ൧-ാം പട്ടിക ൧-ാം വകുപ്പുപ്രകാരം രണ്ടണാ വിലെക്കുള്ള മുദ്രകടലാസിൽ ആയ്തു എഴുതീട്ടില്ലാത്ത സംഗതിയിന്മെൽ ആയാക്ടിൻെറ ൨൭-ാം വകുപ്പുപ്രകാരം ആയാധാരം തെളിവിൽ സ്വീകരിപ്പാൻ പാടില്ലെന്ന ൨-ാം പ്രതി വക്കീൽ വാദിച്ചിരിക്കുന്നു. മെപ്പടി ൨൭-ാം വകുപ്പ ഒരണാ മുദ്ര പതിക്കെണ്ടതായ ഒരു മാററു പത്രത്തിന്നൊ പ്രൊമിസ്സെരിനൊട്ട എന്ന പറയുന്ന വാഗ്ദത്ത പത്രത്തിന്നൊ മററ ആധാരങ്ങൾക്കൊ സംബന്ധിക്കുന്നു എന്നാണ നമുക്ക കാണപ്പെടുന്നത. ഇപ്പൊൾ വാദത്തിൽപെട്ടിരിക്കുന്ന നൊട്ട രണ്ടണാ മുദ്രകടലാസിൽ എഴുതെണ്ടിയിരുന്നതാകകൊണ്ട ആ വകുപ്പ ൟ കാൎയ്യത്തി

ലെക്ക സംബന്ധിക്കുകയില്ലെന്നും ൨൦-ാം വകുപ്പുപ്രകാരം പൊരാത്ത മുദ്രവിലയും പിഴയും വാങ്ങി ൨ം നൊട്ട തെളിവിൽ സ്വീകരിക്കാവുന്നതാണെന്നും നാം വിചാരിക്കുന്നു. അപ്രകാരം ചെയ്യാൻ പാടുണ്ടൊ എന്ന സബൊർഡിനെട്ട ജഡ്ജി സംശയം ചൊദിച്ചു.

## വിധിന്യായം.

൨൮-ാം വകുപ്പിലെ ഒരണാ മുദ്രപതിക്കെണ്ടതാണെന്നുള്ള പദങ്ങൾ വല്ല മാററുപത്രമൊ വാഗ്ദത്തപത്രമൊ എന്നുള്ള പദങ്ങൾക്ക സംബന്ധിക്കുന്നതായി വിചാരിക്കപ്പെടെണ്ടതല്ല. ൨൦-ം, ൨൪-ം വകുപ്പുകൾ ഒരണാ കടലാസിൽ എഴുതെണ്ടതായ മാററുപത്രങ്ങൾക്കും വാഗ്ദത്തപത്രങ്ങൾക്കും എന്ന മാത്രമല്ല എല്ലാ വക മാററുപത്രങ്ങൾക്കും വാഗ്ദത്തപത്രങ്ങൾക്കും സംബന്ധിക്കുന്നവയല്ലെന്നാകുന്നു തീച്ചപ്പെടുത്തെണ്ടത. ആ വക ആധാരങ്ങൾ എഴുതി കഴിഞ്ഞാൽ അതുകൾക്ക മുദ്ര കുത്തുവാൻ പാടുണ്ടെങ്കിൽ ൮-ം, ൯-ം വകുപ്പുകളിലെ നിബന്ധനകൾ പ്രകാരം മാത്രമെ പാടുണ്ടാകയുള്ളു. അതുകൊണ്ട ൨൦-ാം വകുപ്പുപ്രകാരം ൨ം ആധാരംകൊടതിക്ക സ്വീകരിപ്പാൻ പാടില്ലെന്ന, ഇന്നീസ ജഡ്ജിയും, അച്ചടിച്ച പ്രസിദ്ധപ്പെടുത്തീട്ടില്ലാത്തതായ ൧൮൬൭-ൽ ൭-ാം നമ്പ്ര റിഫ്രെഡകാൎയ്യത്തിൽ ൨ം സംഗതിയെപററി തീച്ചപ്പെടുത്തിയിട്ടുണ്ടെന്ന ഹൊലൊവെയി ജഡ്ജിയും കല്പിച്ചു. ൧൮൭൨ ജൂൻ ൧൭ (മെപ്പടി ൩൩൧-ാം ഭാഗം.)

### ൧൮൭൨-ൽ എസ്സെഷ്യാൽ ൩൦൪.

അന്യായക്കാർ കാപ്പി കൊടുത്തുകൊള്ളാമെന്ന ചെയ്യ ഒരു കരാറിൽ ജാമ്യക്കാരനായ പ്രതിയൊട നഷ്ടം വാങ്ങി കൊടുപ്പാൻ അന്യായക്കാര ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ കാപ്പി കൊടുക്കുന്ന സമയത്തെ അതിൻെറ വില കൊടുത്തുകൊള്ളാമെന്ന അന്യായക്കാർ മനസ്സുണ്ടായിരുന്നുവൊ എന്നുള്ള സംഗതി അന്യായ ഹരജിയിൽ കാണിച്ചിട്ടുണ്ടായിരുന്നില്ല. ആ സംഗതി കാണിക്കാതെയിരുന്നതകൊണ്ട പ്രതിക്ക യാതൊരു തരക്കെടും ദൊഷവും സംഭവിച്ചിട്ടില്ലായ്കകൊണ്ട ആ സംഗതി അന്യായ ഹരജിയിൽ കാണിപ്പാൻ ആവശ്യമുണ്ടായിരുന്നില്ലെന്ന എസ്സെഷ്യാലിൽ ഹൈകൊട്ട കല്പിച്ചു. മാച്ച ൨-ാംനു- കാപ്പി എത്തിച്ചുകൊടുക്കാമെന്ന കരാറ ചെയ്തിരിക്കുന്നപ്രകാരമാണ അന്യായഹരജി

യിൽ വാദിച്ചിട്ടുള്ളത. മാൎച്ച ൩൫-ാം നു- വരെക്ക അവധി വെച്ചു കൊടുത്തിട്ടുണ്ടെന്ന തെളിവുകൊണ്ട കാണുന്നുണ്ടെങ്കിലും കരാറ ലംഘിച്ചത മാൎച്ച ൨-ാംനു-യാണെന്ന പ്ലീഡിംഗ്സ കൊണ്ട കാണപ്പെടുന്നു. ആ സംഗതിയെ പററി പ്രതിക്ക പറവാനുണ്ടായിരുന്ന ന്യായത്തെ കുറിച്ച അയാൾക്ക പൂൎണ്ണ അറിവുണ്ടായിരുന്നതകൊണ്ട ആയാക്ഷെപം സാധുവായിട്ടുള്ളതല്ലെന്നും കല്പിച്ചു. തന്റെ മുതലാളി ചെയ്യാൻ കരാറ ചെയ്തിരുന്ന പ്രവൃത്തി ജാമ്യക്കാരൻ ചെയ്യാനായിട്ട ആരംഭിച്ചതകൊണ്ട ഒരു ജാമ്യക്കാരന്റെ സ്ഥിതിയിൽ അയാളുടെ മേൽ വ്യവഹാരപ്പെടുന്നതിന്ന അന്യായക്കാര തടസ്ഥപ്പെട്ടിട്ടില്ലെന്നും കല്പിച്ചു.

൧൩-ൽ ആദ്യം ൩൦-ാം നമ്പ്ര വ്യവഹാരത്തിൽ കൊച്ചി സബൊർഡിനെട്ട ജഡ്ജിയുടെ വിധി സ്ഥിരപ്പെടുത്തി ൧൪-ൽ ആപ്പീൽ ൫-ാം നമ്പ്ര വ്യവഹാരത്തിൽ തെക്കെ മലയാളം ഡിസ്ത്രിക്ട ജഡ്ജി ഷാപ്പ സായ്പ കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ച ഒരു എസ്പെഷ്യാലാകുന്നു ഇത. ഹണ്ട്രെഡവെററ ഒന്നുക്ക ൩൫. ഉറുപ്പിക വിലയാകെ ൧൩ മാൎച്ച ൨-ാം നു-ക്കുള്ളിൽ ൫൦൦൦-ം ഹണ്ട്രെഡവെററ നാട്ട കാപ്പി അന്യായക്കാൎക്ക കൊടുത്തുകൊള്ളാമെന്ന പ്രതി കരാറ ചെയ്കയും ആ കരാറപ്രകാരം പ്രതി നടക്കാതെ അതിനെ ലംഘിച്ചത നിമിത്തം തലശ്ശെരിൽ ആ കാലത്ത വിററിരുന്ന എക്ക പ്രകാരം അധികം വിലെക്ക കാപ്പി അന്യായക്കാര വാങ്ങുവാൻ എട വരികയും ചെയ്യുതുകൊണ്ട പ്രതി നിമിത്തം അന്യായക്കാൎക്ക സംഭവിച്ച നഷ്ടം ൩൭൧൯. ക. ൮-ണ. ൯. ൱. പ്രതിയൊട വാങ്ങി കൊടുപ്പാൻ അന്യായം. അന്യായക്കാര പരദസ ചെട്ടിയുമായി ചെയ്ത കരാറിനെ പ്രതി സമ്മതിച്ചു എങ്കിലും തനിക്കുള്ള ഉത്തരവാദത്വം അന്യായത്തിൽ കാണിച്ചപ്രകാരം അല്ലെന്നും പരദസചെട്ടിക്ക മുൻകൂറ കൊടുത്ത ൨൦൦൦-ം ഉറുപ്പികെക്കും കരാറ മെപ്പടി പരദസ ചെട്ടി ലംഘിക്കുന്ന പക്ഷം അതിന്റെ നഷ്ടത്തിന്നും ആണ പ്രതി ഉത്തരവാദിയായിരുന്നത എന്നും അന്യായക്കാര പിന്നെ മെപ്പടി കരാറിലെ നിശ്ചയങ്ങൾക്ക വിരൊധമായി പരദസ ചെട്ടിയുമായി അവൎക്ക ഒരു എടപാടും ഇല്ലെന്നും പ്രതിയാണ അവൎക്ക ഉത്തരവാദി എന്നും വാദിച്ചത നിമിത്തം അന്യായക്കാര ചെയ്ത കരാറും അവർ പ്രമാണിച്ചിരിക്കുന്ന ജാമ്യവും അസാധുവും ദുൎബ്ബലവും ആയിപ്പൊയിരിക്കുന്നു എന്നും കാപ്പി വാങ്ങുവാൻ ആവശ്യം പൊലെയുള്ള പണം തനിക്ക കൊടുത്തുകൊള്ളാമെന്നും മാൎച്ച ൩൫-ാംനു- വരെക്കും എ

ട കൊടുത്തിരിക്കുന്നു എന്നും അന്ന്യായക്കാരുടെ ഏജെണ്ട പ്രതിയൊട പറഞ്ഞിരിക്കുന്നു എന്നും അന്ന്യായക്കാൎക്ക കൊടുപ്പാൻ ഏററ കാപ്പി കൊടുക്കാതെ വീഴ്ച വരുത്തുന്ന പക്ഷം നഷ്ടത്തിന്ന പ്രതി ഉത്തരം പറഞ്ഞുകൊള്ളാമെന്ന വാക്കാൽ കരാറിൽ യാതൊരു നിശ്ചയവും ചെയ്തിട്ടില്ലെന്നും പ്രതി വാദിച്ചു. ൬൮ ഡിസെംബർ ൨-ാം നു-യത്തെ കരാറ പ്രകാരം പരദസചെട്ടി കൊടുപ്പാൻ നിശ്ചയിച്ച കാപ്പി മുഴുവനും കൊടുക്കെണ്ടതിന്ന ൬൮. മാൎച്ച ൩൧-ാംനു- വരെക്കും തങ്ങൾ പ്രതിക്ക എട കൊടുത്തിട്ടുണ്ടെന്നും ൬൮ മാൎച്ച ൧൧-ാം നു- ൫൦൦൦-ം ഉറുപ്പിക പ്രതി ചൊദിച്ചത തങ്ങൾ കൊടുത്തിട്ടില്ലെന്നും കാപ്പിവകെക്ക ൧൭൦൦൦-ം ഉറുപ്പിക പ്രതിക്ക തങ്ങൾ കൊടുത്തിട്ടുണ്ടെന്നും ഫെബ്രുവരി ൧൯-ം, മാൎച്ച ൧൧-ംനു-കളിൽ പ്രതി കൊണ്ടുവന്ന കാപ്പി തങ്ങൾക്ക എടുപ്പാൻ മനസ്സില്ലെന്ന പറഞ്ഞിട്ടുണ്ടെന്നും മററുംവിചാരണസമയത്ത അന്ന്യായക്കാര സമ്മതിച്ചിരിക്കുന്നു. സബോൎഡിനെട്ട ജൎജ്ജി ൧൦൫-ക-൧൦-ണ പ്രതി അന്ന്യായക്കാൎക്ക കൊടുപ്പാൻവിധിച്ചു. അന്ന്യായക്കാര ആപ്പീൽ ബൊധിപ്പിച്ചു. കാപ്പി കൊടുത്തുകൊള്ളാമെന്നും കൊടുക്കുന്ന സമയത്ത അതിന്റെ വില കൊടുത്തുകൊള്ളാമെന്നും ആണ അന്ന്യായപ്പെട്ട കരാറിൽ നിശ്ചയിച്ചിട്ടുള്ളത. ഈ സ്ഥിതിക്ക കരാറ ആക്ടിന്റെ ൭൧-ാം വകുപ്പ പ്രകാരം കൊടുക്കുന്ന കാപ്പിക്ക വിലകൊടുക്കാത്ത പക്ഷം പിന്നെ കാപ്പികൊടുപ്പാൻ ആവശ്യമില്ലെന്നാണ ആ വകുപ്പിൽ നിയമിച്ചിട്ടുള്ളത. ചരക്ക ഏല്പിക്കുമ്പൊൾ പണം കൊടുപ്പാൻ തങ്ങൾ ഒരുക്കവും മനസ്സും ഉള്ളവരായിരിക്കുമെന്ന അന്ന്യായഹരജിയിൽ അന്ന്യായക്കാര ഒന്നും തന്നെ പറഞ്ഞിട്ടില്ലായ്കകൊണ്ട അവരുടെ അന്ന്യായത്തിന്ന ന്യൂനതയുണ്ടെന്ന നാം പ്രസ്ഥാപിക്കേണ്ടിവന്നിരിക്കുന്നു. എന്ന മാത്രമല്ല മാൎച്ച ൨-ാംനു-ക്കൊ അതിന്നുമുമ്പോ കാപ്പികൊടുത്തുകൊള്ളാമെന്നും വാങ്ങിക്കൊള്ളാമെന്നും ആണ കക്ഷികൾ കരാറ ചെയ്തിരിക്കുന്നത എന്ന അന്ന്യായ ഹരജി കൊണ്ട കാണപ്പെടുന്നു. എന്നാൽ റിക്കാൎഡ നൊക്കുമ്പോൾ അന്ന്യായക്കാരുടെ സ്വന്ത സമ്മതം കൊണ്ട തന്നെ മാൎച്ച ൩൧-ാംനു- വരെക്കും അവധിനീട്ടികൊടുത്തിട്ടുണ്ടെന്ന കാണപ്പെടുന്നു. അങ്ങിനെ ഇരിക്കെ വ്യവഹാരകാരണം മാൎച്ച ൨-ാംനു-ക്ക ഉത്ഭവിച്ചു എന്ന പറയുന്നത എങ്ങിനെയാണെന്ന നമുക്ക മനസ്സിലാകുവാൻ പ്രയാസമായിരിക്കു

ന്നു. ഒരു കരാറിലെ കക്ഷികൾ അവർ ചെയ്തിട്ടുള്ള കരാറിന്ന പകരമായി ഒരു പുതിയ കരാറ ചെയ്യാനായിട്ടൊ അതിനെ ദുർബ്ബലമാക്കുകയൊ ഭെദപ്പെടുത്തുകയൊ ചെയ്വാനായിട്ടൊ ഉടമ്പടി ചെയ്യുന്നു എങ്കിൽ ആദ്യത്തെ കരാറിൻ പ്രകാരം പിന്നെ നടപ്പാൻ ആവശ്യമുള്ളതല്ലെന്ന കരാറ ശാസ്ത്രത്തിന്റെറ൬൨-ാം വകുപ്പിൽകല്പിച്ചിരിക്കുന്നു ൧൦ കാര്യത്തിൽ ആദ്യത്തെ കരാറിന്ന ഭെദം വരുത്തിയിരിക്കുന്നു എന്ന അന്യായം വക സാക്ഷികളെക്കൊണ്ടും അവരുടെ രെഖകളെകൊണ്ടും വെടിപ്പായി തെളിഞ്ഞിട്ടുണ്ട. എന്ന മാത്രമല്ല ആദ്യത്തെ കരാറ എഴുതീട്ടുള്ളതായ മഷി ഉണങ്ങുന്നതിന്ന മുമ്പായിട്ട തന്നെ അന്യായക്കാര ജാമ്യക്കാരനായ പ്രതിയെ കരാറിലെ മുഖ്യ കടക്കാരനായി വിചാരിപ്പാൻ തുടങ്ങി എന്നുള്ളതും ൧൦ കാര്യത്തിന്റെറ സ്വഭാവംകൊണ്ട പ്രത്യക്ഷമായി കാണപ്പെടുന്നുണ്ട. അന്യായക്കാൎക്ക അവകാശമുള്ളത താഴെ കൊടതി വിധിച്ചു കൊടുത്തിരിക്കകൊണ്ട നാം ആ കൊടതി വിധി സ്ഥിരപ്പെടുത്തി ൧൦ ആപ്പീൽ ചിലവു സഹിതം നീക്കിയിരിക്കുന്നു എന്ന ഡിസ്ത്രീക്ട ജഡ്ജി കല്പിച്ചു. അന്യായക്കാര മെപ്പടി എന്റെയ്ഡ്യാൽ ബൊധിപ്പിച്ചു.

## വിധിന്യായം.

ഡിസ്ത്രീക്ട ജഡ്ജി ആപ്പീൽ നീക്കീട്ടുള്ളത ൧൦ താഴെ പറയുന്ന മൂന്ന സംഗതികളിന്മെൽ ആകുന്നു. കാപ്പി കൊടുക്കുന്ന സമയം പണം കൊടുത്തുകൊള്ളാമെന്നുള്ള മനസ്സ അന്യായ ഹരജിയിൽ കാണിച്ചിട്ടില്ലെന്നും, മാച്ച ൨-ാം൹ കാപ്പി കൊടുപ്പാൻ കരാറ ചെയ്തിരിക്കുന്ന പ്രകാരമാണെന്ന അന്യായ ഹരജി കൊണ്ട കാണപ്പെടുന്നത എങ്കിലും മാച്ച ൩൧-ാം൹ വരെക്ക അവധി കൊടുത്തിട്ടുണ്ടെന്ന തെളിവുകൊണ്ട കാണപ്പെടുന്നു എന്നും ജാമ്യക്കാരനെ മുഖ്യ കടക്കാരനായി വിചാരിച്ചിരിക്കുന്നു എന്നും ഉള്ള ൧൦ മൂന്ന സംഗതികളാണെ കാണിച്ചിരിക്കുന്നത. ഒന്നാമത്തെ സംഗതിയെ പററി എല്ലാ നിശ്ചയങ്ങളെയും നിവൃത്തിക്കുന്നതിനെകുറിച്ച അന്യായഹരജിയിൽ കാണിച്ചിരുന്നെങ്കിൽ ഇതിലുംഅധികം വെടിപ്പുണ്ടായിരുന്നു. എന്നാൽ ആ നിശ്ചയങ്ങളെ ഒക്കെയും കാണിക്കാതെയിരുന്നതകൊണ്ട പ്രതിക്ക ആ സംഗതികളെ പററി വാദിപ്പാനുണ്ടായിരുന്ന എല്ലാ ന്യായങ്ങളെയും കുറിച്ച വാദി

പ്പാൻ യാതൊരു തടസ്ഥവും സംഭവിച്ചിട്ടില്ല. ൨-ാമത്തെ സംഗതിയെ പററി, ആദ്യത്തെ കരാറിന്ന ഭെദം വരുത്തി ഒരു പുതിയ കരാറ ചെയ്തിരിക്കുന്നു എന്ന ക്രമമായി വാദിച്ചിരുന്നു എങ്കിൽ അപ്രകാരം അവധി മാററി വെച്ചത വ്യവഹാരത്തിന്ന ദൊഷമായിട്ട തീരുന്നതായിരുന്നു. അതുകൊണ്ട അന്യായ ഹരജി നന്നാക്കെണ്ടതാണെന്ന ഞങ്ങൾക്ക അഭിപ്രായമായിരിക്കുന്നു. ഇതിന്ന മുമ്പായിട്ട തന്നെ ആയ്ത ചെയ്യെണ്ടതായിരുന്നു എങ്കിലും ൟ സംഗതിയെ പററി പ്രതിക്ക പറവാനുണ്ടായിരുന്ന ന്യായങ്ങളെ കുറിച്ച അയാൾക്ക പൂൎണ്ണ അറിവുണ്ടായിരുന്നതകൊണ്ട ഇപ്പൊൾ അന്യായ ഹരജി ഭെദപ്പെടുത്തുന്നതുകൊണ്ട പ്രതിക്കയാതൊരു അനീതിയും ചെയ്യുതായി വിചാരിപ്പാൻ പാടുള്ളതല്ല. മൂന്നാമത്തെ സംഗതി ജാമ്യക്കാരനെ മുഖ്യ കടക്കാരനായി വിചാരിച്ചതിനെ പററിയാകുന്നു. ഇങ്ങിനെ വിചാരിച്ചതായി ഞങ്ങൾക്ക കാണ്മാൻ കഴിഞ്ഞിട്ടില്ല. കടക്കാരൻ ചെയ്യെണ്ടതിന്ന കരാറ ചെയ്തിരുന്ന പ്രവൃത്തി ജാമ്യക്കാരൻ ചെയ്വാനായിട്ട ആരംഭിച്ചതകൊണ്ട ഒരു ജാമ്യക്കാരന്റെ സ്ഥിതിയിൽ അയാളുടെ മെൽ വ്യവഹാരപ്പെടുന്നതിന്ന യാതൊരു വിരൊധവും ഞങ്ങൾ കാണുന്നില്ല. ൟ സംഗതികളാൽ ഗുണദൊഷങ്ങളിന്മെൽ പ്രവെശിച്ച ഒരു വിധി കൊടുപ്പാൻ വെണ്ടി നമ്പ്ര താഴെ കൊടതിക്ക മടക്കി അയച്ചിരിക്കുന്നു എന്ന, ഹൊലൊവെയി,കെർനാൻ, ൟ ജഡ്ജിമാര കല്പിച്ചു. ൧൮ ജ്രൂൻ ൧൮൭൭ (മെപ്പടി നമ്പര്‌-ാം ഭാഗം.)

## ൧൮-ൽ എസ്പെഷ്യാൽ ൩൭൨.

ഉണ്ടികകൾ എഴുതികൊടുക്കുകയൊ അതുകളിൽ എണ്ടൊർസ ചെയ്തു കൊടുക്കുകയൊ ചെയ്യെണ്ടതിന്ന ഒരു വ്യാപാര സംഘത്തിലെ ഏജണ്ടിന്ന അധികാരമുണ്ടാകെണമെങ്കിൽ ഒരു പ്രത്യെക അധികാരം അവന്റെ മുതലാളിമാരൊട അവന്ന സിദ്ധിക്കെണ്ടതാകുന്നു. എന്നാൽ കാൎയ്യത്തിന്റെ അവസ്ഥകൾകൊണ്ട ആ വക അധികാരം ഏജെണ്ടിന്ന ഉണ്ടൊ ഇല്ലയൊ എന്ന ഊഹിക്കാവുന്നതാകുന്നു. കാൎയ്യസ്ഥൻ ചെയ്തു പ്രവൃത്തിയെ മുതലാളിയെ അറിയിക്കുകയും ആ പ്രവൃത്തിയെ മുതലാളി സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന കാൎയ്യങ്ങളിൽ ആ പ്രവൃത്തി ശാസ്ത്രപ്രകാരം മുതലാ

ളിയുടെ പ്രവൃത്തിയായിട്ട തന്നെ വിചാരിക്കപ്പെടെണ്ടതാകുന്നു എന്നു, ഹൊലൊവെയി, കിണ്ടർസലി, ൟ ജഡ്ജിമാര കല്പിച്ചു- ൧൪- ജ്ജൂലായി ൯- (മെപ്പടി ൩൬ന്റ-ാം ഭാഗം.)

## ൧൪-ൽ എസ്സെപ്ഷ്യാൽ ൩൫.

അന്യായക്കാരൻ ചെയ്യുകൊടുത്തതായ ഒരു ആധാരംകൊണ്ട എളകാത്ത വസ്തുവിന്മെൽ ൪൫൦- ഉറുപ്പികയുടെ ഒരു കടം അയാൾ ഉണ്ടാക്കി വെച്ചു. ആയാധാരം ചതിയായി എഴുതിച്ച വാങ്ങിയ്യാണെന്നുള്ള സംഗതിയിന്മെൽ ആയ്യു ദുൎബ്ബലപ്പെടുത്താൻ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ അന്യായക്കാരൻ ൪൫൦- ഉറുപ്പിക സലകെട്ടി വ്യവഹാരപ്പെട്ടിരിക്കുന്ന സ്ഥിതിക്ക ൟ വ്യവഹാരം വിസ്തരിപ്പാൻ മുനസീപ്പിന്ന അധികാരമുണ്ടായിരുന്നില്ലെന്ന ഹൈകൊട്ട് കല്പിച്ചു.

൧൩൨-ൽ ൮൧൪-ാം നമ്പ്ര വ്യവഹാരത്തിൽ തെമ്മലപ്പുറം മുനിസീപ്പിന്റെ വിധിയെ സ്ഥിരപ്പെടുത്തി ൧൩൨-ൽ ൪൩൨൧-ാം നമ്പ്രാപ്പീലിൽ തെക്കെ മലയാളം ഡിസ്ത്രീക്ക ജഡ്ജി ഷാപ്പ സായ്പു കല്പിച്ച വിധിമെൽനിന്ന ബൊധിപ്പിച്ച ഒരു എസ്സെപ്ഷ്യാലാകുന്നു ഇത. പ്രതിയുടെ ചതിയായും ക്രമതെറ്റായും ഉള്ള പ്രവൃത്തി നിമിത്തം അന്യായക്കാരനെക്കൊണ്ട ആധാരം എഴുതിച്ച വാങ്ങിയ്യാണെന്നും ആയാധാരം ചതിയായി പ്രതി കൈവശപ്പെടുത്തിയ്യാണെന്നും ഉള്ള സംഗതിയിന്മെൽ അന്യായത്തൊട ചെൎത്തിരിക്കുന്ന പട്ടികയിൽ വിവരിച്ച് ഏതാനും എളകാത്ത സ്വത്തുക്കളിന്മെൽ ഉറപ്പിക്കപ്പെട്ടതായ ൪൫൦ ഉറുപ്പികയുടെ കരിപണയ ആധാരം ദുൎബ്ബലപ്പെടുത്തി കൊടുപ്പാൻ അന്യായം. ആധാരത്തിൽ പറയുന്ന സ്വത്തുക്കൾ തന്റെയും തന്റെ മകന്റെ ഭാൎയ്യയുടെയും കൈവശമായിരുന്നു എന്നും താനും മരുമകളും തമ്മിലുണ്ടായിരുന്ന തൎക്കം പ്രതി എഴുതികൊണ്ടുവരുന്ന ഒരു ആധാരം ചെയ്യു കൊടുക്കുന്ന പക്ഷം തീൎത്ത കൊടുക്കാമെന്നും തന്റെ ഒരു മരുമകനായ പ്രതി പറഞ്ഞത താൻ സമ്മതിച്ച ആധാരം ചെയ്യു കൊടുത്തതാണെന്നും പിന്നെ ആധാരത്തിന്റെ വിവരം തനിക്ക മനസ്സിലായ്യിന്റെ ശെഷം റജിസ്ത്രാര മുമ്പാകെയും സബമജിസ്ത്രെട്ട മുമ്പാകെയും താൻ ആവലാധിപ്പെട്ടിട്ടും ഒരു നിവൃത്തിയും കിട്ടീട്ടില്ലെന്നും അതിനാൽ ൟ വ്യവഹാരത്തിന്ന കാരണമായ്യാണെന്നും

അന്യായത്തിൽ വിവരം പറഞ്ഞിരിക്കുന്നു. ന്യായമായും മതിയായ പ്രതിഫലത്തിന്മെലും താൻ ആധാരം എഴുതിച്ചുതാണെന്നും ൟ അന്യായം വിസ്തരിപ്പാൻ മുനിസീപ്പിനു അധികാരമില്ലെന്നും പ്രതിക്കാരൻ വാദിച്ചു. മുനിസീപ്പ ൟ താഴെ പറയുന്ന വിധി ന്യായം കല്പിച്ചു. സലയുടെ കാൎയ്യത്തിൽ ദുൎബ്ബലപ്പെടുത്താൻ അപെക്ഷിച്ചിട്ടുള്ള ആധാരത്തിന്റെ സംഖ്യക്കു സല കൊടുക്കെണ്ടതാണെന്നു പ്രതി തൎക്കിക്കുന്നുണ്ടെങ്കിലും അതിനു ആവശ്യമില്ലെന്നും നികുതിയുടെ കണക്കുപ്രകാരമാണ സല കെട്ടെണ്ടത എന്നും അതുകൊണ്ടു സല ശരിയായി കെട്ടിയിരിക്കുന്നു എന്നും അന്യായക്കാരൻ നിവൃത്തിക്കു യാതൊരു അപെക്ഷയും ചെയ്യാതെ അവകാശം സ്ഥാപിച്ചു കിട്ടാൻ വെണ്ടി മാത്രം വ്യവഹാരപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ൟ കാൎയ്യത്തിൽ പത്തുറപ്പിക മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളു എന്നും എന്നാൽ അന്യായക്കാരൻ അധികം സലകൊടുക്കുകയും ആയതു മടക്കി കിട്ടാൻ അപെക്ഷിക്കാതെയിരിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു സലയുടെ കാൎയ്യത്തിൽ യാതൊന്നും നാം ആക്ഷെപിക്കുന്നില്ലെന്നും മുനിസീപ്പ അഭിപ്രായപ്പെടുകയും ആധാരം അസാധുവും ദുൎബ്ബലവും ആക്കി വിധിക്കുകയും ചെയ്തു. ആപ്പീലിൽ മുനിസീപ്പിനു ൟ വ്യവഹാരം എടുപ്പാൻ അധികാരമുണ്ടായിരുന്നില്ലെന്നുള്ള ഭാഗത്തെക്കുറിച്ചു പ്രതി ചെയ്തു ആക്ഷെപത്തെ പററി ഡിസ്ത്രിക്ട ജഡ്ജി ഒന്നും തന്നെ ദൃഷ്ടി വെക്കാതെ മുനിസീപ്പിന്റെ വിധി സ്ഥിരപ്പെടുത്തി വിധിച്ചു. പ്രതിക്കാരൻ മെല്പടി എസ്പെഷ്യാൽ ബൊധിപ്പിച്ചു.

## വിധിന്യായം.

**ൟ** വ്യവഹാരത്തിൽ കൊൎട്ട ഫീസ്സ ആക്ടിലെ താല്പൎയ്യപ്രകാരം താൻ അപെക്ഷിച്ചിട്ടുള്ള നിവൃത്തിക്കു അന്യായക്കാരൻ സല കെട്ടിട്ടുള്ളത ൪൦ ഉറപ്പികയാകുന്നു. ശാസ്ത്രപ്രകാരം ബലമുള്ളതായ ഒരു ആധാരം അന്യായക്കാരൻ എഴുതി കൊടുക്കുകയും വസ്തുവിന്മെൽ മെൽപറഞ്ഞ സംഖ്യക്കു ഒരു കടം വരുത്തി വെക്കുകയും ചെയ്തിരിക്കുന്നു. കൊടതിയുടെ ഒരു വിധികൊണ്ടു ആയാധാരം ദുൎബ്ബലപ്പെട്ടു പൊകുമ്പൊൾ അന്യായക്കാരനു ആ സംഖ്യ ലാഭമായി വരികയും ചെയ്യുന്നു. അങ്ങിനെ വരുന്നത ഏററവും സാരമായ വിധത്തി

ലുള്ള ഒരു നിവൃത്തി അന്ന്യായക്കാരനു സിദ്ധിക്കുന്നതല്ലാതെ ഒരു വെറും അവകാശ സ്ഥാപനയായി വിചാരിക്കപ്പെട്ടുവാൻ പാടില്ലെന്നാണ ഞങ്ങൾ വിചാരിക്കുന്നത ൟ വ്യവഹാരം ഒരു പണയ വസ്തു ഒഴിപ്പിച്ചു കൊടുപ്പാൻ ബൊധിപ്പിക്കുന്ന ഒരു വ്യവഹാരംപൊലെ തന്നെ ഒരു കടം വസ്തുവിന്മെൽ ഇല്ലെന്ന സ്ഥാപിച്ച ഒരു വിധി കിട്ടാൻ വെണ്ടിബൊധിപ്പിച്ചിരിക്കുന്നഒരു വ്യവഹാരംആകുന്നു. എന്നാൽ ൟ രണ്ടു വ്യവഹാരവും തമ്മിൽ ഒരു ഭെദം ഉള്ളത ൟ താഴെ പറയുന്നതാകുന്നു. പണയ വസ്തു ഒഴിപ്പിച്ചു കൊടുപ്പാനുള്ള വ്യവഹാരത്തിൽ പണയ ദ്രവ്യം അന്ന്യായക്കാരൻ കൊടുത്തു തീൎത്തു വസ്തു പണയമെഴുതി കൊടുക്കുന്നതിന്നു മുമ്പെ അവൻ എത സ്ഥിതിയിൽ ഇരുന്നുവൊ ആ സ്ഥിതിയിൽ ആയി വരുന്നതല്ലാതെ പണയദ്രവ്യം അവന്നു ലാഭമുണ്ടാകുന്നില്ല. ൟ കാൎയ്യത്തിലൊ വസ്തുവിന്മെൽ അന്ന്യായക്കാരൻ ശാസ്ത്രൊക്തമായി ഉണ്ടാക്കി വെച്ച ഒരു കടം മുഴുവനും നീങ്ങി ഇല്ലാതെയായി പൊകുന്നതിനാൽ വ്യവഹാരം മൂലം അവൻ മുമ്പെത്തെക്കാളും അധികം ധനികനായി തീരുകയാണ ചെയ്യുന്നത. കൊൎട്ട് ഫീസ്സ് ആക്ട ൭-ാം വകുപ്പ ൯-ാം ഖണ്ഡം നൊക്കുക. ൟ വ്യവഹാരം എടുപ്പാൻ മുനിസീപ്പിനു അധികാരമുണ്ടായിരുന്നില്ലെന്നുള്ളത സ്പഷ്ടമാകുന്നു. ഇത ഉപെക്ഷിപ്പാൻ പാടില്ലാത്തതായ ഒരു വാദവും ആകുന്നു. മെൽപറഞ്ഞ സംഗതികളാൽ താഴെ കൊടതി വിധികൾ ഞങ്ങൾ മാററി ആദ്യന്ന്യായം ചിലവു സഹിതം നീക്കുന്നു എന്നു, മൊൎഗ്ഗൻ, ഹൊലൊവെയി, ൟ ജഡ്ജിമാര കല്പിച്ചു. ൧൮ ജൂലായി ൨ (മെപ്പടി ൩൧൨-ാം ഭാഗം.)

൧൩൪-ൽ ക്രിമിനാൽ ക്രമയാപ്പീൽ ൩൫൨.

ഒരു കുട്ടിയുടെ ശരീരത്തിന്മെലുള്ള എളുകുന്ന മുതൽ മൊശം വരുത്താൻ വെണ്ടി എടുത്തുകൊണ്ടുപൊകെണമെന്നുള്ള വിചാരത്തൊടുകൂടി ആ കുട്ടിയെ കളവായി കൂട്ടികൊണ്ടുപോകയൊ ഹരണം ചെയ്കയൊ ചെയ്ത കുററത്തിന്ന പീനൽകൊഡിൻെറ ൩൬൯-ാം വകുപ്പുപ്രകാരം വിസ്തരിച്ച കുററം സ്ഥാപിച്ച ശിക്ഷിച്ചിട്ടുള്ള ഒരു തടവുകാരനെ മെൽപ്രകാരം ഹരണം ചെയ്തുകൊണ്ടുപൊയ വഴിക്ക മൊശം വരുത്തെണമെന്നുള്ള വിചാരത്തൊടുകൂടി ആ കുട്ടിയുടെ ശരീ

രത്തിന്മെലുണ്ടായിരുന്ന ഏതാനും എളുകുന്ന മുതൽ കളവു ചെയ്ത കുററത്തിന്നും കൂടി ശിക്ഷിപ്പാൻ പാടില്ല. കളവുകുററത്തിന്ന കല്പിച്ച രണ്ടാമത്തെ ശിക്ഷ ഇപ്പൊളത്തെ ക്രിമിനാൽ നടപടിക്രമനിയമപ്രകാരം ന്യായവിരൊധമായിട്ടുള്ളതാണെന്ന, മൊഗ്ഗ്ൻ, ഹൊലൊവെയി, ൨ ജഡ്ജിമാര കല്പിച്ചു. ൧൮ ജൂലായി വ. (മെപ്പടി ൩൭൫-ാം ഭാഗം.)

൧൮-ൽ എസ്സെപ്ഷ്യാൽ ൩൭൨.

കുററകരമായ കയ്യെററത്തിന്ന ക്രിമിനാൽ വ്യവഹാരം നടത്തുമെന്ന പറഞ്ഞ ഭയപ്പെടുത്തി രെഖാമൂലമായ ഒരു കരാറ അന്ന്യായക്കാര ൧-ാം പ്രതിക്ക എഴുതികൊടുക്കുകയും ആ കരാറകൊണ്ട ൧-ാം പ്രതിക്ക ചില അവകാശങ്ങൾ സിദ്ധിക്കുകയും ചെയ്തു. അന്ന്യായക്കാരുടെ മെൽ പ്രതി ചുമത്തിയ കുററത്തിന്ന യാതൊരു കാരണവും ഉണ്ടായിരുന്നില്ല. ആ കരാറ ദുബ്ബലപ്പെടുത്തികൊടുപ്പാൻ ബൊധിപ്പിച്ച ഒരു വ്യവഹാരത്തിൽ അന്ന്യായക്കാൎക്ക ആ വ്യവഹാരം നടത്തുവാൻ അവകാശമുണ്ടെന്ന ഹൈകൊട്ട കല്പിച്ചു.

കൊഴിക്കൊട്ട മുനിസീപ്പ കൊടതി ഫയൽ ൧൨-ൽ ൪൩൪-ാം നമ്പ്ര വ്യവഹാരത്തിൽ മുനിസീപ്പിന്റെ വിധിമാററി ൧൩-ൽ ൨൨൫-ാം നമ്പ്ര ക്രമയാപ്പിലിൽ തെക്കെമലയാളം സബൊഡിനെട്ട ജഡ്ജി കല്പിച്ച വിധിമെൽ നിന്ന ബൊധിപ്പിച്ച ഒരു എസ്സെപ്ഷ്യാലാകുന്നഇത. കക്കാട്ടക്ഷെത്രത്തിലെ ഊരാളന്മാര അന്ന്യായക്കാരും അവരുടെ അച്ഛനായ ൨-ാം പ്രതിയും ആണെന്നും ൧-ാം പ്രതി കാരമ്പള്ളി കുറുപ്പിന ആ ക്ഷെത്രത്തിന്മെലാകട്ടെ ആ ക്ഷെത്രം വക മുതലുകളിന്മെലാകട്ടെ യാതൊരു അവകാശവും ഇല്ലെന്നും സ്ഥാപിച്ച ഒരു വിധി കിട്ടുവാൻ വെണ്ടി അന്ന്യായക്കാര വ്യവഹാരപ്പെടുകയും ൧൨ ജൂൻ ൨൭-ാം൹ തങ്ങളും ൨-ാം പ്രതിയും കൂടി ൧-ാം പ്രതിക്ക എഴുതികൊടുത്ത കരാറ പ്രതിഫലം വാങ്ങാതെയും ന്യായരഹിതമായി ഭയപ്പെടുത്തിയും നിബ്ബന്ധിച്ചും ചെയ്യിച്ചതാകകൊണ്ട ആ കരാറ ദുബ്ബലപ്പെടുത്തി കൊടുപ്പാൻ അപെക്ഷിക്കുകയും ചെയ്തിരിക്കുന്നു. അന്ന്യായക്കാര ദുബ്ബലപ്പെടുത്തുവാൻ അപെക്ഷിച്ചിരിക്കുന്ന കരാറ അവരും ൨-ാം പ്രതിയും കൂടി അവരുടെ പൂൎണ്ണസമ്മതത്തൊടുകൂടിയും തക്കതായ പ്രതിഫലത്തിന്മെലും ചെയ്തുകൊടുത്തിട്ടുള്ളതാകകൊണ്ട ആയത ദുബ്ബലപ്പെടുത്താൻ സം

ശതിയില്ലെന്ന ൧-ാം പ്രതി വാദിച്ചു. മുനിസീപ്പ ൟ താഴെ ചെത്തിരിക്കുന്ന വിധിന്യായം കല്പിച്ചു. ൭൨ ജൂൻ ൧൩-ാം൹ അന്യായക്കാര ക്ഷെത്രപറമ്പിൽ കടന്ന രണ്ടു വൃക്ഷങ്ങൾ മുറിക്കുകയും ക്ഷെത്രം നന്നാക്കെണ്ടുന്ന ആവശ്യത്തിന്നായി ഏതാനും കല്ലുകൾ പൊളിക്കുകയും ചെയ്തു കാലത്ത ക്ഷെത്രം സംബന്ധമായി കക്ഷികൾക്കുണ്ടായിരുന്ന അവകാശം മെൽ കാണിച്ച സ്ഥിതിയിലായിരുന്നു. പിറെറ ദിവസം ൧-ാം പ്രതിയുടെ കാൎയ്യസ്ഥൻ അന്യായക്കാരുടെയും ൨-ാം പ്രതിയുടെയും മെൽ താലൂക്ക മജിസ്ത്രെട്ടിൽ കയ്യെററത്തിന്നും അടികലശലിന്നും ഒരു അന്യായം ബൊധിപ്പിക്കുകയും ആ മാസം ൧൯-ാം൹ ൧-ാം പ്രതി അയാളുടെ കാൎയ്യസ്ഥന്റെ അന്യായത്തെ സ്ഥാപിക്കുന്നതായ വെറെ ഒരു അന്യായം മെൽ പറഞ്ഞ കക്ഷികളുടെ മെൽ തന്നെ ഫയലാക്കുകയും ചെയ്തിരിക്കുന്നു. അന്യായക്കാരും ൨-ാം പ്രതിയും കൂടി കരാറ എഴുതികൊടുത്തത ൟ അന്യായങ്ങൾ നടന്നു വരുന്ന സമയത്തും ൟ അന്യായങ്ങൾ അവരുടെ മെൽനിന്ന നീങ്ങിപ്പൊകെണമെന്നുള്ള വിചാരത്തൊടു കൂടിയും ആകുന്നു.

ഒരു കരാറ സാധുവായിരിക്കെണമെങ്കിൽ ആ കരാറചെയ്വാൻ അധികാരമുള്ളവരുടെ സ്വയമായ സമ്മതത്തൊടു കൂടിയും ന്യായമായ പ്രതിഫലത്തിന്നും ആവശ്യത്തിന്നും വെണ്ടിയും ചെയ്യുതായിരിക്കെണ്ടത ആവശ്യമായിരിക്കുന്നു. ൟ കരാറ ൟ സ്ഥിതികളെ നിവൃത്തികരിച്ചിട്ടുണ്ടൊ എന്നാണ വിചാരിക്കെണ്ടത. ൟ സംഗതിയെ പററി രണ്ടു അഭിപ്രായങ്ങൾ ഉണ്ടാവാൻ പാടുള്ളതല്ല. കരാറിന്റെ പ്രതിഫലവും ആവശ്യവും അന്യായക്കാരുടെയും ൨-ാം പ്രതിയുടെയും മെൽ സബമജിസ്ത്രെട്ടു മുമ്പാകെ ആ കാലത്ത നടന്നു വന്നിരുന്ന കയ്യെററത്തിന്റെയും അടികലശലിന്റെയും ഒരു അന്യായം ൧-ാം പ്രതി അവരുടെ മെൽ നടത്താതെ വിട്ടുമാറിയിരിക്കുന്നത മാത്രമായിരുന്നു. ഒരു ക്രിമിനാൽ വ്യവഹാരം നടത്തുന്നതിന്ന പകരമായി ൧-ാം പ്രതി കയ്യെററത്തിന്നും അടികലശലിന്നും ഒരു സീവിൽ വ്യവഹാരം ബൊധിപ്പിക്കുകയും ആ പ്രതി ആ വ്യവഹാരം നടത്താതെയിരിക്കെണ്ടതിന്ന വെണ്ടി അന്യായക്കാര കരാറ എഴുതികൊടുക്കുകയും ചെയ്യുതായിരുന്നു എങ്കിൽ ആ കരാറ സാധുവായിരിക്കുന്നതായിരുന്നു എന്ന നിസ്സംശയമാകുന്നു. ഒരാളെ ന്യാ

യമായ ശിക്ഷയിൽനിന്ന ഒഴിവാക്കെണ്ടുന്ന ഒരു ആശ്യത്തിന്ന മാത്രമായി ഒരു പ്രതിഫലത്തെ സ്വീകരിക്കുന്നത ശിക്ഷാനിയമത്തിന്റെ ൨൧൪-ാം വകുപ്പിലെ വ്യവസ്ഥപ്രമാണപ്രകാരം നീതിയായി വരുമൊ ഇല്ലയൊ എന്നുള്ളത സംശയഗ്രസ്ഥമായിട്ടുള്ളതാകുന്ന ഒരു ക്രിയ ചെയ്യപ്പെടുകയും അതിനാൽ ഉപദ്രവം അനുഭവിച്ച ആൾക്ക ക്രിമിനാൽ വ്യവഹാരത്താലൊ സീവിൽ വ്യവഹാരത്താലൊ നിവൃത്തിയുണ്ടായിരിക്കുകയും അയാൾ സീവിൽ വ്യവഹാരം ചെയ്യാൻ ശ്രമിക്കുകയും ആ വ്യവഹാരം തമ്മിൽ ഒത്ത തീൎക്കേണ്ടതിന്ന ഒരു പ്രതിഫലം വാങ്ങുകയും ചെയ്യുമ്പൊൾ ആ തമ്മിൽ ഒത്തുതീരുന്നതിന്റെ ഫലം ആ കുററക്കാരൻ ന്യായമായ ശിക്ഷയിൽനിന്ന വിട്ടൊഴിഞ്ഞുപൊകുന്നതായിരുന്നാലും അവൻ കുററക്കാരനല്ലെന്നാണ നമുക്ക കാണപ്പെടുന്നത. ഇത എങ്ങിനെ ആയിരുന്നാലും ഒരു കരാറശാസ്ത്രത്താൽ വിരൊധിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിലും ആയ്ത രാജനീതിക്ക വിരൊധമായിരിക്കുന്ന പക്ഷം ന്യായാനുസരണമല്ലാത്തതായി വരും.

ഒരു ക്രിമിനാൽ വ്യവഹാരം നടത്താതെയിരിക്കുന്നതിന്ന പ്രതിഫലമായി ദ്രവ്യം കൊടുക്കാമെന്ന ചെയ്യുന്ന കരാറ രാജനീതിക്ക വിരൊധമായിട്ടുള്ളതാണെന്നും ആയ്ത പ്രബലപ്പെടുത്തികൂടുന്നതല്ലെന്നും ഹൈകൊട്ട്വിധി ൨-ാം ബുക്ക ൨൯൭-ാം ഭാഗത്ത കല്പിച്ചിരിക്കുന്നു. അങ്ങിനെയുള്ള ഒരുകരാറിലെ വാഗ്ദത്തം സ്ഥാപിക്കെണ്ടുന്നതിന്നുള്ള പ്രതിഫലം ഹീനമായ ഒരു പ്രതിഫലമാകുന്നു. ൨൰ തീൎപ്പിൽ എടുത്തകാണിച്ചിട്ടുള്ള ഇംഗ്ലീഷകെസ്സിൽ ഒരുഅടികലശൽ കാൎയ്യത്തിൽ പൊലും ഉപദ്രവംഅനുഭവിച്ചവന്ന അടികലശൽ ചെയ്യുവന്റെമെൽസീവിൽവ്യവഹാരംചെയ്യാതെയിരിപ്പാൻതക്കവണ്ണം കരാറചെയ്യാവുന്നതാണെങ്കിലും അവന്റെ മെൽ ക്രിമിനാൽ അന്യായം ചെയ്യാതെയിരിപ്പാൻ തക്കവണ്ണം ഒരു കരാറ ചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടൊ ഇല്ലയൊ എന്ന ചീഫ ജസ്റ്റീസടിണ്ടാൽ ജഡ്ജി സംശയിക്കുന്നു എന്ന പറഞ്ഞിരിക്കുന്നു.

൨൰ കരാറിന്നുള്ള പ്രതിഫലം ന്യായമായിട്ടുള്ളതും കരാറ ന്യായമായ ആവശ്യത്തിന്മെൽ ചെയ്തിട്ടുള്ളതും ആണെന്ന സമ്മതിക്കുന്നതായാൽ തന്നെയും ആ കരാറ കക്ഷികളുടെ പൂൎണ്ണ സമ്മതത്തൊട കൂടി ചെയ്തിട്ടുള്ളതൊ അല്ലയൊ എന്നുള്ള കരാറിന്റെ സാധുതയെ സംബന്ധിച്ച മുഖ്യമായും

സാരമായും ഉള്ള ഭാഗത്തെ പററി ആലൊചിപ്പാനുള്ളതാകുന്നു. സമ്മതം എന്ന വാക്കിന്ന ഒരാൾ വല്ലതും ഉപദെശിക്കുകയൊ പറകയൊ ചെയ്യുന്നതിന്മെൽ മനസ്സിന്നുള്ള അനുസരണം എന്ന അൎത്ഥമാകുന്നു. ശാസ്ത്രത്തെ പററിയുള്ള ആലൊചനയിൽ ൟ വാക്ക അനുസരണത്തെ കുറിച്ച ദെഹസംബന്ധമായും ബുദ്ധിസംബന്ധമായും ഉള്ള ശക്തിയുടെ നിലനില്പിനെയും അപ്രകാരം തന്നെ ആ ശക്തിയെ ബുദ്ധിപൂൎവ്വമായും സ്വാതന്ത്ര്യമായും നടത്തുന്നതിനെയും ഉൾപ്പെടുത്തുന്നു. അതുകൊണ്ട ഇരു കക്ഷികളിൽ ആരെങ്കിലും കരാറിനെ പററിയുള്ള ൟ യൊഗ്യതകളിൽ ഏതെങ്കിലും ഇല്ലാതെയിരിക്കുന്നതിനാൽ കരാറിൻ കീഴിൽ അകപ്പെട്ടിരിക്കുന്ന ആൾ ആ കരാറിനാൽ ബാദ്ധ്യതപ്പെടത്തക്കവനല്ലെന്ന ആയി വരുന്നതാകുന്നു. (പൌവെൽ കരാറ ശാസ്ത്രം നൊക്കണം) ൟ കാൎയ്യത്തിൽ അന്യായക്കാരും അവരുടെ വൃദ്ധനായ അച്ശനും ഏത കുററത്തിന്ന വെണ്ടി മജിസ്ത്രെട്ട മുമ്പാകെ കുററം ചുമത്തപ്പെട്ടുവൊ ആ കുററം അവരുടെ മെൽ തെളിഞ്ഞ അവരെ ശിക്ഷെക്കുൾപ്പെടുത്തുന്ന പക്ഷം അവരുടെ സ്വാതന്ത്ര്യം മാത്രമല്ല അവൎക്ക ഇല്ലാതെയായിപ്പൊകുന്നത. പിന്നെയൊ എല്ലാ ബ്രാഹ്മണരും തങ്ങളുടെ സ്വാതന്ത്ര്യത്തെക്കാൾ അധികം വിലയെറിയതായി വിചാരിക്കുന്ന ജാതിയിൽനിന്ന അവൎക്ക ഭ്രഷ്ട വന്നുപൊകയും ചെയ്യും. തടവു ശിക്ഷ ഒരു ബ്രാഹ്മണന്ന ഭയങ്കരമായ ഒരു ശിക്ഷ തന്നെയാകുന്നു. ആ ശിക്ഷ അനുഭവിപ്പാനായി അല്പമെങ്കിലും അവൎക്ക എട വന്നുപൊകുന്ന അവസ്ഥ ഏത കരാറകൊണ്ട അവൎക്ക അകററിക്കളവാൻ കഴിയുമൊ ആ കരാറിന്റെ നിശ്ചയത്തെ അനുസരിപ്പാൻ അവരെ മനസ്സ വരുത്തുന്നതിന്ന മതിയായിട്ടുള്ളതാകുന്നു. ആ ശിക്ഷയെ ഭയപ്പെടുവാൻ അന്യായക്കാൎക്ക ന്യായമായ വല്ല കാരണവും ഉണ്ടായിരുന്നുവൊ? ൟ കാൎയ്യത്തിലെ തെളിവു നൊക്കുമ്പൊൾ ഭയം അകാരണമായിട്ടുള്ളതല്ലായിരുന്നു എന്ന ധാരാളമായി കാണപ്പെടുന്നുണ്ട. ൮-ാം പ്രതി ബൊധിപ്പിച്ച അന്യായത്തെ സ്ഥാപിച്ച സത്യം ചെയ്തു പറയെണ്ടതിന്ന ഒരുങ്ങിയിരുന്ന അസംഖ്യ സാക്ഷിക്കാരാൽ (ഡി എന്ന രെഖ നൊക്കുക) സഹായിക്കപ്പെട്ടിരുന്ന ധനികനും പ്രബലനും ആയ ആ പ്രതിയാൽ കുററം ചുമത്തപ്പെട്ടിരിക്കുമ്പൊൾ മനൊചഞ്ചലം കൂടാതെയും ധൈൎയ്യത്തൊടും ഉറപ്പൊടു കൂടിയും ഇ

രിക്കുന്നവനും തന്റെ മനൊവ്യസനത്തെ തീൎപ്പാൻ ഉപകരിക്കുന്നതായ വല്ല ഉപദെശത്തെയും എതിൎപ്പാൻ കഴിയുന്നവനും ആയ ഒരു ബ്രാഹ്മണൻ ഒരു ധീരതയുള്ള ബ്രാഹ്മണൻ തന്നെ ആയിരിക്കെണ്ടതാകുന്നു. അതു കൂടാതെ യഥാൎത്ഥമായി ചെയ്യപ്പെട്ട ഒരു കുററത്തിന്ന ൧-ാം പ്രതി അന്ന്യായക്കാരുടെ മെൽ വ്യവഹാരം നടത്തുന്നതും കളവായ ഒരു കുററത്തിന്ന ആ പ്രതി അവരുടെ മെൽ വ്യവഹാരം നടത്തുന്നതും തമ്മിൽ ഭെദം ഉണ്ട. ൧-ാം പ്രതി ക്ഷെത്രത്തിന്റെയും ക്ഷെത്രപറമ്പിന്റെയും കൈവശക്കാരനായിരുന്നു എന്നുള്ളതിന്ന സംശയമില്ല. എന്നാൽ ആ കൈവശം ഒരു കാൎയ്യസ്ഥന്റെയൊ പാട്ടമാളിയുടെയൊ സ്ഥിതിയിലുള്ള ഒരു കൈവശമായിരുന്നു. ക്ഷെത്രത്തിലെ ഊരാളന്മാര അവരുടെ കൈകാൎയ്യം നടത്താനുള്ള അവകാശത്തെ ഏറെ കാലമായി നടത്താതെ സ്വസ്ഥമായിരുന്നതുകൊണ്ട അവര തന്നെ പറമ്പിന്മെലും ക്ഷെത്രത്തിന്മെലും പ്രവെശിച്ചത ഒരു കയ്യെററമായി വിചാരിക്കപ്പെടാവുന്നതാണെങ്കിൽ തന്നെയും അവരുടെ കുററം കുററമാകുന്ന പക്ഷം ആയ്ത പെരിന്ന മാത്രമായ ലഘുവായ ഒരു കുററമാണെന്നുള്ളത സ്പഷ്ടമാകുന്നു. എന്നാൽ അന്ന്യായക്കാരും ൨-ാം പ്രതിയും ചെയ്ത കയ്യെററകുററം മാപ്പുകൊടുപ്പാൻ തക്ക യാതൊരു സംഗതിയും കൂടാതെ ചെയ്തതാണെന്ന കാണിക്കെണ്ടതിന്ന ൧-ാം പ്രതിയുടെ അന്ന്യായത്തിൽ കരുതൽ ചെയ്തിരിക്കുന്നു. ക്ഷെത്രത്തിന്മെൽ അന്ന്യായക്കാൎക്കും ൨-ാം പ്രതിക്കും യാതൊരു അവകാശവും ഇല്ലെന്നാണ അതിൽ കാണിച്ചിരിക്കുന്നത. ഇത കളവാണെന്ന ൧-ാം പ്രതിക്ക അറിവുള്ളതായ ഒരു വിവരണമാകുന്നു. മജിസ്ത്രെട്ട ൧-ാം പ്രതിയെ സത്യത്തിന്മെൽ വിസ്തരിച്ച സമയം ൧൦ം സംഗതി തന്നെ മനഃപൂൎവ്വമായി അയാൾ ആവൎത്തിച്ച ബൊധിപ്പിക്കുകയും ചെയ്തിരിക്കുന്നു. (എച്ച എന്ന രെഖനൊക്കുക) അതുകൊണ്ട അന്ന്യായക്കാരും ൨-ാം പ്രതിയും ൧൦ം കരാറ ചെയ്വാൻ സംഗതിവരെണമെന്നുള്ള വിചാരത്തൊടു കൂടി അവൎക്ക ദ്രൊഹമായി ശിക്ഷാനിയമത്താൽ വിരൊധിക്കപ്പെട്ടതായ ഒരു ക്രിയ ൧-ാം പ്രതി ചെയ്തിരിക്കുന്നു എന്നുള്ളത സ്പഷ്ടമാകുന്നു. ഇത നിൎബ്ബന്ധംകൊണ്ടും അധികാര ബലംകൊണ്ടും ചെയ്യിച്ച ഒരു പ്രവൃത്തിയാകുന്നു അന്ന്യായക്കാരുടെ മെലും ൨-ാം പ്രതിയുടെ മെലും അകാരണമായി ചുമത്തപ്പെട്ടതും അവരുടെ മെൽ സ്ഥാപിപ്പാൻ

എല്ലാ വിധം ശ്രമവും ചെയ്യുന്നതും ആയ ഒരു കററം നിമിത്തം മനൊവ്യസനംകൊണ്ട ക്ഷീണനായ അന്ന്യായക്കാരുടെ വൃദ്ധനായ അച്ഛന്റെയും അന്ന്യായക്കാരുടെയും മെൽ ൧-ാം പ്രതി ന്യായരഹിതമായ ബലം പ്രയൊഗിച്ചിട്ടുണ്ടെന്ന വെണ്ടുവൊളം തെളിവുണ്ട. ക്ഷെത്രത്തിന്മെൽ ൧-ാം പ്രതിക്ക യാതൊരു അവകാശവും ഇല്ലെന്ന അന്ന്യായക്കാരും ൨-ാം പ്രതിയും കൂടി ൧൰ ദിവസം മുമ്പായി പൊല്ലീസ സൂപ്രന്റെണ്ടിന്റെ അടുക്കൽ ബൊധിപ്പിച്ച (ബീ) എന്ന രെഖയായ ഹരജിയിൽ കാണിച്ച ക്ഷെത്രത്തിന്മെലുള്ള വിലപിടിച്ച അവകാശങ്ങൾ ൧-ാം പ്രതിയുടെ തറവാട്ടിലെക്കുള്ളതാണെന്ന സമ്മതിക്കുന്നതായ ഒരു കരാറ മെൽപറഞ്ഞ പ്രയൊഗംകൊണ്ടല്ലാതെ അന്ന്യായക്കാരും ൨-ാം പ്രതിയും ഒരിക്കലും ചെയ്തു കൊടുപ്പാൻ സമ്മതിക്കുന്നതല്ലായിരുന്നു. കരാറിനാൽ ക്ഷെത്രത്തിലെ ശാന്തിവൃത്തിക്ക ൨-ാം പ്രതിക്ക മുമ്പെ കൊടുത്ത വന്നിരുന്നതിൽ എരട്ടി സംഖ്യയായ ൧൮ പറനെല്ലൊളം അദ്ദെഹത്തിന്ന കിട്ടുവാൻ അവകാശം ഉണ്ടായിവന്നു എന്നും ഇത അന്ന്യായക്കാരുടെയും ൨-ാം പ്രതിയുടെയും കരാറിന്ന മതിയായ ഒരു പ്രതിഫലമാണെന്നും ൧-ാം പ്രതി വക്കീൽ സൂചിപ്പിക്കുന്നത ഒട്ടും സാരമായിട്ടുള്ളതല്ല. ഒരു ക്ഷെത്രത്തിന്മെലുള്ള വിലയെറിയതായ അവകാശങ്ങളുടെ വിലെക്ക ൧൮ പറനെല്ല ഒട്ടും പൊരാത്തതും മതിയാകാത്തതും ആയ ഒരു പ്രതിഫലമാണെന്ന നാം പ്രസ്ഥാപിച്ചിട്ട അറിയെണമെന്നില്ലല്ലൊ. അതകൊണ്ട തന്നെ ൟ കരാറ അന്ന്യായക്കാരും ൨-ാം പ്രതിയും കൂടി നിബ്ബന്ധംകൊണ്ടും ന്യായമല്ലാത്ത ബലം പ്രമാണത്തിന്മെലും അല്ലാതെ ചെയ്തു കൊടുപ്പാൻ സംഗതി വരുന്നതല്ലായിരുന്നു എന്ന സ്പഷ്ടമാകുന്നു. മെൽപ്രകാരം ൧-ാം പ്രതി ചെയ്യിച്ചതായ കരാറിനെ ദുബ്ബലപ്പെടുത്തെണ്ടതിന്ന ൟ കൊടതിയെ നീതികരിപ്പാൻതക്കവണ്ണം അന്ന്യായക്കാര അവരുടെ കാൎയ്യത്തെ വെണ്ടുവൊളം തെളിയിച്ചിട്ടും ഉണ്ട.

കരാറിനാൽ അനുവദിക്കപ്പെട്ടതായ കൂട്ടിവെച്ച ശാന്തിവൃത്തി ൨-ാം പ്രതിവാങ്ങുകയും ആ സംഖ്യ കിട്ടിബൊധിച്ചപ്രകാരം സമ്മതിക്കുന്ന ൪൨ എന്ന അക്കമിട്ട രെഖ ആ പ്രതി എഴുതികൊടുക്കുകയും ചെയ്യുതിനാൽ അദ്ദെഹം കരാറിനെ പിന്നെയും സമ്മതിച്ചിരിക്കുന്നു എന്നുള്ള സംഗതിയിന്മെൽ ൩-ാം പ്രതി വക്കീൽ വളരെ പ്രസ്ഥാപിച്ചി

രിക്കുന്നു. ൟ രെഖ നിൎമ്മലമായിട്ടുള്ളതാണെന്ന സമ്മതി ക്കുന്നതായിരുന്നാൽ തന്നെയും ൟ സമ്മതം മതിയായ ആലൊചന ചെയ്യതിന്റെ ശെഷം മനഃപൂൎവ്വം ചെയ്തിട്ടു ള്ളതാണെന്നുള്ളതിന്ന തെളിവില്ല. ൨-ാം പ്രതിയുടെ വയ സ്സും ൟ രസീതി കരാറ എഴുതിയതിന്റെ പിറെറ ദിവസം കൊടുത്തതാണെന്ന പറയുന്ന അവസ്ഥയും ആയ്തു എ ഴുതികൊടുത്തത തക്കതായ ആലൊചന കൂടാതെയും ൨-ാം പ്രതിയുടെ ക്ഷീണ മനസ്സിന്ന അധികം ദിവസത്തൊളം ആ മനസ്സിൽ പ്രവെശിച്ചിരുന്ന കഠിന അവസ്ഥകളുടെ ഫലങ്ങളിൽനിന്ന പരിശ്രമിപ്പാൻ അവസരം കിട്ടുന്നതി ന്ന മുമ്പെയും ആയിരുന്നു എന്നുള്ള ഏററവും പ്രബലമായ ഊഹത്തെ ജനിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു കരാ റ അസാധുവാണെന്ന കല്പിക്കെണ്ടതിലെക്ക നമുക്ക സംശ യമില്ല. ക്ഷെത്രത്തിന്മെലും ക്ഷെത്രംവക സ്വത്തുക്കളിന്മെ ലും അന്ന്യായക്കാൎക്കും പ്രതികൾക്കും ഉള്ള അവകാശങ്ങളെ പററി അറിയിക്കുന്നതായി ഒരു വിധി കല്പിക്കുന്നത. ൟ കാൎയ്യത്തിൽ അനാവശ്യമാണെന്ന നാം വിചാരിക്കുന്നു അ ന്ന്യായക്കാൎക്ക സങ്കടം അനുഭവിച്ചിരിക്കുന്നത കരാറിനാൽ ആകകൊണ്ടു ആ കരാറ ദുൎബ്ബലപ്പെടുത്തി കക്ഷികൾ കരാ റിന്ന മുമ്പെ ഏത സ്ഥിതിയിൽ ആയിരുന്നുവൊ ആ സ്ഥി തിയിൽ അവരെ ആക്കി വെക്കുകയും ചെയ്തിരിക്കുന്നു. ഇ തിലും നല്ലതായ സ്ഥിതിയിൽ അന്ന്യായക്കാരെ ആക്കി വെ ക്കുന്നത അനാവശ്യവും ആകുന്നു. പ്രതി ആപ്പീൽ ബൊ ധിപ്പിച്ചു. സബൊൎഡിനെട്ടു ജഡ്ജി ൟ താഴെ പറയുന്ന വി ധിന്ന്യായം കല്പിച്ചു.

അന്ന്യായക്കാരുടെ വ്യവഹാരം സമ്മതയൊഗ്യമായിട്ടു ള്ളതാണെന്ന അഭിപ്രായപ്പെട്ടതിൽ മുനിസീപ്പുമായി യൊ ജിപ്പാൻ നമുക്ക പാടില്ലായ്കകൊണ്ടു നാം വ്യസനിക്കുന്നു. അന്ന്യായക്കാര ൟ വ്യവഹാരം കൊണ്ടുവന്നിട്ടുള്ളത ഒരു ക്ഷെത്രത്തിന്മെൽ അവൎക്കുള്ള ഊരായ്മ അവകാശം സ്ഥാ പിച്ചു കൊടുപ്പാനും അവരാലും അവരുടെ അപ്പനായ ൨-ാം പ്രതിയാലും ൧-ാം പ്രതിക്ക ആ ക്ഷെത്രത്തിൽ പകുതി ഊ രായ്മ അവകാശവും ഒരു ശാശ്വത സമുദായസ്ഥാനവും ന ൽകപ്പെട്ടതിന്നുള്ളതായ ഒരു കരാറിനെ ആയ്തു പ്രതിഫലം കൂടാതെയും തടവിലിരിക്കുന്ന കാലത്ത നിൎബ്ബന്ധത്തിന്മെ

ലും എഴുതികൊടുത്തതാണെന്നുള്ള സംഗതിയിന്മെൽ ദുൎബ്ബലമാക്കി കൊടുക്കെണ്ടതിന്നും ആകുന്നു.

൧൦ം ക്ഷെത്രത്തിൽ അന്ന്യായക്കാൎക്കുള്ള ഊരായ്മ അവകാശത്തെ ൧-ാം പ്രതി നിഷെധിച്ചിട്ടില്ലെന്നല്ല യഥാൎത്ഥമായി വ്യവഹാര ആരംഭത്തിന്ന മുമ്പായിട്ട തന്നെ അയാൾ സമ്മതിച്ചിട്ടുള്ളതുമാകുന്നു. ആയവകാശത്തെ ൩-ാം പ്രതി ഇപ്പൊളും സമ്മതിക്കുന്നുണ്ട. അതുകൊണ്ട അവകാശസ്ഥാപനെക്കുള്ള ഒരു വ്യവഹാരത്തിന്ന അന്ന്യായക്കാൎക്ക യാതൊരു വ്യവഹാരകാരണവും ഇല്ല.

൧൦ം സ്ഥിതിയിൽ വ്യവഹാരത്തിന്റെ മുഖ്യമായ താല്പൎയ്യം മെൽപറഞ്ഞ കരാറ ദുൎബ്ബലമാക്കി കൊടുപ്പാനാകുന്നു. എന്നാൽ അന്ന്യായക്കാര ൧൦ം ക്ഷെത്രം നില്ക്കുന്ന പറമ്പിന്മെൽ കുററകരമായ കയ്യെററം ചെയ്യിരിക്കുന്നു എന്നും ക്ഷെത്രത്തിൽ തന്നെയും അവര ബലമായി കയ്യെറിയിരിക്കുന്നു എന്നും ക്ഷെത്രം വക ചില മരങ്ങളെ അവര മുറിച്ചിരിക്കുന്നു എന്നും ൧൦ം എല്ലാ സ്വത്തുക്കളും വളരെ കൊല്ലങ്ങളായിട്ട ൧-ാം പ്രതിയുടെ പ്രത്യെക കൈവശത്തിലും അധീനത്തിലും ഇരുന്നിരുന്നു എന്നും മുനിസീപ്പ സ്പഷ്ടമായി സ്ഥാപിക്കുകയും ആ സ്ഥാപനയിൽ അദ്ദെഹത്തൊട കൂടി നാം പൂൎണ്ണമായി യൊജിക്കുകയും ചെയ്യുന്നു. അന്ന്യായക്കാരും ൨-ാം പ്രതിയും ചെയ്യ കുററത്തിന്ന അവരുടെ മെൽ ൧-ാം പ്രതി സബമജിസ്ത്രെട്ടിൽ അന്ന്യായപ്പെട്ടു. ആ പൊലീസ വ്യവഹാരം നടന്നുവരുന്നതിന്നിടയിലൊ അഥവാ അയ്യു തീൎന്നതൽസമയത്തിലൊ ആകുന്നു ദുൎബ്ബലപ്പെടുത്തുവാൻ ൧൦ം കാൎയ്യത്തിൽ അപെക്ഷിച്ചിട്ടുള്ള കരാറ അന്ന്യായക്കാരും ൨-ാം പ്രതിയും കൂടി എഴുതികൊടുത്തിട്ടുള്ളത. ൧൦ം കരാറിന്റെ പ്രതിഫലവും ആവശ്യവും അന്ന്യായക്കാരുടെ മെൽ കുററകരമായ കയ്യെററത്തിന്നും അടികലശലിന്നും ഉണ്ടായ ക്രിമിനാൽ വ്യവഹാരത്തെ ൧-ാം പ്രതി നടത്താതെ അടങ്ങെണമെന്നായിരുന്നു എന്നുള്ളതിൽ മുനിസീപ്പൊട കൂടി നാം പൂൎണ്ണമായി യൊജിക്കുന്നു. ൧൦ം പ്രതിഫലം ദുൎമ്മാൎഗ്ഗമായിട്ടുള്ളതാണെന്നും കരാറ രാജ്യ പരിപാലനനീതിക്ക വിരൊധമായിട്ടുള്ളതാണെന്നും മുനിസീപ്പ അഭിപ്രായപ്പെട്ടിട്ടുള്ളത ശരി തന്നെയാകുന്നു. എന്നാൽ ഇപ്രകാരമുള്ള അവസ്ഥകളൊട കൂടിയ ൧൦ം കാൎയ്യത്തിൽ അന്ന്യായക്കാരുടെ അപെക്ഷക്ക ആ കരാറിനെ ദുൎബ്ബലം ചെയ്യിട്ടുള്ളതിൽ മുനിസീപ്പ ശരി

യായി പ്രവൃത്തിച്ചിരിക്കുന്നുവൊ എന്ന നാം വളരെ സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ ഏറ്റ കുറ്റത്തിന്നുള്ള ഒരു അന്ന്യായത്തെ അടക്കികളയെണ്ടതിന്ന ചെയ്യുന്ന കരാറിലെ രണ്ടു കക്ഷികളിൽ ഒരുവന്ന അവര അപ്രകാരം ന്ന്യായവിരുദ്ധമായി ഏൎപ്പെട്ട എടപാടിൽനിന്ന ജനിക്കുന്ന നഷ്ടത്തിന്ന മറ്റവൻെറ മെൽ ഒരു വ്യവഹാരം ചെയ്യൂ കൂടുന്നതല്ലാ എന്നാകുന്നു ശാസ്ത്രത്തിൻെറ പ്രമാണം ഇരിക്കുന്നത. ദുൎന്നടപ്പുകുറ്റവും ഏറ്റ കുറ്റവും തമ്മിൽ അധികമായ വ്യത്യാസമുള്ളതായി ശിക്ഷാനിയമം കൊണ്ട നാം കാണുന്നതുമില്ല. അതുകൊണ്ട ൧ാം കരാറിലെ രണ്ടു കക്ഷികളിൽ ൧ാം പ്രതി അതിനെ സ്ഥാപിപ്പാനും അന്ന്യായക്കാര അതിനെ ദുൎബലപ്പെടുത്തുവാനും ബൊധിപ്പിക്കുന്ന വ്യവഹാരം സ്ഥാപിക്കപ്പെട്ടു കൂടുന്നതല്ലെന്നാണ നാം അഭിപ്രായപ്പെടുന്നത. അന്ന്യായത്തിൽ വിവരിച്ച പ്രകാരം അന്ന്യായക്കാരുടെ കാൎയ്യവും അപെക്ഷയും എന്താണെന്നാണ നാം വിചാരിക്കെണ്ടത. അതുകൾ താഴെ പറയുന്നതാണ- ൧ാം പ്രതിയുടെ കൈവശമുള്ള വസ്തുവിന്മെൽ ഞങ്ങൾ കുറ്റകരമായ കയ്യെറ്റം ചെയ്കയും അയാളുടെ ആൾക്കാരെ അടികലശൽ ചെയ്കയും ചെയ്തു. ആ കുറ്റങ്ങൾക്ക അയാൾ ഞങ്ങളുടെ മെൽ ഒരു ക്രിമിനാൽ കൊൎട്ട മുമ്പാകെ അന്ന്യായപ്പെട്ടു. ആ അന്ന്യായം നടത്താതെ ഉപെക്ഷിപ്പാനായിട്ട വാദത്തിൽപെട്ട കരാറിനെ ഞങ്ങൾ അയാൾക്ക എഴുതികൊടുത്തു. അതിലെ നിശ്ചയങ്ങൾ പ്രകാരം അയാൾ ആ അന്ന്യായത്തെ ഉപെക്ഷിച്ചു. അതു നിമിത്തം ശാസ്ത്രപ്രകാരമുള്ള ശിക്ഷയിൽനിന്ന ഞങ്ങൾ ഒഴിഞ്ഞുപൊന്നു. ഞങ്ങളുടെ ആവശ്യം ഇപ്രകാരം ഞങ്ങൾ സാധിച്ചിരിക്കകൊണ്ട ആ കരാറിനെ ദുൎബ്ബലമാക്കി ഇപ്പൊൾ ഞങ്ങൾക്ക ഒരു വിധി തരാനായിട്ട ദയ ഉണ്ടാകണം. ഇങ്ങിനെയുള്ള ഒരു അപെക്ഷയും ആയപെക്ഷെക്ക അനുസരിച്ച കൊടുക്കുന്ന വിധിയും ശാസ്ത്രരീതിക്ക വിരൊധമായിട്ടുള്ളതാകുന്നു. അതുകൊണ്ട മുനിസീപ്പിൻെറ വിധി മാറ്റി ആദ്യ ന്ന്യായം നാം നീക്കുകയും കക്ഷികൾ അവരവരുടെ ചിലവ സഹിക്കെണമെന്ന കല്പിക്കുകയും ചെയ്യുന്നു. അന്ന്യായക്കാര മെപ്പടി എസ്സ്പെഷ്യാൽ ബൊധിപ്പിച്ചു.

# വിധിന്ന്യായം.

കരാറ എഴുതിച്ചു വാങ്ങിയ ഉടനെ തന്നെ ഒട്ടും താമസിക്കാതെ ആയ്തു ദുൎബ്ബലപ്പെടുത്തി കൊടുപ്പാനായി കോടതിയിൽ അപെക്ഷിച്ചിട്ടുള്ള അന്ന്യായക്കാൎക്ക അവര അപെക്ഷിച്ചിരിക്കുന്ന നിവൃത്തി കിട്ടാൻ അവകാശമുണ്ടൊ ഇല്ലയൊ എന്നാണെ ൟ കാൎയ്യത്തിൽ തീൎച്ചവരുത്താനുള്ളത. ൟ കാൎയ്യത്തിൽ തെളിവിന്മെലുള്ള അഭിപ്രായം ൟ താഴെ പറയുന്നതാകുന്നു. ഒരു ക്ഷെത്രത്തിലെ ഊരായ്മ അവകാശത്തെ പററി അന്ന്യായക്കാരും പ്രതികളുടെ തറവാട്ടുകാരും തമ്മിൽ വാദം ഉണ്ടായിരുന്നു. ആ അവകാശത്തെ സ്ഥാപിപ്പാൻ വെണ്ടി അന്ന്യായക്കാര ക്ഷെത്രപറമ്പിൽ പ്രവെശിച്ചു. ഉടനെ കുററകരമായ കയ്യെററത്തിന്ന ഇതിലെ അന്ന്യായക്കാരുടെ മെൽ വ്യവഹാരം ബൊധിപ്പിച്ചു. ആ വ്യവഹാരത്തിന്റെ തീൎച്ചയിങ്കൽ ൟ മൂഢഭക്തിയുള്ള നമ്പൂതിരിമാൎക്ക തടവു ശിക്ഷെക്ക സംഗതി വരികയും അതു നിമിത്തം അവൎക്ക ജാതിഭ്രഷ്ട ഭവിക്കുകയും ചെയ്യുക്കാം. അവര ചെയ്തു കുററം കുററകരമായ കയ്യെററമായി വരാതെയിരിപ്പാൻ തക്ക ഉത്തമ വിശ്വാസമായ അവകാശം ആ ക്ഷെത്രത്തിന്മെൽ ഉണ്ടെന്നുള്ള അറിവ അവൎക്ക ഉണ്ടായിരുന്നതുമില്ല. മെൽപറഞ്ഞ ദൊഷാവസ്ഥകൾ സംഭവിപ്പാൻ എടവരുമെന്ന പറഞ്ഞു ഭയപ്പെടുത്തി ക്രിമിനാൽ അന്ന്യായംകൊണ്ടുള്ള ഞെരുക്കത്തെ ഭയന്ന അതിനെ പിൻവലിപ്പിപ്പാനു വെണ്ടി ൟ കരാറ അന്ന്യായക്കാര എഴുതികൊടുത്തു. മുനിസീപ്പു ആ കരാറ ദുൎബ്ബലപ്പെടുത്തി എങ്കിലും ഇരു കക്ഷികളും ൟ കരാറ കാൎയ്യത്തിൽ കുററക്കാരാകകൊണ്ടു അതിനെ സ്ഥാപിപ്പാനും ദുൎബ്ബലപ്പെടുത്തുവാനും ഇരു കക്ഷികൾക്കും ശ്രമിപ്പാൻ പാടില്ലെന്നുള്ള സംഗതിയിന്മെൽ സബൊൎഡിനെററു ജഡ്ജി മുനിസീപ്പിന്റെ വിധിയെ മാററുകയും ചെയ്തിരിക്കുന്നു. ൟ കരാറ നിയമവിരൊധമായിട്ടുള്ളതാണെന്നും ഇരുകക്ഷികളും അതിൽ കുററക്കാരാണെന്നും കക്ഷികൾ തമ്മിൽ സ്ഥിതി ഭെദം ഉണ്ടാകകൊണ്ടു ഒരു കക്ഷി വടി എടുത്തപ്പൊൾ മറെറ കക്ഷി സാഷ്ടാംഗം വീണു എന്നും ഉള്ള സംഗതി വിചാരിക്കുമ്പൊൾ അവര രണ്ടു കൂട്ടക്കാരും തുല്യന്മാരല്ലെന്ന വരുന്നതാകകൊണ്ടു ൟ കാൎയ്യത്തിൽ നിൎബ്ബന്ധവും ശാഠ്യവും ഉണ്ടായിട്ടുണ്ടൊ എന്നുള്ള ഒരു സംഗതി

മാത്രമെ കൊടതിക്ക ആലൊചിപ്പാനുള്ളു. ഒരു വസ്തു ന്യായാനുസരണമായിട്ട കൊടുക്കുകയും വാങ്ങുകയും ചെയ്യുപൊയാൽ പിന്നെ ആയ്യു തിരികെ ചൊദിക്കുന്നതിന്ന അധികാരമില്ലെന്നുള്ള ഇംഗ്ലീഷ ശാസ്ത്രത്തെ ൟ കാൎയ്യത്തിലെക്ക സംബന്ധിപ്പിക്കുകയെന്നു വെച്ചാൽ കക്ഷികൾ സമന്മാരും തുല്യസ്ഥിതിയിലുള്ളവരും അല്ലാതെയിരിക്കുകയും അതു നിമിത്തം നിൎബ്ബന്ധവും ശാസ്യവുംകൊണ്ട എടപാട നടപ്പാൻ സംഗതിവരികയും ചെയ്യുന്ന കാൎയ്യത്തിൽ എടപാട ചെയ്യു വസ്തു തിരികെ വാങ്ങി കൊടുപ്പാൻ വ്യവഹാരപ്പെടുന്നതിലെക്ക തടസ്ഥം ഉണ്ടാകുന്നതല്ല. റൊമൻ ശാസ്ത്രപ്രകാരം ഒരു കുററത്തെ മറെച്ചു വെപ്പാൻ വെണ്ടി പണംകൊടുക്കുന്ന പക്ഷം ആ കൊടുത്ത പണം മടക്കി വാങ്ങുന്നതിലെക്ക തടസ്ഥം ഉണ്ടാകുന്നതല്ല. വില്യംസ അന്യായവും ബെയിലി പ്രതിയും ആയിരുന്ന കാൎയ്യത്തിൽ കുററവ്യവഹാരം നടത്തുകയും എതിർ കക്ഷിയെ ശിക്ഷയിൽ ഉൾപ്പെടുത്തുമെന്ന പറഞ്ഞ ഭയപ്പെടുത്തി അവൻെറ സമ്മതം വാങ്ങുകയും ചെയ്യു രണ്ടു സംഗതിയിന്മെൽ ഒരു കരാറ ദുൎബ്ബലപ്പെടുത്തിയ്യായ നല്ല ഒരു ഉദാഹരണം ഉണ്ട. ൟ കാൎയ്യത്തിൽ കുററം ഒന്നും ഇല്ലെങ്കിൽ കരാറ ചെയ്യിച്ചത മനസ്സിൻെറ തൻെറടം വിട്ടുപൊകുവാൻ തക്കവണ്ണമുള്ള സംഗതികളെ കുറിച്ചു പറഞ്ഞ ഭയപ്പെടുത്തിട്ടാണെന്ന നിശ്ചയിക്കെണ്ടതാകുന്നു. ൟ കരാറ ചെയ്യിച്ചത മുമ്പെ തന്നെയുള്ള ഒരു കടം തീക്കെണ്ടുന്ന വകെക്കല്ല. ക്രിമിനാൽ അന്യായക്കാരൻെറ പ്രബലതയെയും സ്വാധീനശക്തിയെയും കുറിച്ചു ഭയം ജനിച്ചിട്ടും ജാതിഭ്രഷ്ട വന്നെക്കുമെന്നുള്ള വിഷാദംകൊണ്ടും യാതൊരു പ്രതിഫലവും ഇച്ശിക്കാതെ കരാറ ചെയ്യു കൊടുപ്പാൻ സംഗതി വന്നതാകുന്നു. ൟ വക കരാറ ബലപ്പെട്ടിരിപ്പാൻ പാടില്ലെന്നുള്ളതിന്ന ഉദാഹരണങ്ങളും പ്രമാണങ്ങളും എടുത്ത കാണിക്കുന്നത അനാവശ്യമാകുന്നു. ഇതിലും നിസ്സാരമായ കരാറുകൾക്ക നിവൃത്തി കിട്ടീട്ടുള്ളതായി അനെകം ഉദാഹരണങ്ങൾ എടുത്ത കാണിക്കാവുന്നതും ആകുന്നു ൟ സംഗതികളാൽ സബജഡ്ജിയുടെ വിധി മാററി സകല ചിലവും ആദ്യം പ്രതികളുടെ മെൽ ചുമത്തി മുനിസീപ്പിൻെറ വിധി സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്ന ഹൊലൊവെയി ജഡ്ജിയും, കുററകരമായ കയ്യെററം ഉണ്ടായിട്ടുണ്ടെങ്കിൽ നിൎബ്ബന്ധവും ശാസ്യവും ഉണ്ടായിട്ടുണ്ടെന്നും നടത്തി

ട്ടുണ്ടെന്നും പറവാൻ പ്രയാസമായിരിക്കുന്നു എന്നാണ നാം വിചാരിക്കുന്നത. മെപ്പടി കുററം നടന്നിട്ടുണ്ടെങ്കിൽ ക്രിമിനാൽ അന്ന്യായം നടത്തുമെന്ന ൧-ാം പ്രതി പറഞ്ഞ ഭയപ്പെടുത്തിയ്യ ശാസ്ത്രപ്രകാരം അയാൾക്ക നടത്താൻ അവകാശമുള്ള ഒരു ഭയപ്പെടുത്തൽ ആകകൊണ്ട ആയ്യ ലാർഡ ചാൻസലർ ക്രാൻവാത്ത എന്നയാളുടെ അഭിപ്രായപ്രകാരം നിബന്ധവും ശാസ്യവും ആയി വരുന്നതല്ല. നിബന്ധം ആയിരുന്നു എന്ന വിചാരിച്ചാൽ തന്നെയും മെപ്പടി കരാറ തമ്മിൽ ഒത്തു തീപ്പാൻ ശാസ്ത്രം അനുവദിച്ചിട്ടില്ലാത്ത ഒരു കുററത്തിന്ന ക്രിമിനാൽ അന്ന്യായം നടത്താതെ അതിനെ ഒതുക്കിക്കളയുന്നതിന്ന തുല്യമായി വരികയെയുള്ളു. എന്തുകൊണ്ടെന്നാൽ അങ്ങിനെ ചെയ്യുന്നത വിചാരത്തെ പ്രമാണിക്കാതെയുള്ള ഒരു കുററം അല്ല. (ശിക്ഷാനിയമം ൨൧൪-ാം വകുപ്പിന്റെ വ്യത്യസ്തപ്രമാണം നൊക്കുക) അതിനാൽ ൧ം വക കരാറ ചെയ്യുതിൽ ഇരുകക്ഷികളുടെ പക്കലും കുററം ഉണ്ടെങ്കിലും രാജ്യപരിപാലന നീതിക്ക ആയ്യ ദുബ്ബലപ്പെടുത്തെണ്ടത തന്നെയാകുന്നു. എന്നാൽ സബ ജഡ്ജിക്ക വെറെ പ്രകാരത്തിൽ അഭിപ്രായം ഉണ്ടായിട്ടില്ലാത്ത മുനിസീപ്പിന്റെ അഭിപ്രായപ്രകാരം കുററകരമായ കയ്യെററമുണ്ടായി എന്ന പറയുന്നത കളവു തന്നെയാകുന്നു. കയ്യെററം ചെയ്യുത ഒരു അവകാശത്തെ സ്ഥാപിപ്പാൻ വെണ്ടിയല്ലാതെ കുററകരമായ കയ്യെററമായി വരൻതക്കതായ യാതൊരു വിചാരത്തൊടു കൂടി അല്ലായിരുന്നു. അന്ന്യായക്കാരുടെ മെൽ കുററം തെളിഞ്ഞെങ്കിൽ കായ്യത്തിന്റെ സ്ഥിതിക്ക ഉണ്ടാകുന്നതിലും അധികം കഠിനമായ ശിക്ഷെക്ക അവൎക്ക എടവരുമെന്ന ൧-ാം പ്രതി അവരെ പറഞ്ഞ ഭയപ്പെടുത്തീട്ടുണ്ടായിരുന്നു. പ്രതി അപ്രകാരംചെയ്യുതിൽ ശാസ്ത്രം അയാൾക്ക അനുവദിച്ചിട്ടുള്ള അവകാശത്തെ അയാൾ നിരാകരിക്കുകയാണ ചെയ്യിട്ടുള്ളത. അതുകാരണത്താൽ നിബന്ധിച്ചും ഭയപ്പെടുത്തിയും അന്ന്യായക്കാരെക്കൊണ്ട പ്രതിക്കാരൻ കരാറ ചെയ്യിച്ചതാണെന്ന മുനിസീപ്പ അഭിപ്രായപ്പെട്ടത ശരിയാണെന്ന തന്നെയാണ നാമും വിചാരിക്കുന്നത. സബജഡ്ജിയുടെ വിധി മാററുന്നതിൽ നാമും യൊജിക്കുന്നു എന്ന ഇന്നീസ ജഡ്ജിയും കല്പിച്ചു. ൧൮ ജൂലായി ൮൭ (മെപ്പടി ൩൨൮-ാം ഭാഗം.)

## ൧൰-ൽ സിവിൽ പലവക ആപ്പീൽ ൩൮൰.

കക്ഷികളുടെ മെൽ ബാധകമായിരിക്കുന്ന ഒരു കരാറകൊണ്ട ഒരു വിധികാൎയ്യം ആ കക്ഷികൾ തമ്മിൽ ഒത്ത തീൎന്നുപൊയാൽ ആ കരാറ സ്ഥാപിച്ചുകൊടു പ്പാൻ കക്ഷികൾ ഏതു കൊടതിയിൽ വ്യവഹാരം ബൊധിപ്പിക്കെണ്ടി വരു മൊ ആ കൊടതി വിധി നടത്തിക്കുന്ന കൊടതി തന്നെ ആയിരിക്കുന്ന കാ ൎയ്യത്തിൽ വിധികാൎയ്യം ഒത്ത തീൎന്ന സംഗതി സിവിൽ നിയമത്തിന്റെ ൨൦൬-ാം വകുപ്പിലെ താല്പൎയ്യപ്രകാരം വിധി ഉടമസ്ഥൻ കൊടതിയിൽ ബൊധിപ്പി ക്കാതെയിരുന്നാൽ തന്നെയും ആ കരാറിലെ താല്പൎയ്യത്തിന്ന വിരൊധമായി ആദ്യത്തെ വിധിനടത്തികൊടുപ്പാൻ കൊടതി കല്പന കൊടുക്കെണ്ടതിന്ന ബാദ്ധ്യതപ്പെട്ടിരിക്കുന്നില്ല.

൧൰-ൽ പലവക ൱൧൯-ാം നമ്പ്ര കാൎയ്യത്തിൽ തഞ്ചാവൂര ഡിസ്ത്രീക്ട ജഡ്ജി കിണ്ടെർസലി സായ്പു കല്പിച്ച കല്പനയിന്മെൽനിന്ന ബൊധിപ്പിച്ച ഒരു ആപ്പീലാകുന്നു ഇതം. ഈ കാൎയ്യത്തിന്റെ സ്വഭാവം താഴെ പറയുന്നപ്രകാരമാകുന്നു. തഞ്ചാവൂര രാജാവിന്റെ വിധവെക്ക ആ രാജസ്ഥാനവും മരിച്ചുപൊയ രാജാവിന്റെ വക സ്വകാൎയ്യ മുതലുകളും ഉറപ്പിച്ചു കൊടുക്കുന്ന വകെക്ക ഈ വ്യവഹാരത്തിലെ പ്രതി കൃഷ്ണജി കെശവപണ്ഡിതൎക്ക കൊടുപ്പാൻ കരാറചെയ്തിരുന്ന രണ്ടുലക്ഷം ഉറുപ്പികെക്ക മെപ്പടി വിധവയുടെ മെൽ ൱൮-ൽ ൩-ാം നമ്പ്ര വ്യവഹാരത്തിൽ അയാൾ ഒരു വിധി സമ്പാദിച്ചിട്ടുണ്ടായിരുന്നു. ആ വിധിപ്രകാരമുള്ള മുതലിൽ ഏതാനും തനിക്ക കിട്ടെണ്ടതാണെന്നുള്ള സംഗതിയിന്മെൽ ഭാവനീശകരജൊസ്യര മെപ്പടി കൃഷ്ണജിയുടെ മെൽ ൱൨-ൽ ൧-ാം നമ്പ്രായി മെപ്പടി കൊടതിയിൽ തന്നെ ബൊധിപ്പിച്ച ഒരു വ്യവഹാരം ഡിസ്ത്രീക്ടജഡ്ജി നീക്കി എങ്കിലും ആപ്പീലിൽ ഹൈകൊടതി ആ വിധി മാററി അന്യായക്കാരന ഗുണമായി ഒരു വിധി കൊടുത്തു. ആ വിധി മെൽനിന്ന കൃഷ്ണജിമഹാറാണിയുടെ അടുക്കൽ ആപ്പീൽ ബൊധിപ്പിച്ചു. അപ്പൊൾ സുബരായ തക്കെർ മുതൽപെര അവരുടെ ഓഹരിക്കുള്ള മുതൽ വസൂലാക്കി കൊടുപ്പാൻ മെപ്പടി കൃഷ്ണജിയുടെ മെൽ മെപ്പടി തഞ്ചാവൂര ഡിസ്ത്രീക്ട കൊടതിയിൽ തന്നെ ൧൨-ൽ ൯൮-ാം നമ്പ്രായി വ്യവഹാരപ്പെട്ടു. പ്രതി ആ കാൎയ്യത്തിൽ ഉത്തരം പറയായ്കകൊണ്ട ൱൮൦൦൦-ം ഉറുപ്പികെക്ക സുബരായതക്കെൎക്ക ഗുണമായി ഒരു വിധിയുണ്ടായി ൧൰ മെയി

൫-ാം നം- കൃഷ്ണജിയുടെ മെൽ ഉണ്ടായിരുന്ന രണ്ടു നമ്പ്ര വിധികൾക്കും ആ കൃഷ്ണജിയും വിധി ഉടമസ്ഥന്മാരായ ശങ്കര ജൊസ്യര, സുബരായതക്കെർ ഇവരും തമ്മിൽ ചില നിശ്ചയങ്ങൾ ചെയ്തതിൽ അറുപത്തെഴായിരത്തി ചില്വാനം ഉറുപ്പികെക്ക സുബരായ തക്കെക്ക ഗുണമായി ഉണ്ടായ വിധി വകെക്ക ൫൦൦൦-ം ഉറുപ്പിക അയാൾ രൊക്കം വാങ്ങി വിധി കാൎയ്യം മുഴുവനും ബൊധിച്ചപ്രകാരം കൃഷ്ണജിക്ക ബൊദ്ധ്യം വരുത്തികൊടുത്തു. അതിന്റെ ശെഷം പ്രിവികൌൻസലിൽ ബൊധിപ്പിച്ച അപ്പീലിൽനിന്ന കൃഷ്ണജി പിൻ വാങ്ങുകയും ചെയ്തു. മെൽപ്രകാരം വിധികാൎയ്യം തമ്മിൽ പറഞ്ഞ തീൎത്തതിന്റെ ശെഷം സുബരായതക്കെക്ക ഗുണമായി ഉണ്ടായ വിധി നടത്തി കൊടുപ്പാൻ അയാൾ കൊടതിയിൽ ഹരജി കൊടുക്കയും കൃഷ്ണജി ആ വിധി കാൎയ്യം തീൎന്നുപൊയിരിക്കുന്നു എന്ന വാദിക്കുകയും ചെയ്തു. വിധികടക്കാരൻ കൊടതിയുടെ അറിവുകൂടാതെ വിധി കാൎയ്യം തമ്മിൽ ഒത്തു തീൎത്തത സിവിൽ നിയമത്തിന്റെ ൨൫൭-ാം വകുപ്പപ്രകാരം കൊടതിയിൽ പ്രമാണിപ്പാൻ പാടില്ലെന്നുള്ള സംഗതിയിന്മെൽ അപെക്ഷ പ്രകാരം വിധി നടത്തി കൊടുപ്പാനായി ജഡ്ജി ഹരജിക്ക മറുപടി കല്പിച്ചു. കൃഷ്ണജിമെപ്പടി അപ്പീൽ ബൊധിപ്പിച്ചു. ൟ കാൎയ്യത്തിൽ ഒരു സംഗതിക്ക കൂടി തെളിവു വാങ്ങി അയപ്പാൻ കല്പിച്ച ഹൈകൊടതി ഡിസ്ത്രിക്ട ജഡ്ജിക്ക അയച്ചതിൽ ൭൨-ൽ ൧൫-ാം നമ്പ്ര വിധി കക്ഷികളുടെമെൽ ബാധകമായിരിക്കുന്ന ഒരു കരാറകൊണ്ട ഇരു കക്ഷികളും തമ്മിൽ ഒത്തു തീൎത്തിരിക്കുന്നു എന്ന ഡിസ്ത്രിക്ട ജഡ്ജി അഭിപ്രായം അയച്ചു.

## വിധിന്യായം.

൫ാം കാൎയ്യത്തിന്റെ ഒരു സംക്ഷെപം ൟ താഴെ പറയുന്നതാകുന്നു. കൃഷ്ണജിയുടെ മെൽ ഒരു വിധി ഉണ്ടാകയും ആയ്ത നടത്തി കൊടുപ്പാൻ വിധി ഉടമസ്ഥൻ അപെക്ഷിക്കുകയും ചെയ്തു. കൃഷ്ണജി പ്രിവികൌൻസലിൽ ബൊധിപ്പിച്ച അപ്പീൽ പിൻവലിക്കുന്ന പക്ഷം ൟ വിധി കാൎയ്യം ൫൦൦൦-ം ഉറുപ്പിക രൊക്കം വാങ്ങി വിധികാൎയ്യം തമ്മിൽ ഒത്തുതീൎത്തുകൊള്ളാമെന്ന സുബരായ തക്കർ കൃഷ്ണജിയുമായി ഒരു സ്വകാൎയ്യകരാറ ചെയ്കയും അപ്രകാരം സമ്മതിച്ച കൃഷ്ണജി

മെപ്പടി ആപ്പീലിൽനിന്ന പിൻവാങ്ങുകയും ചെയ്തു. ഇപ്പൊൾ യാതൊരു കരാറും ഉണ്ടായിട്ടില്ലാത്ത ഭാവം നടിച്ച സുബരായതക്കർ കൃഷ്ണജിയുടെ മെൽ ഉണ്ടായ വിധിപ്രകാരമുള്ള മുഴുവൻ സംഖ്യവാങ്ങി കൊടുപ്പാനായി അപെക്ഷിച്ചിരിക്കുന്നു. ൟ വിധി കാൎയ്യം കക്ഷികൾ തമ്മിൽ ഒത്തു തീൎന്നിരിക്കുന്നു എന്നുള്ള അറിവ ഡിസ്ത്രീക്ട ജഡ്ജിക്കുണ്ടായിരുന്നു എങ്കിലും ൨൦൩-ാം വകുപ്പു നിമിത്തം തനിക്ക യാതൊരു ന്യായവും പറവാൻ പാടില്ലെന്ന അദ്ദെഹം അഭിപ്രായപ്പെട്ടിരിക്കുന്നു. കാൎയ്യത്തിന്റെ അവസ്ഥകളെ കുറിച്ചുള്ള പൂൎണ്ണ അറിവൊടു കൂടി കൊടതിക്ക പുറത്ത വെച്ച കൊടുത്തതൊ കൊടതി കല്പനപ്രകാരം കൊടതി മുഖാന്തരം ന്യായമായി വസൂലാക്കിയതൊ ആയ സംഖ്യയുടെ കാൎയ്യത്തിൽ യാതൊരു വ്യവഹാരവും ബൊധിപ്പിച്ചു കൂടുന്നതല്ലെന്നുള്ള അഭിപ്രായത്തിൽ യാതൊരു യൊജിപ്പുകെടും ഉള്ളപ്രകാരം ഞങ്ങൾ വിചാരിക്കുന്നില്ല. ഹൈകൊട്ട വിധി ൩൨-ാം ബുക്ക ൧൮൮-ാം ഭാഗം നൊക്കുക. (മലയാം തൎജ്ജമ ൩൩-ാം ഭാഗം) വിധിയായ്തിന്റെ ശെഷം കക്ഷികൾ തമ്മിൽ സാധുവായി ചെയ്ത ഒരു കരാറപ്രകാരം വിധി കാൎയ്യം തമ്മിൽ പറഞ്ഞ തീൎത്തതിന്റെ ശെഷം രണ്ടാമതും ആ വിധിപ്രകാരമുള്ള സംഖ്യ വസൂലാക്കി കൊടുപ്പാൻ കൊടതിയിൽ ചതിയൊടു കൂടി ചെയ്യുന്ന അപെക്ഷയെ ദുൎബ്ബലപ്പെടുത്തി കൂടായെന്നുള്ളതിന്ന യാതൊരു നിയമവും കാണ്മാനുമില്ല. ൟ കാൎയ്യത്തിൽ കക്ഷികൾ തമ്മിൽ ചെയ്ത പുതിയ കരാറകൊണ്ട ഒരു വിധിയുടെ ബലത്തെ അവരുടെ അന്യൊന്യ സമ്മതംകൊണ്ട നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ഒരു വിധി ബലത്തൊടു കൂടി ഇരിക്കുന്നു എങ്കിൽ അത ബലത്തൊടെയിരിക്കുന്ന കാലത്തൊളം ആ വിധിപ്രകാരം വസൂലാക്കിയ മുതൽ ക്രമമായ യാതൊരു നിയമംകൊണ്ടും മടക്കി വാങ്ങിക്കൂടുന്നതല്ല. അന്യായക്കാരൻ മനസ്സാലെ ചെയ്ത സാധുവായ കരാറിനെ പ്രബലപ്പെടുത്താൻ ആവശ്യമായ എല്ലാ മാൎഗ്ഗങ്ങളെയും ഉപയൊഗപ്പെടുത്താൻ അയാൾക്ക സ്വാതന്ത്ര്യമുണ്ടെന്നുള്ളതിലെക്ക യാതൊരു സംശയവും ഇല്ല. അതിലെക്കുള്ള നിവൃത്തികളിൽ ഒന്ന സാധുവായി ചെയ്ത കരാറിനാൽ തീൎന്നപൊയ ഒരു വിധി നടത്തിപ്പാൻ പാടില്ലെന്നുള്ളതിന്ന ഒരു ഇഞ്ചക്കൎഷ്യൻ കല്പന സമ്പാദിക്കുന്നതായിരുന്നു. വിധി കാൎയ്യം തീൎന്ന സംഗതിക്ക ആവിധി നടത്തുന്ന കൊടതിയിൽ

തന്നെ പ്രതിക്ക ഒരു വ്യവഹാരംകൊണ്ടു നിവൃത്തിക്ക ശ്രമിക്കാൻ വിരൊധമുണ്ടൊ എന്നാണ തീൎച്ചപ്പെടുത്താനുള്ളത. നിവൃത്തിക്ക കല്പന കൊടുക്കെണ്ടുന്നതിന്ന ആ കൊടതിക്ക അധികാരമില്ലെങ്കിൽ കാൎയ്യത്തിന്റെ സ്വഭാവത്തിന്ന ഭെദഗതി വന്നുപൊകും. വിധി നടത്തി കൊടുപ്പാൻ കല്പിച്ച കല്പനയെ ഞങ്ങൾ ദുൎബ്ബലപ്പെടുത്തി കക്ഷികൾ ഏത സ്ഥിതിയിൽ മുമ്പെ ഇരുന്നിരുന്നുവൊ ആ സ്ഥിതിയിൽ അവരെ ആക്കി വെച്ചിരിക്കുന്നു എന്ന, ഹൊലൊവെയി, ഇന്നീസ, ൨ ജസ്തിമാര കല്പിച്ചു.൧൮൭൩ജൂലായിവ്വ (മെപ്പടി ൩൮൭-ാം ഭാഗം.)

൧൮ ആഗസ്തു ൫-ാം നു-യത്തെ ഹൈകൊൎട്ട കല്പന.

മുദ്രപത്രത്തിൽ എഴുതീട്ടില്ലാത്തത നിമിത്തം തെളിവിൽ സ്വീകരിപ്പാൻ പാടില്ലാത്തതായ ഒരു ആധാരം ശിക്ഷാനിയമത്തിന്റെ ൪൭൭-ാം വകുപ്പിലെ താല്പൎയ്യപ്രകാരമുള്ളെ ഒരു വിലപിടിച്ച പത്രമല്ലെന്ന പറവാൻ പാടുള്ളതല്ല.

൧൮ ഡിസെംബർ ൧൭-ാം നു-യത്തെ
ഹൈകൊൎട്ട കല്പന.

കൊച്ചി ജായിണ്ടു മജിസ്ത്രെട്ടിന്റെ ഒരു തീൎപ്പ ന്യായാനുസരണമായിട്ടുള്ളതൊ അല്ലയൊ എന്ന തെക്കെ മലയാളം സെഷൻ ജസ്തി ഹൈകൊൎട്ടിൽ സംശയം ചൊദിച്ച കാൎയ്യത്തിൽ ജസ്തിമാരിൽ അധികം പെര ൨ം താഴെ ചെൎക്കുന്ന കല്പന കല്പിച്ചു.

ഒരു ജസ്റ്റീസ ഒഫദിപീസ്സ എന്ന ഉദ്യൊഗസ്ഥന്റെ അധികാരം കൂടിയുള്ള കൊച്ചി ജായിണ്ടു മജിസ്ത്രെട്ട ൫൯-ൽ ൧-ാം നമ്പ്രാക്ടിന്റെ ൨൮-ാം വകുപ്പ ൪-ാം ഖണ്ഡപ്രകാരം മനഃപൂൎവ്വം കല്പന ലംഘിച്ച കുററത്തിന്ന ഒരു ബ്രിട്ടീഷ കുലജാതകനായ യൂറൊപ്യൻ കപ്പക്കാരനെ ശിക്ഷിച്ചിരിക്കുന്നു. മെപ്പടി ആക്ടപ്രകാരം ഒരു പിഴയാൽ ശിക്ഷിക്കത്തക്കതായ എല്ലാ കുററങ്ങളെയും ഒരു മജിസ്ത്രെട്ടിന്റെയൊ മജിസ്ത്രെട്ടിന്റെ അധികാരങ്ങൾ നടത്തുന്ന വെറെ വല്ല ഉദ്യൊഗസ്ഥന്റെയൊ മുമ്പാകെ വെച്ച സമ്മെരിയായി വിസ്താരിക്കാവുന്നതാകുന്നു. (൧൧-ാം വകുപ്പ നൊക്കുക.) ആ വക കുററക്കാരുടെ മെൽ അധികാരം നടത്തെണ്ടുന്ന മജിസ്ത്രെട്ട ഒരു ജസ്റ്റീസ ഓഫദിപീസ്സ ആയിരിക്കെണ്ടതാണെന്ന ൭൦-ൽ ൧൦-ാം നമ്പ്രാക്ടിൽ കല്പിച്ചിരിക്കുന്നു. ഒരു

ബ്രിട്ടീഷ കുലജാതകനായ യൂറൊപ്യന്റെ മെൽ ബൊധി പ്പിക്കുന്ന അന്ന്യായം വിസ്താരിപ്പാനൊ വിചാരണ ചെയ്യാനൊ ഒരു മജിസ്ത്രെട്ടിന അധികാരമുണ്ടാകെണമെങ്കിൽ ആ മജിസ്ത്രെട്ടും ഒരു ബ്രിട്ടീഷ കുലജാതകനായ യൂറൊപ്യനായിരിക്കെണമെന്ന ൧൮൬൯-ൽ ൫-ാം നമ്പ്രാക്കിന്റെ ൧൮-ാം വകുപ്പിലും കല്പിച്ചിരിക്കുന്നു. കൊച്ചി ജായിണ്ട മജിസ്ത്രെട്ട ഒരു ജസ്റ്റീസ ഓഫദിപീസ്സ എന്ന ഉദ്യൊഗസ്ഥനാണെങ്കിലും അദ്ദെഹം ഒരു ബ്രിട്ടീഷ കുലജാതകനായ യൂറൊപ്യനല്ലായ്കകൊണ്ട ൟ വക കുററക്കാരുടെ മെൽ അദ്ദെഹത്തിന ഇപ്പൊൾ അധികാരം ഉണ്ടാകുന്നതല്ല. ൧൮൬൯-ൽ ൫-ാം നമ്പ്രാക്ക നടപ്പായ്തിന്ന മുമ്പെ മജിസ്ത്രെട്ടിന മെല്പടി അധികാരം ഉണ്ടായിരുന്നു എങ്കിലും ആ നിയമത്തിന്റെ ൧൮-ാം വകുപ്പ കൊണ്ട ആയധികാരം അദ്ദെഹത്തിന ഇല്ലാതെ പൊയിരിക്കുന്നു പഴയ നിയമവും പുതിയ നിയമവും രണ്ടും ഒരിക്കൽ തന്നെ പ്രബലപ്പെട്ടിരിപ്പാൻ പാടുള്ളതല്ല. അതിനാൽ പഴെ നിയമം ദുൎബ്ബലപ്പെട്ടുപൊയിരിക്കുന്നു. മജിസ്ത്രെട്ട നടത്തിയ വിസ്താരം അധികാരം കൂടാതെ നടത്തീട്ടുള്ളതാകകൊണ്ട അദ്ദെഹം കല്പിച്ച തീൎപ്പ ഞങ്ങൾ ദുൎബ്ബലപ്പെടുത്തിയിരിക്കുന്നു.

൧൮൭൦ ആഗസ്ത ൫-ാം നു-യത്തെ ഹൈകൊട്ട കല്പന.

ഒരു കടം വാങ്ങ്യ ആധാരം വകയൊ മററ പ്രമാണം വകയൊ ആയ വ്യവഹാരങ്ങളിൽ ൬൫-ൽ ൮൬-ാം നമ്പ്രാക്കിന്റെ ൪-ാം വകുപ്പ പ്രകാരം ബൊധിപ്പിക്കുന്ന എല്ലാ അപെക്ഷ കാൎയ്യങ്ങളിലും ആയാധാരം ഏത സ്ഥലത്ത വെച്ച എഴുതികൊടുത്തുവൊ ആ സ്ഥലത്തിന്റെ സംഗതിയെ പററി എഴുതി ചൊദിച്ച അറിയെണ്ടി വരുന്നതിനാൽ ആ വക ഹരജികൾ തീൎച്ചപ്പെടുത്താൻ താമസം വരുന്നത നിമിത്തം അങ്ങിനെയുള്ള താമസത്തിന്ന മെലാൽ എടവരാതെ ഇരിപ്പാൻ വെണ്ടി ആ വക എല്ലാ ഹരജികളിലും ആധാരം എഴുതിയ സ്ഥലം വ്യക്തമായി കാണിക്കെണ്ടതാണെന്ന കല്പിച്ചു.

൧൮൭൦ നവെംബർ ൬-ാം നു-യത്തെ ഹൈകൊട്ട കല്പന.

രണ്ട മുദ്ര കടലാസുകളിൽ കൂടി എഴുതിയും രണ്ടിന്റെ

യും സല കൂട്ടുമ്പൊൾ ശരിയായ സലയുള്ളതും ആയ ഒരു ആധാരം മുദ്രപത്രം ആക്ടിന്റെ ൪൯-ാം വകുപ്പിൽ കല്പിച്ചിരിക്കുന്ന സെർററിഫിക്കെട്ട കൂടാതെ തെളിവിൽ ഹാജരാക്കിയ്യു സ്വീകാരയൊഗ്യമായിട്ടുള്ളതൊ എന്ന സംശയം ചൊദിച്ച കാൎയ്യത്തിൽ ആധാരത്തിന്റെ മുദ്രവില ശരിയല്ലായ്ക കൊണ്ടു പിഴ വസൂലാക്കെണ്ടുതാണെന്നും പൊരാത്ത മുദ്രവില മുദ്ര സാധനങ്ങളിൽ ഒന്നിലെ സലയും സൎക്കാരിൽ അടെക്കെണ്ടുതായ മുഴുവൻ സലയും തമ്മിലുള്ള ഭെദത്തിന്ന തുല്യമായി വിചാരിക്കപ്പെടെണ്ടുതാണെന്നും കടലാസുകളിൽ ഒന്നിലെ മുദ്ര മുഴുവൻ സലെക്കുള്ളതായിരിക്കെണ്ടുതാണെന്ന മുദ്രപത്രം ആക്ടിന്റെ ൬-ാം വകുപ്പിൽ കല്പിച്ചിട്ടുണ്ടെന്നും അതിനാൽ മെപ്പടി നിയമത്തിന്റെ ൨൦-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പിഴ അടെച്ചതിന്റെ ശെഷം മാത്രമെ ആയാധാരം തെളിവിൽ സ്വീകരിച്ചു കൂടു എന്നും കല്പിച്ചു.

൧൮ നവെംബർ ൧൧-ാംനു-യത്തെ ഹൈകൊൎട്ട കല്പന.

ക്രിമിനാൽ കൊടതികളിൽ മജിസ്ത്രെട്ട മുമ്പാകെ നടത്തുന്ന വിസ്താരങ്ങളിൽ സന്നദ വാങ്ങീട്ടില്ലാത്ത വക്കീലന്മാരെ കക്ഷികളുടെ പെക്ക വ്യവഹാരം നടത്തുവാൻ അനുവദിക്കുന്നത ന്യായരഹിതമായിട്ടുള്ളതല്ലെന്നും മജിസ്ത്രെട്ടിന്റെ യുക്തംപൊലെ ആ വക ആളുകളെ വ്യവഹാരം നടത്തുവാൻ അനുവദിക്കുകയൊ അനുവദിക്കാതെയിരിക്കുകയൊ ചെയ്യാമെന്നും കല്പിച്ചു.

൧൮ നവെംബർ ൨൭-ാംനു-യത്തെ ഹൈകൊൎട്ട കല്പന.

ക്രിമിനാൽ പ്രൊസീഡ്യൂർ കൊഡിന്റെ ൧൮൨-ാം വകുപ്പ പ്രകാരം കുററം ചുമത്തപ്പെട്ടവന്റെ പെക്ക ഹാജരാകുന്ന ഹൈകൊടതിയിലെ ഒരു ആഡ്വൊക്കെററാ അട്ടൊർണിയൊ അധികാരം ലഭിച്ചിട്ടുള്ള വക്കീലൊ ഒരു വക്കീൽനാമം ഫയലാക്കെണ്ടുത ആവശ്യമായിരിക്കുന്നുവൊ എന്ന ബല്ലാരി ഡിസ്ത്രീക്ക മജിസ്ത്രെട്ട ഹൈകൊടതിയൊട സംശയം ചൊദിച്ച കാൎയ്യത്തിൽ മെൽപറഞ്ഞ ആളുകൾ ആ വക വക്കീൽനാമം ഫയലാക്കുവാൻ ആവശ്യമില്ലെന്ന കല്പിച്ചു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

*Cl. No.* M340 *Acc. No.* 12

This book should be returned on or before the date last stamped below.

F 2 FEB 1987

F 3 AUG 2017

24/12/
6/1/87
16/2/87

Cl. No. M340
Acc. No. 12
Joh-H
AUTHOR
ജോൺ. ഹി.
TITLE
ഹൈക്കോട്ക്കവിയി.
DATE DUE
BORROWER'S NUMBER.

M340
12
ജോൺ, ഹി.
ഹൈക്കോട്ക്കവിയി

**KOTTAYAM PUBLIC LIBRARY**

Call No. M240 Acc. No. 12

Author ജോൺ ചി

Title കൈരേഖാശ്ചിധി.